കലഞ്ഞൂർ
ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം



സമഗ്ര വികസന രേഖ

ഗ്രാമ പഞ്ചായത്ത് പൊതുവിവരണം

പേര് :	കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്
ആസ്ഥാനം :	കലഞ്ഞൂർ
ഉൾപ്പെട്ട വില്ലേജുകൾ :	കലഞ്ഞൂർ, കൂടൽ
താലൂക്ക് :	അടൂർ
ബ്ലോക്ക് പഞ്ചായത്ത് :	പറക്കോട്
അസംബ്ലി മണ്ഡലം :	കോന്നി
ലോക്സഭാ മണ്ഡലം :	അടൂർ
പഞ്ചായത്തിന്റെ വിസ്തീർണ്ണം :	66 ച: മൈൽ
വാർഡുകൾ :	12

അതിരുകൾ

തെക്ക് :	പത്തനാപുരം, ഏനാദിമംഗലം പഞ്ചായത്ത്
വടക്ക് :	അതുവാപ്പുലം, പ്രമാടം പഞ്ചായത്ത്
കിഴക്ക് :	പത്തനാപുരം, അരുവാപ്പുലം, പിറവന്തൂർ പഞ്ചായത്ത്
പടിഞ്ഞാറ് :	ഏനാദി മംഗലം, കൊടുമൺ പഞ്ചായത്ത്
ജനസംഖ്യ :	46993
പുരുഷന്മാർ :	22026
സ്ത്രീകൾ :	24967
ആകെ വീടുകൾ :	10020
കരം ചുമത്തിയിട്ടുള്ള-വീടുകൾ :	7119
പഞ്ചാ: പ്രസിഡൻറ് :	ഏലിയാസ് ബർസോം
പഞ്ചാ: വൈ:പ്രസി:	എ. മോഹനൻ
സ്റ്റാൻഡിംഗ് കമ്മറ്റി-ചെയർ പേഴ്സൺ :	പി. ഓമനയമ്മ
ജില്ലാ പഞ്ചാ: മെമ്പർ :	ശാന്തി ദാമോദരൻ
കലഞ്ഞൂർ ബ്ലോക്ക്-പഞ്ചായത്ത് മെമ്പർ :	എം. പി. മണിയമ്മ
കൂടൽ ബ്ലോക്ക്-പഞ്ചായത്ത് മെമ്പർ :	ജി. സുരേന്ദ്രൻ നായർ

സ്ഥാപനങ്ങൾ


പോലീസ് സ്റ്റേഷൻ	– 1
പോസ്റ്റാഫീസ്	– 2
സബ് പോസ്റ്റാഫീസുകൾ	– 5
വില്ലേജ് ആഫീസ്	– 2
കൃഷി ഭവൻ	– 2
ഗ്രാമവികസന ആഫീസുകൾ	– 2
കെ.ഐ.പി. ആഫീസ്	– 2
മൃഗാശുപത്രി	– 1
ഐ.സി.ഡി.പി. സെൻറർ	– 2
ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്	– 1
66 കെ.വി. സബ് സ്റ്റേഷൻ	– 1
പി. എച്ച്. സി.	– 1
പി. എച്ച്. സി. സബ് സെൻറർ	– 3
ഗവ. ഹോമിയോ ആശുപത്രി	– 1
ഗവ. ഹൈസ്കൂൾ	– 3
യു. പി. എസ്.	– 3
എൽ. പി. എസ്.	– 7
റേഷൻ ഹോൾസെയിൽ (ഡിപ്പോ)	– 1
റേഷൻ ഷോപ്പുകൾ	– 21
മാവേലി സ്റ്റോർ	– 1
ഫെഡറൽ ബാങ്ക്	– 1
സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ	– 1
സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	– 1
ജില്ലാ സഹകരണബാങ്ക്	– 1
വായ്പാ സഹകരണസംഘങ്ങൾ	– 2
ഫോറസ്റ്റ് സ്റ്റേഷൻ	– 1
സ്വകാര്യ അലോപ്പതി ആശുപത്രി	– 5
സ്വകാര്യ ഹോമിയോ ആശുപത്രി	– 3
സ്വകാര്യ ആയുർവേദാശുപത്രി	– 10
സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ	– 4
ബാലവാടി	– 2
അംഗൻവാടികൾ	– 19
പാരലൽ കോളേജ്	– 5
സ്വകാര്യ പണമിടപ്പാടു സ്ഥാപനങ്ങൾ	– 20
റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം	– 1
ക്ഷീരോൽപ്പാദകസംഘങ്ങൾ	– 3
ഹൗസിംഗ് സൊസൈറ്റി	– 1
റബ്ബർ ഉൽപ്പാദകസംഘങ്ങൾ	– 5

കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്
സമഗ്ര വികസന രേഖ




ജനകീയ പദ്ധതി
ജനകീയ പദ്ധതി

കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്



പത്തനംതിട്ട ജില്ല



എഡിറ്റോറിയൽ ബോർഡ്

ഏലിയാസ് ബർസോം
(ചീഫ് എഡിറ്റർ)

ടി. ശിവൻകുട്ടി

ഡോ. എൻ.കെ. ശശിധരൻപിള്ള

സി.കെ. അശോകൻ

ടി.ഡി. വിജയൻ നായർ

ജി. ശശീന്ദ്രൻ

കലഞ്ഞൂർ ആനന്ദ്

എ. മോഹനൻ

കെ.എൻ. ധർമ്മണി ടീച്ചർ

പി. കമലാസനൻ

പ്രസിദ്ധീകരണം : കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്
വർഷം : 1997
കോപ്പികളുടെ എണ്ണം : 500
കവർ ഡിസൈൻ : നയനാ ആർട്ട് സ്റ്റുഡിയോ, കലഞ്ഞൂർ
രേഖാചിത്രങ്ങൾ : കലഞ്ഞൂർ പ്രദീപ്കുമാർ
ടൈപ്പ് സെറ്റിംഗ് : ദർശനാ ഗ്രാഫിക്സ്, അടൂർ
പ്രിന്റിംഗ് : ലേണേഴ്സ് ഓഫ്സെറ്റ്, കോട്ടയം


മുമ്പോട്ടിനിയുമീ അശ്വരഥങ്ങൾ
മുമ്പേ മുമ്പേ കുതികൊള്ളാൻ
മാനവ സർഗ്ഗപ്രഭയുടെ സിംഫണി
യിനിയുമുണർത്താം അനശ്വരതേ!
മാറ്റം മാനവ മാറ്റം നമ്മുടെ
മംഗല വന്ദ്യ വിധാതാക്കൾ
മാറ്റാനെഴുതിയ മാന്ത്രിക തൂലിക
പോറ്റി നമുക്കും തുകിൽ ചാർത്താം.

ഒന്നിച്ചു തമ്മിൽ നാം
തങ്ങളിൽ തങ്ങളിൽ
പരിവാസബന്ധത്തിനൊത്തുചേരാം
ഒരു കൊച്ചു കൈ തന്നു
താങ്ങുവാൻ സഹജരെ....
പരിമിതമെങ്കിലും പങ്കുവെയ്ക്കാം
പുത്തൻ പ്രഭാതങ്ങൾ
പുതിയ പൂത്താലങ്ങൾ
പൂന്നെല്ലിൻ പൂമണ സ്പന്ദനങ്ങൾ
പുത്തൻ വിചാരങ്ങൾ
പുതിയ പ്രവാദങ്ങൾ
പൂവിട്ട ഗ്രാമീണ കീർത്തനങ്ങൾ

— കലഞ്ഞൂർ ആനന്ദ്




കലഞ്ഞൂർ പഞ്ചായത്തിന്റെ ആദ്യ സാരഥി
ബ്രഹ്മശ്രീ. ആർ. രാമരുപോറ്റി



"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ
തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന്
പരമദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം,
ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം,
എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഞാൻ പ്രവർത്തിക്കും"

— ഗാന്ധിജി

കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



ഏലിയാസ് ബർസോം
(പ്രസിഡന്റ്)



എ. മോഹനൻ
വൈസ് പ്രസിഡന്റ്



പി. ഓമനയമ്മ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ



കെ. സുജാത



തുളസീദേവി



കെ.എൻ ധർമ്മണി ടീച്ചർ




പി. കമലാസനൻ




ആർ. ഗോപാലൻ നായർ




അതിരുങ്കൽ ദിലീപ്



ബി. സുധീർകുമാർ



അലക്സാണ്ടർ ഡാനിയേൽ



ജി. വാസുദേവൻ നായർ

ഉള്ളടക്കം

1. ആമുഖം
2. സാമൂഹിക-സാംസ്കാരിക ചരിത്രം
3. ഭൂപ്രകൃതിയും വിഭവങ്ങളും
4. പരിസ്ഥിതി
5. കൃഷി, ജലസേചനം
6. മൃഗസംരക്ഷണം
7. വ്യവസായം
8. വിദ്യാഭ്യാസം
9. സംസ്കാരം
10. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
11. കുടിവെള്ളവും പൊതുജനാരോഗ്യവും
12. പാർപ്പിടവും സാമൂഹ്യക്ഷേമവും
13. വനിത
14. പട്ടികജാതി/പട്ടികവർഗ്ഗ വികസനം
15. സഹകരണ മേഖല
16. വിഭവസമാഹരണം

ആമുഖം

ഇന്ത്യൻ ജനത സ്വാതന്ത്ര്യത്തിന്റെ അൻപതു വർഷങ്ങൾ പിന്നിടുകയാണ്. സ്വാതന്ത്ര്യലബ്ധിയോടൊപ്പം ഇന്ത്യയിൽ ആരംഭിച്ച പാർലമെന്ററി ജനാധിപത്യവും കാര്യമായ മാറ്റങ്ങളൊന്നും സൃഷ്ടിക്കാതെ, സ്വയം മാറ്റത്തിന് വിധേയമാകാതെ തുടരുന്നു. പ്രാതിനിധ്യജനാധിപത്യത്തിന്റെ സഹജമായ പരിമിതികളും ബലഹീനതകളും അതിന്റെ വികസന ഉപാധിയായി കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ ഉരുക്കഴിച്ച കേന്ദ്രീകൃത ആസൂത്രണ സമ്പ്രദായവും ഇന്ത്യയുടെ ബഹുഭൂരിപക്ഷംവരുന്ന സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൽ പരിഹരിക്കുന്നതിന് ഉതകുന്നതായിരുന്നില്ല. ആർക്കുവേണ്ടിയാണോ വികസന പദ്ധതികൾ നടപ്പാക്കിയത്, ആ സാധാരണ ജനങ്ങൾക്ക് യാതൊരു വിധ പങ്കുമില്ലാതെ നടപ്പാക്കിയപ്പോൾ ലക്ഷ്യബോധം നഷ്ടപ്പെട്ട് അഴിമതിയുടേയും ധൂർത്തിന്റേയും സമ്പൂർണ്ണ സാദ്ധ്യതകൾ വികസിപ്പിക്കുന്ന പദ്ധതികളായി അവ പരിണമിച്ചു.

കഴിഞ്ഞകാല ആസൂത്രണപ്രവർത്തനങ്ങൾ കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. അത് വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ മാത്രമായി, സമഗ്രമായ അന്വേഷണമോ സ്ഥല-ജല-വിഭവ സാദ്ധ്യതകൾ ഉൾക്കൊണ്ടുകൊണ്ടുള്ളതോ ആയിരുന്നില്ല. ഈ കേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൻകീഴിൽ പ്രവർത്തിച്ചുവന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കാര്യമായ അധികാരങ്ങളില്ലാതെ ഉദ്യോഗസ്ഥ മേധാവിത്വത്തിൻകീഴിൽ വിറങ്ങലിച്ചു നില്ക്കയായിരുന്നു. ഇതിന് ഒരു മാറ്റം സാദ്ധ്യമാക്കിക്കൊണ്ട് 73-74 ഭരണഘടനാ ഭേദഗതികളിലൂടെ ഇന്ത്യയിൽ പുതിയ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നു. എങ്കിലും കാര്യമായ അധികാരക്കൈമാറ്റം നടന്നിരുന്നില്ല. തങ്ങളുടെ മുഖദാവിൽ നടന്ന വികസനപ്രവർത്തനങ്ങൾപോലും എന്ത്, എങ്ങിനെ എന്നു പറയാൻ കഴിയാതിരുന്ന അവസ്ഥയ്ക്ക് അറുതിവരുത്തിക്കൊണ്ട് കേരളത്തിന്റെ ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയമായി രൂപീകൃതമാകുന്നു.

സാമ്പത്തികാഭിവൃദ്ധിയും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന, ദീർഘവീക്ഷണത്തോടെയുള്ള വികസനം സാദ്ധ്യമാക്കുക എന്നതാണ് അസൂത്രണത്തിന്റെ ലക്ഷ്യം. സ്ഥായിയായതും നീതിപൂർവ്വകവുമായ സാമ്പത്തിക വളർച്ച വികസന പ്രവർത്തനത്തിലൂടെ നേടിയെടുക്കുകയും വേണം. ഇത്തരത്തിൽ വികസനം മാറണമെങ്കിൽ വികസനത്തിന്റെ ഉപാധികളിൽ ജനങ്ങൾക്ക് നേരിട്ട് നിയന്ത്രണം ഉണ്ടാവണം. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും മുഴുവൻ ജനങ്ങളും പങ്കാളികളാവുകയും തങ്ങളുടെവിഭവങ്ങളെ പരിരക്ഷിച്ചും മെച്ചപ്പെടുത്തിയും തങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ജനങ്ങൾക്കു കഴിയുകയും ചെയ്യുമ്പോൾ ഇന്നു നിലനിൽക്കുന്ന ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ദിശാമാറ്റം നടക്കും; ലക്ഷ്യബോധം കൈവരും.

ഇന്ത്യയിൽ ആദ്യമായി നടക്കുന്ന ജനകീയ ആസൂത്രണ പ്രക്രിയയിൽ ഈ പഞ്ചായത്തിലെ ജനങ്ങളും പങ്കാളികളാവുകയാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ നടന്ന ഗ്രാമസഭകൾ വൻ വിജയമായിരുന്നു. ഗ്രാമസഭകളിൽ ഉയർന്നുവന്ന വികസനപ്രശ്നങ്ങളെ കൂടുതൽ ആഴത്തിൽ വിശകലനം ചെയ്യുന്നതിനും വസ്തുതകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള രണ്ടാം ഘട്ട പ്രവർത്തനത്തിലാണ് നാം ഇന്ന് ഏർപ്പെട്ടിരിക്കുന്നത്. ആസൂത്രണത്തിന്റെ ശാസ്ത്രീയ സമീപനങ്ങളെ പൂർണ്ണമായി ഉൾക്കൊള്ളാൻ അങ്ങേയറ്റം ശ്രമിച്ചിട്ടുണ്ട്. ഇനിയുള്ള ഘട്ടങ്ങളിൽ പദ്ധതികളുടെ രൂപീകരണം, മുൻഗണനാക്രമം നിശ്ചയിക്കൽ, ജനകീയ പങ്കാളിത്തത്തോടെയുള്ള പദ്ധതി നടപ്പാക്കൽ എന്നിവയാണ് നടക്കേണ്ടത്. നമ്മുടെ ഉത്തരവാദിത്വം ഏറുകയാണ്. "സ്വാതന്ത്ര്യമെന്നാൽ ഉത്തരവാദിത്വമാണ്" എന്ന ഗാന്ധിജിയുടെ വാക്കുകൾ എത്രയോ ശരിയാണ്.

ആസൂത്രണം നമ്മുടേതാകുമ്പോൾ നാടിന്റെ സർഗ്ഗശക്തിയെ ഉണർത്തേണ്ടതുണ്ട്, വിഭവങ്ങൾ കണ്ടറിയേണ്ടതുണ്ട്, പിഴവുകളില്ലാതെ അതു വിനിയോഗിക്കുവാൻ നാം പ്രാപ്തരാകേണ്ടതുണ്ട്. കൂട്ടായ ആലോചനകൾ, ക്രിയാത്മകമായ വിമർശനം, ഒറ്റക്കെട്ടായ പ്രവർത്തനം ഇവയൊക്കെ നാം ബോധപൂർവ്വം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി നാടിന്റെ നന്മയും സമഗ്രവികസനവും ലക്ഷ്യം വയ്ക്കുമ്പോൾ പുതിയ ഒരു വികസന സംസ്കാരം വാർന്നുവീഴും. സാംസ്കാരിക പൈതൃകങ്ങളുടെ നാടായ കലഞ്ഞൂരിന്റെ ചരിത്രത്തിൽ കൂട്ടായ്മയുടെ ഒരു പുത്തൻ സംസ്കാരം നമുക്ക് എഴുതിച്ചേർക്കാം. ഒത്തുചേർന്ന്, ഒറ്റ മനസ്സായി ഈ ചരിത്ര ദൗത്യം നമുക്ക് ചെയ്തുതീർക്കാം.

നമ്മുടെ പഞ്ചാ.യത്തിനെ സംബന്ധിക്കുന്ന ലഭ്യമായ വിവരങ്ങൾ ഈ സമഗ്ര രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എങ്കിലും പൂർണ്ണമല്ല. സാമൂഹ്യ- സാമ്പത്തിക മേഖലകളെ ആവുംവിധം വിലയിരുത്തിയിട്ടുമുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ആധാരമാകുന്ന ഈ ജനകീയ രേഖയെ കൂട്ടായ ചർച്ചകളിലൂടെ പിഴവുകൾ തീർത്ത് നമുക്ക് ഭദ്രമാക്കാം.


സാമൂഹിക സാംസ്കാരിക ചരിത്രം

ദ്രാവിഡ സംസ്ക്കാരത്തിന്റെയും അലിഖിത കലകളുടെയും പുണ്യഭൂമിയെന്നു തന്നെ പറയാവുന്ന കേരള മാനവിക ചരിത്ര പശ്ചാത്തലത്തിന് എത്രതന്നെ പഴക്കമുണ്ടോ അത്രയും തന്നെ പ്രാചീനവും പ്രൗഢവുമായ ഒരു പ്രശസ്തി കലഞ്ഞൂർ എന്ന നമ്മുടെ ഗ്രാമത്തിനുമുണ്ട്.

1512 വർഷങ്ങൾക്ക് മുമ്പ് ഈ ശാന്താരണ്യക മദ്ധ്യത്തിലെ കാട്ടുചോലയ്ക്ക് പടിഞ്ഞാറായും ഗിരിദേവ മലകൾക്ക് കിഴക്കായും ശ്രാവണ മാസത്തിലെ ഒരു ബ്രാഹ്മമുഹൂർത്തം ഉണർന്നു സാക്ഷിനിൽക്കേ ഇണ്ടിളയപ്പനും പരിവാരമൂർത്തികൾക്കുമായി (ശാസ്താവ്) ഈ ദേശത്ത് ഒരു സ്വയംഭൂ ക്ഷേത്രം ജന്മംകൊള്ളുന്നു. അന്നുമുതൽക്കുതന്നെ കലഞ്ഞൂർ ഗ്രാമവാസികളുടെ സാംസ്കാരിക ചരിത്രബോധത്തിനും ജീവിത സാക്ഷാത്കാരത്തിനും ഈ കാല ഘട്ടത്തിന്റേതുകൂടിയായ നവചൈതന്യം കൈവന്നതുപോലെ. ഒരു പക്ഷേ നമ്മുടെ സാംസ്കാരിക ചരിത്രത്തിന് നാന്ദി കുറിച്ചത് അവിടെനിന്നുമായിരിക്കാം.

ഒരു മഹാവ്യാധിബാധയെത്തുടർന്ന് ഊരും ദേശവും വിട്ടോടിപ്പോയവർ തിരികെ വന്നു താമസിച്ചിടമാണ് ഈ നാടെന്നും അല്ലാ, കലകളുടെ ഊരാണെന്നും നാട്ടുവർത്തമാനമുണ്ട്. (കളഞ്ഞൂരുകാർ, അഞ്ഞൂറു കലകളുടെ നാട്) ജല പ്രളയത്താൽ ഈ നാടും കാടും ഒക്കെ മുങ്ങിപ്പോവുകയും അന്നുണ്ടായിരുന്ന ക്ഷേത്രവും കുളവും കൂടാതെ മനുഷ്യനിബിഡമായ എല്ലാ സ്ഥലങ്ങളും വളരെക്കാലം ജലത്തിനടിയിലാവുകയും കഠിനമായ രോഗത്താലും ദുരിതത്താലും ഈ പ്രദേശം വിട്ടോടിപ്പോയവർ ഏറെ നാളുകൾക്കുശേഷം തിരികെ വരുകയും തെക്കുനിന്നും വന്നവർ ഇടത്താവളമായി തിരഞ്ഞെടുത്ത സ്ഥലം പിൽക്കാലത്ത് 'ഇടത്തറ'യായും വടക്കുനിന്നും വന്നവർ കൂട്ടംകൂട്ടമായി കൂടിത്താമസിച്ചിരുന്ന സ്ഥലം ഇന്നത്തെ 'കൂടലാ'യും കാലക്രമേണ പരിണമിക്കുകയും ചെയ്തു. പിന്നീട് ആദ്യത്തെ ജനവാസസ്ഥലവും ക്ഷേത്രഭൂമിയുമായിരുന്ന 'അമ്പലത്തുംകാല'യിൽനിന്നും (ഇവിടെ ഇപ്പോഴും കാവും കുളവും കാണാം – ഇന്നത്തെ വെട്ടുവിള ചിറ) മഹാവ്യാധിക്കാലത്തെപ്പോലെ വെള്ളപ്പൊക്ക ദുരിതം ഉണ്ടായേക്കുമോ എന്ന ഭയത്താൽ താരതമ്യേന ഉയർന്നതും കലഞ്ഞൂരിന്റെ മദ്ധ്യഭാഗവുമായ ഇന്നത്തെ ക്ഷേത്രഭൂമിയിലേക്ക് ക്ഷേത്രം മാറ്റി സ്ഥാപിച്ചു എന്നും മറ്റുമുള്ള പ്രദേശ വാസികളുടെ അഭിപ്രായങ്ങൾ ഇവിടെ നിഷേധിക്കപ്പെടുന്നില്ല. എങ്കിലും ഈ ദേശം ഹരമഹർഷിയുടെ ധ്യാനഭൂമിയായി കരുതിപ്പോരുന്നവരുടെ വിശ്വാസവും ആദരണീയമാണ്.

ഭൂതകാലത്തിന്റെ ഒരു മൺപുറ്റുകൂടി ഭേദിച്ചുകൊണ്ട് ഏതാണ്ട് 1100 വർഷങ്ങൾക്കുമുമ്പ് മഹാശിവയോഗിയായ ഹരമഹർഷി (ഖരമഹർഷി എന്നും പരാമർശമുണ്ട്) തന്റെ വനാന്തര സഞ്ചാരവേളയിൽ ഈ പ്രദേശത്ത് എത്തിച്ചേരുകയും ശാന്തസുന്ദരവും പവിത്രവുമായ നമ്മുടെ നാടിന്റെ ഹൃദയഭാഗത്തേക്ക് ഏതോ ഒരു ചേതോവികാരം അദ്ദേഹത്തെ നയിക്കുകയും അവിടെ അന്നുണ്ടായിരുന്ന ഇണ്ടിളയപ്പൻ ക്ഷേത്രത്തിനു സമീപം അദ്ദേഹം ധ്യാനനിരതനാവുകയും ചെയ്തു. ഒൻപതു നാളുകൾക്കുശേഷം തന്നെ വലയം ചെയ്ത ഒരു പ്രകാശഗോളം അവിടെനിന്നും പടിഞ്ഞാറോട്ടു മാറി മാറി ഇന്നു ശ്രീമഹാദേവ പ്രതിഷ്ഠയുള്ള പ്രധാന ക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിനു ചുറ്റുമായി വലയം പ്രാപിക്കുകയും ക്ഷണനേരത്തിനുശേഷം "എനിക്കു നീ ഒരു ക്ഷേത്രം പണിയണം" എന്ന് അശരീരി കേൾക്കുകയും അദ്ദേഹം ആത്മബലം നേടുന്നതിനുവേണ്ടി ശ്രീമഹാദേവനെ (ശിവനെ)ത്തന്നെ ധ്യാനിച്ചും ഭജിച്ചും അവിടെത്തന്നെ നിലകൊണ്ടിരിക്കേ തനിക്കുണ്ടായ തപോബലത്തിന്റെ ഫലമായി ശ്രീ മഹാദേവൻ കൊടുത്ത മൂന്നു ശിവലിംഗങ്ങളും ഒരേ സമയത്തുതന്നെ കൃത്യം ആറാറു മൈൽ അകലത്തിൽ മൂന്നിടത്തായി പ്രതിഷ്ഠിക്കുകയും ചെയ്തു. (കലഞ്ഞൂർ, അറുകാലിക്കൽ, പെരിങ്ങനാട്). കലഞ്ഞൂർ മഹാദേവൻ കലാദേവനായ നടരാജമൂർത്തിയാണ്. ഹരമഹർഷിയുടെ പരിപാവനമായ പാദസ്പർശത്താൽ ധന്യമായിത്തീർന്ന ഈ ഭൂമി ഇക്കാലത്ത് 'ഹരനൂർ' എന്ന് പേരിൽ അറിയപ്പെട്ടു എന്നും പിൽക്കാലത്ത് കലഞ്ഞൂരായി പരിണമിക്കുകയും ചെയ്തു. 1811 കാലഘട്ടങ്ങളിൽ തിരുവിതാംകൂർ രാജവംശം ഇന്നാട്ടിലെ ദേവസ്വങ്ങളുടെ ഭരണച്ചുമതല നേരിട്ട് ഏറ്റെടുക്കുന്നതിന് വളരെ കാലങ്ങൾക്കുമുമ്പുതന്നെ (1115-1116ൽ കുലശേഖര രാജവാഴ്ചക്കാലത്ത്) വീരകേരളവർമ്മയുടെ (കോതകേരളവർമ്മ) അധീനതയിൽ ആയിരുന്ന വേണാടിന്റെ വടക്കുകിഴക്കൻ ഭൂപ്രദേശങ്ങളും സഹ്യാദ്രിയുടെ താഴ്വരകൾ ഉൾപ്പെട്ടതുമായ



എല്ലാ പ്രദേശങ്ങളും തന്റെ അധീനതയിൽ നില നിർത്തുവാനും അതുവഴി ഈ പ്രദേശത്തുനിന്നും ലഭിക്കുമായിരുന്ന സുഗന്ധ വന വന്യവസ്തുക്കളെ തൊട്ടടുത്ത നാട്ടുരാജ്യമായ പാണ്ടിദേശക്കാരും (പാണ്ഡ്യ രാജാവിന്റെ മുൻമുറക്കാർ) കൈക്കലാക്കാതിരിക്കുവാനും അദ്ദേഹം അവിടവിടെയായി കാവൽക്കാരെ ഏർപ്പെടുത്തുകയും ഉയർന്ന പ്രദേശങ്ങളിലും ഒറ്റപ്പെട്ട കുന്നിൻചരിവുകളിലും കൂടാരങ്ങൾ കെട്ടിയും, കാടർ, ഊരാളിമാർ, പണിയർ (നെഗ്രിറ്റോകളുടെ പിൻഗാമികൾ) തുടങ്ങിയ ഗോത്രവർഗ്ഗക്കാരെ സ്ഥിരമായി താമസിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പാണ്ഡ്യൻ എന്ന തമിഴ് രാജാവിന്റെ അതിശക്തവും ബുദ്ധിപൂർവ്വവുമായ കടന്നുകയറ്റത്തെ തടയുവാനോ മലവാഴുന്ന "തമ്പുരാക്കളുടെ' പൂർവ്വസ്വത്തുക്കൾ സംരക്ഷിക്കുവാനോ കഴിയാതെവന്ന സാഹചര്യത്തിലാകണം വീരകേരളവർമ്മയുടെ നേതൃത്വത്തിൽ മലങ്കോട്ടകളും ഇടത്താവളങ്ങളും സ്ഥാപിച്ച് പടനയിക്കപ്പെട്ടത്. പിൽക്കാലത്ത് ഈ പ്രദേശത്തിന്റെ ഭരണാധിപത്യം പാണ്ഡ്യരാജവംശത്തിന്റെ പിൻമുറക്കാരായിരുന്ന പന്തളം രാജകുടുംബത്തിനും വന്നുചേരുകയും ചെയ്തിട്ടുണ്ട്. ഇന്ന് നമ്മുടെ അറിവിൽപ്പെട്ട അച്ചൻകോവിൽ മുതൽ വടക്കോട്ടും പടിഞ്ഞാറോട്ടും വ്യാപിച്ചുകിടക്കുന്ന സ്ഥലങ്ങളുൾപ്പെട്ട എല്ലാ പ്രദേശങ്ങളും നാട്ടുരാജവാഴ്ചക്കാലത്ത് ഭാഗിക്കപ്പെടുകയും അനന്തരഫലമായി അച്ചൻകോവിൽ രാജകുടുംബത്തിനും അവരുടെതന്നെ കുടുംബരാജാധിപത്യമുള്ള പന്തളം രാജകുടുംബത്തിനും കൂടാതെ തിരുവിതാംകൂർ രാജകുടുംബത്തിനും കൊടുമൺ അറുകാലിക്കൽ നാട്ടുരാജകുടുംബങ്ങൾക്കും അധീനപ്പെടുകയും പിന്നെയും ഫലസമൃദ്ധിയുടെയും വന്യസമ്പത്തിന്റെയും മനുഷ്യാദ്ധ്വാനത്തിന്റെയും വിളനിലമായിരുന്ന പ്രസ്തുത പ്രദേശങ്ങൾ യുദ്ധഭൂമിയായിത്തീരുകയും ചെയ്തു. അക്കാലത്തിന്റെ ശ്മശാന സ്മരണിക എന്നപോലെ തകർക്കപ്പെട്ടതോ കാലാന്തരത്തിൽ തകർന്നടിയപ്പെട്ടതോ ആയ ചരിത്രവസ്തുക്കളും വിലപ്പെട്ട പല ശേഖരങ്ങളും നമുക്കിവിടെനിന്ന് കിട്ടിയിട്ടുള്ളതിനുപുറമേ നാശാവശിഷ്ടമായ പറക്കുളം ക്ഷേത്രസമുച്ചയത്തിന്റെ ബാക്കിപത്രം ഇവിടെ നമുക്ക് ദർശിക്കാം.

മലകളും മനോഹര താഴ്വരകളും കാട്ടരുവികളും ചെറിയ ഇടത്താവളങ്ങളും കുന്നുകളും പാറക്കൂട്ടങ്ങളും ഒക്കെക്കൂടിയ ഫലസമൃദ്ധമായതും സാംസ്കാരിക മുന്നേറ്റങ്ങൾ നടന്നിട്ടുള്ളതും എന്നാൽ പടയൊരുക്കങ്ങൾകൊണ്ട് നാശം കൊയ്തിട്ടുള്ളതുമായ ഒരു ഭൂപ്രദേശമാണ് കലഞ്ഞൂർ എന്ന നമ്മുടെ ഗ്രാമത്തിന്റെ ചുറ്റുവട്ടങ്ങളെന്ന് അറിയുമ്പോൾ അത്ഭുതം തോന്നാം.


അപരിഷ്കൃത വന്യജീവന സമ്പ്രദായങ്ങളിൽനിന്നും പരിഷ്കൃതമായ ആധുനിക സാമൂഹിക ജീവിതത്തിലേക്ക് നാം വഴിമാറി സഞ്ചരിച്ചപ്പോഴും നാശത്തിന്റേതായ പടയൊരുക്കത്തിനു വേണ്ടി ബോധപൂർവ്വം ശ്രമിച്ചിരുന്നതുപോലെ....!

ഇന്നത്തെ പാടം ജംഗ്ഷനിൽനിന്നും ഏകദേശം എട്ട് കിലോമീറ്റർ വടക്കുകിഴക്കായി പുരാതനവും പൂർവ്വരാജവാഴ്ചയുടെ ശവപ്പറമ്പായും കാണാവുന്ന മഹാക്ഷേത്രാവശിഷ്ടങ്ങളും ഏതാണ്ട് അമ്പത് ചതുരശ്ര അടി ചുറ്റളവുള്ള ഉറവ വറ്റാത്ത കുളവും വിശാലമായ ഇടനാഴിയും ഇടിഞ്ഞുപൊളിഞ്ഞ ചുറ്റമ്പലവും തഞ്ചാവൂർ കലകളുടെ മാസ്മരികത വിളിച്ചറിയിക്കുന്ന ഉടഞ്ഞടിഞ്ഞ കൃഷ്ണശിലാ ശില്പങ്ങളും ഒരു പ്രതാപകാലത്തന്റെ രാജഗോപുരത്തിനു ബാധിച്ച സർവ്വനാശത്തിന്റെ ദുർഗ്ഗതിപോലെ ഇന്നും അവിടെക്കാണാം. കൂടാതെ ഏകദേശം ഏഴോ എട്ടോ മൈൽ തുല്യ അകലത്തിൽ വടക്കോട്ടായി പിന്നെയും ചില ക്ഷേത്രാവശിഷ്ടങ്ങൾ നമുക്ക് ദർശിക്കാം. അതൊക്കെത്തന്നെ കാലഹരണപ്പെട്ടു എന്നു പറഞ്ഞ് എഴുതിത്തള്ളിക്കൂടാ. പുരാതനമായ ഒരു സാമൂഹിക സങ്കേതം നമ്മുടെ ചുറ്റുവട്ടങ്ങളിൽ നിലനിന്നിരുന്നു. പോത്തുപാറ, പുമരുതിക്കുഴി, തിടി, കുളത്തുമൺ, തട്ടാകുടി, കൂടൽ, വണ്ടണിപ്പാറ, പാടം, പാക്കണ്ടം, മുറിഞ്ഞകൽ എന്നീ പ്രദേശങ്ങളിൽനിന്നൊക്കെ നമുക്ക് ലഭിച്ചിട്ടുള്ള വിലപ്പെട്ട രേഖകളിൽനിന്നും മനസ്സിലാക്കാം. നമ്മുടെ കിഴക്കൻ പ്രദേശങ്ങളിൽനിന്നും കണ്ടെടുക്കപ്പെട്ട മൺചീനഭരണികൾ, നാണയശേഖരങ്ങൾ, യോദ്ധാക്കളുടേതെന്ന് കരുതാവുന്ന ശവശരീരങ്ങൾ അടക്കംചെയ്തിരുന്ന നീളമുള്ള കൽപേടകങ്ങൾ തുടങ്ങി വിലപ്പെട്ട ചില ശില്പങ്ങളും ഏതോ നാട്ടുഭാഷയിലെഴുതിയ ലിഖിതങ്ങളും (വട്ടെഴുത്ത്?) കണ്ടെടുക്കുകവഴി നമ്മുടെ പുരാവസ്തു ഗവേഷകർ ചില നിഗമനങ്ങളിലെത്തുകയും 1300 വർഷത്തെയെങ്കിലും പഴക്കം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പിന്നെയും മൺമറയപ്പെട്ട ആ പ്രദേശങ്ങൾ വനഭൂമിയായി കാലാന്തരപ്പെടുകയും സർക്കാർഭൂമിയായിത്തീരുകയും ചെയ്തു.

സംസ്കാരത്തിന്റേതായ സത്യാന്വേഷണപാതയിൽ വളരെക്കാലം ചിന്താമഗ്നരായി നിലകൊണ്ടശേഷം അവന്റെതന്നെ ബോധപൂർവ്വമായ ശ്രമഫലമായി 'ആശയ' ചിന്തകൾക്കും ആരാധനാലയങ്ങൾക്കും വേദപാഠശാലകൾക്കും പുതിയ നിർവ്വചനങ്ങൾ നൽകുകയും മഹാക്ഷേത്ര സമുച്ചയങ്ങളും

പള്ളികളും മോസ്ക്കുകളും സ്ഥാപിച്ച് ആരാധിച്ചു കൊണ്ടും ജീവിതത്തിന് മനുഷ്യൻ പുതിയ അർത്ഥ തലങ്ങൾ തേടി.


നമ്മുടെ പ്രദേശത്തെ ഇന്നത്തെ മുഖ്യ പ്രകൃതിവിഭവമായ പാറകൾക്കും ഒരു ചരിത്രംതന്നെയുണ്ട്. പേരിൽത്തന്നെ ഒളിഞ്ഞുകിടക്കുന്ന ഐതിഹിക പരിവേഷം ശ്രദ്ധിക്കുന്നവർക്ക് കൗതുകമുണർത്തും 'ഇഞ്ചപ്പാറ'യ്ക്ക് കിഴക്ക് പാക്കണ്ടം എന്ന പ്രദേശത്തിന് പാറകളുടെ കണ്ടമെന്നുപോലും അർത്ഥമുണ്ട്. രാക്ഷസൻപാറ, കുടപ്പാറ, കള്ളിപ്പാറ, പോത്തുപാറ, വണ്ടണിപ്പാറ തുടങ്ങിയ പ്രസിദ്ധങ്ങളായ പാറകളും പെരുമ കുറഞ്ഞ പാറകളുംകൊണ്ട് അനുഗൃഹീതമാണ് നമ്മുടെ നാട്. പക്ഷേ, ഇന്നത്തെ ശ്രീമഹാദേവ ക്ഷേത്രമുൾപ്പെടെ പല ക്ഷേത്ര നിർമ്മാണത്തിനും ഉപയോഗിച്ചിരുന്ന നീളത്തിൽ കീറിയെടുത്ത ടൺകണക്കിന് പാറകൾ നമ്മുടെ പ്രദേശത്തുനിന്നുമല്ല സംഭരിച്ചിരിക്കുന്നതെന്ന് ഏതൊരു നിരീക്ഷകനും മനസ്സിലാക്കാം. (അല്ലെങ്കിൽ കാലപ്പഴക്കത്താൽ ആ കൽമടകൾ മറഞ്ഞുപോയതിൽനിന്നും ക്ഷേത്രത്തിന്റെ പഴക്കം നിർണ്ണയാതീതമാണ്.)



ഐതിഹ്യമാലയിൽ (പേജ് 441) പ്രതിപാദിച്ചിരിക്കുന്ന കാമ്പിത്താൻ തപസ്സനുഷ്ഠിച്ചിരുന്ന കലഞ്ഞൂരിലെ 'കുടപ്പാറ'.

കല്ലടയാറിന്റെ ഇടതും വലതും ഭാഗങ്ങളിലായി കലഞ്ഞൂരിൽനിന്നും ഏകദേശം 5 - 7 മൈൽ തെക്കുപടിഞ്ഞാറായി പട്ടാഴിയും മണ്ണടിയും ദേശങ്ങൾ. അവിടെ കണ്ണാടികാവ് (മണ്ണടി) ഉൾപ്പെട്ട ദേശങ്ങളുടെ ദേശാധികാരം വാക്കുവഞ്ചിപ്പുഴപ്പണ്ടാരത്തിനും അവരുടെ സൈന്യാധികാരം മംഗലത്തുപണിക്കർക്കും. പണിക്കരുടെ വക പുരയിടത്തിനടുത്ത് കാലാന്തരത്തിൽ മറയപ്പെട്ട ഒരു ഭദ്രകാളിക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളും വിഗ്രഹവും കണ്ടെത്തി. അവിടെ മേൽപ്പറഞ്ഞവരുടെ നേതൃത്വത്തിൽ ബ്രാഹ്മണ പൂജയ്ക്കുള്ള ഒരുക്കങ്ങൾ നടത്തുന്നതിനെ തടസ്സപ്പെടുത്തിക്കൊണ്ട് ഒരു ദിവ്യൻ കടന്നുവന്നു (കാമ്പിത്താൻ). "വെളിച്ചപ്പാട്" അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമുള്ള കർമ്മങ്ങൾ നടത്തിയെങ്കിലും എല്ലാവരും അതു വിശ്വസിക്കുവാൻ തയ്യാറാകാതിരിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു. ഏവരും നോക്കിനിൽക്കേ അദ്ദേഹം അവിടെനിന്നും കിഴക്കോട്ട് ഓടി കലഞ്ഞൂര് എന്ന ദേശത്ത് എത്തുന്നു. കലഞ്ഞൂർ വയലിറക്കത്ത് ജംഗ്ഷനു കിഴക്ക് ഇപ്പോഴുമുള്ള സാധാരണ മനുഷ്യന് കയറാൻ അസാദ്ധ്യമായതും മൂന്നു ചെറിയ പാറകൾക്ക് മുകളിലായി കുടയുടെ ആകൃതിയിൽ ഉയർന്നു നിൽക്കുന്നതുമായ (അതിനു കീഴിൽ ഒരു കുടുംബത്തിനുതന്നെ താമസിക്കാവുന്നതുമായ വിശാലതയുള്ള ഗുഹയോടുകൂടിയ) കുടപ്പാറയുടെ മുകളിൽ പല പ്രാവശ്യം കയറി, ചുറ്റുപാടുമുള്ള കൊടുംകാട്ടിൽനിന്നും കൂട്ടുകാരായി പിടിച്ച പുലിക്കുട്ടികളെയും കൂടെക്കൂട്ടി അദ്ദേഹം മണ്ണടിയിലേക്ക് തിരികെപ്പോവുകയും ചെയ്തു. (ഈ കുടപ്പാറയിൽ സമീപവാസികൾ ഇന്നും ആരാധനകളും മറ്റും നടത്തിവരുന്നു) (അവലംബം: ഐതിഹ്യമാല)

അന്നുമുതൽ ജനങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നു. ഈ കാമ്പിത്താൻ സ്ഥിരമായി എത്തുകയും വിശ്രമിക്കുകയും ചെയ്തിരുന്ന ഈ പ്രദേശത്ത് കാവും കുളവും ഒരു വിശ്രമകേന്ദ്രവും ഇപ്പോഴുമുണ്ട്. കാമ്പിയിൽ എന്നു പേരുള്ള ഒരു പ്രസിദ്ധ കുടുംബക്കാരും ഇവിടെയുണ്ട്. ഒരു പക്ഷേ അഞ്ചാമത്തെ കാമ്പിത്താനായിരിക്കണം കലഞ്ഞൂരുമായി ബന്ധമുള്ള അവസാനത്തെ കാമ്പിത്താൻ. അദ്ദേഹത്തിന്റെ മൃതശരീരം ഇന്നും മണ്ണടിയിലുള്ള ഒരു സങ്കേതത്തിൽ ഉപ്പും കർപ്പൂരവും ഇട്ടു പെട്ടിയിൽ സൂക്ഷിച്ചിരിക്കുന്നു എന്നാണ് വിശ്വാസം. അദ്ദേഹം ഉപയോഗിച്ചിരുന്ന സ്വർണ്ണ വാളും ചിലമ്പും (പാണ്ടിരാജാവ് നൽകിയത്) പാറക്കടവിൽ (കല്ലടയാറ്റിലെ മണ്ണടിയി



ലുള്ള കടവ്) ഉണ്ടത്രേ. ഒരു നാളിൽ അദ്ദേഹം കലഞ്ഞൂർ ശ്രീമഹാദേവർ ക്ഷേത്രത്തിൽ തൊഴാൻ കയറിയപ്പോൾ തിരുമുഖമറയായി കണ്ട നന്ദികേശൻ എന്ന കാളയോട് മാറിക്കിടക്കുവാൻ ആജ്ഞാപിച്ചു പോലും. അങ്ങനെയാണ് കലഞ്ഞൂർ ക്ഷേത്രത്തിലെ കാള ചരിഞ്ഞുകിടക്കുന്നത് എന്നും വിശ്വാസമുണ്ട്. എന്തായാലും കാമ്പിത്താൻ എന്ന ഐതിഹ്യ പുരുഷനാൽ അനുഗൃഹീതമായ നമ്മുടെ നാടിന്റെ പ്രശസ്തി ഇനിയും വർദ്ധിക്കട്ടെ. അദ്ദേഹത്തിന് പ്രത്യുപകാരമായി മാർത്താണ്ഡവർമ്മ എഴുതിക്കൊടുത്ത പട്ടാഴി ദേശവും കരകളും ഇന്നും മറ്റൊരു കാമ്പിത്താൻ ഇല്ലാത്തതിനാൽ മരിച്ചുപോയ കാമ്പിത്താന്റെ പേരിൽത്തന്നെ നിലനിൽക്കുന്നു.


തെക്കേ കാമ്പികുടുംബത്തിലെ (കുതിര വെച്ചുകെട്ടുന്നതിൽ) അക്ഷരകളരിയിൽനിന്നും തുടങ്ങിവച്ച വിദ്യാഭ്യാസ പുരോഗതി 1914ൽ വി.എം. സ്കൂൾ സ്ഥാപിച്ചുകൊണ്ട് അവിടെത്തന്നെ പുരോഗമിക്കുകയും മുന്നു വർഷത്തിനു ശേഷം ഇന്നത്തെ ഹൈസ്കൂൾ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതുവരെ നാടിന്റെ വിദ്യാഭ്യാസ കലാ സാംസ്കാരിക പ്രവർത്തനരംഗത്ത് നെടുനായകത്വം വഹിച്ചിരുന്ന പ്രമുഖരിൽ "മാധവച്ചാർ" എന്ന മാധവൻനായർ അവിടെത്തന്നെ സ്ഥിരം നാടകവേദി ഒരുക്കിയും ആട്ടവിളക്ക് തെളിച്ചും നാടിനെ നയിച്ചു എങ്കിൽ അതിനോടൊപ്പംകൂടി പ്രവർത്തിച്ചവരുടെ കൂട്ടത്തിലെ പ്രസിദ്ധനായ ആദ്യകാല ആട്ടക്കലാകാരൻ 'കലഞ്ഞൂർ നാണുപ്പണിക്കരാശാനും' തോട്ടം പോറ്റി, ചെങ്ങന്നൂർ രാമൻപിള്ള തുടങ്ങിയവരും അക്കാലത്തു കൂടുമായിരുന്ന ഓരോ കഥകളി വേദികളിലും പ്രമുഖരായ പല പ്രേക്ഷകരും ഉണ്ടായിരുന്നു. വിശ്വപ്രസിദ്ധ സാഹിത്യകാരൻ സി.വി. രാമൻപിള്ളയും ഇത്തരം വേദികളിലെ നിത്യസന്ദർശകനായിരുന്നത്രേ! കൂടാതെ സേതുപതി എസ്റ്റേറ്റ് എന്ന ഇന്നത്തെ കല്ലുംപുറത്ത് ബംഗ്ലാവിന്റെ മുറ്റത്ത് ഓരോ രാത്രികളിലും ശരറാന്തലിന്റെ വെളിച്ചത്തിൽ ആസ്വാദകരുടെ തിരക്ക് നിലനിന്നിരുന്നു. എൻ.പി.ജി. ആശാൻ, നാരായണദാസ്, ഭാസ്കരൻ ഉണ്ണിത്താൻ, ക്ലാപ്പന അമ്മാവൻ തുടങ്ങിയവരുടെ വേദികളിൽ വിശ്വപ്രസിദ്ധ ഹാസ്യ സാഹിത്യകാരനായ ഇ.വി. കൃഷ്ണപിള്ളയും അടൂർ ഭാസി എന്ന കുട്ടിയും പ്രേക്ഷകരായി എത്തിയിട്ടുണ്ട്.

അധികാരത്തന്റെ ദുർവിനിയോഗവും ഭരണതന്ത്രത്തിന്റെ കുടിലതയും കൊടികുത്തിവാണിരുന്ന ഒരു നീതികെട്ട വ്യവസ്ഥിതിയ്ക്ക് എതിരെ പടപൊരുതിയവരിൽ പ്രമുഖനായിരുന്നു പ്ലാസ്ഥാനത്തു മഠത്തിൽ രാമരു കേശവൻ പോറ്റി. അദ്ദേഹം ഇന്നത്തെ കലഞ്ഞൂർ 1019-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന്റെ തുടക്കക്കാരനും അതിന്റെ ആദ്യകാല പ്രസിഡന്റ് എന്നതിനുപരി കലഞ്ഞൂർ ഗവണ്മെന്റ് ഹൈസ്കൂളിന്റെ ആദ്യകാല പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും ഇന്നത്തെ സ്കൂൾ നിൽക്കുന്ന സ്ഥലം വിട്ടുകൊടുക്കുകയും ചെയ്തു. കൂടാതെ അറുകാലിക്കൽ നാട്ടുരാജ്യത്തിന്റെ കീഴിൽ കിടന്നിരുന്ന കലഞ്ഞൂരിലെ ഭൂമികൾ ശ്രീമഹാദേവന്റെ വകയായി തണ്ടപ്പേർ മാറ്റിയെഴുതി വാങ്ങുകയും കലഞ്ഞൂരിലെ ആദ്യത്തെ ക്രിസ്തീയ ദേവാലയത്തിന് സ്ഥലം കൊടുക്കുകയും (കരിച്ചണ്ണൂർ പള്ളി) ചെയ്തു. അദ്ദേഹം 46-ാമത്തെ വയസ്സിൽ വസൂരി രോഗബാധിതനായി അകാലചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ മരണശേഷമോ അതിനു മുമ്പോതന്നെ അതിപ്രധാനമായ പ്രവർത്തനങ്ങളിൽ ഇടപെട്ടിരുന്ന പ്ലാസ്ഥാനത്തു മഠത്തിൽ പരേതനായ ബ്രഹ്മശ്രീ ആർ. രാമരുപോറ്റി സാമൂഹ്യ മുഖ്യധാരയിലേക്കു വരികയും ജനകീയമായ ഏതു നല്ല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുകയും ചെയ്തിരുന്നു. 1957ൽ ഭൂപരിഷ്കരണ നിയമം നടപ്പിൽ വരുന്നതിന് എത്രയോ കാലം മുമ്പുതന്നെ തന്നെ സ്നേഹിക്കുന്ന നാട്ടുകാരോടും താൻ സ്നേഹിക്കുന്നവരോടും കടപ്പെട്ടിരുന്ന ആ മഹാൻ ഭൂമി ഇല്ലാത്തവർക്ക് താമസിക്കുവാനും കൃഷിയിറക്കുവാനും ഭൂമി ദാനമായി കൊടുത്തും കലഞ്ഞൂർ ഹൈസ്കൂളിന് പിന്നെയും ഭൂമി വിട്ടുകൊടുത്തും കലഞ്ഞൂർ ഗ്രാമോദ്ധാരണ വായനശാന, പഴയ പഞ്ചായത്ത് ഓഫീസ് നിൽക്കുന്ന സ്ഥലം തുടങ്ങി എത്രയോ ഭൂമി വിശുദ്ധ മനസ്സോടെ വിട്ടുകൊടുത്തു. ഈ നാടിന്റെ പുരോഗതിയിൽ ഇത്രയേറെ സ്വാധീനം ചെലുത്തിയവർ വേറെ ഉണ്ടാകാം. പക്ഷേ രാമരു പോറ്റി എന്നൊരാൾ വേറിട്ടു നിൽക്കുന്നു.

ഇന്നേക്ക് 105 വർഷങ്ങൾക്കു മുമ്പ് 1067-ാമാണ്ട് മീനം 5ന് (1892ൽ) മലങ്കര ഇടവകയുടെ മാർ ദിവാന്യോസ് മെത്രാപ്പോലീത്താ എഴുതിക്കൊടുത്ത രേഖ അനുസരിച്ച് കലഞ്ഞൂർ പ്രദേശത്തുള്ള ക്രിസ്ത്യാനികൾ വയലിറക്കത്ത് ഉമ്മുമ്മൻ വക സ്ഥലത്ത് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ദേവാലയവും, അതിനുശേഷം കൊല്ലവർഷം 1092ൽ (1917) ഇഞ്ചപ്പാറ ജംഗ്ഷനിൽ സെന്റ് പോൾസ് ദേവലയം സ്ഥാപിക്കുന്നതിനുള്ള അനുമതി കോട്ടയം പാണയം പള്ളിയിൽ കബറടക്കിയ പൗലോസ് മാർ കുറിലോസ് മെത്രാപ്പോലീത്തയുടെ കല്പനപ്രകാരം സ്ഥാപിക്കുകയും ആരാധന നടത്തിപ്പോരുകയും ചെയ്യുന്നു. (ഫാ. കെ.ജി. വർഗ്ഗീസിന്റെ) ചുട്ടിവട്ടത്തച്ചൻ സംഭാവനചെയ്ത സ്ഥലത്ത് അന്നുമു

തൽതന്നെ ഇന്നാട്ടിലെ പൊതുപ്രശ്നങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്നതുൾപ്പെടെ മതസൗഹാർദ്ദം നിലനിർത്തുന്നതിനും അവരുടേതായ സേവനവും വിലപ്പെട്ടതാണ്. കലഞ്ഞൂർ ദേശത്തെ ആദ്യ ക്രസ്തീയ കുടുംബക്കാരായ വയലിറക്കത്തുകാരുടെ നാടുമായുള്ള ബന്ധവും സ്തുത്യർഹമാണ്.

പള്ളി സ്ഥാപിക്കുന്നതിനു വേണ്ടി 1067-ാമാണ്ട് മീനം 5ന് (1892ൽ) മലങ്കര ഇടവകയുടെ മെത്രാപ്പോലീത്താ, മാർ ദിവാന്യോസ് എഴുതിക്കൊടുത്ത കല്പന.




കടപ്പാട്: സൈമൺ തോമസ്, കൈമളഴികത്ത്

ഠാണാവു (പഴയകാല പോലീസ് സ്റ്റേഷൻ) നിന്നിടം എന്നറിയപ്പെട്ടിരുന്ന വയലിറക്കത്തു കുടുംബം ശ്രീമഹാദേവക്ഷേത്രത്തിലെ ഉത്സവത്തിന് വഴിപാടായി ഒരു പാട്ട എണ്ണയും രണ്ട് ആനകളെയും ദാനമായി കൊടുത്തു പോന്നിരുന്നു. ഇത് മതസൗഹാർദ്ദത്തിന്റെ പരിപൂർണ്ണമായ ഒരു സാമൂഹ്യ പശ്ചാത്തലം അന്നുള്ളവർ നിലനിർത്തിയിരുന്നു എന്നുള്ളതിന്റെ ദൃഷ്ടാന്തമാണ്. പിന്നീടിതൊക്കെ കാലഹരണപ്പെടുകയുംചെയ്തു. എങ്കിലും നമ്മുടെ നാടിന്റെ മതമൈത്രിക്ക് വളരെ പ്രാധാന്യമുണ്ട്.

കലഞ്ഞൂർ നിവാസികളായ മുസ്ലീം സഹോദരങ്ങളുടെ ആദ്യകാല ആരാധനാലയം കലഞ്ഞൂരിന്റെ തെക്കുള്ള ഇടത്തറ ജമായത്തു പള്ളിയും (200 വർഷം പഴക്കം) അതിനുശേഷം കലഞ്ഞൂരിന്റെ കിഴക്കൻ മേഖലയായ പാടം പ്രദേശത്ത് 1945ൽ അൻപത് സെന്റ് സ്ഥലത്ത് (പനങ്ങാട്ട് കേശവനുണ്ണിത്താൻ തുച്ഛ വിലയ്ക്ക് കൊടുത്ത സ്ഥലം) മൊന്താംവീട്ടുകാർ, വണ്ടണി, ഉപ്പുകുഴി എന്നീ കുടുംബക്കാർ നേതൃത്വം നൽകി പണികഴിപ്പിച്ച പാടം ജമാഅത്ത് പള്ളിയാണ്. ഈ ജനവിഭാഗത്തിന്റെ ആരാധനയുമായി ബന്ധപ്പെട്ട് കള്ളിപ്പാറയ്ക്കും വളരെ പ്രാധാന്യമുണ്ട്. ഇസ്ലാം മതപണ്ഡിതനായിരുന്ന ബഹു: ഷേക്ക് മുഹമ്മദ് ഔലിയുള്ള 15-ാം നൂറ്റാണ്ടിൽ ഇവിടെ എത്തിച്ചേരുകയും അദ്ദേഹം ആ പാറയിൽ വിശ്രമിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പാദസ്പർശത്താൽ അനുഗൃഹീതമായിത്തീർന്ന ഈ പാറയിൽ രണ്ടടി ചുറ്റളവുള്ള ഒരു കുളവും നമുക്ക് കാണാം. 1951ൽ ഈ പാറയുടെ അടിവശത്ത് ഒരു ജുമാ മസ്ജിദ് പണിയുകയും ആരാധിച്ചുപോരുകയും ചെയ്യുന്നു. നൂറ്റാണ്ടുകളായി പഴക്കമുള്ള ഈ പാറയിൽ സമൃദ്ധമായി വളർന്നുകിടക്കുന്ന കള്ളിമുൾച്ചെടികൾ ഉള്ളതുകൊണ്ടും സമുദ്രനിരപ്പിൽനിന്നും ഏകദേശം 2100 അടി ഉയരമുള്ളതുകൊണ്ടും ഈ പാറയും പ്രദേശവും എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമാണ്.

ഗതാഗതയോഗ്യമായ റോഡുകൾ വികസിക്കുന്നതിന് വളരെക്കാലങ്ങൾക്കുമുമ്പുതന്നെ നമ്മുടെ പ്രദേശത്ത് സാധന സാമഗ്രികൾ എത്തിക്കുന്നതിനും വിഭവങ്ങൾ അന്യ മാർക്കറ്റുകളിലേക്ക് കൊണ്ടുപോകുന്നതിനും ആശ്രയിച്ചിരുന്നത് കല്ലടയാറ്റിൽനിന്നും പട്ടരഴികത്തുകടവ് വരെ എത്തുമായിരുന്ന ചരക്കു ഗതാഗത വള്ളങ്ങളെ ആയിരുന്നു. വള്ളങ്ങളിൽ കയറ്റിക്കൊണ്ടുപോകുന്ന വിഭവങ്ങൾ കൊല്ലം, കുണ്ടറ മാർക്കറ്റുകളിൽ വിറ്റഴിക്കപ്പെടുകയും അവിടെനിന്നും കൊണ്ടുവരുന്ന സാധനങ്ങൾ ഈ പ്രദേശത്ത് കാളവണ്ടികളിൽ എത്തിച്ച് കൂടൽ,



രാജഗിരി, മുറിഞ്ഞകൽ തുടങ്ങിയ പ്രദേശങ്ങളിൽ വിതരണം ചെയ്യുകയുമായിരുന്നു ചെയ്തിരുന്നത്.

ഈ പ്രദേശത്തിന്റെ പലവിധ ബന്ധങ്ങളും തമിഴ്നാടുമായി ബന്ധപ്പെട്ടതും അതുവഴി പാണ്ടി ദേശത്തുനിന്നും വന്ന കണക്കുപിള്ളമാരുടെ (പാണ്ടി രാജാവിനാൽ കല്ലേലി വഴി ഇവിടെ എത്തിയ ഒരു കുടുംബം – കോന്നി മംഗലത്തുപിള്ളമാർ) ഈ നാടുമായിട്ടുള്ള ബന്ധം നിലനിർത്തുകയും ചെയ്തു. തമിഴ്നാട്ടിൽനിന്നും ഉരുക്കളെ കൊണ്ടുവരുവാൻ പാടം വഴിയുള്ള കാടുവെട്ടു പാതയെ ആശ്രയിക്കേണ്ടിയിരുന്നു. ആ കാലം മുതൽക്കേ തുടങ്ങിവച്ച കാളകളോടും കാളവണ്ടിയോടുമുള്ള നമ്മുടെ പ്രേമം ഇന്നും നിലനിർത്തുവാൻ ശ്രമിച്ചതിന്റെ ഫലമെന്നതുപോലെ രണ്ടു കാളവണ്ടികൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്.

അസംഘടിത വിഭാഗങ്ങളുടെ മുൻനിരക്കാർ ആയിരുന്ന ഈ നാട്ടിലെ വിശ്വകർമ്മജർക്കും (വിശ്വബ്രാഹ്മണർ) എന്നറിയപ്പെട്ടിരുന്നവർ ആദ്യകാലത്ത് സംഘമായി പ്രവർത്തിക്കുവാൻ വിമുഖരായിരുന്നെങ്കിലും പിന്നീടുണ്ടായ സാമൂഹ്യ മാറ്റത്തിൽ പങ്കാളികളാവുകയും വിവിധതരം നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടു പ്രവർത്തിച്ചുവരുന്ന ഇവരേ നമ്മുടെ നാടിന്റെ സാംസ്കാരിക ചരിത്രത്തിൽനിന്നും മാറ്റിനിർത്തുവാൻ കഴിയാത്ത ഒരു വിഭാഗമാണ്. വിശ്വകർമ്മ മഹാസഭ എന്ന സംഘടനയും സ്വന്തമായി ഒരാസ്ഥാനവും ഇവർക്കിവിടെയുണ്ട്. സാമൂഹ്യ തുല്യത ഉറപ്പാക്കുന്നതിനുവേണ്ടിയായിരുന്നു ഇവരും പണിയെടുത്തിരുന്നത്.

സാമൂഹ്യ തിന്മയുടെ വിഷലിപ്തമായ ഒരു കാലഘട്ടം കേരള ചരിത്രത്തേത്തന്നെ കാർന്നു തിന്നിരുന്ന സന്ദർഭത്തിൽ ജന്മി-കുടിയാൻ വ്യവസ്ഥിതിയും അടിയാൾ, പണിയാൾ വ്യവസ്ഥിതിയും ഇവിടെനിന്നും മായ്ച്ചുകളയുവാൻ സാമൂഹിക പരിഷ്കർത്താക്കൾക്ക് വളരെയേറെ പണിപ്പെടേണ്ടിവന്നു. ഇന്ത്യയിലാകെത്തന്നെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന അധഃസ്ഥിതവർഗ്ഗ സ്നേഹവും കേരളത്തിൽ എ.കെ.ജി., കേളപ്പൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉയർന്നുവന്ന പ്രക്ഷോഭണങ്ങളും 1936ലെ ക്ഷേത്രപ്രവേശന വിളംബരവും തുടർന്നു കേരളത്തിലും പ്രത്യേകിച്ച് നമ്മുടെ പ്രദേശങ്ങളിലും ഉയർന്നുവന്ന കർഷക-കർഷകത്തൊഴിലാളി സംഘടനകളുടെ സമരങ്ങളും തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുമാണ് ഇവരുടെ സാമൂഹിക മാറ്റത്തിന്റെ വഴികാട്ടികൾ. ഇതിന്റെ പശ്ചാത്തലത്തിൽ 1970-71 കാലഘട്ടത്തിൽ നമ്മുടെ പ്രദേശത്തും പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ സംഘടനാ പ്രവർത്തനവും ആരംഭിച്ചു. 1957ലെ ഗവ: നടപ്പിലാക്കിയ ഭൂപരിഷ്കരണ ബില്ലും വിദ്യാഭ്യാസ ബില്ലും ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമിയും വിദ്യാഭ്യാസവും നേടാൻ സഹായകരമായി. സാമൂഹിക തുല്യതയ്ക്കുവേണ്ടിയുള്ള പോരാട്ടം ഇന്നും തുടരുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിനു മുമ്പുതന്നെ ഈ പ്രദേശവുമായി ബന്ധപ്പെട്ടു നടന്നിട്ടുള്ള നായർ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നാമിവിടെ കുറച്ചുകാണുന്നില്ല. പ്ലാസ്ഥാനത്തുമഠത്തിൽനിന്നും കൊടുത്ത സ്ഥലത്ത് സ്വന്തമായി ആസ്ഥാനമുള്ള എൻ.എസ്.എസ്.ന്റെ ആദ്യകാലത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് സമുദായാചാര്യനായ മന്നത്തു പത്മനാഭനും കളത്തിൽ വേലായുധൻ നായരും നിരന്തരം ഈ പ്രദേശത്ത് എത്താറുണ്ടായിരുന്നു. കലഞ്ഞൂർ ഗവ: ലോവർ പ്രൈമറി സ്കൂൾ ആയി പ്രവർത്തിക്കുന്ന എൻ.എസ്.എസ്.ന്റെ ആസ്ഥാന കെട്ടിടം ഉദ്ഘാടനം ചെയ്തത് അന്നത്തെ പ്രസിഡന്റായിരുന്ന ശ്രീ. വേലുക്കുട്ടി മേനോനായിരുന്നു.

സാമൂഹിക മാറ്റത്തിന്റെ പാതയിൽ എസ്.എൻ.ഡി.പി.യ്ക്കുള്ള പ്രാധാന്യവും വിലപ്പെട്ടതായിരുന്നു. ഇവരിൽ പ്രധാന പ്രവർത്തകാരായിരുന്ന ശ്രീ. കെ.എൻ. കേശവൻ, പുലത്തു ദാമോദരൻ, ഇലവുംതാനത്തു ശങ്കരൻ, വള്ളിയയ്യത്തു കരുണാകരപിള്ള, തിരുമംഗലത്ത് വേലായുധൻ, ഉടയൻവാതുക്കൽ ദാമോദരൻ, പാരുവേലിൽ ദാമോദരൻ തുടങ്ങിയവർ ചേർന്ന് പുലത്ത് ഉമ്മിണിയമ്മ ജാനകിയമ്മ സംഭാവനയായി കൊടുത്ത ഭൂമിയിൽ (മുറിഞ്ഞകൽ) 1934ൽ ഒരു കെട്ടിടവും മന്ദിരവും പണിയുകയും സ്വാതന്ത്ര്യസമര സേനാനിയും മുൻ മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. സി. കേശവൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ആചാര്യന്മാരായിരുന്ന ശ്രീ. മന്നത്തു പത്മനാഭൻ, ശ്രീ. ആർ. ശങ്കർ തുടങ്ങിയവർ 1957നു മുമ്പ് നിരവധി സന്ദർഭങ്ങളിൽ ഈ പ്രദേശങ്ങളിലെത്തിയിട്ടുണ്ട്. സമുദായങ്ങളുടെ ചട്ടവട്ടങ്ങളിൽ ഒതുങ്ങിനിന്നു പ്രവർത്തിച്ചിരുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ പ്രസ്തുത നായകന്മാർക്ക് വളരെയേറെ പണിപ്പെടേണ്ടിവന്നിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് കുടുംബ ജന്മിമാരുടെയോ അവർ നിശ്ചയിച്ചിരുന്നവരുടേതോ ആയ ഒരു "നാട്ടുപ്രശ്നപരിഹാര കോടതി' നിലനിന്നിരുന്നു. ഇളമണ്ണൂർ വില്ലേജ് യൂണിയൻ നിലവിൽ

വന്നതോടുകൂടി സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടിരുന്ന ജന്മിമാരുടെ വാഴ്ച താൽക്കാലികമായി അവസാനിക്കുകയും ചെയ്തു. കല്ലേലി, പന്തളം രാജവാഴ്ചയുടെ പിൻമുറക്കാരും തിരുവിതാംകൂറിന്റെ പിൻമുറക്കാരും തമ്മിൽ മണ്ണിനുവേണ്ടിയോ ഫലസമൃദ്ധിയുടെ അവകാശങ്ങൾക്കുവേണ്ടിയോ നടത്തിയിട്ടുള്ള പോർവിളികളും പടയൊരുക്കങ്ങളും ഈ മലയോരമണ്ണിനെ കൂടുതൽ ചരിത്രപ്രാധാന്യമുള്ളതാക്കിത്തീർക്കുകയും പിന്നീടുണ്ടായ അതിപ്രധാനമായ മാറ്റങ്ങൾക്ക് വഴിതെളിക്കുകയും ചെയ്തു. വന്യമൃഗങ്ങളും വനസമ്പത്തും വേണ്ടതുപോലെയുണ്ടായിരുന്ന ഈ സമൃദ്ധ ഭൂമിയെ യൂറോപ്യൻസും ഡച്ചുകാരും അതിരറ്റു സ്നേഹിക്കുവാൻ കാരണമായതും മറ്റൊന്നുമല്ല. കൂടൽ പുത്തൻകളീയ്ക്കൽ ഉണ്ണിത്താന്മാരുടെ കൂടലിൽനിന്നും തെക്കോട്ട് കലഞ്ഞൂർവരെയും വടക്കോട്ടു താന്നിമൂടുവരെയും കിഴക്കോട്ട് രാജഗിരിവരെയും വ്യാപിച്ചുകിടന്നിരുന്ന 250 ഏക്കറോളം സ്ഥലം ഇതിനുമുമ്പ് വനപ്രദേശമായി കിടന്നിരുന്നതും നാട്ടുരാജാധികാരത്തിന്റെയും പ്രാമാണികത്വത്തിന്റെയും നാട്ടുനടപ്പിന്റെയും പിൻബലത്താൽ വെട്ടിപ്പിടിച്ചു മുതൽക്കൂട്ടിയ ഈ പ്രദേശങ്ങളിൽ പരത്തും പിന്നീട് ഓരോ കാലഘട്ടങ്ങളിലായി നഷ്ടപ്പെടുകയും ചെയ്തു. കൂടലിൽനിന്നും കലഞ്ഞൂർവരെയുള്ള സ്ഥലങ്ങൾ പുത്തൻകളീയ്ക്കൽ ഉണ്ണിത്താൻ കലഞ്ഞൂർ ശ്രീമഹാദേവനു നേർച്ചയായി കൊടുത്തുവെന്നും (തന്റെ കുടുംബത്തിൽ പെൺകുഞ്ഞുങ്ങളുടെ വംശം അറ്റുപോയപ്പോൾ ഒരു പെൺകുഞ്ഞു പിറക്കുന്നതിനുവേണ്ടി) കൂടാതെ കൂടൽ തട്ടുപാലം മുതൽ ഇഞ്ചപ്പാറ-നെടുമൺകാവ്-മുറിഞ്ഞകൽ-താന്നിമൂടുവരെയുള്ള പ്രദേശങ്ങളും കൊടുമൺ കുട്ടിവനത്തിനു കിഴക്കും രാജഗിരി എസ്റ്റേറ്റിനു പടിഞ്ഞാറുമായുള്ള വിശാലമായ ഭൂപ്രദേശങ്ങൾ കാടും തടിയും വെട്ടിയിറക്കി കാവലവകാശം സ്ഥാപിച്ചും സ്വന്തമാക്കിയും പിന്നീടുണ്ടായ സാമൂഹിക മേൽക്കോയ്മയുടെ പരക്കംപാച്ചിലിൽ ഈ പ്രദേശങ്ങളിലെ പല ഭാഗങ്ങളും മാർത്തോമാ സഭയുടെ മദ്ധ്യതിരുവിതാംകൂർ അധിപനായിരുന്ന കോഴഞ്ചേരി മാരാമൺ പാലകുന്നത്തു മെത്രാൻ സഭയുടെ ധനം മുടക്കി തന്റെയും ബന്ധുക്കളുടെയും പേരിൽ വാങ്ങിക്കൂട്ടുകയും നിലനിർത്തുകയും ചെയ്തുപോന്നു. എന്നാൽ ഇന്നു താമസമുള്ളവരുടെ പൂർവ്വീകരിൽ പലരും പിന്നീടു വന്നു വില കൊടുത്തു വാങ്ങി താമസിക്കുന്നവരോ കുടിയേറി പ്പാർത്തവരോ ആണ്.

പനങ്ങാട്ട് ഉണ്ണിത്താന്മാരുടെ വകയായിരുന്ന പുന്നമ്മൂട് പ്രദേശങ്ങൾ, വൈസ്രോയിയുടെ (മൺട്രോ സായിപ്പ്) സെക്രട്ടറിയായിരുന്ന വേങ്ങശ്ശേരിൽ ഉണ്ണിത്താൻ (കൈവശക്കാരൻ) സായിപ്പിനു വിട്ടുകൊടുക്കുകയും സായിപ്പിന്റെ മേൽനോട്ടത്തിലുണ്ടായിരുന്ന പാടത്തുള്ള സ്ഥലം പകരം തിരികെ കൊടുക്കുകയും ചെയ്തു.

കുന്നുകളും ചരിവുകളും നീരൊഴുക്കുകളും കൊണ്ട് അനുഗൃഹീതമായ നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ ഭൂപരിധി നിയമങ്ങളിൽനിന്ന് തോട്ടങ്ങൾക്കുണ്ടായ സഹായവും പരിരക്ഷയും കിട്ടുകയാൽ റബ്ബറിന്റെ കടന്നുവരവും സായ്പിന്മാരുടെ ഇവിടുത്തെ മണ്ണിനോടുള്ള അമിത സ്നേഹവും ഈ നാടിനെ മുഴുവനായും ഈ പ്രദേശത്തെ പ്രത്യേകമായും ഒരു "റബ്ബർ സംസ്കാരത്തിനു'തന്നെ വളർന്നുവരുവാൻ സാഹചര്യമൊരുക്കി. നമ്മുടെ പ്രദേശത്തെ കമ്പനിത്തോട്ടങ്ങൾ (രാജഗിരി, എ.വി.ടി., ബി.ബി. എസ്റ്റേറ്റ്, എസ്.ഐ.പി. എസ്റ്റേറ്റ്, രത്നഗിരി എസ്റ്റേറ്റ്, പച്ചയിൽ എസ്റ്റേറ്റ്, പരശുരാമയ്യർ എസ്റ്റേറ്റ്, ഇടക്കൊട്ടിൽ ഗോവിന്ദപ്പിള്ള എസ്റ്റേറ്റ്, ഖാദർഖാൻ എസ്റ്റേറ്റ്, ആർബില്ല എസ്റ്റേറ്റ്, കുടപ്പാറ എസ്റ്റേറ്റ്) തുടങ്ങി പല കമ്പനിത്തോട്ടങ്ങളും നിലവിൽവന്നു. എന്നാൽ ഈ തോട്ടങ്ങൾ തുണ്ടുതുണ്ടായി വിഭജിക്കപ്പെടുകയും പേരുമാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

ജന്മിവ്യവസ്ഥിതിക്കെതിരെ കർഷക സമരങ്ങളും കുടിയേറ്റ സമരങ്ങളും 1947നു മുമ്പുള്ള കാലഘട്ടങ്ങളിൽത്തന്നെ കേരളത്തിൽ പരക്കെ, പ്രത്യേകിച്ച് നമ്മുടെ പ്രദേശങ്ങളിൽ ഇതിന്റെ ഭാഗമായിട്ട് പനങ്ങാട്ട് ജന്മിമാർക്കെതിരെ ഉണ്ടായ സമരവും എടുത്തു പറയാവുന്നതാണ്. ഇതിനു നേതൃത്വം കൊടുത്തത് കിസാൻസഭ ആയിരുന്നു.

1953-54 കാലഘട്ടങ്ങളിൽ മെത്രാൻ വക ഭൂമിക്കുവേണ്ടിയുള്ള കുടിയേറ്റ സമരങ്ങളും ഒട്ടനവധി കർഷക സമരങ്ങളും നമ്മുടെ നാടിന്റെ മുഖച്ഛായതന്നെ മാറ്റിമറിക്കുവാൻ കാരണമാക്കി. 1957ൽ ഭൂനയബില്ല് അവതരിപ്പിച്ചുകൊണ്ട് കേരള നിയമസഭ നടപ്പിലാക്കിയ പ്രഖ്യാപനം വളരെയേറെ സാധാരണക്കാരെ സഹായിക്കുകയും അന്യാധീനപ്പെട്ടുപോയവരുടെ ജീവിതം തിരിച്ചുകിട്ടിയെന്നു പ്രത്യാശയുളവാക്കുകയും ചെയ്തു. എന്നാൽ പ്രശ്നങ്ങളൊക്കെ നിലനിൽക്കുമ്പോഴും കലഞ്ഞൂരെന്ന കൊച്ചു ഗ്രാമത്തിനെയോ പ്ലാസ്ഥാനത്തുമഠം വക പുരയിടങ്ങളെയോ ബാധിച്ചിരുന്നില്ല. അക്കാലത്തിനു മുമ്പുതന്നെ പ്ലാസ്ഥാനത്തുമഠക്കാർ തങ്ങളുടെ ദേവസ്വം വക ഭൂമിയുടെ സിംഹഭാഗവും നാട്ടുകാർക്കും മറ്റു പൊതു സ്ഥാപനങ്ങൾക്കുമായി വിട്ടുകൊടുക്കുകയും

സ്ഥാപനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് ഈ നാടിന്റെ വളർച്ചയിൽ വഴികാട്ടികളായി എപ്പോഴും മുന്നിൽ നിന്നിരുന്നു. 1950 കാലഘട്ടങ്ങളിൽ രാജഗിരി കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും നാടിന്റെ സമസ്ത മേഖലകളേയും പഠിക്കുകയും കൂലംകഷമായി ഇടപെടുകയും ചെയ്തുപോന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടുകളുടെ നിരന്തര പ്രവർത്തന ഫലമായി രാഷ്ട്രീയ സാമൂഹിക തലങ്ങളിൽ ഉപരിപ്ലവമായ പല മാറ്റങ്ങൾക്കും വഴിതെളിക്കുകയും അടിസ്ഥാന വർഗ്ഗങ്ങളുടേതുൾപ്പെടെയുള്ള ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനും ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

ആദ്യകാല രാഷ്ട്രീയ പ്രവർത്തകരായി ഈ പ്രദേശത്തു വന്ന സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രമുഖരായിരുന്ന ചവറ സ്വദേശി ശ്രീ. ഗോവിന്ദനും (ക്ലാപ്പന അമ്മാവൻ) പട്ടരഴികത്തു രാമൻ നായരും നേതൃത്വം കൊടുത്തു പ്രവർത്തിച്ചുപോന്ന ഈ പ്രദേശത്ത് പ്രമുഖരായ പലരും വന്നു താമസിക്കുകയും പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ സി. കേശവൻ, പട്ടം താണുപിള്ള, എഫ്.എം. വർഗ്ഗീസ്, കളത്തിൽ വേലായുധൻനായർ എന്നിവർ ഉൾപ്പെടും. 1951 കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം നിരോധിച്ച സന്ദർഭത്തിൽ —

ഇതേ കാലയളവിൽത്തന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകരും ഒളിവുജീവിതം നയിച്ചവരുമായ പല പ്രമുഖരുമുണ്ട്. സി. അച്യുതമേനോൻ, ഇ.എം.എസ്., തോപ്പിൽ ഭാസി, പി.ടി. പുന്നൂസ്, എം.എൻ. ഗോവിന്ദൻ നായർ, പന്തളം പി.ആർ. മാധവൻപിള്ള, തെങ്ങമം ബാലകൃഷ്ണൻ, ഇ.കെ. പിള്ള തുടങ്ങിയ പ്രമുഖരുടെ പ്രവർത്തനം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. പി.എസ്. രാഘവൻ, സോളമൻ ആശാൻ, സ്വാമിനാരായണൻ, കുറുമ്പകര തങ്കപ്പൻ, പി. രാമലിംഗസ്വാമി, ആർ. തങ്കപ്പൻ ഉണ്ണിത്താൻ, കുഞ്ഞിരാമൻ വൈദ്യർ, മൂലശ്ശേരിൽ മഹാദേവൻ പിള്ള, ലഞ്ചുഹോം ഭാസ്കരൻ നായർ, പോത്തുപാറ ഭാസ്കരൻ പിള്ള, വൈ. തോമസ്, ശ്രീധരൻ നായർ, എം. അച്ചുതൻ നായർ, എസ്. അച്ചുതൻ നായർ, കെ.ജി. ബർസോമ (കുഞ്ഞപ്പിസാർ), എം.എസ്. നീലാണ്ഠൻ തുടങ്ങിയവരുടെയും സജീവ സാന്നിദ്ധ്യം ഈ മേഖലയിൽ തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിന് വഴിതെളിക്കുകയും ചെയ്തു. കെട്ടുറപ്പുള്ള രാഷ്ട്രീയ പ്രസ്ഥാനമായി കമ്മ്യൂണിസ്റ്റ് പാർട്ടിയെ വളർത്തിയെടുക്കുവാനും കഴിഞ്ഞു.

25 രൂപ മുതൽ 100 രൂപ വരെ കരം കൊടുക്കുന്നവർക്കുമാത്രം വോട്ടവകാശം ഉണ്ടായിരുന്ന കാലത്ത് നിവർത്തന പ്രക്ഷോഭണത്തിൽ പങ്കെടുത്ത് ബ്രിട്ടീഷുകാരന്റെ കുതിരച്ചവിട്ടേറ്റും പോലീസ് മർദ്ദനമേറ്റും മൃതപ്രായനായിത്തീർന്ന പേരാനിപ്പുറത്തു പുത്തൻവീട്ടിൽ ശ്രീ. തോമസ് വർഗ്ഗീസ് (മങ്ങാട്ടേത്ത് കുഞ്ഞുകുഞ്ഞ്) എന്നും ഇവിടെ സ്മരണീയനാണ്. 1953ൽ അതിരുങ്കൽ സി.എം.എസ്. സ്കൂളിന്റെ ഉദ്ഘാടനത്തിന് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. ജവർലാൽ നെഹ്രു ഈ പ്രദേശത്ത് എത്തുകയും കൂടൽ മുതൽ മുറിഞ്ഞകൽ–അതിരുങ്കൽ റോഡിനിരുവശത്തും വാകമരങ്ങൾ വച്ചുപിടിപ്പിച്ചും വെള്ളം നനച്ചും ഉദ്ഘാടനവേദിയിലെത്തിയ പണ്ഡിറ്റ്ജി കലഞ്ഞൂരിന്റെ ചരിത്രതാളുകളിൽ ഒളിമങ്ങാതെ നിൽക്കുന്നു.

കുന്നത്തൂർ താലൂക്കിൽ ആകെയുണ്ടായിരുന്ന മൂന്നു സഹകരണ സംഘങ്ങളിൽ 1924ൽ കലഞ്ഞൂരിൽ സ്ഥാപിച്ച 1019-ാം നമ്പർ സർവ്വീസ് സഹകരണ സംഘവും ഉൾപ്പെടും. ഈ സ്ഥാപനത്തിന്റെആദ്യ പ്രസിഡന്റും സെക്രട്ടറിയും പ്ലാസ്ഥാനത്തുമഠത്തിൽ രാമരു കേശവൻപോറ്റി ആയിരുന്നു. പരസ്പര സഹായ സഹകരണ സംഘം എന്നായിരുന്നു ആദ്യകാലത്ത് ഈ സ്ഥാപനത്തിന്റെ പേര്. 1957-58 കാലഘട്ടങ്ങളിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ നയരൂപീകരണത്തിന്റെ ഭാഗമായി കൊടുമൺ കുട്ടിവനമായി കിടന്നിരുന്ന 9500 ഏക്കർ സ്ഥലം ഏറ്റെടുത്ത് (90 വർഷത്തേക്ക് കുത്തകപ്പാട്ടമായി വനംവകുപ്പിൽനിന്നും) റബ്ബർ പ്ലാന്റേഷൻ രൂപീകരിക്കുകയും ചെയ്തു. 4500ഓളം വരുന്ന ജീവനക്കാർ പണിയെടുക്കുന്ന ഈ സ്ഥാപനം നാലു പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നു. ഇതിൽ പ്രമുഖനും അന്നത്തെ എം.എൽ.എ.യും സാമൂഹിക പ്രവർത്തകനുമായിരുന്ന ശ്രീമാൻ പന്തളം പി.ആർ. മാധവൻപിള്ള നടത്തിയ നിസ്തുലമായ സേവനം ഇവിടെ അനുസ്മരിക്കുന്നു. പഞ്ചായത്തിന്റേതുൾപ്പെടെയുള്ള വികസന വളർച്ചയ്ക്ക് ഈ സ്ഥാപനം പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു.

ഇന്നത്തെ ഫാമിംഗ് കോർപ്പറേഷൻ വക സ്ഥലങ്ങൾ (ചിതൽവെട്ടി) പന്തളം മന്നം ഷുഗർ മില്ലിന് കരിമ്പ് എത്തിച്ചുകൊടുക്കുന്നതിന് (കാർഷിക ഫാം) കൃഷിചെയ്യുന്നതിന് ഏറ്റെടുക്കുകയും കാലക്രമേണ അത് റബ്ബർ പ്ലാന്റേഷനായി രൂപംകൊള്ളുകയും ചെയ്തു. ഈ സ്ഥാപനങ്ങളിൽ വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകവഴി

നാടിന്റെ സർവ്വതോമുഖമായ വികസനത്തിനു വഴി തെളിക്കുകയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് വള രെയേറെ സ്വാധീനശക്തി വളർത്തിയെടുക്കുവാനും ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

1953ൽ കലഞ്ഞൂർ പഞ്ചായത്ത് രൂപീകൃത മായി. അന്ന് പഞ്ചായത്തിന് സ്വന്തമായി കെട്ടിടമി ല്ലായിരുന്നു. ആദ്യ പഞ്ചായത്തു കമ്മിറ്റി യോഗം ചേർന്നത് പ്ലാസ്ഥാത്തുമഠത്തിലെ പടിപ്പുരയിലായി രുന്നു. അവിടെനിന്നും കൂടൽ കുഞ്ഞുരാമൻ വൈദ്യൻ വക കെട്ടിടത്തിലേക്കും തുടർന്ന് കൂടൽ അരിക്കര കെട്ടിടത്തിലേക്കും പിന്നീട് അവിടെനിന്നും കലഞ്ഞൂർ എൻ.എസ്.എസ്.ന്റെ കെട്ടിടത്തിലേക്കും മാറ്റുകയും ചെയ്തു. 1954 ആഗസ്റ്റ് മാസത്തിൽ പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണി ആരം ഭിച്ചു. സ്ഥലം പ്ലാസ്ഥാനത്തു മഠത്തിൽനിന്നും സൗജ ന്യമായി നൽകിയതായിരുന്നു. സുർക്കി മിശ്രിതം ഉപ യോഗിച്ചാണ് കെട്ടിടത്തിന്റെ പണി നടത്തിയിട്ടുള്ളത്. മൈദീൻ റാവുത്തർ കോൺട്രാക്ടർ ആയിരുന്നു. ആദ്യം ഒരു ക്ലാർക്ക്, ഒരു പ്യൂൺ, ഒരു സ്വീപ്പർ എന്നീ മൂന്നു ജീവനക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു.

കലഞ്ഞൂർ പഞ്ചായത്തിന്റെ ആദ്യ പ്രസി ഡന്റായി ബ്രഹ്മശ്രീ ആർ. രാമരുപോറ്റി അധികാര മേറ്റു. കുറച്ചു നാളുകൾക്കുശേഷം എം.എൻ. ഗോപാ ലൻ നായർ പ്രസിഡന്റായി. ആയതിനുശേഷം വീണ്ടും രാമരുപോറ്റി പ്രസിഡന്റാവുകയും ചെയ്തു. എം.കെ. നാരായണൻ, ഇടിച്ചാണ്ടി മുതലാളി, എം.എൻ. ഗോപാലൻ നായർ, പി.ടി. ജോർജ്ജ്, കെ.എൻ. കേശവപിള്ള, കുഞ്ഞുരാമൻ വൈദ്യൻ, കളത്തൂർ കൃഷ്ണൻ നായർ എന്നിവർ ആദ്യ പഞ്ചാ യത്തു കമ്മിറ്റി അംഗങ്ങളായിരുന്നു.

1963ൽ രണ്ടാം പഞ്ചായത്തു തെരഞ്ഞെടുപ്പു നടക്കുമ്പോൾ ചിഹ്നം അടയാളപ്പെടുത്തിയ പെട്ടി യിൽ വോട്ടു ചെയ്യുന്ന രീതി നിലവിലുണ്ടായിരുന്നു. ആകെ ഒൻപതു പ്രതിനിധികളായിരുന്നു ആ കമ്മി റ്റിയിലുണ്ടായിരുന്നത്. ഇതിൽ ഒരു നോമിനേറ്റ് അംഗവും (വനിതാ പ്രതിനിധി) മറ്റ് ഏഴു വാർഡുക ളിലായി മത്സരം നടന്നു. അതിൽ ഒരു ദ്വയാംഗ മണ്ഡ ലവും ഉണ്ടായിരുന്നു. (ഒരു പട്ടികജാതി പ്രതിനി ധിയും ഒരു ജനറലും). ശ്രീമാൻ എം. അച്ചുതൻ നായർ, ശ്രീ. രാമചന്ദ്രൻ നായർ, എസ്. പുരുഷോത്ത മൻ, കുഞ്ഞിരാമൻ വൈദ്യൻ, വി.എൻ.പി. ബായി, കെ.ജി. ബർസോമ, എം.കെ. നാരായണൻ, എസ്. കേശവൻ, ശ്രീമതി ജമിലാ ബീവി (നോമിനേറ്റ്) എന്നി വർ അംഗങ്ങളായിരുന്നു. എസ്. കേശവൻ പ്രസി ഡന്റായി. തുടർന്ന് എം. അച്ചുതൻനായർ പ്രസി ഡന്റായി തുടർന്നു.

1977ൽ മൂന്നാം പഞ്ചായത്തു കമ്മിറ്റി നില വിൽവന്നു. കെ. രവീന്ദ്രൻ, മണ്ണിൽ സുകുമാരൻ, കൊച്ചുകുഞ്ഞ്, എം. അച്ചുതൻ നായർ, പി.എസ്. രാജൻ, ഗംഗാധരൻ നായർ, തങ്കമണി, ടി.ആർ. ചന്ദ്ര ശേഖരൻ നായർ, ജി.പി. രവീന്ദ്രൻ നായർ, ബാലകൃ ഷ്ണൻ ഉണ്ണിത്താൻ, ഡോ. കെ.പി. വിശ്വനാഥൻ, എസ്. പുരുഷോത്തമൻ എന്നിവർ അംഗങ്ങളായി രുന്നു. പ്രസിഡന്റ് കെ. രവീന്ദ്രൻ ആയിരുന്നു.

1987ൽ നാലാം പഞ്ചായത്ത് കമ്മിറ്റി അധി കാരത്തിൽവന്നു. എസ്. അച്ചുതൻ നായർ, ടി.ആർ. ചന്ദ്രശേഖരൻ നായർ, അഡ്വ. ജി.പി. രവീന്ദ്രൻ നായർ, ജി. സുരേന്ദ്രൻ നായർ, സരോജിനിയമ്മ, സരോജിനി വാസു, പി. രാധാകൃഷ്ണപിള്ള, ഡോ. കെ.പി. വിശ്വനാഥൻ, പി.കെ. ശിവദാസൻ, ബാലകൃ ഷ്ണൻ ഉണ്ണിത്താൻ എന്നിവർ അംഗങ്ങളായിരുന്നു. പ്രസിഡന്റ് എസ്. അച്ചുതൻ നായരായിരുന്നു.

1995 ഒക്ടോബർ 2-ാം തീയതി അഞ്ചാം പഞ്ചായത്തു കമ്മിറ്റി അധികാരത്തിൽ വന്നു. ഏലി യാസ് ബർസോം, എ. മോഹനൻ, പി. ഓമനയമ്മ, കെ. സുജാത, ബി. സുധീർകുമാർ, അതിരുങ്കൽ ദിലീപ്, ധർമ്മണി ടീച്ചർ, തുളസീദേവി, അലക്സാ ണ്ടർ ഡാനിയേൽ (കൂടൽ ഷാജി), പി. കമലാസനൻ എന്നിവർ അംഗങ്ങളാണ്. ഏലിയാസ് ബർസോം പ്രസിഡന്റായിട്ടുള്ള കമ്മിറ്റി അധികാരത്തിൽ തുടു രുന്നു.

ആദ്യ പഞ്ചായത്തു കമ്മിറ്റിക്കു ശേഷം നാളി തുവരെയായും പഞ്ചായത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടി കൾ നേതൃത്വം കൊടുക്കുന്ന ഭരണസമിതികളാണ് ഭരണസാരഥ്യം വഹിച്ചിട്ടുള്ളത്.



ഭൂപ്രകൃതിയും വിഭവങ്ങളും



പത്തനംതിട്ട ജില്ലയുടെ തെക്കുകിഴക്കുഭാഗത്തായി കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ കിഴക്കുവശത്ത് സഹ്യാദ്രിയും റിസർവ് വനങ്ങളും തെക്ക് പത്തനാപുരം, പടിഞ്ഞാറ് ഏനാദിമംഗലം, കൊടുമൺ, വടക്ക് അരുവാപ്പുലം, തെക്കുകിഴക്ക് പിറവന്തൂർ, വടക്കുപടിഞ്ഞാറ് പ്രമാടം എന്നീ പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. ജില്ലാ ആസ്ഥാനത്തുനിന്നും 25 കി.മീ. അകലെയാണ് കലഞ്ഞൂർ പഞ്ചായത്ത്. 66 ച.മൈൽ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് കലഞ്ഞൂർ, കൂടൽ എന്നീ രണ്ടു വില്ലേജുകൾ ഉൾക്കൊള്ളുന്ന മലയോര പ്രദേശമാണ്.

പാറക്കെട്ടുകൾ നിറഞ്ഞ കുന്നിൻപ്രദേശങ്ങളും ചരിവുകളും താഴ്വരകളും വലുതും ചെറുതുമായ 19 തോടുകളും KIP കനാലുകളും ഈ പഞ്ചായത്തിന്റെ പ്രത്യേകതകളാണ്. മൊട്ടപ്പാറമല, രാക്ഷസൻപാറ, കോട്ടപ്പാറ, പടപ്പാറ, പോത്തുപാറമലകൾ, കള്ളിപ്പാറ, വണ്ടണിക്കോട്ട, പൂമലക്കോട്ട, കുടപ്പാറമല, മലനടകുന്ന് എന്നീ പ്രദേശങ്ങൾ സമുദ്രനിരപ്പിൽനിന്നും 1720 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

ജലാംശം ഉൾക്കൊള്ളുന്ന ഫലഭൂയിഷ്ടമായ ഈ മണ്ണിൽ തോട്ടവിളകളും നാണ്യവിളകളും ഭക്ഷ്യവിളകളും അനുയോജ്യമായ രീതിയിൽ വളരുന്നു. ഇവിടുത്തെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും കൃഷിയും അനുബന്ധ തൊഴിലുകളും ചെയ്ത് ഉപജീവനം നടത്തുന്നു. പൊതുവേ വരൾച്ച ബാധിക്കുന്ന ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്.

പ്രധാന ഭൂവിഭാഗങ്ങൾ

ക്രമനമ്പർ	മേഖല	ശതമാനം
1	ചരിവ് പ്രദേശം	62
2	കുന്നിൻനിരപ്പ്	23
3	താഴ്വര	12
4	മറ്റുള്ളവ	3

കാലാവസ്ഥ

ശരാശരി നല്ല ചൂടും മഴയും ലഭിക്കുന്നു. ഡിസംബർ മാസത്തോടെ ശൈത്യകാലം ആരംഭിക്കുന്നുവെങ്കിലും അടുത്തകാലത്തായി ശൈത്യം പഞ്ചായത്തിൽ കുറവാണ്. മാർച്ച് മുതൽ ജൂൺ ആരംഭംവരെ കഠിനമായ വേനൽ അനുഭവപ്പെടുന്നു. ജൂൺ പകുതിയോടെ മഴക്കാലം ആരംഭിക്കുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കാറുള്ള തുലാവർഷം ഇപ്പോൾ വളരെക്കുറച്ചുമാത്രമേ പഞ്ചായത്തിൽ ലഭിക്കുന്നുള്ളു. വേനൽക്കാലത്ത് 30 - 37 ഡിഗ്രി വരെ ചൂട് ഉണ്ടാകുന്നു. മഴക്കാലത്ത് കുത്തൊഴുക്കിൽപ്പെട്ട് മണ്ണൊലിപ്പുണ്ടാകുന്നതോടൊപ്പം റോഡുകൾ നശിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ ലഭിച്ച മഴയുടെ തോത് 1993

ക്രമനമ്പർ	മാസങ്ങൾ	മഴയുടെ അളവ്
1	ജനുവരി	0
2	ഫെബ്രുവരി	18.1
3	മാർച്ച്	9.2
4	ഏപ്രിൽ	53.9
5	മേയ്	189.6
6	ജൂൺ	757.0
7	ജൂലൈ	767.4
8	ആഗസ്റ്റ്	184.6
9	സെപ്റ്റംബർ	142.2
10	ഒക്ടോബർ	581.5
11	നവംബർ	253.7
12	ഡിസംബർ	51.2

പത്തനംതിട്ട ജില്ലയിൽ ലഭിച്ച മഴയുടെ തോത് - 1995

ക്രമനമ്പർ	മാസങ്ങൾ	മഴയുടെ അളവ്
1	ജനുവരി	0
2	ഫെബ്രുവരി	30.0
3	മാർച്ച്	49.7
4	ഏപ്രിൽ	282.6
5	മേയ്	374.2
6	ജൂൺ	425.4
7	ജൂലൈ	553.7
8	ആഗസ്റ്റ്	493.7
9	സെപ്റ്റംബർ	303.6
10	ഒക്ടോബർ	252.9
11	നവംബർ	263.0
12	ഡിസംബർ	0.0

അവലംബം: Mateorological Centre, Thiruvananthapuram.

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ലഭിച്ച മഴയുടെ തോത് - 1987-96

വർഷം	മഴയുടെ അളവ്
1987	287.30
1988	316.35
1989	315.07
1990	198.79
1991	234.85
1992	295.85
1993	239.01
1994	271.00
1995	254.30
1996	177.01

(അവലംബം: രാജഗിരി, എ.വി.ടി. എസ്റ്റേറ്റ് നിർണ്ണയം)

പരിസ്ഥിതി

കുന്നുകളും മലകളും വനപ്രദേശങ്ങളും ഉയരംകൂടിയ പാറക്കെട്ടുകളുംകൊണ്ട് ചുറ്റപ്പെട്ട പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. മലയോരങ്ങളിൽനിന്നും വനപ്രദേശങ്ങളിൽനിന്നു ഉത്ഭവിച്ച് വിവിധ ഭാഗങ്ങളിലൂടെ ഒഴുകിവരുന്ന 19 ചെറുതോടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ തോടുകളിൽ മഴക്കാലങ്ങളിലൊഴിച്ച് നീരൊഴുക്ക് വളരെക്കുറവാണ്.

കിഴക്കൻ മലയോര പ്രദേശങ്ങളിൽ നീരുറവകളെ കുടിവെള്ളത്തിനായി ജനങ്ങൾ ആശ്രയിക്കുന്നു. വൻ ഉയരവും ഏക്കറുകണക്കിന് വിസ്തൃതിയുമുള്ള പടുകൂറ്റൻ പാറക്കെട്ടുകൾ പഞ്ചായത്തിലെ അതിരുങ്കൽ, കാരയ്ക്കാക്കുഴി, പാക്കണ്ടം, പോത്തുപാറ, കള്ളിപ്പാറ, പൂമരുതിക്കുഴി എന്നീ മേഖലകളിൽ കാണാൻ കഴിയും.

പഞ്ചായത്തിന്റെ ഭൂരിഭാഗം വരുന്ന പ്രദേശങ്ങളിലും നാണ്യവിളയായ റബ്ബർ കൃഷിചെയ്യുന്നു. സമതലപ്രദേശങ്ങളിൽ വാഴ, ചീനി, നെല്ല്, ചേന, പച്ചക്കറികൾ തുടങ്ങിയ ഭക്ഷ്യവിളകളും കൃഷിചെയ്യുന്നു.

പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റം പഞ്ചായത്തിലെ കാർഷിക മേഖലയെ പലപ്പോഴും കുഴപ്പത്തിലാക്കാറുണ്ട്. നിബിഡ വനപ്രദേശങ്ങൾ വെട്ടിമാറ്റി പ്ലാന്റിംഗ് മേഖലയാക്കി മാറ്റിയതും അടുത്ത സമയത്ത് 4000 ഏക്കർ വരുന്ന വനപ്രദേശം കൃഷിഭൂമിയാക്കി മാറ്റിയതും നീരുറവകൾ നഷ്ടപ്പെടുവാനും തോടുകളിൽ നീരൊഴുക്ക് കുറയുവാനും മണ്ണൊലിപ്പ് വർദ്ധിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്.

പഞ്ചായത്തിലെ പാറകൾ യാതൊരു മാനദണ്ഡവുമില്ലാതെ പൊട്ടിച്ചുമാറ്റുന്നത് പ്രകൃതി സന്തുലിതാവസ്ഥയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. വനത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതിനാലും നിബിഡ വനങ്ങൾ ഇല്ലാതായതും വന്യജീവികൾ നാട്ടിലിറങ്ങി കാർഷികവിളകൾക്ക് വ്യാപകമായി നഷ്ടം വരുത്തുന്നു. ഇത് കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുന്നു. വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ ഉപയോഗം അന്തരീക്ഷ മലിനീകരണത്തിന് കാരണമായിട്ടുണ്ട്. വാഹനങ്ങളിൽനിന്ന് പുറന്തള്ളുന്ന കാർബൺ മോണോക്സൈഡ് വായുവിനെ മലിനമാക്കുന്നു. ഹോട്ടലുകളിൽനിന്നും വീടുകളിൽനിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ തോടുകളെ മലിനമാക്കുന്നു. സംരക്ഷിക്കപ്പെടേണ്ട കാവുകളും കുളങ്ങളും തോട്ടു പുറമ്പോക്കുകളും വയലുകളും സംരക്ഷിക്കപ്പെടാതെപോകുന്നത് ഒരു പരിസ്ഥിതി പ്രശ്നമാണ്. റോഡുസൈഡുകളിലും തോട്ടുകരയിലും കാണുന്ന മലമൂത്രവിസർജ്ജനവും പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നു. ജനസാന്ദ്രത വർദ്ധിക്കുന്നതുമൂലം കൃഷിയിടങ്ങളുടേയും പൊതു ആവശ്യങ്ങൾക്കുള്ള ഭൂമിയുടെയും വിസ്തൃതി കുറയുന്നത് ഇന്ന് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്.


കൂറ്റൻ മെറ്റൽ ക്രഷറുകൾ സ്ഥാപിച്ച് നമ്മുടെ പാറക്കെട്ടുകൾ പൊട്ടിച്ചുമാറ്റുവാനുള്ള ശ്രമങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. ഇത് പഞ്ചായത്ത് നേരിടാൻ പോകുന്ന ഗുരുതരമായ പരിസ്ഥിതി പ്രതിസന്ധിയാണ്.

നിർദ്ദേശങ്ങൾ

1. വന നശീകരണം തടയുക.
2. വനപ്രദേശങ്ങളിൽ അക്കേഷ്യ, യൂക്കാലി, തേക്ക്, ഇവ വച്ചുപിടിപ്പിക്കുന്നതിനു പകരമായി പ്രകൃതിദത്ത വനപ്രദേശങ്ങൾ ആക്കിമാറ്റുവാൻ കഴിയണം.
3. നീരുറവകൾ സംരക്ഷിക്കണം.
4. തോട്ടുപുറമ്പോക്കുകൾ ശുചീകരിക്കുകയും പുറമ്പോക്കുകളിൽ മരങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുകയും വേണം.
5. പരിസര മലിനീകരണം തടയുകയും തോടുകളിൽ മാലിന്യങ്ങൾ ഒഴുകി എത്താതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.
6. അശാസ്ത്രീയമായ പാറ പൊട്ടിക്കൽ തടയുകയും ഉയരമുള്ള പാറമലകൾ സംരക്ഷിക്കപ്പെടുകയും വേണം.
7. കാർഷിക വിളകൾക്കും ജനങ്ങൾക്കും ദോഷകരമായി മാറാവുന്ന ക്രഷർയൂണിറ്റുകൾ തുടങ്ങാൻ പാടില്ല.
8. നീർമറി പ്രദേശങ്ങൾ സംരക്ഷിക്കണം.
9. കക്കൂസുകളും കിണറുകളും പണിയുമ്പോൾ ദൂരപരിധി കൃത്യമായി പാലിക്കപ്പെടണം.
10. കാവുകളും കുളങ്ങളും സംരക്ഷിക്കണം.
11. വയലുകൾ മണ്ണിട്ട് നികത്തുന്നത് കർശനമായി തടയണം.
12. റബ്ബർ റോളറുകളിൽനിന്നും ഒഴുകുന്ന മലിനജലം സേഫ്റ്റി ടാങ്കുകൾ നിർമ്മിച്ച് അതിലേക്ക് ഒഴുക്കണം.
13. ചപ്പുചവറുകൾ ശേഖരിച്ച് നശിപ്പിക്കുവാനുള്ള ശ്രമം ഉണ്ടാകണം.

കൃഷി

ജലസേചനം



കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് കൂടൽ, കലഞ്ഞൂർ വില്ലേജിൽ 12 വാർഡുകളിലായി അറുപത്തിയാറ് (66) ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ള കാർഷിക മേഖലയാണ്. പഞ്ചായത്തിലെ ജനങ്ങളിൽ 95% ആളുകളും കൃഷിയും അനുബന്ധ തൊഴിലുകളും ചെയ്തു ജീവിക്കുന്നവരാണ്. പൊതുവേ കുന്നിൻപ്രദേശങ്ങളും ചരിവ് ഭൂമികളും ഉൾപ്പെടുന്നതും താരതമ്യേന വയലേലകൾ കുറവുള്ളതുമായ പഞ്ചായത്താണ് നമ്മുടേത്. നമ്മുടെ കാർഷിക മേഖലയുടെ ഉത്ഭവ വികാസങ്ങൾ പരിശോധിച്ചാൽ മഴയുടെ ലഭ്യതയും കാലാവസ്ഥാമാറ്റങ്ങളും പ്രധാന ഘടകങ്ങളാണെന്ന് കാണാൻ കഴിയും. കലഞ്ഞൂർ പഞ്ചായത്തിലും കർഷകർ കൃഷി ഇറക്കുന്നത് പ്രധാനമായും ലഭ്യമായ മഴയേയും കാലാവസ്ഥാ മാറ്റങ്ങളേയും ആശ്രയിച്ചാണ്. വലിയ നദികളോ പുഴകളോ നമ്മുടെ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്നില്ല. ലഭ്യമായ മഴയും ചെറുതും വലുതും നീരൊഴുക്ക് കുറവുള്ളതുമായ 19 തോടുകളും അതിനോട് അനുബന്ധിച്ചുള്ള കൈത്തോടുകളുമാണ് പ്രധാന ജലസേചന മാർഗ്ഗങ്ങൾ. വിസ്തൃതി കൂടിയതും കുറഞ്ഞതും പഞ്ചായത്തിന്റെയും സ്വകാര്യ വ്യക്തികളുടെയും ആയുള്ള പ്രകൃത്യാ കാണപ്പെടുന്ന ഇരുപതിലധികം കുളങ്ങളും കിണറുകളും നമ്മുടെ കാർഷിക മേഖലയ്ക്ക് ഉപകരിക്കാൻ കഴിയുന്ന തരത്തിൽ നിലവിലുണ്ട്. കാർഷിക മേഖലയുടെ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ടും വിശിഷ്യാ കരഭൂമികളിൽ കൂടുതൽ ജലസേചന സൗകര്യം, ഇരുപ്പൂകൃഷി, മുപ്പൂകൃഷിയാക്കുക, കാർഷിക രംഗത്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെയും നിർമ്മിച്ചിട്ടുള്ള കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ കനാലും സബ്-കനാലുകളും പൈപ്പ് ലൈനുകളും ഹൈട്രേന്റുകളുമാണ് പഞ്ചായത്തിന്റെ കാർഷിക മേഖലയ്ക്ക് ലഭ്യമായിട്ടുള്ള മറ്റ് ജലസേചന സൗകര്യങ്ങൾ.

പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യവിളവുകൾ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. ഒരു കാലഘട്ടത്തിൽ നമുക്ക് ആവശ്യമുള്ള ഭക്ഷ്യവിളകൾ ഇവിടെത്തന്നെ ഉത്പാദിപ്പിച്ചിരുന്നു. എന്നാൽ, ഇന്ന് ഭക്ഷ്യാവശ്യങ്ങൾക്കുവേണ്ടി 75% ഭക്ഷ്യ ഉത്പന്നങ്ങളും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നു. അതേസമയം മെച്ചപ്പെട്ട രീതിയിൽ നാണ്യവിളകൾ പഞ്ചായത്തിൽനിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നുമുണ്ട്. നമ്മുടെ കാർഷിക മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും കൂടുതൽ ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുവാനും അതുവഴി പ്രദേശത്തിന്റെ വികസനത്തിന് അടിസ്ഥാനമായിട്ടുള്ള സമ്പത്ത് വർദ്ധിപ്പിക്കുവാനും മെച്ചപ്പെട്ട ജലസേചന സൗകര്യങ്ങൽ അനിവാര്യമായിരിക്കുകയാണ്. 9-ാം പദ്ധതി ജനകീയമാക്കിയതുവഴി നമ്മുടെ കാർഷിക മേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻവേണ്ടി ആവശ്യമായ ജലസേചന സൗകര്യങ്ങൾക്ക് രൂപം കൊടുക്കുവാൻ ആസൂത്രിതമായി നീങ്ങേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ കൃഷിഭൂമിയിൽ ഭൂരിഭാഗവും തോട്ടവിളയിൽ മുഖ്യയിനമായ റബ്ബർ കൃഷിയാണ്. തെങ്ങ്, കശുമാവ്, കുരുമുളക്, കമുക്, തുടങ്ങിയ നാണ്യവിളകളും കൃഷി ചെയ്യുന്നുണ്ട്. വളരെ കുറച്ചുസ്ഥലത്ത് നെല്ല്, മരച്ചീനി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി തുടങ്ങിയവയുമാണ് കൃഷിചെയ്തുവരുന്നത്. മുൻകാലങ്ങളിൽ പഞ്ചായത്തിലെ കർഷകരുടെ മുഖ്യലക്ഷ്യം ഉത്പാദനം എന്നതായിരുന്നുവെങ്കിൽ ഇന്ന് അതോടൊപ്പം കൂടുതൽ സമ്പത്ത് ആർജ്ജിക്കുക എന്നതാണ്. അതിനുവേണ്ടി ഭക്ഷ്യവിളകൾ കൃഷിചെയ്തിരുന്ന കൃഷിയിടങ്ങളിൽ തോട്ടവിളകളും നാണ്യവിളകളും വ്യാപകമാക്കിയതോടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യ ഉത്പാദനം നടക്കാതെവരുന്നു. ഇത് കാർഷിക

മേഖലയിൽ നാം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമാണ്. വൈദേശിക ആധിപത്യത്തിന്റെ ഭാഗമായി ഇന്ത്യയിൽ വന്ന ഡച്ചുകാർ കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷത മനസ്സിലാക്കി കുന്നിൻ പ്രദേശങ്ങളിലും ചരിവുപ്രദേശങ്ങളിലും തോട്ടവിളയിൽ മുഖ്യ ഇനമായ റബ്ബർ കൃഷി ചെയ്യുവാൻ തുടങ്ങുകയും ആ കാലഘട്ടത്തിൽത്തന്നെ നമ്മുടെ പഞ്ചായത്തിലും റബ്ബർ കൃഷി ആരംഭിക്കുകയും ചെയ്തു. പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശങ്ങളിലും കുന്നിൻപ്രദേശങ്ങളിലും വ്യാപകമായി റബ്ബർ കൃഷി ചെയ്തുവരുന്നു. ഭക്ഷ്യവിള ഉത്പാദനത്തേക്കാൾ ലാഭകരം റബ്ബർ ഉത്പാദനമാണെന്ന് കണ്ടെത്തിയ നമ്മുടെ കർഷകർ വളരെപ്പെട്ടെന്നുതന്നെ റബ്ബർ കൃഷിയിലേക്ക് മാറി. ഭൂപരിധി നിയമങ്ങളിൽനിന്നും തോട്ടങ്ങൾക്കുണ്ടായ പരിരക്ഷയും പഞ്ചായത്തിൽ വൻകിട റബ്ബർ എസ്റ്റേറ്റുകൾ ഉടലെടുക്കുവാൻ കാരണമായി. ഭൂരഹിത കർഷകർക്ക് സർക്കാർ വിതരണം ചെയ്ത പഞ്ചായത്തിലെ കിഴക്കൻ പ്രദേശത്ത് 12 വാർഡുകളിലായുള്ള നാലായിരം ഏക്കറിലധികംവരുന്ന ഭൂമിയും വളരെപ്പെട്ടെന്ന് റബ്ബർ മേഖലയായി മാറി.

പഞ്ചായത്തിലെ സമ്പദ്മേഖലയെ സജീവമായി നിലനിർത്തുന്ന റബ്ബർ കൃഷിയുടെ പോരായ്മകൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതിനോടൊപ്പം നമുക്ക് ആവശ്യമായിട്ടുള്ള മുഴുവൻ ഭക്ഷ്യവിളകളും ഇവിടെത്തന്നെ ഉത്പാദിപ്പിക്കുവാനുമുള്ള തീവ്രമായ പരിശ്രമം ചെയ്യേണ്ടതായിട്ടുണ്ട്.

ഭക്ഷ്യവിളകൾ

നെല്ല്

കേരളീയന്റെ ഭക്ഷണത്തിലെ മുഖ്യയിനമാണ് അരിയാഹാരം. പക്ഷേ ഈ പ്രാധാന്യം മനസ്സിലാക്കി നെല്ലുല്പാദനത്തിന് നാം പ്രാധാന്യം കൊടുക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി താരതമ്യേന കുറവാണ്. 270 ഹെക്ടർ സ്ഥലത്തുമാത്രമാണ് നെല്ല് കൃഷി ഉള്ളത്. കർഷകർക്ക് ആവശ്യമായ സഹായം ലഭിയ്ക്കാത്തതും ഉത്പാദനച്ചെലവ് ഉത്പന്നത്തിന്റെ വിലയേക്കാൾ കുറവായതിനാൽ നെൽകൃഷി ചെയ്യുന്നതിൽ നിന്നും കർഷകർ പിൻതിരിഞ്ഞ് നിൽക്കുന്നു. ഈ മേഖലയിലെ നെല്ല് ഉത്പാദനം കുറയുവാൻ ഇടയാക്കിയിട്ടുണ്ട്. ഗ്രൂപ്പ് ഫാമിങ് സമ്പ്രദായവും ഏലാവികസന സമിതികളും നെൽക്കൃഷി ത്വരിതപ്പെടുത്തുവാൻ ചില ശ്രമങ്ങൾ നടത്തിയെങ്കിലും നെല്ല് ഉത്പാദനം കർഷകന് സാമ്പത്തികനഷ്ടം വരുത്തിവെയ്ക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നെൽകൃഷിയ്ക്കായി വിനിയോഗിച്ചിരുന്ന കൃഷിയിടങ്ങൾ റബ്ബർ അടക്കമുള്ള മറ്റ് കൃഷികൾ ചെയ്യുന്നതിന് കർഷകനെ പ്രേരിപ്പിച്ചു. നിലം നികത്തി കരക്കൃഷിചെയ്യുന്നതിനും നാണ്യവിളയായ റബ്ബർ വയ്ക്കുന്നതിനും, കെട്ടിടം വയ്ക്കുന്നതും പ്രദേശത്തെ നിത്യകാഴ്ചയാണ്. ആവശ്യമായ ജലസേചന സൗകര്യം കിട്ടാത്തതും രാസവളത്തിന്റെ അമിതമായ വിലവർദ്ധനവും ഈ മേഖലയിലെ തൊഴിലാളികളുടെ അഭാവവും നെൽക്കൃഷി ഉപേക്ഷിയ്ക്കുവാൻ കർഷകനെ പ്രേരിപ്പിയ്ക്കുന്നതിന് മുഖ്യ ഘടകങ്ങളാണ്. നെൽക്കൃഷിചെയ്യുന്നതിന് ഏറെസഹായകരമായിരുന്ന K.I.P കനാലും സബ്ബ് കനാലുകളും ഹൈട്രന്റുകളും ഉപകാരപ്രദമല്ലാതായിതീർന്നത് ഈ മേഖലയിലെ പ്രതിസന്ധിയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഇരുപ്പു നെൽകൃഷി മൂപ്പുകൃഷിയാക്കികൊണ്ട് പഞ്ചായത്തിലെ നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും. കല്ലട പദ്ധതിയുടെ ഗുണം ലഭിയ്ക്കാത്ത പ്രദേശങ്ങളിൽ ആവശ്യമായ ജലസേചന സൗകര്യം വർദ്ധിപ്പിച്ച് അത്യുല്പാദനശേഷിയുള്ള മെച്ചപ്പെട്ട ഇനം വിത്തുകൾ ലഭ്യമാക്കിയും പഞ്ചായത്തിലെ 2 കൃഷി ഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കികൊണ്ടും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വള പ്രയോഗവും ഭക്ഷ്യോത്പാദനം, ജലസേചനം എന്നിവ കണക്കാക്കി എല്ലാവിധ സബ്സിഡികളും നടപ്പിലാക്കിയും യന്ത്രവത്കരണം (കൊയ്ത്ത്, മെതി, നടീൽ, ട്രാക്ടർ തുടങ്ങിയവ) നടപ്പിലാക്കി കൊണ്ടും ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം പുന:സ്ഥാപിച്ചും ഏറ്റവും കൂടുതൽ നെൽ ഉത്പാദനം നടത്തുന്ന കർഷകനെ ആദരിച്ചും വയലേലകൾ സംരക്ഷിയ്ക്കുവാൻ ആവശ്യമായ

നടപടികൾ സ്വീകരിച്ചും ഈ മേഖലയിൽ വിപ്ല വകരമായ മാറ്റങ്ങൾ വരുത്തുവാൻ കഴിയും.

നമ്മുടെ പഞ്ചായത്തിലെ ഏലാവികസന സമി തിയുടെ പട്ടിക താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഏലാസമിതിയുടെ പേര്	വിസ്തീർണ്ണം ഹെക്ടർ
1.	മല്ലങ്കുഴ	10.000
2.	പെരുന്താളൂർ	10.000
3.	കൊല്ലം പടിവെട്ടുവിള	8.000
4.	ഏറത്തു മീതിയറ	12.000
5.	മാവനാൽ പ്ലാമണ്ണ്	13.000
6.	പാടം വണ്ടണി	23.000
7.	പാടം പനവേലി	24.000
8.	കുളത്തുമൺ	17.020
9.	പുലത്തുപടി	16.456
10.	മണ്ണുപടി	11.068
11.	മടന്തകുഴി	15.000
12.	പല്ലൂർപാങ്ങോട്	25.836
13.	ചരുപടി	10.080
14.	അരിയിടത്ത്	10.008

കിഴങ്ങ് വർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ നെല്ല് കഴി ഞ്ഞാൽ ഭക്ഷണത്തിന് ആശ്രയിയ്ക്കുന്നത് മര ച്ചീനിയെയാണ്. സിലോൺ വെള്ള, കിന്റൽ കപ്പ, തുടങ്ങിയയിനം മരച്ചീനി ഒരു അസംസ്കൃത പദാർത്ഥമായി എടുത്ത് ഗ്ലൂക്കോസ്, ബിസ്ക്കറ്റ് തുടങ്ങിയവ വ്യവസായികാടിസ്ഥാനത്തിൽ തുട ങ്ങാവുന്നതാണ്. ചരിവ് ഭൂമികളിലും കുന്നിൻ പുറങ്ങളിലും ഈ വിള ഒരേ പോലെ കൃഷിചെ യ്യാവുന്നതാണ്. മരച്ചീനികർഷകരെ ബാധി ക്കുന്ന പ്രധാന പ്രശ്നം കാട്ടുപന്നിയുടേയും എലികളുടേയും ശല്യമാണ്. പ്രതിവർഷം 100 കണക്കിന് ടൺ കപ്പയാണ് കാട്ടുപന്നിയുടെ ശല്യം മൂലം നശിപ്പിയ്ക്കപ്പെടുന്നത്. കാട്ടു പന്നി കളുടേയും എലികളുടേയും ശല്യം നിയന്ത്രിച്ചും രാസവളങ്ങൾക്ക് സബ്സിഡി അനുവദിച്ചും സബ്സിഡി അനുവദിച്ചും ജൈവവള പ്രയോഗ ത്തെക്കുറിച്ച് ബോധവല്ക്കരണം നടത്തിയും ഈ മേഖലയിൽ പുരോഗതി ഉണ്ടാക്കുവാൻ കഴിയും സർക്കാർ വക വനഭൂമി റീപ്ലാന്റിംങ്ങ് സമയത്ത് കർഷകർക്ക് പാട്ടത്തിന് നൽകി മര ച്ചീനി കൃഷി വ്യാപകമാക്കുവാൻ കഴിയും. പ്രധാ നപ്പെട്ട ഒരു ഭക്ഷ്യോത്പന്നമെന്ന നിലയിൽ വേണ്ട വിധം പ്രോത്സാഹനം നൽകപ്പെടുന്ന ഒരു മേഖലയല്ല മരച്ചീനി കൃഷി.

ഈ രംഗത്ത് പ്രവർത്തിക്കുന്ന കർഷ കരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കൃഷി ഭവനുകൾ ഉണർന്ന് പ്രവർത്തിയ്ക്കുകയും ബോധവൽക്കരണം നടത്തുകയും വേണം. കാട്ടുപന്നികളുടെ ശല്യത്തിൽനിന്നും മരച്ചീനി കർഷകരെ രക്ഷിയ്ക്കുന്നതിനുവേണ്ടി ഇൻഷു റൻസ്സ് സമ്പ്രദായം ഏർപ്പെടുത്തുകയും ഉല്പ ന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുകയും വേണം. ചേന, കാച്ചിൽ മധുരക്കിഴങ്ങ്, ചീവക്കി ഴങ്ങ് എന്നിവ നാമമാത്രമായി ഉത്പാദിപ്പിക്കുന്നു മുണ്ട്.

വാഴകളുടെ ഇടവിളയായി കൃഷി ചെയ്തു വരുന്ന ഈ വിളകളെ പരിപോഷിപ്പിക്കേണ്ടതാ യിട്ടുണ്ട്. പച്ചക്കറിയുടെ ക്രമാതീതമായ വില വർദ്ധനവിന്റെ പശ്ചാത്തലത്തിൽ ഇവയുടെ ഉത്പാദനത്തിന് അതീവ പ്രധാന്യം നൽകണം.

വാഴക്കൃഷി

നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി വാഴക്കൃഷി നടത്തുന്നുണ്ട്. കരനിലങ്ങളിലും റബ്ബർ റീപ്ലാന്റിംങ്ങ് മേഖലകളിലും നേന്ത്രവാഴ ക്കൃഷി വലിയ തോതിൽ നടത്തിവരുന്നു. ഓണം മാർക്കറ്റുകളെ ലക്ഷ്യമാക്കിയാണ് നേന്ത്രവാഴ ക്കൃഷി പ്രധാനമായും നടത്തിവരുന്നത്. ലഭ്യ മായ മഴയും ജലസേചന സൗകര്യങ്ങലും ഈ കൃഷിയിലെ പ്രധാന ഘടകങ്ങളാണ്.

പോളചീയൽ, മണ്ടയടപ്പ് എന്നീ രോഗ ങ്ങളും രാസവളത്തിന്റെ അമിതമായ വിലവർദ്ധ നവും ഓണം സീസൺ ഒഴിച്ചുള്ള കാലഘട്ട ത്തിലെ വിലക്കുറവും പ്രകൃതിക്ഷോഭവും നേന്ത്രവാഴക്കൃഷിയെ പ്രതികൂളമായി ബാധി

യ്ക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിയ്ക്കുവാൻ സഹ കരണ സംഘങ്ങൾ രൂപീകരിച്ച് വിപണനപും ചിപ്സ് നിർമ്മാണ യൂണീറ്റുകളും ആരംഭി യ്ക്കണം. നേന്ത്രവാഴ കൂടാതെ പൂവനും, പാളയം തോടനും, മൈസൂർ പൂവനും, റോബസ്റ്റ, മോറീസ് എന്നിവയും കൃഷി ചെയ്തു വരുന്നു. കുറഞ്ഞുവരുന്ന കൃഷിയിടങ്ങളുടെ വിസ്തൃതിയും വായ്പാ സൗകര്യങ്ങളുടെ അപ ര്യാപ്തതയും ഈ രംഗത്തെ പ്രധാന പ്രശ്ന ങ്ങളാണ്. നമുക്ക് ആവശ്യമായ വാഴപ്പഴത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഈ പശ്ചാത്തലത്തിൽ ഈ മേഖലയിൽ വളരെയ ധികം ശ്രദ്ധപതിപ്പിയ്ക്കേണ്ടതായിട്ടുണ്ട്.

പച്ചക്കറികൾ

നമുക്ക് ആവശ്യമായ പച്ചക്കറികൾ ഇവിടെ ഉത്പാദിപ്പിക്കാമെന്നിരിക്കെ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ആസൂത്രണ ത്തീന്റെ അപാകതയാണ്.

9-ാം പദ്ധതികാലഘട്ടത്തിൽ പച്ചക്കറി ഉത്പാദിപ്പിയ്ക്കുന്നതിന് ആവശ്യമായ പരിശ്ര മങ്ങൾ നടത്തുകയും വേണം. നമ്മുടെ പഞ്ചാ യത്തിൽ പയർ, പാവൽ, പടവലം, കുമ്പളം, വെള്ളരി, മത്തൻ, ചേന, കാച്ചിൽ, വെണ്ട, ഇഞ്ചി, പച്ചമുളക്, കത്രിക്ക എന്നിവ വളരെ ചെറിയതോ തിൽ കൃഷിചെയ്തു വരുന്നു. ആവശ്യമായ ജല സേചന സൗകര്യവും പ്രതിരോധശേഷിയും അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളും വളവും കീടനാശിനികളും സൗജന്യമായി കൊടുത്തും എല്ലാ വീട്ടുമുറ്റങ്ങളും പച്ചക്കറി തോട്ടങ്ങളായി മാറ്റിയും വീടിന്റെ ടെറസ്സുകളിൽ പച്ചക്കറികൃഷിനടത്തിയും ആവശ്യമായ വായ്പാസൗകര്യങ്ങൾ ആവിഷ്ക്കരിച്ചും സ്കൂളുകളിൽ കുട്ടികളുടെ മാതൃകാ പച്ചക്കറി തോട്ടങ്ങൾ വച്ചുപിടിപ്പിച്ചും കാർഷിക വിപണ മേളകൾ സംഘടിപ്പിച്ചും 'നമുക്ക് ആവശ്യമായ പച്ചക്കറികൾ നാം തന്നെ ഉത്പാദിപ്പിയ്ക്കുക' എന്ന ലക്ഷ്യത്തോടെ നമ്മുടെ കൃഷി ഭവന ങ്ങളും കാർഷിക വികസന സമിതികളും ഗ്രാമ പഞ്ചായത്തുകളും പ്രവർത്തിക്കണം.

കൈതകൃഷി

നമ്മുടെ പഞ്ചായത്തിൽ 1,2 വാർഡുക ളിൽ വ്യാപകമായി കൈത കൃഷി ചെയ്യുന്നു. 1,2 വാർഡുകളിൽ കൂടുതലായും മറ്റ് രണ്ട് വാർഡുകളിൽ നാമമാത്രമായും കൈത കൃഷി ചെയ്തുവരുന്നു. വ്യാവസായികമായി വളരെ യേറെ പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന താണ് കൈതച്ചക്ക. പൈനാപ്പിൾ ജൂസ് ബേക്ക റികളിലും കവലകളിലും വിറ്റഴിയ്ക്കപ്പെടുന്ന പ്രധാന ജൂസുകളിൽ മുഖ്യയിനമാണ്. വളരെ യേറെ സാധ്യതയുള്ളതും ചിലവ് കുറഞ്ഞതു മായ കൈത കൃഷി നമ്മുടെ പഞ്ചായത്തിൽ വ്യാപകമാക്കാവുന്നതാണ്. തോട്ടം വിളകൾക്ക് ഇടവിളയായും കൃഷിയിടങ്ങളുടെ അതിരുക ളിലും വളരെ ശാസ്ത്രീയമായി കൈതക്കൃഷി നടത്താവുന്നതാണ്. ആവശ്യമായ പ്രചാരണവും കൃഷിഭവനുകളുടെ സഹായകവും മേൽത്തരം കൈത തൈകളും വായ്പാ സൗകര്യങ്ങളും ലഭ്യ മാക്കിയാൽ കൂടതൽ പ്രദേശങ്ങളിൽ കൈത ക്കൃഷി നടത്താവുന്നതാണ്.

റബ്ബർ

നമ്മുടെ പഞ്ചായത്തിലെ 85% സ്ഥലത്തും റബ്ബർ കൃഷി ചെയ്തുവരുന്നു.

ഉയരം കൂടിയ പ്രദേശങ്ങളിലും കുന്നുക ളിലും ചരുവുകളിലും റബ്ബർ കൂടുതലായി കൃഷി ചെയ്യുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ മൂന്ന് ഡിവിഷനുകളും 400 ഹെക്ടറുള്ള A.V.T. എസ്റ്റേറ്റ് തുടങ്ങി വലുതും ചെറുതുമായ നിര വധി എസ്റ്റേറ്റുകൾ തന്നെ നമ്മുടെ പഞ്ചായത്തി ലുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ സമ്പത്ത്ഘട നയെ പിടിച്ച് നിർത്തുന്ന പ്രധാന നാണ്യ വിള യാണ് റബ്ബർ. നല്ല ശതമാനം തൊഴിലാളികളും റബ്ബർ മേഖലയിൽ പണിയെടുക്കുന്നവരാണ്. ഭൂര ഹിത കൃഷിക്കാർക്ക് വിതരണം ചെയ്ത 4000 ഏക്കർ പ്രദേശത്തും റബ്ബർ കൃഷിയാണ്. പൊതുവെ റബ്ബർ കൃഷിയ്ക്ക് അനുയോജ്യമായ പ്രദേശമായാണ് കാണാൻ കഴിയുന്നത്.

R.R.I-105, P.R.(I M)-600, G.T.-1- തുടങ്ങിയ ഇനം റബ്ബറുകളാണ്

പ്രധാനമായും കൃഷി ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ ശരാശരി ഉത്പാദനക്ഷമത പരിശോധിച്ചാൽ ഒരു ഏക്കറിൽ 1140 K.G.ആണെന്ന് കാണാൻ കഴിയും. A.V.T എസ്റ്റേറ്റിലെ മാങ്കോടു ഡിവിഷനിൽ 1400 K.G. ആണ് ഉത്പാദനക്ഷമത. ഇത് സൂചിപ്പിയ്ക്കുന്നത് നാഷണൽ ആവറേജിനേക്കാൾ ഉത്പാദനക്ഷമത ഉണ്ടെന്നുള്ളതാണ്. നമ്മുടെ പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ സവിശേഷത പൂർണ്ണമായും മുതലെടുത്തു

കൊണ്ട് ശാസ്ത്രീയമായ കൃഷിരീതി അവലംബിച്ചും റബ്ബറിന്റെ പ്രധാന രോഗങ്ങളായ പട്ടചീയൽ, ചീക്ക്,പട്ടമരവിപ്പ്, എന്നിവയ്ക്ക് പരിഹാരം കണ്ടും കൂടുതൽ അത്യുത്പാദനശേഷിയുള്ള റബ്ബറിനം പ്ലാന്റുചെയ്തും ഇന്നുള്ളതിൽനിന്നും കൂടുതൽ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിയ്ക്കുവാൻ കഴുയും. നമ്മുടെ പഞ്ചായത്ത് ഒരു റബ്ബർ അധിഷ്ഠിത മേഖലയാംണങ്കിലും അതനുസരിച്ചുള്ള റബ്ബർ അധിഷ്ഠിത യൂണിറ്റുകൾ ഇവിടെ പ്രവർത്തിപ്പിക്കുന്നില്ല. രണ്ടു റബ്ബർ തടി പ്രോസസ്സിംങ്ങ് യൂണിറ്റും രണ്ട് റബ്ബർ ബാന്റ് യൂണിറ്റും ഒരു ത്രഡ് റബ്ബർ ഫാക്ടറി, ഒരു റബ്ബർ ഫോം ഫാക്ടറി എന്നിവയാണ് ഇവിടെ പ്രവർത്തിയ്ക്കുന്നത്. കർഷകന് റബ്ബറിനും റബ്ബർ തടിയ്ക്കും ന്യായമായ വില ലഭിയ്ക്കാത്തതും പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവവും, തൊഴിലാളി മുതലാളി ബന്ധത്തിന് ചില അപസ്വരങ്ങളും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. പൊതുവേ മണ്ണും ഇലയും പരിശോധിച്ച് വള പ്രയോഗം നടത്തുന്ന രീതി സാധാരണ കർഷകരിൽ കണ്ടു വരുന്നില്ല. റബ്ബർ തോട്ടത്തിലെ ജലാംശം നിലനിർത്തുവാനും മേൽമണ്ണ് ഒഴുകിപ്പോകാതിരിയ്ക്കുവാനും മണ്ണും ഇലയും പരിശോധിച്ച് വള പ്രയോഗം നടത്തുവാനും കഴിഞ്ഞാൽ ഇന്നുള്ള ഉല്പാദനക്ഷമത വർദ്ധിപ്പിയ്ക്കുവാനും കഴിയും.

തെങ്ങ്

നമ്മുടെ പഞ്ചായത്തിലെ മിയ്ക്കവീടുകളിലും തെങ്ങ് കൃഷിചെയ്തു വരുന്നു. ഭക്ഷണത്തിൽ ഒരു അഭിവാജ്യഘടകമാണ് തേങ്ങായും വെളിച്ചെണ്ണയും. പഞ്ചായത്തിൽ വ്യാപകമായി തെങ്ങ് കൃഷിചെയ്തു വരുന്നുണ്ട്. എന്നാൽ റബ്ബറിന്റെ വ്യാപനത്തോടുകൂടി തെങ്ങു കൃഷി കുറഞ്ഞ് വരുന്നതായി കാണാൻ കഴിയും. തെങ്ങിനുണ്ടാകുന്ന പ്രധാന രോഗമായ കാറ്റ് വീഴ്ചയും, ചെല്ലി രോഗവും ആവശ്യമായ ജല സേചന സൗകര്യങ്ങളുടെ കുറവും തെങ്ങു കൃഷിനഷ്ടമാകാൻ കാരണമായിട്ടുണ്ട്. അല്പം ശ്രമിച്ചാൽ ഇന്നുള്ളതിന്റെ പതിന്മടങ്ങ് നാളീകേരമുല്പാദനം വർദ്ധിപ്പിയ്ക്കത്തക്ക നിലയിൽ തെങ്ങുകൃഷി ലാഭകരമാക്കുവാൻ നമുക്ക് കഴിയും. രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടിമാറ്റുകയും പ്രതിരോധശേഷിയുള്ളതും അത്യുത്പാദനക്ഷമതയുള്ളതുമായ തെങ്ങും തൈകൾ വച്ച്പിടിപ്പിയ്ക്കണം. തെങ്ങിൻ ചുവട്ടിൽ ജലസേചനം നടത്തുവാനും ശാസ്ത്രീയമായ വളപ്രയോഗം നടത്തുവാനും കഴിയണം. തേങ്ങുകയറ്റ തൊഴിലാളികളുടെ അഭാവവും നിഴലിച്ച് നിൽക്കുന്നു. കേരകർഷകന് ആവശ്യമായ സഹായം എത്തിക്കുവാനും നാളികേരത്തെ ഒരു വ്യവസായിക ഉത്പന്നമായി കണ്ടുകൊണ്ട് തെങ്ങു കൃഷി വ്യാപകമാക്കാൻ ഉള്ള പരിശ്രമം ഉണ്ടാക്കണം.

കുരുമുളക്

പഞ്ചായത്തിലെ മിക്ക കൃഷിയിടങ്ങളിലും കുരുമുളക് കൃഷി ചെയ്യുന്നു.

നമുക്ക് വിദേശനാണ്യം നേടിത്തരുന്ന ഈ കൃഷിയെ വേണ്ടത്രകാര്യമായി കർഷകർ ശ്രദ്ധിയ്ക്കുന്നില്ല. അല്പം ശ്രദ്ധിച്ചാൽ കൂടുതൽ പണം സമ്പാദിയ്ക്കുവാൻ കഴിയുന്ന ഒരു മേഖലയാണിത്. കൃഷിയിടങ്ങളിലെ പാഴ്മരങ്ങളിലും കമുക്, പ്ലാവ്, മാവ്, തുടങ്ങിയ വൃക്ഷങ്ങളിലും ശാസ്ത്രീയ രീതി അവലംബിച്ച് കുരുമുളക് കൃഷി നടത്തിയാൽ കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയും. പഞ്ചായത്തിൽ കൂടുതലായി പന്നിയൂർ I, കരിമുണ്ട ഇനത്തിൽപ്പെട്ട കുരുമുളക് കൃഷിയാണ് ചെയ്തിട്ടുള്ളത്. തരിശ്ശായി കിടക്കുന്ന പ്രദേശങ്ങളിലും കൃഷിയിടങ്ങളുടെ അരികുകളിലും മരങ്ങൾ വച്ചുപിടിപ്പിച്ച് " ഓരോ മരത്തിലും ഓരോ കുരുമുളകു കൊടി " എന്ന കണക്കിന് കൃഷി ചെയ്യുവാൻ കഴിഞ്ഞാൽ ഈ മേഖലയിൽ പുരോഗതിയുണ്ടാക്കുവാൻ കഴിയും.

നമ്മുടെ സർക്കാർ വനമേഖലയിൽ മരങ്ങളിൽ കൊടിനട്ടുവളർത്തിയാൽ കൂടുതൽ തൊഴിൽ സാധ്യതയും വിദേശനാണ്യവും നേടാൻ കഴിയും. കൃഷി ഭവനുകളുടെ സഹായത്തോടു മെച്ചപ്പെട്ട കൃഷി രീതികൾ ആരംഭിയ്ക്കേണ്ടിയി രിയ്ക്കുന്നു.

കവുങ്ങ്, കശുമാവ്.

നമ്മുടെ പ്രദേശത്ത് കശുമാവും കവുങ്ങും നാമമാത്രമായി കൃഷി ചെയ്തുവരുന്നു. കശുവ ണ്ടിയുടെ വിലക്കുറവും കൃഷിയിടത്തിന്റെ വിസ്തൃതിക്കുറവും ഈ കൃഷി ഉപേക്ഷിയ്ക്കു വാൻ കർഷകനെ പ്രേരിപ്പിച്ചിട്ടുണ്ട്. കവുങ്ങ് മിക്ക കൃഷിയിടങ്ങളിലും കൃഷിചെയ്തു വരുന്നു. റബ്ബർ തോട്ടങ്ങളിലും ഇടവിളയായി കൃഷിചെയ്യാവുന്നതാണ് കവുങ്ങ്. മേൽത്തരം കവുങ്ങിൻ തൈകൾ ലഭ്യമാക്കി എല്ലാ കൃഷി യിടങ്ങളിലും കവുങ്ങ് കൃഷി വ്യാപിപ്പിക്കാവു ന്നതാണ്. തോട്ടം മേഖലകളിൽ റബ്ബറിന്റെ ഇട വിളയായി കൃഷി നടത്തി ആവശ്യമായ ധനസ ഹായങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞാൽ ഈ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കു വാൻ കഴിയും.

ഫലവൃക്ഷങ്ങൾ

പ്ലാവ്, മാവ്, ശീമപ്ലാവ്, തോട്ടുപുളി, ശീമ പ്പുളി, വാളൻപുളി, മുരിങ്ങ, സപ്പോട്ട മുതലായവ നാമമാത്രമായി കൃഷിചെയ്തുവരുന്നു. തോട്ടവി ളകളുടെ വ്യാപനവും വർദ്ധിച്ചുവരുന്ന വില കിന്റെ ഉപയോഗവും ഫലവൃക്ഷങ്ങളുടെ ഉന്മൂ ലനത്തിന് കാരണമായിട്ടുണ്ട്. ഫലവൃക്ഷങ്ങളിൽ പ്രമുഖ സ്ഥാനമുള്ള പ്ലാവ് ഒരു സമയത്ത് വ്യാപ കമായി കൃഷിയിടങ്ങളിൽ കാണാമായിരുന്നു. വരിക്ക ചക്ക ഒരു കാലത്ത് ഇവിടെനിന്നും തമി ഴ്നാട്ടിലേക്ക് കയറ്റി അയച്ചിരുന്നു. വർദ്ധിച്ച കെട്ടിട നിർമ്മാണം ഈ ഫലവൃക്ഷങ്ങൾ നശി പ്പിയ്ക്കപ്പെടാൻ കാരണമായിട്ടുണ്ട്

നമുക്ക് സുലഭമായി ലഭിച്ചിരുന്ന മാമ്പഴം ഇന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കു മതി ചെയ്യുകയാണ്. വാളൻ പുളിയുടേയും, തോട്ടുപളിയുടേയും സ്ഥിതി ഇതുതന്നെയാണ്. വളരെ കരുതലോടെ ഫലവൃക്ഷങ്ങൾ വച്ചുപി ടിപ്പിക്കുന്ന പ്രവർത്തനങ്ങൾ അടിയന്തരമായി നടത്തേണ്ടതായിട്ടുണ്ട്. മേൽത്തരം വൃക്ഷത്തൈ കൾ വിതരണം ചെയ്തും ആവശ്യമായ ധനസ ഹായം ഏർപ്പെടുത്തിയും സർക്കാർ പുറമ്പോ ക്കുകൾ, കനാൽ, PWD റോഡുകളുടെ വശങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടി പ്പിച്ചും കായ്ഫലങ്ങൾ വ്യാപകമായി ഉത്പാദി പ്പിയ്ക്കാം.

വെറ്റില കൊടി

പഞ്ചായത്തിലെ ചെറുകിട നാമമാത്ര കർഷകർ തങ്ങളുടെ ദൈനംദിന ജീവിതത്തി നുള്ള വരുമാന മാർഗ്ഗമായി വെറ്റിലക്കൊടി കൃഷി ചെയ്തുവരുന്നുണ്ട്. ജലസേചന സൗക ര്യമുള്ള പ്രദേശങ്ങളിൽ വളരെ ലാഭകരമായി ചെയ്യാവുന്ന കൃഷിയാണ് വെറ്റിലക്കൃഷി. വെറ്റി ലയുടെ സ്ഥിരവിലയില്ലായ്മയും വായ്പാ സൗക ര്യങ്ങളുടെ അഭാവവും കാലാവസ്ഥാ മാറ്റങ്ങളും ഈ കൃഷി നഷ്ടത്തിലാക്കുവാൻ കാരണമായി ട്ടുണ്ട്. വെറ്റിലക്കർഷകർക്ക് സൗജന്യമായി ഈറയും മുളയും നൽകിയും കുളം നിർമ്മിക്കു വാനും പമ്പു സെറ്റ് സ്ഥാപിക്കുവാനും സബ്സി ഡിയോടുകൂടിയ വായ്പാസൗകര്യങ്ങൾ ഏർപ്പെ ടുത്തിയും മേൽത്തരം വളങ്ങൾ വിലകുറച്ചു നൽകിയും കൃഷി ഭവനുകളിൽനിന്നും നിർദേ ശങ്ങൾ നൽകിയും വെറ്റില കൃഷി കാര്യക്ഷമ മാക്കാവുന്നതാണ്.

സുഗന്ധ വിളകൾ

ഇഞ്ചി, മഞ്ഞൾ, ഗ്രാംമ്പു, ജാതി, കൊക്കോ ഇവ നാമമാത്രമായി നമ്മുടെ പഞ്ചാ യത്തിൽ കർഷകർ കൃഷിചെയ്യുന്നു. പഞ്ചായ ത്തിൽ വ്യാപകമായി ഇഞ്ചി കൃഷിചെയ്തു വരുന്നു. വയലുകളിലും കരകളിലും റബ്ബർ റീപ്ലാന്റിംങ്ങ് സന്ദർഭത്തിൽ റബ്ബറിന്റെ ഇടവിള യായി ഇഞ്ചിയും മഞ്ഞളും കൃഷിചെയ്യുന്നു. തെങ്ങിൻ തോപ്പുകളിലും ഇടവിളയായി കൃഷി ചെയ്യുന്നുണ്ട്. സുഗന്ധ ദ്രവ്യങ്ങളുടെ വിപണനം നടത്തുവാൻ കർഷകർ വളരെ ബുദ്ധിമുട്ടനുഭ വിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാ ക്കേണ്ടത് അനിവാര്യമാണ്. വ്യാപകമായി കൃഷി ചെയ്തു വരുന്ന

കൊക്കോ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ വെട്ടിക്കളയുവാൻ കർഷകർ തയ്യാറായിരുന്നുവെങ്കിലും കൊക്കോ അങ്ങിങ്ങായി കാണുവാൻ കഴിയും.

ഇഞ്ചി, മഞ്ഞൾ കൃഷി വികസിപ്പിക്കുവാൻ പ്രാദേശിക/വിള പദ്ധതിയിൽ ഉൾപ്പെടുത്തി. എല്ലാവിധ സാമ്പത്തിക സഹായങ്ങളും നൽകുവാനും ആവശ്യമായ ജലസേചന സൗകര്യങ്ങളും രൂപപ്പെടുത്തുവാൻ കഴിയണം.

ഔഷധസസ്യങ്ങൾ

പഞ്ചായത്തിൽ ചില പ്രദശങ്ങളിൽ നാമമാത്ര കർഷകർ ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്നു. വരമ്പുകളിലും തോടിനോടുചേർന്നുള്ള പറമ്പുകളിലും കോലിഞ്ചി,ചിറ്റരത്ത ഇവ കൃഷിചെയ്തുവരുന്നു. കിണറുകളുടെ സമീപത്തായി ബ്രഹ്മിയും ഔഷധസസ്യ കൃഷി ചിലവുകുറഞ്ഞതും ആദായകരവുമാണ്. നമ്മുടെ പഞ്ചായത്തിൽ രണ്ടു ആയുർവേദ ഔഷധയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് അവശ്യമായ ഔഷധസസ്യങ്ങൾ മറ്റു പ്രദേശങ്ങളിൽ നിന്നു കൊണ്ടുവരുന്നത്. ആവശ്യമായ സഹായങ്ങൾ ലഭ്യമായാൽ കോലിഞ്ചി, ചിറ്റരത്ത, കച്ചോലം, ബ്രഹ്മി, കൊടുവേലി തുടങ്ങിയ ഔഷധങ്ങൾ കർഷകർക്ക് ലാഭകരമായി കൃഷിചെയ്യാവുന്നതാണ്. നമ്മുടെ വനപ്രദേശങ്ങളിൽ ഔഷധസസ്യത്തോട്ടം ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിൽ 4-ാം വാർഡിൽ തരിശായി കിടക്കുന്ന 110 ഏക്കർ വനഭൂമിയിൽ ഔഷധസസ്യ തോട്ടം വച്ചുപിടിപ്പിയ്ക്കാവുന്നതാണ്.

തീറ്റപ്പുൽ

തീറ്റപ്പുല്ലിന്റെ ഉപയോഗം കണക്കിലെടുത്തും ഉപതൊഴിലായി കന്നുകാലി വളർത്തലിനെ സഹായിയ്ക്കുവാനും ഭൂമിയിലെ മണ്ണൊലിപ്പു തടയുവാൻ കഴിയും എന്നുള്ളതുകൊണ്ടും ഇതിന് വലിയ പ്രാധാന്യമുണ്ട്. നമ്മുടെ കൃഷിയിടങ്ങളുടെ അതിരുകളിലും ചരുവുകളിലും ലാഭകരമായി തീറ്റപുൽക്കൃഷി ചെയ്യാവുന്നതാണ്.

പ്രശ്നങ്ങൾ

1. ആവശ്യമായ ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത.
2. കല്ലട ജലസേചനപദ്ധതിയുടെ കാര്യക്ഷമതയില്ലാത്ത പ്രവർത്തനം.
3. ഹൈഡ്രന്റുകളും പൈപ്പുലൈനുകളും പ്രവർത്തിക്കുന്നില്ല.
4. തോടുകളിലെ നീരൊഴുക്ക് കുറവും ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുകൾ ഇല്ലാത്തതും സൈഡ് വാൾ കെട്ടി സംരക്ഷിക്കാത്തതും.
5. കുളങ്ങളും ചിറകളും സംരക്ഷിക്കപ്പെടുന്നില്ല.
6. പുതിയ കുളങ്ങൾ നിർമ്മിക്കുന്നില്ല.
7. കിണറുകളും കുളങ്ങളിലും പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.
8. വൈദ്യുതിയുടെ അപര്യാപ്തത.
9. നീർമറി പ്രദേശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.
10. സമയാസമയങ്ങളിൽ മണ്ണു പരിശോധന നടത്തുകയോ അതിന്റെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്തുകയോ ചെയ്യുന്നില്ല.
11. രാസവളത്തന്റെ അമിത പ്രയോഗവും വിലവർദ്ധനവും.
12. ജൈവവള പ്രയോഗത്തിന്റെ പോരായ്മ.
13. കാർഷിക വിളകൾ കാട്ടുപന്നികൾ നശിപ്പിക്കുന്നു.
14. കിഴങ്ങുവർഗ്ഗങ്ങൾ എലികൾ തിന്നു നശിപ്പിക്കുന്നു.
15. കൃഷിക്കാരുടെ കൂട്ടായ്മയില്ലായ്മ.
16. ഗ്രൂപ്പ് ഫാമുകളുടെ പ്രവർത്തനക്ഷമതയില്ലായ്മ.
17. വയലേലകളുടെ സൈഡു കെട്ടി സംരക്ഷിക്കുന്നില്ല.
18. തലക്കുളങ്ങളുടെ അപര്യാപ്തത.
19. യന്ത്രവൽക്കരണത്തിന്റെ കുറവ്.
20. അത്യുൽപാദനശേഷിയുള്ളതും രോഗപ്രതി

രോധശേഷിയുള്ളവയുമായ വിത്തിനങ്ങളുടെ കുറവ്.

21. വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത.
22. കർഷകർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നില്ല.
23. വിപണന സൗകര്യങ്ങളുടെ അപര്യാപ്തത.
24. ഇടത്തട്ട് കർഷകരുടെ ചൂഷണം.
25. കർഷകത്തൊഴിലാളികളുടെ അപര്യാപ്തത.
26. കുറഞ്ഞുവരുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി.
27. കൃഷിഭവനുകളുടെ കാര്യക്ഷമതയില്ലായ്മ.
28. പുത്തൻ സാങ്കേതിക വിദ്യയുടെ അഭാവം.
29. കീടനാശിനി, രാസവളം എന്നിവയുടെ അമിതമായ വിലവർദ്ധനവ്.
30. പ്രൃകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും കാലാവസ്ഥാ മാറ്റങ്ങളും.
31. ഭക്ഷ്യോൽപ്പാദനം രാജ്യസേവനമായി കണക്കാക്കുന്നില്ല.
32. സർക്കാർ വക ഭൂമിയിൽ ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നില്ല.
33. റബ്ബർ ഉല്പാദക സംഘങ്ങളുടെ കാര്യക്ഷമതയില്ലാത്ത പ്രവർത്തനം.
34. റബ്ബർ ബോർഡിൽനിന്നും കിട്ടുന്ന സഹായങ്ങളുടെ അപര്യാപ്തത.
35. കാർഷികരംഗത്ത് മാർക്കറ്റിംഗ് സംഘങ്ങളുടെ കുറവ്.
36. റബ്ബർ കൃഷി മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.
37. ശാസ്ത്രീയമായ കൃഷി രീതികളുടെ അഭാവം.
38. കാർഷികമേഖലയിൽ ലഭ്യമാകുന്ന വിവിധ ധനസഹായ പദ്ധതികളെക്കുറിച്ച് സാധാരണ കർഷകന് വേണ്ടുന്ന സമയത്ത് വിവരം ലഭിക്കുന്നില്ല.
39. വർദ്ധിച്ചുവരുന്ന നിലം നികത്തലും ഉപഭോഗ സൗകര്യങ്ങൾക്കുംവേണ്ടി കൃഷിയിടങ്ങൾ ഉപയോഗിക്കുന്നതും.
40. സുഗന്ധവിളകൾ, ഫലവൃക്ഷങ്ങൾ, ഔഷധച്ചെടികൾ ഇവ വേണ്ടവിധം കൃഷിചെയ്യുന്നില്ല.

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കൃഷിഭൂമിയെ സംബന്ധിച്ചും കൃഷിയെ സംബന്ധച്ചും ഇനം തിരിച്ചുള്ള പട്ടിക

നിലം	വിസ്തീർണ്ണം (ഹെക്ടർ)	
	കലഞ്ഞൂർ	കൂടൽ
കൃഷിഭവൻ	115.000	155.000
പുരയിടം	915.000	1881.960
പുറംപോക്ക്	895.000	229.800
കൃഷിയോഗ്യ തരിശ്	ഇല്ല	ഇല്ല
കൃഷിയോഗ്യമല്ലാത്ത തരിശ്	തരംതിരിച്ചിട്ടില്ല	229.800

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)		
	കലഞ്ഞൂർ	കൂടൽ	ആകെ
നെല്ല്	100.00	124.00	224.00
പയർ	3.40	11.50	14.90
എള്ള്	ഇല്ല	3.00	3.00
പച്ചക്കറികൾ	20.00	9.50	29.50
തെങ്ങ്	260.00	280.00	590.00
വാഴ	40.00	122.00	162.00
മരച്ചീനി	390.00	212.00	602.00
കുരുമുളക്	60.00	64.00	124.00
മാവ്	ലഭ്യമല്ല	ലഭ്യമല്ല	
കശുമാവ്	ലഭ്യമല്ല	22.00	22.00
പ്ലാവ്	ലഭ്യമല്ല	1.50	1.50
റബ്ബർ	1025.00	2015.00	3040.00
കവുങ്ങ്	ലഭ്യമല്ല	3.00	3.00
കൊക്കോ	ഇല്ല	2.50	2.5
ജാതി,ഗ്രാമ്പൂ	ഇല്ല	ഇല്ല	
കാപ്പി	ഇല്ല	3.00	3.00
വെറ്റില	ഇല്ല	2.50	2.50
കിഴങ്ങുവർഗ്ഗങ്ങൾ	ലഭ്യമല്ല	80.00	80.00
ഇഞ്ചി, മഞ്ഞൾ	ലഭ്യമല്ല	8.00	8.00
സുഗന്ധവിള (കൃഷിഭവൻ)	20.00	ഇല്ല	20.00
ആകെ			491.19

അവലംബം: കലഞ്ഞൂർ, കൂടൽ കൃഷിഭവൻ രജിസ്റ്റർ.

കലഞ്ഞൂർ, കൂടൽ കൃഷിഭവനുകളിലെ നടീൽ വസ്തുക്കളുടെ വിതരണ പട്ടിക

ഇനം	കലഞ്ഞൂർ കൃഷിഭവൻ (എണ്ണം)			കൂടൽ കൃഷിഭവൻ എണ്ണം)		
	1993-94	1994-95	1995-96	1993-94	1994-95	1995-96
തെങ്ങ്	375	410	25	100	--	165
കശുമാവ്	--	--	--	--	--	--
കുരുമുളക്	7000	4250	4450	450	350	12200
കവുങ്ങ്	--	--	100	--	--	100
ഒട്ടുപ്ലാവ്	75	--	21	15	45	25
മാംഗുസ്തി	20	--	25	--	20	--
മാവ്	45	--	25	65	45	25
സപ്പോട്ട	--	--	10	10	--	10
റംപുട്ടാൻ	--	40	40	--	40	40

അവലംബം: കലഞ്ഞൂർ, കൂടൽ കൃഷിഭവൻ രജിസ്റ്റർ.

നിർദ്ദേശങ്ങൾ

1. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. പ്രധാനമായും നിർമറി പ്രദേശങ്ങളുടെ വികസനവും തോടുകളിൽ ചീർപ്പു നിർമ്മിക്കുകയും ചെയ്യണം.
2. ഏലായുടെ മുകളിലുള്ള കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുകയും പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാവുന്നതുമാണ്.
3. കുളങ്ങളില്ലാത്ത കൃഷിയിടങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തണം.
4. പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകളുടെയും വയലുകളുടെയും സൈഡ് കെട്ടുകയും ചെക്ക് ഡാമുകൾ നിർമ്മിക്കുകയും വേണം.
5. പഞ്ചായത്തിലെ തോടുകളുടെ ഉത്ഭവസ്ഥാനങ്ങൾ നീർമറി പ്രദേശമായി പ്രഖ്യാപിച്ച് വാട്ടർ ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തണം.
6. കിണറുകളിൽ പമ്പുസെറ്റുകൾ സ്ഥാപിക്കുക.
7. കല്ലട ജലസേചന പദ്ധതിയിലെ പൈപ്പുലൈനുകളും ഹൈഡ്രന്റുകളും പ്രവർത്തനക്ഷമമാക്കണം.
8. KIP കനാലിലെ ജലം കൃഷിക്ക് അനുയോജ്യമായ സന്ദർഭങ്ങളിൽ തുറന്നുവിടണം.
9. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലേക്ക് KIPയുമായി ബന്ധിപ്പിച്ച് സബ്കനാലുകളും പൈപ്പുലൈനുകളും സ്ഥാപിക്കണം.
10. ചരുവു ഭൂമികളിൽ ആവശ്യത്തിന് കയ്യാല നിർമ്മിക്കുകയും മഴവെള്ളം ഒലിച്ചുപോകുന്നത് തടയുകയും വേണം.
11. കൃഷിയിടങ്ങളിലെ ഈർപ്പം നിലനിർത്തുവാൻ യഥേഷ്ടം പച്ചിലകൾ ഉപയോഗിക്കണം.
12. പഞ്ചായത്തിലെ പ്രധാന തോടുകളിൽ ബണ്ടുകെട്ടി ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
13. കൃഷിഭവനുകളോടനുബന്ധിച്ച് മണ്ണ്, ഇല എന്നിവ പരിശോധനാകേന്ദ്രങ്ങൾ ആരംഭിക്കുകയും സൗജന്യമായി മണ്ണുപരിശോധന നടത്തി വളപ്രയോഗത്തെ സംബന്ധിച്ച് കർഷകരെ ബോധവാന്മാരാക്കുകയും വേണം.
14. മേൽത്തരം വിത്തുകൾ ഉല്പാദിപ്പിക്കുന്ന നഴ്സറികൾ കൃഷിഭവനുകളുടെ നേതൃത്വ

ത്തിൽ ആരംഭിക്കണം.

15. ജൈവവളം, ജൈവ കീടനാശിനി ഇവ ഉപയോഗിക്കുന്നതു സംബന്ധിച്ച് ബോധവല്ക്കരണം നടത്തണം.
16. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം പുനഃസ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും വേണം.
17. വയലേലകളിലേക്ക് പടർന്നുകിടക്കുന്ന വൃക്ഷ ശിഖരങ്ങൾ മുറിച്ചു മാറ്റുകയും വയലിനോട് ചേർന്ന് മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് നിരോധിക്കുകയും വേണം.
18. നിലം നികത്തൽ കർശനമായി നിരോധിക്കുക.
19. അത്യുല്പാദനശേഷിയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ വിത്തിനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കണം.
20. കാർഷിക രംഗത്ത് യന്ത്രവത്ക്കരണം നടപ്പിലാക്കുക (നടീൽയന്ത്രം, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, ട്രാക്ടർ). കാർഷികോപകരണങ്ങൾക്ക് വില കുറയ്ക്കുകയും സബ്സിഡി ഏർപ്പെടുത്തുകയും വേണം.
21. കീടനാശിനി, രാസവളം എന്നിവയുടെ വില കുറയ്ക്കുകയും സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.
22. കുറഞ്ഞ പലിശനിരക്കിൽ ആവശ്യാനുസരണം കൃഷി വായ്പ ലഭ്യമാക്കുകയും ചെയ്യുക.
23. പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ചാൽ പൂർണ്ണമായി നഷ്ടപരിഹാരം ലഭ്യമാക്കുകയും കാർഷിക ലോണുകളുടെ കാലാവധി പലിശയില്ലാതെ നീട്ടിക്കൊടുക്കുകയും വേണം.
24. പഞ്ചായത്തിലെ എല്ലാ കാർഷികവിളകളും സൗജന്യമായി ഇൻഷ്വർ ചെയ്യണം (പ്രീമിയം സർക്കാർ അടയ്ക്കണം).
25. കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തണം.
26. കാർഷിക ലോൺ എടുത്ത കർഷകൻ മരിക്കുവാൻ ഇടയായാൽ അനന്തരാവകാശികളെ മുൻ കാർഷിക കടത്തിൽനിന്നും ഒഴിവാക്കിയിരിക്കണം.
27. ഭക്ഷ്യോൽപ്പാദനം രാജ്യസേവനമായി കണക്കാക്കി കർഷകനെ ആദരിക്കുകയും എല്ലാവിധ സഹായങ്ങളും നൽകുകയും വേണം.
28. കാർഷിക ഉല്പന്നങ്ങളുടെ സംഭരണവും വിതരണവും നടത്തുന്നതിന് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ തുടങ്ങണം.
29. കലഞ്ഞൂർ, കൂടൽ, അതിരുങ്കൽ മാർക്കറ്റുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും പാടത്ത് ഒരു അന്തിച്ചന്ത ആരംഭിക്കുകയും വേണം.
30. കാട്ടുപന്നികളുടെ ശല്യത്തിൽനിന്നും വിളവുകളെ സംരക്ഷിക്കുകയും നശിപ്പിക്കുന്ന വിളവുകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുകയും വേണം.
31. എലിനശീകരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കണം.
32. കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കാർഷിക വികസന സമിതിയോഗങ്ങൾ മാസാമാസം ചേരുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും വേണം.
33. കാർഷിക രംഗത്തെ സഹായങ്ങൾ യഥാർത്ഥ കർഷകനുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയണം.
34. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ സൗജന്യമായി വിത്തും വളവും വിതരണം ചെയ്യണം.
35. എല്ലാ വീട്ടുവളപ്പുകളും പച്ചക്കറിത്തോട്ടമായി മാറ്റണം.
36. വീടുകളുടെ ടെറസ്സുകളിൽ പച്ചക്കറി വളർത്തണം.
37. തരിശു കിടക്കുന്ന സർക്കാർ ഭൂമികളിൽ കൃഷിഭവനുകളുടെ നേതൃത്വത്തിൽ ഭക്ഷ്യവിളകൾ കൃഷിചെയ്യണം.
38. നെല്ലുല്പാദനരംഗത്ത് കൂടുതൽ സബ്സിഡികളും സഹായങ്ങളും ഏർപ്പെടുത്തണം.
39. കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
40. കാർഷിക വികസന സെമിനാറുകൾ സംഘടിപ്പിക്കണം.
41. റബ്ബർ ഉല്പാദക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൂടു

തൽ സംഘങ്ങൾ ആരംഭിക്കുകയും വേണം.

42. റബ്ബർ ബോർഡിന്റെ സഹായങ്ങൾ ഉദാരമാക്കണം.

43. പഞ്ചായത്ത് കേന്ദ്രീകരിച്ച് ടാപ്പിംഗ് തൊഴിലാളികൾക്ക് പരിശീലനം നടത്തുകയും നൽകുകയും തെങ്ങുകയറ്റം നടത്തുന്നവർക്ക് പരിശീലനം നൽകുകയും കാർഷിക പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠിപ്പിക്കുകയും വേണം.

44. മേൽത്തരം ബഡ്ഡ് വുഡ്ഡുകളുടെ ലഭ്യത ഉറപ്പുവരുത്തുക.

45. റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പയർ, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ഏലം, ഗ്രാമ്പു, കൈത തുടങ്ങിയവ കൃഷി ചെയ്യണം.

46. കൃഷിയിടങ്ങളുടെ സൈഡുകളിൽ ഫലവൃക്ഷങ്ങൾ വച്ചിപിടിപ്പിക്കണം.

47. കേടുവന്ന മുഴുവൻ തെങ്ങുകളും മുറിച്ചു മാറ്റി തെങ്ങൊന്നിന് 2000 രൂപാ വീതം ധനസഹായം ലഭ്യമാക്കണം.

48. മേൽത്തരം തെങ്ങിൻതൈകൾ വിതരണം ചെയ്യണം.

49. കാർഷികരംഗത്ത് പുത്തൻ ശാസ്ത്ര-സാങ്കേതികജ്ഞാനം ഉറപ്പാക്കുകയും ഉപയോഗിക്കുകയും വേണം.

50. വിത്തുല്പാദന നഴ്സറികൾക്ക് സബ്സിഡിയും സഹായങ്ങളും ഏർപ്പെടുത്തണം.

51. നേന്ത്രവാഴയ്ക്ക് പ്രത്യേകമായി സഹായം ലഭ്യമാക്കണം.

52. വെറ്റിലക്കൊടി കൃഷി പരിപോഷിപ്പിക്കുകയും കൂടുതൽ ധനസഹായങ്ങൾ നൽകി നിലനിർത്തി കൂടുതൽ സഹായങ്ങൾ ചെയ്യുകയും വേണം.

53. കശുവണ്ടി കുത്തകസംഭരണം നിർത്തിലാക്കുകയും കശുവണ്ടിക്ക് ന്യായമായ വില ഉറപ്പാക്കുകയും വേണം.

54. കാർഷിക ഉല്പന്നങ്ങൾ ഇൻഡ്യയിൽ യഥേഷ്ടം കൊണ്ടുപോയി വിൽക്കുവാനുള്ള അവകാശം കർഷകന് ഉണ്ടാക്കുക.

55. റബ്ബർ കർഷകന് തടിക്ക് കൂടുതൽ വില ലഭിക്കുവാൻ റബ്ബർ അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കണം.

56. റബ്ബർ മരം പിഴുതു മാറ്റുന്നത് മേൽമണ്ണ് ഇളകുന്നതിനും മണ്ണിലെ ജൈവവളം കുറയുന്നതിനും കാരണമാകുന്നതിനാൽ മരം മുറിച്ചുതന്നെ മാറ്റണം.


ചീർപ്പുകളും ബണ്ടുകളും നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. ഇരുതോട്ടിൽ തടയണകൾ നിർമ്മിക്കുക.
2. വാഴപ്പാറത്തോട്ടിൽ പാലത്തിന് മുകൾവശം ബണ്ടുകെട്ടി ജലസേചനസൗകര്യങ്ങൽ വർദ്ധിപ്പിക്കുക.
3. കരിച്ചണ്ണൂർ പടിക്കൽ ബണ്ടു കെട്ടുക.
4. കുറ്റിമൺ മൂഴി തോട്ടിൽ ബണ്ടു നിർമ്മിക്കുക.
5. മൊട്ടപ്പാറ തോട്ടിൽ തടയണ നിർമ്മിക്കുക.
6. കല്ലേലി തോട്ടിൽ തടയണ നിർമ്മിക്കുക.
7. പാറുവേലി തോട്ടിൽ ബണ്ടു നിർമ്മിക്കുക.
8. കടുവാമൂല തോട്ടിൽ ബണ്ടു കെട്ടുക.
9. പോത്തുപാറ തോട്ടിൽ ബണ്ടു കെട്ടുക.
10. മാങ്കുഴി തോട്ടിൽ ബണ്ടു നിർമ്മിക്കുക.


ചീർപ്പുകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. രണ്ടാം വാർഡിൽ കൊന്നാം തോട്ടിൽ ചീർപ്പിന്റെ അറ്റകുറ്റപ്പണി നടത്തുക.
2. എട്ടാം വാർഡിൽ കരിങ്കുടുക്ക തോട്ടിൽ ചീർപ്പ് നിർമ്മിക്കുക.
3. പന്ത്രണ്ടാം വാർഡിൽ കടുവാമൂല തോട്ടിൽ ചീർപ്പുകൾ അറ്റകുറ്റപ്പണികൾ നടത്തുക.
4. കല്ലേലി തോട്ടിൽ ചീർപ്പു കെട്ടുക.
5. പൂമല തോട്ടിൽ ചീർപ്പു കെട്ടുക.
6. വയലിറക്കത്തു തോട്ടിൽ ബണ്ടു നിർമ്മിക്കുക.
7. മാവനാൽ തോട്ടിൽ ചീർപ്പു നിർമ്മിക്കുക.
8. വന്മേലി-മുള്ളൂർ ഏലായിൽ പാറക്കടവ് തോട്ടിൽ ചീർപ്പു നിർമ്മിക്കുക.
9. ആറാം വാർഡിൽ മടന്തക്കുഴി തോട്ടിൽ ചീർപ്പു നിർമ്മിക്കുക.

10. എലിക്കോട് ഏലായിൽ തോട്ടിൽ ചീർപ്പു നിർമ്മിക്കുക.
11. പഞ്ചായത്തിലെ എല്ലാ തോടുകളുടെയും സൈഡു കെട്ടി സംരക്ഷിക്കുക.
12. അനുയോജ്യമായ എല്ലാ തോടുകളിലും ചീർപ്പുകളും ബണ്ടുകളും നിർമ്മിക്കുക.
13. പഞ്ചായത്തുവക വെട്ടുവിള ചിറ (ഒരേക്കർ 12 സെന്റ്) ആഴം കൂട്ടി പമ്പുസെറ്റ് സ്ഥാപിച്ച് വെട്ടുവിള ഏലായിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കണം.
14. ചിറവയൽ ഏലായിൽ ക്ഷേത്രക്കുളത്തിന്റെ ആഴം വർദ്ധിപ്പിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ജല സേചന സൗകര്യം വർദ്ധിപ്പിക്കണം.
15. കാരയ്ക്കാക്കുഴി തോട്ടിൽ ബണ്ടു നിർമ്മിക്കുക.
16. വണ്ടണിക്കുളം ആഴം വർദ്ധിപ്പിച്ച് പമ്പു സെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
17. പുലത്തുപടി-പാറക്കടവ് ഏലായിൽ ചിറ പുതുക്കിപ്പണിത് ജലസേചന സൗകര്യ വർദ്ധിപ്പിക്കുകയും വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
18. കരിങ്കുടുക്ക-പാറക്കടവ്-പുലത്തുപടി-കരിമരുത്തിനാൽ ഏലാ തുടങ്ങിയ പ്രദേശങ്ങൾ വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
19. ഇരുതോട് പ്രദേശം വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
20. ഇടഞ്ഞകുഴി ഏലായുടെ മുകൾഭാഗം വാട്ടർഷെഡ്ഡിൽ ഉൾപ്പെടുത്തണം.
21. മല്ലങ്കുഴ ഏലായുടെ മുകൾഭാഗം വാട്ടർഷെഡ്ഡിൽ ഉൾപ്പെടുത്തുക.
22. വാഴപ്പാറ തോട്ടിൽ വലിയകോണം ഭാഗം വാട്ടർഷെഡ്ഡിൽ ഉൾപ്പെടുത്തുക.
23. മണക്കാട്ടുപുഴ-വന്മേലിഭാഗം വാട്ടർഷെഡ്ഡിൽ ഉൾപ്പെടുത്തുക.
24. പൂമരുതിക്കുഴി ഭാഗം വാട്ടർഷെഡ്ഡിൽ ഉൾപ്പെടുത്തുക.
25. തിടി ഏലായിൽ എലിക്കോട്ടുഭാഗം വാട്ടർഷെഡ്ഡിൽ ഉൾപ്പെടുത്തുക.
26. ഒമ്പതാം വാർഡിൽ തറമേൽ ഭാഗം വാട്ടർഷെഡ്ഡിൽ ഉൾപ്പെടുത്തുക.
27. കിഴക്കൻ മലയോരപ്രദേശങ്ങളിൽനിന്നും ഉത്ഭവിക്കുന്ന എല്ലാ തോടുകളുടെയും ഉത്ഭവസ്ഥാനങ്ങൾ വാട്ടർ ഷെഡ്ഡിൽ ഉൾപ്പെടുത്തുക.



മൃഗസംരക്ഷണം



കലഞ്ഞൂർ പഞ്ചായത്തിന്റെ വികസനത്തിൽ വളരെയേറെ പ്രാധാന്യമുള്ളതാണ് മൃഗസംരക്ഷണ-ക്ഷീരവികസന മേഖല; പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രംഗം എന്ന നിലയിലും ഈ മേഖലയ്ക്ക് പ്രാധാന്യമുണ്ട്. മലയോര പ്രദേശങ്ങൾ ഉൾപ്പെടുന്ന കലഞ്ഞൂർ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ പ്രധാന ഉപതൊഴിലാണ് കന്നുകാലി വളർത്തൽ. നല്ലൊരു ശതമാനം കുടുംബങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗംകൂടിയാണിത്. പശു, ആട്, എരുമ എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി എരുമകളെ വളർത്തുന്നുണ്ട്. കാർഷിക സമൃദ്ധിയുടെ ഒരു കാലത്ത് നിലം ഉഴുന്നതിനും ഭാരം വലിക്കുന്നതിനും ഉഴവുകാളകളേയും പോത്തുകളേയും ഉപയോഗിച്ചിരുന്നു. നഷ്ടപ്രതാപത്തിന്റെ ബാക്കിപത്രമായി അവയുടെ തൊഴുത്തുകൾ മാത്രം പല കുടുംബങ്ങളിലും ഇന്നവശേഷിക്കുന്നു. മുട്ടയ്ക്കും ഇറച്ചിക്കുമായി കോഴികളേയും താറാവുകളേയും വളർത്തുന്നവരുണ്ട്. പഞ്ചായത്തിലെ 80 ശനമാനം വീടുകളിലും കോഴികളെ വളർത്തുന്നു. നല്ലനിലയിൽ പ്രവർത്തിക്കുന്ന ആറ് പൗൾട്രി ഫാമുകൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും വളർത്തുനായ്ക്കളുണ്ട്. പക്ഷി വളർത്തലിൽ താല്പര്യമുള്ളവരുടെ ഭവനങ്ങളിൽ അപൂർവ്വ ഇനത്തിൽപ്പെട്ട പക്ഷികളെ സംരക്ഷിക്കുന്നുണ്ട്.

മൃഗസംരക്ഷണ മേഖലയിലെ ക്ഷീരോല്പാദനം, മാംസോല്പാദനം, കോഴി വളർത്തൽ എന്നീ രംഗങ്ങളിലെ വളർച്ചയ്ക്കുമുൻപിൽ തടസ്സമായി പല ഘടകങ്ങളും പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. ഇവയ്ക്ക് പരിഹാരം കണ്ടുപിടിക്കുന്നതിലും ഈ രംഗത്ത് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും പുതിയ വികേന്ദ്രീകൃത ആസൂത്രണ പ്രസ്ഥാനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പശു വളർത്തൽ

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും പശു വളർത്തൽ ഒരു ഉപതൊഴിലായും പ്രധാന ഉപജീവന മാർഗ്ഗമായും സ്വീകരിച്ചുപോരുന്നു. കുടുംബത്തിന്റെ ആവശ്യത്തിനുള്ള പാലിനുവേണ്ടിയും കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്തുന്നതിനും അതിലുപരി കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകമാകുന്നു. പഞ്ചായത്തിലെ എല്ലാ വീടുകളിലും ഏറ്റവും കുറഞ്ഞത് ""ഒരു വീട്ടിൽ ഒരു പശു" എന്ന തരത്തിൽ പശു വളർത്തൽ വ്യാപകമാക്കിയാൽ നമ്മുടെ പ്രദേശത്ത് ആവശ്യമുള്ള മുഴുവൻ പാലും ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയും. ക്ഷീരമേഖലയുടെ വികസനത്തിന് തടസ്സമായി നിൽക്കുന്നത് കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റവും വൈക്കോലിന്റെയും തീറ്റപ്പുല്ലിന്റെയും ദൗർലഭ്യവും അത്യുല്പാദനശേഷിയുള്ള കാലിയിനങ്ങളുടെ ബീജത്തിന്റെ ലഭ്യതക്കുറവുമാണ്. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും പശു വളർത്തലിൽ പരിശീലനം നൽകിയും ആവശ്യമായ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചും പശുവളർത്തൽ ഈ പഞ്ചായത്തിൽ സാർവ്വത്രികമായി നടപ്പിലാക്കാം.

എരുമ വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ പതിനഞ്ച് വർഷങ്ങൾക്കുമുമ്പുവരെ എരുമ വളർത്തൽ വ്യാപകമായി നടത്തിയിരുന്നു. നമുക്കാവശ്യമുള്ള പാലിന്റെ നല്ലൊരു ശതമാനം നൽകിയിരുന്ന ഇവ ഇന്ന് പഞ്ചായത്തിൽ നാമമാത്രമായിരിക്കുകയാണ്. നല്ലയിനം എരുമക്കുട്ടികളുടെ ലഭ്യതക്കുറവും പശുവളർത്തലിന്

നൽകുന്നതുപോലെ സാമ്പത്തിക സഹായങ്ങൾ എരുമ വളർത്തലിന് ലഭിക്കാത്തതും ഈ മേഖലയോടുള്ള കർഷകരുടെ താല്പര്യം കുറയാനിടയാക്കി. മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടി പഞ്ചായത്തിലെ നീർക്കെട്ടുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്തും ഹോട്ടലുകളുടെ സമീപങ്ങളിലും എരുമവളർത്തൽ ലാഭകരമായി നടത്താൻ കഴിയും. ഇതിനാവശ്യമായ ബോധവൽക്കരണം നടത്താൻ കഴിയണം.

ആടുവളർത്തൽ

പഞ്ചായത്തിലെ കർഷകരുടെ സാമ്പത്തിക പരിമിതികൾക്ക് യോജിച്ചതും വൈവിദ്ധ്യമാർന്ന പരിതസ്ഥിതികളോടൊപ്പം വേഗം ഇണങ്ങിച്ചേരാൻ കഴിവുള്ളതും സ്വർണ്ണംപോലെ എളുപ്പം പണമാക്കി മാറ്റുവുന്ന സ്വത്ത് എന്നതിനാലും ആടുവളർത്തൽ ഈ പ്രദേശത്ത് പ്രചാരം നേടിയിട്ടുണ്ട് കുറഞ്ഞ മുതൽമുടക്കോടെ കുറഞ്ഞ കാലയളവിനുള്ളിൽ കൂടുതൽ ലാഭമുണ്ടാക്കുവാൻ കഴിയുന്ന മേഖലയായതിനാൽ ആടു വളർത്തലിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും വലിയ അദ്ധ്വാനം കൂടാതെ കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. എല്ലാ വീടുകളിലും ഓരോ യൂണിറ്റ് (ആറ് ആടുകൾ) വിജയകരമായി വളർത്താവുന്നതാണ്. വനമേഖലയോട് ചേർന്നുകിടക്കുന്ന പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ആടുകളെ വളർത്താൻ കഴിയും. സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആടുവളർത്തലും ആട്ടിറച്ചി സംസ്കരണ-വിപണന യൂണിറ്റുകളും ആരംഭിച്ചാൽ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.


നല്ലയിനം ആട്ടിൻ കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, പ്രജജന യൂണിറ്റുകളുടെ അഭാവം, ആടുവളർത്തലിലുള്ള പരിശീലനക്കുറവ്, വൃക്ഷത്തീറ്റയുടെ ലഭ്യതക്കുറവ് എന്നിവ ആടു വളർത്തലിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണ്. ഇതിന് പരിഹാരം കാണാൻ കഴിഞ്ഞാൽ പഞ്ചായത്തിൽ ആടുവളർത്തൽ വ്യാപകമാക്കാൻ കഴിയും.

മാംസോല്പാദനം

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഭക്ഷണരേതാടൊപ്പം മാംസം ഉപയോഗിക്കുന്നവരാണ്. പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാനമാർഗ്ഗം കൂടിയാണിത്. കൂടൽ, അതിരുങ്കൽ പബ്ലിക് മാർക്കറ്റുകളിലൂടെയും ഇടത്തറയിലെ താൽക്കാലിക സ്റ്റാളുകളിലൂടെയും ഇതിനു പുറമേ അനധികൃതമായും ആട്, മാട്, മുയൽ, കോഴി, താറാവ് എന്നിവയുടെ ഏകദേശം 3000 കിലോഗ്രാം ഇറച്ചി പ്രതിദിനം വിറ്റഴിയുന്നു. ഇറച്ചിക്കുവേണ്ടിയുള്ള ഉരുക്കളിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നവയാണ്. പലതരം മാരകരോഗങ്ങൾ കാണപ്പെടുന്ന ഉരുക്കളുടെ ഇറച്ചി ഭക്ഷണത്തോടൊപ്പം ഉപയോഗിക്കുന്നത് പൊതുജനാരോഗ്യ മേഖലയിലെ ഗുരുതരമായ ഒരു പ്രശ്നമാണ്. നമുക്ക് ആവശ്യമായ ഇറച്ചി നമ്മുടെ പഞ്ചായത്തിൽത്തന്നെ ഉല്പാദിപ്പിക്കാവുന്നതാണ്. വനമേഖലയുമായി ചേർന്നുകിടക്കുന്ന കിഴക്കൻ പ്രദേശങ്ങളിൽ ആട്, മാട്, പന്നി, മുയൽ എന്നിവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്താൻ കഴിയും. മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ പാടം, അതിരുങ്കൽ, തിടി, തട്ടാക്കുടി, പോത്തുപാറ മേഖലകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയും. കോഴി, താറാവ് എന്നിവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്താവുന്നതാണ്. പലിശ കുറവുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിച്ചും സഹകരണ സംഘങ്ങൾ രൂപീകരിച്ചും മാംസോല്പാദനവും സംസ്കരണവും വിപണനവും നടത്തിയാൽ ഈ മേഖലയിൽ വർദ്ധിച്ച പുരോഗതി ഉണ്ടാകും.

മത്സ്യക്കൃഷി

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മത്സ്യത്തിനായി മാർക്കറ്റുകളെ ആശ്രയിക്കുന്നു. മത്സ്യക്കൃഷി നടത്തുവാൻ അനുയോജ്യമായ ധാരാളം കുളങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവയെ പൂർണ്ണമായി ഈ മേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ നിലവിലുള്ള കുളങ്ങ




ളിലും ജലസേചന സൗകര്യമുള്ള കൃഷിയിടങ്ങളിൽ കുളങ്ങൾ നിർമ്മിച്ചും മത്സ്യക്കൃഷി ലാഭകരമായി നടത്താൻ കഴിയും. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ

പ്രദാനം ചെയ്യുകയും ഈ മേഖലയിൽ കർഷകർക്ക് ശരിയായ പരിശീലനം നൽകുകയും ചെയ്താൽ മത്സ്യക്കൃഷി രംഗത്ത് നേട്ടങ്ങളുണ്ടാക്കാൻ കഴിയും.

വളർത്തുപക്ഷികൾ

കോഴി, താറാവ് വളർത്തൽ

ഇറച്ചിയുടെയും മുട്ടയുടെയും ഉപയോഗം പഞ്ചായത്തിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിനനുസരിച്ചുള്ള ഉല്പാദനം ഇനിയുമായിട്ടില്ല. ഇറച്ചിക്കും മുട്ടയ്ക്കുമായി പൂർണ്ണമായി അന്യസംസ്ഥാനങ്ങളെയാണ് നാം ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവർക്കും ആരോഗ്യം എന്ന ലോകോരോഗ്യ സംഘടനയുടെ ലക്ഷ്യം കൈവരിക്കുവാൻ മുട്ട, ഇറച്ചി ഉല്പാദന രംഗത്ത് നാം വളരെയേറെ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങിയും "എല്ലാ വീട്ടുമുറ്റത്തും കോഴിവളർത്തൽ" എന്ന നിലയിൽ പ്രചരണവും പരിശീലനവും നൽകിയാൽ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാനും സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുവാനും കഴിയും. ആവശ്യമായ സാമ്പത്തിക സഹായവും മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണവും ഈ രംഗത്ത് ഉണ്ടാകണം.



കാടവളർത്തൽ

ലാഭകരമായ ഒരു തൊഴിൽ എന്ന നിലയിൽ കാടവളർത്തൽ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാവുന്നതാണ്. കോഴിമുട്ടയേക്കാൾ വളരെയധികം പോഷകമൂല്യം അടങ്ങിയിട്ടുള്ളതാണ് കാടമുട്ട. അതുകൊണ്ടുതന്നെ കാടമുട്ടയ്ക്ക് വർദ്ധിച്ച തോതിൽ ആവശ്യവും ഏറിയിട്ടുണ്ട്. ഒരു ഇറച്ചിക്കോഴിയെ വളർത്തുന്ന സ്ഥലത്ത് അഞ്ച് കാടകളെ വളർത്താം. ഒരു വർഷക്കാലത്തോളം ആദായകരമായ രീതിയിൽ മുട്ടയുല്പാദനം നടക്കും. കാടക്കാഷ്ഠം നല്ല ജൈവവളമായി ഉപയോഗിക്കാം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ മേഖലയിലും സഹകരണാടിസ്ഥാനത്തിലും കാടവളർത്തൽ ലാഭകരമായ ഒരു തൊഴിലാക്കാവുന്നതാണ്.

അലങ്കാരപ്പക്ഷികൾ

ആധുനിക സംസ്കാരത്തിന്റെ ഭാഗമായി അലങ്കാര വസ്തുക്കൾകൊണ്ട് വീടുകൾ മോടിപിടിപ്പിക്കുകയെന്നത് പട്ടണങ്ങളിലും ഗ്രാമങ്ങളിലും സർവ്വസാധാരണമായിരിക്കുന്നു. അലങ്കാര മത്സ്യങ്ങളും പക്ഷികളും ഇതിൽ പ്രധാന സ്ഥാനം വഹിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പല വീടുകളിലും പക്ഷികളെ വളർത്തുന്നുണ്ട്. സമാധാനത്തിന്റെ പ്രതീകമായ പ്രാവിനെ വളർത്തൽ പുരാതന വീടുകളിൽ സംസ്കാരത്തിന്റെ ഭാഗമായിക്കാണുന്നു. കൂടാതെ, തത്ത, മൈന, കുരുവി എന്നിവകളേയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ വന മേഖലകളിൽ അപൂർവ്വ ഇനത്തിൽപ്പെട്ട ചില ദേശാടനപ്പക്ഷികളെയും കണ്ടുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും പക്ഷകളെ വളർത്തി വിൽപ്പനനടത്തി ഉപജീവനം നടത്തുന്നവരെ നമ്മുടെ വഴിയോരങ്ങളിൽ കാണാൻ കഴിയും. സ്നേഹക്കുരുവികൾ (Love Birds) എന്നു നാം വിളിക്കാറുള്ള കുരുവികളേയും മറ്റ് അലങ്കാരപ്പക്ഷികളേയും വളർത്തി കൂടുകളിലാക്കി വ്യവസായികാടിസ്ഥാനത്തിൽ വിൽക്കാവുന്നതാണ്. സാമ്പത്തിക ലാഭം ഉണ്ടാക്കുന്ന ഒരു മേഖല എന്ന നിലയിൽ അലങ്കാരപ്പക്ഷി വളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

വളർത്തുനായ്ക്കൾ

നമ്മുടെ പഞ്ചായത്തിൽ ഒട്ടുമുക്കാൽ വീടുകളിലും നായ്ക്കളെ വളർത്തുന്നു. വീടിന്റെ കാവൽക്കരനായും സമ്പന്ന സംസ്കാരത്തിന്റെ ഭാഗമായും നായ്ക്കൾ കാണപ്പെടുന്നു. വളരെക്കൂടുതൽ വിലയുള്ള വളർത്തുനായ്ക്കളെ മനോഹരങ്ങളായ കൂടുകൾ നിർമ്മിച്ച് വിലകൂടിയ ആഹാരപദാർത്ഥങ്ങൾ കൊടുത്ത് വളർത്തുന്ന ഒരു വിഭാഗം ആളുകൾ പഞ്ചായത്തിലുണ്ട്. കൂടിയ ഇനങ്ങളായ അൾസേഷ്യൻ, ഡോബർമാൻ, പോമറനിയൻ ഇനങ്ങളിൽപ്പെട്ട നായ്ക്കുട്ടികളെ വിൽക്കുന്ന കേന്ദ്രങ്ങൾ

പഞ്ചായത്തിലുണ്ട്. വളരെയധികം സാമ്പത്തിക ലാഭ മുണ്ടാക്കാവുന്ന മേഖലയെന്ന നിലയിൽ കൂടിയ ഇനം നായ്ക്കുട്ടികളെ വളർത്തി വിൽക്കുന്നത് തൊഴിൽ രഹിതർക്ക് സ്വീകരിക്കാവുന്ന ഒരു വരുമാനമാർഗ്ഗമാണ്.

പ്രശ്നങ്ങൾ

1. തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവും കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവും.
2. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും മരുന്നുകളുടെ വിലവർദ്ധനവും ലഭ്യതക്കുറവും.
3. അത്യുല്പാദനശേഷിയുള്ള ബീജത്തിന്റെ ലഭ്യതക്കുറവ്.
4. സാമ്പത്തിക സഹായ വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത.
5. നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും സമയാസമയങ്ങളിൽ പ്രതിരോധ കുത്തിവയ്പുകളുടെ അഭാവവും.
6. പാലിന്റെ ഉല്പാദനച്ചെലവിൻ ആനുപാതികമായി വില ലഭിക്കുന്നില്ല.
7. ക്ഷീരോല്പാദന സഹകരണ സംഘങ്ങളുടെ കുറവും കാര്യക്ഷമതയില്ലാത്ത പ്രവർത്തനവും.
8. കന്നുകാലികളുടെ ഉയർന്ന വില.
9. ശാസ്ത്രീയമായ തൊഴുത്തുകളുടെ അഭാവം.
10. അതിവിസ്തൃതമായ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയേയുള്ളു.

സാദ്ധ്യതകൾ

1. തീറ്റപ്പുൽകൃഷി വ്യാപകമാക്കണം. കൃഷിയിടങ്ങളിലും അതിരുകളിലും കൈയ്യാലകളിലും പുൽക്കൃഷി ചെയ്യണം. മിതമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കണം.
2. (a) നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പഞ്ചായത്തിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് മൃഗാശുപത്രി ആരംഭിക്കുകയും ഒരു സ്ഥിരം ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുകയും വേണം. (b) മരുന്നുകൾ സൗജന്യമായി മൃഗാശുപത്രിവഴി ലഭ്യമാക്കണം. (c) ഒരു മൊബൈൽ മൃഗാശുപത്രി തുടങ്ങണം.
3. പൊതു വിപണിയിലെ കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. കന്നുകാലി പരിചരണം, തീറ്റ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തണം.
4. അത്യുല്പാദനശേഷിയുള്ള ഇനങ്ങളുടെ ബീജം ലഭ്യമാക്കുന്നതോടൊപ്പം നിലവിലുള്ള കൃത്രിമ ബീജസങ്കലന സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം.
5. ആടുകളുടെയും എരുമകളുടെയും കൃത്രിമ ബീജസങ്കലനത്തിന് സംവിധാനം ഉണ്ടാകണം.
6. പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും സൗജന്യമായി ഇൻഷ്വർ ചെയ്യണം.
7. അംഗവൈകല്യം വന്നതും രോഗം വന്ന് അകാലത്തിൽ കറവ നിന്നുപോകുന്നതുമായ കന്നുകാലികൾക്കുകൂടി ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കണം.
8. മൃഗാശുപത്രികളിൽ പോസ്റ്റുമോർട്ടം സംവിധാനം ഉണ്ടാകണം.
9. കന്നുകാലികളുടെ വിലയ്ക്കനുസൃതമായി കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കണം.
10. ക്ഷീര വികസന മേഖലയിൽ നിലവിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തണം.
11. നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഒരു വാർഡിൽ ഒന്ന് എന്ന കണക്കിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഉണ്ടാകണം. സംഘങ്ങൾ ശേഖരിക്കുന്ന പാലിന്റെ വില വർദ്ധിപ്പിക്കണം.
12. നിർദ്ധനരായ കർഷക കുടുംബങ്ങൾക്ക് സൗജന്യമായി തൊഴുത്തും കന്നുകാലികളേയും കൊടുക്കണം.
13. ശാസ്ത്രീയമായ രീതിയിൽ ചെലവുകുറഞ്ഞ തൊഴുത്തുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തണം.
14. മേൽത്തരം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുകയും സമയാസമയങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ നടത്തുകയും വേണം.
15. പേ വിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പട്ടിയേപ്പിടുത്തം കാര്യക്ഷമമാക്കുകയും പ്രതിരോധ കുത്തിവയ്പുകൾ സമയാസമയങ്ങളിൽ നടപ്പിലാക്കുകയും വേണം.
16. കന്നുകാലികൾക്ക് പേവിഷ ബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ സമയാസമയങ്ങളിൽ നല്കുക.
17. ഇറച്ചിക്കോഴി, മുയൽ, പന്നി, താറാവ് ഇവയുടെ കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള സൗകര്യവും വളർത്തുന്നതിനുള്ള പരിശീലനവും ഉണ്ടാ

കണം.

18. ഗോബർ ഗ്യാസ് പ്ലാന്റ് വ്യാപകമാക്കണം.

സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണം

പശു	നാടൻ	3400
	സങ്കരയിനം	9500
കാള		300
പോത്ത്		34
ആട്		3500
എരുമ		100
ആകെ		16834

1993ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തുപക്ഷികളുടെ എണ്ണം

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	864	394	924	14	25	53
2	461	732	1322	14	26	12
3	736	412	432	9	4	-
4	923	831	877	23	12	-
5	1,184	936	1,221	14	7	12
6	732	464	721	18	12	22
7	932	621	821	13	4	21
8	564	832	930	12	5	13
9	834	461	526	22	6	11
10	761	932	1,124	11	4	12
11	936	924	726	6	2	3
12	864	922	630	12	4	8

വ്യവസായം

വിദേശ ഇന്ത്യൻ കുത്തകകളുടെ വ്യാവസായിക ഉല്പന്നങ്ങൾ വിറ്റഴിയുന്ന ചൂഷക കമ്പോളമാണ് ഇന്ന് കേരളം. വൈദേശികാധിപത്യത്തിൻകീഴിൽ ആരംഭിച്ച് ഇന്നും തുടർന്നുപോരുന്ന വ്യവസായ സംസ്കാരമാണ് നമുക്കുള്ളത്. നമുക്ക് ലഭ്യമായ വിഭവങ്ങളെ അഥവാ അസംസ്കൃതവസ്തുക്കളെ ഇന്ത്യയിലും വിദേശത്തുമുള്ള വ്യവസായികൾ കുറഞ്ഞ വിലയ്ക്ക് കടത്തിക്കൊണ്ടുപോയി വ്യാവസായിക ഉൽപ്പന്നങ്ങളാക്കി നമ്മുടെ കമ്പോളങ്ങളിൽത്തന്നെ കൂടിയ വിലയ്ക്ക് വിറ്റഴിക്കുന്നു. നമ്മുടെ വിഭവങ്ങൾ ഉപയോഗിച്ച് മേൽത്തരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വ്യാവസായിക പുരോഗതിയും സാമ്പത്തിക ഭദ്രതയും ആർജ്ജിക്കുവാൻ കഴിയുന്ന സാഹചര്യം ഇന്ന് ഇവിടെ നിലവിലുണ്ട്.

പുത്തൻ ശാസ്ത്ര-സാങ്കേതിക ജ്ഞാനത്തിന്റെ കുറവും വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് നമ്മുടെ വ്യാവസായിക വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകങ്ങൾ. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന വിഭവങ്ങളെ കണ്ടെത്താനും അവ വേണ്ടതുപോലെ വിനിയോഗിക്കപ്പെടാനും കഴിഞ്ഞാൽ ഇന്ന് നാം അനുഭവിക്കുന്ന തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാനും സാമ്പത്തിക വളർച്ച നേടാനും അതുവഴി വ്യാവസായിക പുരോഗതി കൈവരിക്കുവാനും നമുക്ക് കഴിയും. ഈ പുരോഗതിക്കുവേണ്ടി ഒമ്പതാം പദ്ധതി കാലഘട്ടത്തിൽ ആസൂത്രിതമായി നാം നീങ്ങേണ്ടിയിരിക്കുന്നു.

ഏത് പ്രദേശത്തിന്റെയും വ്യാവസായിക പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളിൽ മുഖ്യയിനമാണ് ഗതാഗത സൗകര്യങ്ങൾ. അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിനും ഉല്പന്നങ്ങൾ മാർക്കറ്റുകളിലേക്ക് കൊണ്ടുപൊകുന്നതിനും ചിലവുകുറഞ്ഞ ഗതാഗത മാർഗ്ഗങ്ങൾ അനിവാര്യമാണ്. ജലഗതാഗതമാർഗ്ഗങ്ങളോ റെയിൽവേയോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. റോഡ് ഗതാഗതത്തെ മാത്രമാണ് നാം ആശ്രയിക്കുന്നത്. ഈ റോഡുകളുടെ സ്ഥിതിയും വളരെയേറെ മോശമാണ്.

രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയും പുത്തൻ ശാസ്ത്ര-സാങ്കേതിക ജ്ഞാനത്തിന്റെ കുറവും പരിസ്ഥിതിപ്രശ്നങ്ങളുമാണ് ഇവിടെയും പ്രധാന പ്രശ്നങ്ങൾ. പൊതുവെ കാർഷിക മേഖലയാണ് നമ്മുടെ പഞ്ചായത്ത്. ഈ മേഖലയിൽ നാണ്യവിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഇതിൽ മുഖ്യയിനമായ റബ്ബർ ഉല്പാദനത്തിൽ വളരെ മുന്നിലാണ് നാം. ഏകദേശം 75,000 ടൺ റബ്ബർ നമ്മുടെ പഞ്ചായത്തിൽനിന്നും വാർഷികാനുപാതമായി കയറ്റി അയക്കുന്നുണ്ട്. എന്നാൽ ആകെ ഉല്പാദിപ്പിക്കുന്ന റബ്ബറിന്റെ 2% പോലും ഇവിടെ വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കപ്പെടുന്നില്ല. നാമമാത്രമായ ചെറുകിട വ്യാവസായിക യൂണിറ്റുകൾ മാത്രമാണ് ഇവിടെ ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നാം ഉല്പാദിപ്പിക്കുന്ന റബ്ബർ ഉപയോഗിച്ച് ഒരു വൻകിട വ്യവസായ സംരംഭം പൊതുമേഖലയിൽ ആരംഭിക്കുവാൻ കഴിഞ്ഞാൽ പഞ്ചായത്തിൽ നാം അനുഭവിക്കുന്ന തൊഴിലില്ലായ്മയ്ക്കും കാർഷിക മേഖലയുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്കും അതുവഴി പഞ്ചായത്തിലെ സാമ്പത്തിക ഭദ്രതയ്ക്കും അതുപോലെതന്നെ അനുബന്ധ വ്യവസായങ്ങളുടെ ശക്തമായ വളർച്ചയ്ക്കും സഹായകരമാകും.

റബ്ബറിന്റെതന്നെ മറ്റൊരു വിഭവമായ റബ്ബർ തടിയുടെ കാര്യത്തിലും നാം വളരെ മുന്നിട്ടുനില്ക്കുന്നു. പ്രതിവർഷം ഏകദേശം 25,000 ടൺ റബ്ബർ തടി പഞ്ചായത്തിന് വെളിയിലേക്ക് കയറ്റി അയക്കുന്നുണ്ട്. എന്നാൽ 5% റബ്ബർ തടി മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നത്. രണ്ട് റബ്ബർ തടി സംസ്കരണ യൂണിറ്റു

കളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. റബ്ബറിന്റെതന്നെ മറ്റൊരു ഉല്പന്നമായ റബ്ബർ കുരു പ്രതിവർഷം 3,000 ടൺ ഇവിടെനിന്നും കയറ്റി അയക്കുന്നു. ഇതുപയോഗിച്ച് എണ്ണയും പിണ്ണാക്കും (ജൈവവളം) ഉല്പാദിപ്പിക്കുന്ന ഒരു വൻകിട വ്യവസായ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

മറ്റൊരു നാണ്യവിളയായ തേങ്ങ ആട്ടി വെളിച്ചെണ്ണ ഉണ്ടാക്കുന്നതിനുള്ള ചെറുകിട യൂണിറ്റുകൾ ഇവിടെ പരിമിതമാണ്. ഈ സാദ്ധ്യത ഉപയോഗിച്ച് വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. തേങ്ങാവെള്ളം സംസ്കരിച്ച് സോഫ്റ്റ് ഡ്രിങ്ക്സ് ഉണ്ടാക്കാവുന്നതാണ്. കൂടാതെ കേരോല്പന്നങ്ങൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന കരകൗശല വസ്തുക്കൾ, വീട്ടുപകരണങ്ങൾ മുതലായവ, തടി ഉപയോഗിച്ച് ഉണ്ടാക്കാവുന്ന മേൽത്തരം കടച്ചിൽ ഉൽപ്പന്നങ്ങൾ എന്നിവ ഉണ്ടാക്കുന്നതിന് പണിശാലകൾ തുറക്കാവുന്നതാണ്. ഇഞ്ചിയും മഞ്ഞളും ജാതിയും ഗ്രാമ്പൂവും കൃഷി ചെയ്യുന്ന ഒരു പഞ്ചായത്തുകൂടിയാണ് നമ്മുടേത്. ഇവ ഉപയോഗിച്ചുകൊണ്ടും വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. പഴവർഗ്ഗങ്ങളായ നേന്ത്രവാഴപ്പഴം, വരിക്കച്ചക്ക, കൈതച്ചക്ക ഇവയുടെ ലഭ്യത ഉള്ളതിനാൽ ഇവ ഉപയോഗിച്ചുകൊണ്ടുള്ള വ്യാവസായിക യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

ചിരട്ടയും ലാറ്റക്സും പ്രധാനമായും ഉപയോഗിച്ചുകൊണ്ട് വൈദ്യുതി കടത്തിവിടാത്ത ഇലക്ട്രിക്കൽ ഉപകരണങ്ങളും ഫൈബർ ഗ്ലാസ്സും പ്ലാറ്റുഫോറം ഷീറ്റുകളും ഡിസൈൻ മോൾഡുകൾ, കരകൗശലവസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കാൻ കഴിയുന്ന ഫാക്ടറികൾ ആരംഭിക്കാവുന്നതാണ്.

പ്രകൃതിയുടെ വരദാനമായ പാറ നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നുണ്ട്. ഈ പാറകൾ പഞ്ചായത്തിന് പ്രയോജനപ്രദമല്ലാതെ ഇന്ന് വ്യക്തികളാൽ ചൂഷണം ചെയ്യപ്പെടുകയാണ്. പരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് ശാസ്ത്രീയമായി ഈ വിഭവത്തെ ഉപയോഗിച്ച് പൊതുമേഖലയിൽ ഒരു വൻകിട സിമന്റ് ഫാക്ടറിയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പാറ ഉല്പന്നങ്ങളും വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാവുന്നതാണ്.

കാർഷിക വിളകളായ മരച്ചീനി, നേന്ത്രക്കുല ഈ വക വിളകൾ ഉപയോഗിച്ചുകൊണ്ട് ചിപ്സ്, പൗഡർ, ബിസ്ക്കറ്റ് തുടങ്ങിയ ഉല്പന്നങ്ങളുടെ നിർമ്മാണ സംരംഭം ആരംഭിക്കാവുന്നതാണ്. വളരെ സാദ്ധ്യതയുള്ള മറ്റൊരു മേഖലയാണ് തടികളുടേത്. ഹാർഡ്വുഡ്, ഫൈൻ വുഡ്, സോഫ്റ്റ് വുഡ് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്ലൈവുഡ്, ഫർണിച്ചർ, കരകൗശലവസ്തുക്കൾ, ചിത്ര ബിംബ നിർമ്മാണ യൂണിറ്റുകൾ, തീപ്പെട്ടി നിർമ്മാണത്തിനാവശ്യമായ പ്ലൈ തുടങ്ങിയവയും ഈ രംഗത്തെ സജീവമാക്കും. നമുക്ക് സുലഭമായി ലഭിക്കുന്ന ചാരം, ചാണകം, അറക്കപ്പൊടി, തേയിലക്കൊന്ത്, പാഴ്വസ്തുക്കൾ ഇവ ഉപയോഗിച്ചുകൊണ്ടുള്ള ജൈവവള നിർമ്മാണ യൂണിറ്റുകളും ആരംഭിക്കാം. നമുക്ക് കിട്ടാവുന്ന ഏറ്റവും വലിയ വിഭവമായ മനുഷ്യശേഷി വേണ്ടവിധം ഉപയോഗിച്ചും ആവശ്യാനുസരണം വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കിയും ചെറുതും വലുതുമായ ഒട്ടനവധി വ്യവസായ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കുവാൻ കഴിയും.

പൊതു നിർദ്ദേശങ്ങൾ

1. വൈദ്യുതി പ്രതിസന്ധിക്ക് പെട്ടെന്ന് പരിഹാരം കാണുകയും വ്യവയാസ സംരംഭകർക്ക് പെട്ടെന്ന് കണക്ഷൻ കിട്ടാൻ നടപടിയുണ്ടാക്കുകയും വേണം.
2. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
3. വ്യവസായ സംരംഭകർക്ക് പെട്ടെന്ന് ലൈസൻസ് കിട്ടാൻ നടപടിയുണ്ടാകണം.
4. മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ഉണ്ടാക്കണം.
5. പരിസ്ഥിതി പ്രശ്നങ്ങൾ വ്യവസായ ആരംഭത്തിന് തടസ്സമാകാതെ പരിഹരിക്കണം.
6. പുതിയ വ്യവസായങ്ങളെ സംബന്ധിച്ച് സാങ്കേതിക ജ്ഞാനവും പരിശീലനവും ലഭ്യമാക്കണം.
7. കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ

വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.

8. പുതിയ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ നികുതി പിരിവിൽനിന്നും ഒഴിവാക്കണം.
9. തൊഴിലാളികളിൽ മെച്ചപ്പെട്ട തൊഴിൽ സംസ്കാരം വളർത്തിയെടുക്കണം.
10. വ്യവസായങ്ങളുടെ ശൈശവാവസ്ഥയിൽ തൊഴിൽ സമരങ്ങൾ ഒഴിവാക്കണം.

പുതിയ വ്യവസായ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 50% ഓഹരികൾ വ്യക്തികൾക്കും 25% ഓഹരികൾ സഹകരണ സംഘങ്ങൾക്കും 25% ഓഹരികൾ പഞ്ചായത്തും ഏടുത്തുകൊണ്ട് ഒരു വൻകിട റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ് ആരംഭിക്കണം.
2. ലാറ്റക്സ് ഉപയോഗിച്ച് റബ്ബർ ഫോം നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.
3. ചെറുകിട മേഖലയിൽ റബ്ബർ ത്രഡ്, റബ്ബർ ബാൻഡ്, ഓട്ടോമൊബൈൽ ഉല്പന്നങ്ങൾ (ബുഷ്, ട്യൂബ്) തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കണം.
4. റബ്ബർ അരി ഉപയോഗിച്ച് എണ്ണ, ജൈവവളം എന്നിവ ഉല്പാദിപ്പിക്കുന്ന ഫാക്ടറി പൊതുമേഖലയിൽ ആരംഭിക്കണം.
5. റബ്ബർ സംസ്കരിച്ച് വീട്ടുപകരണങ്ങൾ, ജന്നൽ, കട്ടിളകൾ, കതകുകൾ, ക്രാഫ്റ്റ് ഉപകരണങ്ങൾ ഇവ നിർമ്മിക്കുന്ന ഫാക്ടറികൾ പൊതുമേഖലയിൽ ആരംഭിക്കണം.
6. റബ്ബർ തടികൾ, പാഴ്തടികൾ എന്നിവ ഉപയോഗിച്ച് വൈവിദ്ധ്യമാർന്ന പ്ലൈവുഡ്ഡുകൾ ഉല്പാദിപ്പിക്കുന്ന ഫാക്ടറികൾ ആരംഭിക്കണം.
7. തെങ്ങിൻ തടികൾ ഉപയോഗിച്ച് ഉയർന്ന നിലവാരത്തിലുള്ള ഓഫീസ് ഫർണിച്ചറുകൾ, വീട്ടുപകരണങ്ങൾ, ക്രാഫ്റ്റുപകരണങ്ങൾ, കലാ ശില്പവേലകൾ എന്നിവ നടത്തുന്നതിന് പണിശാലകൾ ആരംഭിക്കണം.
8. കേര ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന വൻകിട ഫാക്ടറികൾ ആരംഭിക്കണം.
9. മരച്ചീനി, മധുരക്കിഴങ്ങ്, കൂവക്കിഴങ്ങ്, നേന്ത്രക്കായ് എന്നിവ ഉപയോഗിച്ചുള്ള ബേബി ഫുഡ്, ബിസ്ക്കറ്റ്, പൗഡർ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ ആരംഭിക്കണം.
10. പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് പഞ്ചായത്തിൽ ഒരു വൻകിട സിമിന്റ് നിർമ്മാണശാല ആരംഭിക്കണം.
11. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന പാറ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പാറമടകൾ, പഞ്ചായത്ത് ഉടമസ്ഥതയിൽ ആരംഭിക്കുകയും വിപണനം നടത്തുകയും ചെയ്യണം.
12. ലാറ്റക്സും ചിരട്ട പൗഡറും പ്രധാനമായി ഉപയോഗിച്ച് നിർമ്മിക്കുന്ന ഫൈബർ ഗ്ലാസ്സ്, ഇലക്ട്രിക്കൽ ഇൻസുലേഷൻ ഗുഡ്സ് എന്നിവ ഉല്പാദിക്കുന്ന വ്യവസായ യൂണിറ്റ് ആരംഭിക്കണം.
13. ചാരം, ചാണകം, അറക്കപ്പൊടി, തേയിലക്കൊന്ത്, പാഴ്വസ്തുക്കൾ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ജൈവവള നിർമ്മാണ ഫാക്ടറി ആരംഭിക്കണം.
14. പാൽ ഉപയോഗിച്ച് പാൽ ഉല്പന്നങ്ങളുടെയും മിഠായി നിർമ്മാണ യൂണിറ്റുകളും ആരംഭിക്കണം.
15. പട്ടുനൂൽപ്പുഴു വളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്ത് ഉടമസ്ഥതയിൽ ആരംഭിക്കണം.
16. ഇഷ്ടിക നിർമ്മാണം പൊതുമേഖലയിൽ ആരംഭിക്കണം.
17. സോപ്പ്, മെഴുകുതിരി, ബുക്ക്, കോഫി പൗഡർ, തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകൾ പൊതുമേഖലയിൽ ആരംഭിക്കണം.
18. റബ്ബർ, തുകൽ ചെരുപ്പുകൾ, ബാഗുകൾ, (തുകൽ ഉല്പന്നങ്ങൾ, റബ്ബർ ഉല്പന്നങ്ങൾ), ഗ്ലൗസുകൾ തുടങ്ങിയവയുടെ നിർമ്മാണ സംരംഭങ്ങൾ ആരംഭിക്കണം.
19. ആയുർവ്വേദ ഔഷധ നിർമ്മാണശാലകളുടെ സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ എടുത്തു പറയാവുന്നതാണ്. സംസ്കരണ ഫാക്ടറിയും നിർമ്മാണ ശാലയും തുടങ്ങണം.
20. നിരവധി വനിതാ വ്യവസായ യൂണിറ്റുകൾ

ആരംഭിക്കാവുന്നതാണ്.

21. പരമ്പാഗത കുടിൽവ്യവസായങ്ങളായ പായ് നെയ്ത്ത്, പനമ്പ്, കുട്ട, വട്ടി, മുറം, ബീഡി തെറുപ്പ്, പർപ്പടക നിർമ്മാണം എന്നിവ യുടെ യൂണിറ്റുകൾ ആരംഭിക്കണം.
22. നാലാം വാർഡിൽ തരിശായി കിടക്കുന്ന സർക്കാർ വക 110 ഏക്കർ സ്ഥലത്ത് വ്യവ സായ കേന്ദ്രം ആരംഭിക്കണം.
23. പഞ്ചായത്തിൽ ലഭ്യമായ അടയ്ക്ക സംസ്കരിച്ച് സുഗന്ധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി സ്ഥാപിക്കണം.
24. നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വാറ്റുപുൽ ഉപയോഗപ്പെടുത്തി വിപുലമായ തോതി ലുള്ള ഒരു പുൽത്തൈല വാറ്റു സങ്കേതം പൊതുമേഖലാടിസ്ഥാനത്തിൽ ആരംഭി ക്കണം.
25. പഞ്ചായത്തിൽ പരിശീലനം കഴിഞ്ഞ തൊഴിൽരഹിതരെയും വിദഗ്ദ്ധ തൊഴിലാ ളികളെയും രജിസ്റ്റർ ചെയ്ത് സംഘം രൂപീ കരിച്ച് തൊഴിൽ സേവനം ആവശ്യമുള്ള വർക്ക് സ്ഥിര കൂലിവ്യവസ്ഥയിൽ ദാനം ചെയ്യുന്ന പ്രവർത്തന കേന്ദ്രം ആരംഭിക്കേ ണ്ടതും അതിന്റെ ചുമതലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടു മാണ്.

കലഞ്ഞൂർ പഞ്ചായത്തിലെ ചെറുകിട വ്യസായ യൂണിറ്റുകളെ സംബന്ധിച്ച പട്ടിക

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	എണ്ണം
1.	സാമിൽ	6
2.	മെഴുകുതിരി യൂണിറ്റ്	1
3.	കൊപ്രാ മിൽ	3
4.	അലൂമിനിയം ഫാബ്രിക്കേഷൻ	5
5.	ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്	6
6.	എൻജിനീയറിംഗ് വർക്ക് ഷോപ്പ്	5
7.	ബേക്കറി യൂണിറ്റ് (ബോർമ)	3
8.	ഫർണിച്ചർ മാർട്ട്	6
9.	റൈസ് മിൽ	12
10.	സോഡാ ഫാക്ടറി	5
11.	ഇഷ്ടിക നിർമ്മാണം	10
12.	ഹോളോ ബ്രിക്സ്	5
13.	ആയുർവ്വേദ ഡ്രഗ്സ് യൂണിറ്റ്	2
14.	പൗൾട്രി ഫാമുകൾ	3
15.	റെഡിമെയ്ഡ് യൂണിറ്റ്	2
16.	പർപ്പടക യൂണിറ്റ്	8
17.	പാറമട യൂണിറ്റുകൾ	70
18.	ഫാംകോ അമ്പല്ലാ ഫാക്ടറി (പൊതുമേഖല)	1


റബ്ബർ മേഖലയിൽ കലഞ്ഞൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	എണ്ണം
1.	റബ്ബർ തടി സംസ്കരണ യൂണിറ്റുകൾ	2
2.	റബ്ബർ ഫോം ഫാക്ടറി	1
3.	പ്ലാന്റേഷൻ റബ്ബർ ലാറ്റക്സ് ഫാക്ടറി	1
4.	ത്രഡ് ഫാക്ടറി	1

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാവുന്ന വിഭവങ്ങൾ

ക്രമ നമ്പർ	ഇനം	ക്രമ നമ്പർ	ഇനം
1.	റബ്ബർ അരി	16.	ജാതി
2.	റബ്ബർ തടി	17.	ഗ്രാമ്പൂ
3.	റബ്ബർ പാൽ	18.	മണൽ
4.	കടുപ്പമുള്ള തടികൾ	19.	ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി
5.	വെള്ളത്തടികൾ	20.	വരിക്കച്ചക്ക
6.	പാഴ്തടികൾ	21.	കൈതച്ചക്ക
7.	പാറകൾ	22.	ചാരം, അറക്കപ്പൊടി
8.	തേങ്ങ	23.	ചാണകം
9.	തെങ്ങിൻ തടി	24.	തേയിലക്കൊന്ത്
10.	ചിരട്ട	25.	ചപ്പുചവറുകൾ
11.	മരച്ചീനി	26.	പച്ചില
12.	നേന്ത്രവാഴക്കുല	27.	ഈറ്റ
13.	കൂവ	28.	കാട്ടുവള്ളികൾ
14.	മധുരക്കിഴങ്ങ്		
15.	ഔഷധ സസ്യങ്ങൾ		

വിദ്യാഭ്യാസം



"കണ്ടും കേട്ടും അനുഭവിച്ചും ആലോചിച്ചും അനുമാനിച്ചും
അറിയേണ്ട വൈവിദ്ധ്യമാർന്ന അറിവുകൾ ആർജ്ജിക്കുവാനുള്ള
കഴിവുകൾ മറ്റു ജീവികൾക്കും ഇല്ലാതില്ല. എന്നാൽ,
അറിയേണ്ടുന്നത് എന്താണെന്നന്വേഷിച്ചറിയുവാനുള്ള കഴിവ്
മനുഷ്യനുമാത്രമാണുള്ളത്. മനുഷ്യനെന്ന ജീവിയുടെ
മഹത്വത്തിന് അടിസ്ഥാനവും ഇതുതന്നെയാണ്."

- ഗൗതമബുദ്ധൻ

അന്വേഷിക്കുവാനും അറിയുവാനും ഇന്നിന്റെ ബോധനിലവാരത്തോടൊപ്പം വളർന്നെത്തുവാനും മാനവനെ സഹായിക്കുക എന്നതാണ് ഔപചാരിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ സുദീർഘമായ ഒരു ചരിത്രം പഞ്ചായത്തിനവകാശപ്പെടാം. കുടിപ്പള്ളിക്കൂടങ്ങൾ ആയിരുന്നു കലഞ്ഞൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ആദ്യകാല സ്ഥാപനങ്ങൾ. പച്ചയിലാശാൻ, മുട്ടത്താശാൻ, കുളഞ്ഞിയിൽ നാണു ആശാൻ, കോയിക്കലേത്ത് ആശാൻ, പൂവണ്ണാലാശാൻ, മാപ്പിളയാശാൻ (ബുധനൂർ ആശാൻ) തുടങ്ങിയ പ്രഗത്ഭ വ്യക്തികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ രംഗത്ത് സ്തുത്യർഹമായിരുന്നു.


1914ൽ വി.എം. സ്കൂൾ (വെർണാക്കുലർ മിഡിൽ സ്കൂൾ) പ്രവർത്തനമാരംഭിച്ചതോടെ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. ഇന്നത്തെ ഉദയാ ജംഗ്ഷനു സമീപമുള്ള കാമ്പിയിൽ കുടുംബവുമായി ബന്ധപ്പെട്ടാണ് ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചത്. പ്രസ്തുത കുടുംബത്തിലെ ജനപ്രിയനായിരുന്ന മാധവൻനായർ ഈ സ്കൂൾ ആരംഭിക്കുന്നതിനും മറ്റു സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും നേതൃത്വം നൽകി. അതുപോലെതന്നെ ആദ്യ ഹെഡ്മാസ്റ്റർ ആയിരുന്ന നാരായണൻ നായർ സാറിന്റെയും ആദ്യകാല അദ്ധ്യാപകരിൽ പ്രമുഖനായിരുന്ന ജോൺസാർ, പാപ്പി സാർ തുടങ്ങിയുള്ളവരുടെയും സേവനം ഇവിടെ വിസ്മിരക്കുന്നില്ല.

1917ൽ 7-ാം സ്റ്റാൻഡേർഡുവരെ ഉയർത്തിയ ഈ സ്കൂളിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കായി പ്ലാസ്ഥാനത്തു മഠത്തിൽ പരേതനായ ബ്രഹ്മശ്രീ കേശവൻ പോറ്റി അവർകൾ ഇഷ്ടദാനമായി നൽകിയ 2.5 ഏക്കർ സ്ഥലത്താണ് പിന്നീട് നാട്ടുകാരുടെ സന്നദ്ധ പ്രവർത്തനങ്ങളുടെ ഫലമായി പുതിയ സ്കൂൾ ഉയർന്നുവന്നത്. ആബാലവൃദ്ധം ജനങ്ങളും ഒത്തൊരുമിച്ച് ശ്രമദാനമായി നിർമ്മിച്ച പ്രസ്തുത സ്കൂളാണ് 1951ൽ കലഞ്ഞൂർ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായി ഉയർത്തപ്പെട്ട ഇന്നത്തെ നമ്മുടെ സ്കൂൾ. അന്നത്തെ ബഹു: മുഖ്യമന്ത്രി പറവൂർ ടി.കെ. നാരായണപിള്ളയായിരുന്നു ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.

പിന്നീടുണ്ടായ പഞ്ചായത്തിന്റെ വളർച്ചയിൽ നാടിന്റെ വിവിധ ഭാഗങ്ങളിലായി പല സ്കൂളുകളും രൂപംകൊണ്ടു. മുറിഞ്ഞകൽ കൊഴുവട്ടുശ്ശേരി കുടുംബക്കാർ കൊടുത്ത ഒരേക്കർ ഭൂമിയിലാണ് 1918ൽ മുപ്പതു കുടുംബാംഗങ്ങൾ ചേർന്നും മറ്റുള്ളവരെ സംഘടിപ്പിച്ചും പ്രവർത്തിച്ചതിന്റെ ഫലമായി ഒരു പ്രൈമറി സ്കൂളിന് രൂപം നൽകുകയും ആ സ്കൂൾ വളർന്ന് കൂടൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഇന്ന് പരിണമിക്കുകയും ചെയ്തത്. പഞ്ചായത്തിന്റെ ചരിത്രത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി തങ്ങളുടെ ഭൂമി ദാനം ചെയ്ത മഹദ് വ്യക്തികൾ പലരുമുണ്ടായിരുന്നു. അവരിൽ പാടം ശ്രീ കേശവവിലാസം എൽ.പി. സ്കൂളിന് സ്ഥലവും കെട്ടിടവും നൽകിയ പനങ്ങാട് കേശവനുണ്ണിത്താൻ, അതിരുങ്കൽ ഗവ: എൽ.പി.എസ്.ന് സ്ഥലം നൽകിയ ടി.കെ. ഫിലിപ്പ് തുടങ്ങിയുള്ളവരും പ്രമുഖരാണ്.

1958ൽ ഇന്ത്യുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു അതിരുങ്കൽ സി.എം.എസ്. സ്കൂൾ ഉദ്ഘാടനം ചെയ്യുവാൻ എത്തിയത് പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ അവിസ്മരണീയമായ ഒരദ്ധ്യായമായിരുന്നു. കൂടൽ ജംഗ്ഷൻ മുതൽ വടക്കോട്ട് മുറിഞ്ഞകൽ വരെയും അവിടെനിന്നും കിഴക്കോട്ട് അതിരുങ്കൽ വരെയും റോഡിന്റെ ഇരുവശങ്ങളിലുമായി വാകമരങ്ങൾ നട്ട് വെള്ളമൊഴിച്ചുകൊണ്ടായിരുന്നു പ്രധാനമന്ത്രി സ്കൂൾ ഉദ്ഘാടനം ചെയ്യുവാനെത്തിയത്. അതുപോലെതന്നെ മുറിഞ്ഞകൽ തറമേൽ കുടുംബത്തിന്റെ പരിശ്രമഫലമായി ഉണ്ടായിവന്നതും പ്രവർത്തിക്കുന്നതുമായ കൂടൽ എസ്.എൻ.യു.പി. സ്കൂളും ഇവിടെ ഓർമ്മിക്കത്തക്കതാണ്.

പഞ്ചായത്തിന്റെ വളർച്ചയുടെ കാലഘട്ടങ്ങളിൽ ഇന്ന് മൊത്തം 15 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 11 എണ്ണം സർക്കാർ സ്കൂളുകളും ഒരെണ്ണം സ്വകാര്യ എയിഡഡ് സ്കൂളും മൂന്നെണ്ണം അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുമാണ്. ഇതിൽത്തന്നെ 1



വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും 2 ഹൈസ്കൂളുകളും 2 യു.പി. സ്കൂളുകളും 10 ലോവർ പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു.

പൊതുവേ കർഷക, കാർഷികത്തൊഴിലാളികളുടെയും ഇടത്തരക്കാരുടെയും നാടായ പഞ്ചായത്തിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നില്ല. പഠന നിലവാരത്തിന്റെ കാര്യത്തിലും മറ്റ് ഭൗതീക സാഹചര്യങ്ങളുടെ കാര്യത്തിലും ഇനിയും വളരെയേറെ മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ ലഭ്യമായ വിദ്യാഭ്യാസ സൗകര്യങ്ങളിൽ വിവിധ ക്ലാസ്സുകളിലായി 5791 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 1ലും പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം തുടങ്ങിയ വിവരങ്ങൾ പട്ടിക 2ലും കൊടുത്തിരിക്കുന്നു.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങളുടെ ലഭ്യത ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീയവും നിലവാരമുള്ളതുമായ പ്രീപ്രൈമറി സ്കൂളുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തുടങ്ങിയവ പഞ്ചായത്തിൽ ഇനിയും ഉണ്ടാകേണ്ടിരിക്കുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഏറെ പരിമിതികൾ ഇന്നു നമുക്കുണ്ട്. വിദ്യാഭ്യസ കാലത്തിന്റെ തുടക്കത്തിലുണ്ടാകുന്ന ഈ മുരടിപ്പ് മാറ്റുവാൻ സാമൂഹ്യമായ ഇടപെടലുകൾ ബോധപൂർവ്വം സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ഐ.സി.ഡി.എസ്. പദ്ധതിയിൽപ്പെടുന്ന പ്രദേശമാകയാൽ പഞ്ചായത്തിൽ അംഗൻവാടികളുടെ എണ്ണം താരതമ്യേന കൂടുതലാണ് (19). ഇവയ്ക്കു പുറമേ 3 ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു.

19 അംഗൻവാടികളിൽ 11 എണ്ണവും ഇടുങ്ങിയതും ജീർണ്ണിച്ചതും അസൗകര്യങ്ങൾ നിറഞ്ഞതുമായ സാഹചര്യങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവിടെയാണ് ഗ്രാമത്തിലെ ഭാവി പൗരന്മാരുടെ ബാലപാഠങ്ങൾ നടക്കുന്നതും വ്യക്തിത്വ വികാസത്തിന് വഴിയൊരുക്കുന്നതും. പഞ്ചായത്തിലെ അംഗൻവാടികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

എൽ.പി. തലത്തിൽ പഞ്ചായത്തിൽ ആകെ 10 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 3 എണ്ണമൊഴികെ ബാക്കിയുള്ളവ ഗവണ്മെന്റ് സ്കൂളുകളാണ്. സ്ഥലമോ കെട്ടിടമോ സ്വന്തമായി ഇല്ല (കലഞ്ഞൂർ ഗവ: എൽ.പി.എസും മുറിഞ്ഞകൽ ഗവ: എൽ.പി.എസും).

യു.പി. വിഭാഗത്തിൽ പഞ്ചായത്തിൽ 2 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. ഇവ രണ്ടും സ്വകാര്യ മേഖലയിലാണ്. പ്രീപ്രൈമറി, പ്രൈമറി, യു.പി. തലങ്ങളിൽ സ്വകാര്യ വിദ്യാലയങ്ങളുടെ പ്രവർത്തനവും പരിമിതിയും സാമൂഹ്യ വിലയിരുത്തലിന് വിധേയമാക്കേണ്ടതായിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അമിതമായ ഭ്രമം ചൂഷണ സാഹചര്യമായി ഉപയോഗിച്ച് അമിത ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളിൽ പലതിലും അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾപോലും ഇന്ന് ലഭ്യമല്ല എന്നത് പച്ചയായ യാഥാർത്ഥ്യമാണ്.

വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരളവുവരെ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും അക്കാഡമിക് നിലവാരത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്. പഞ്ചായത്തിലെ സ്കൂളുകളിൽ കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയ ശതമാനം പിന്നോട്ടുപോക്കിന്റെ ബീഭത്സത വെളിപ്പെടുത്തുന്നു. (കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയ ശതമാനം പട്ടിക 4ൽ)

പല കാരണങ്ങളാലും ചെറിയ ശതമാനം കുട്ടികളെങ്കിലും ഇടയ്ക്കുവച്ച് പഠന നിർത്തിപോകുന്നുണ്ട്. ഈ കൊഴിഞ്ഞുപോക്ക് പരിപൂർണ്ണമായി തടയുവാൻ നമുക്ക് കഴിയാതിരുന്നാൽ നാം സമൂഹത്തോടു കാണിക്കുന്ന അനീതിയായിരിക്കുമത്. അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഇവിടെ കാര്യമായ പങ്ക് നിർവ്വഹിക്കാനുണ്ട്. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽനിന്നുള്ള

കഴിഞ്ഞ വർഷത്തെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കണക്കു പരിശോധിച്ചാൽ നമ്മുടെ ഉത്തരവാദിത്വത്തിൽനിന്നും നമുക്ക് പിന്തിരിയുവാൻ കഴിയുകയില്ല എന്ന് ബോദ്ധ്യപ്പെടും (പട്ടിക 5 നോക്കുക).

ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിലിന്ന് ലഭ്യമല്ല. എങ്കിലും കൂടൽ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പരിമിതമെങ്കിലും ലഭ്യമാണ്. എന്നാൽ നിലവിലുള്ള വൊക്കേഷണൽ കോഴ്സുകളുടെ പരിമിതികൾ, പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്നവരുടെ തൊഴിൽ ലഭ്യത ഇല്ലാതാക്കുന്നു.

കലാ-കായിക രംഗത്ത് പഞ്ചായത്തിലെ സ്കൂളുകൾ വേണ്ടത്ര നിലവാരത്തിലെത്തുന്നില്ല. കലാതിലകങ്ങൾക്കായുള്ള പരക്കംപാച്ചിലും പണക്കൊഴുപ്പും കലാപരമായ മൂല്യച്യുതിക്കും യഥാർത്ഥ പ്രതിഭകളെ വളർത്തിക്കൊണ്ടുവരാതിരിക്കുവാനും കാരണമാകുകയും ചെയ്യുന്നു.

കുട്ടികളുടെ സർഗ്ഗവാസനകളും കായിക കഴിവുകളും വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും സ്കൂളുകളിൽ പരിമിതമാണ്. കഴിവുള്ള കുട്ടികളെ കണ്ടെത്തി ശാസ്ത്രീയ രീതിയിൽ പ്രോത്സാഹനം നൽകുവാനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. കായിക വികാസത്തിന് പ്രധാന തടസ്സമായിട്ടുള്ളത് അതിനാവശ്യമായ കളിസ്ഥലങ്ങളും സ്റ്റേഡിയം സൗകര്യങ്ങളുമില്ലാത്തതാണ്. പഞ്ചായത്തിലെ ഒരു സ്കൂളിലും മെച്ചപ്പെട്ടതോ ഉയർന്ന നിലവാരത്തിലുള്ളതോ ആയ കളിസ്ഥലങ്ങൾ ഇന്നു ലഭ്യമല്ല. ആകെയുള്ള 15 സ്കൂളുകളിൽ 7 സ്കൂളുകളിലും കളിസ്ഥലങ്ങൾ ഒട്ടുംതന്നെയില്ല. ഉള്ള സ്കൂളുകളിൽത്തന്നെ അവ വേണ്ടവിധം വിവിധ കളികൾക്കനുയോജ്യമായ തരത്തിൽ വികസിച്ചിട്ടുമില്ല. സ്കൂൾ പഠനകാലത്തുതന്നെ ആരോഗ്യകരമായ കലാമത്സരങ്ങളും സ്പോർട്സ്മാൻ സ്പിരിറ്റും വളർത്തിയെടുക്കുവാൻ കഴിയാത്തത് നമ്മുടെ പഞ്ചായത്തിലെ കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് പ്രധാന തടസ്സമായി നിൽക്കുന്നു.

കായികരംഗത്ത് നിലനിൽക്കുന്ന ശോചനീയാവസ്ഥ മാറ്റുന്നതിന് എല്ലാ സ്കൂളുകളും കേന്ദ്രീകരിച്ച് ഒരു പ്രധാന കായികാദ്ധ്യാപകന്റെ നേതൃത്വത്തിലും മറ്റുള്ള അദ്ധ്യാപകരെ പങ്കാളികളാക്കിക്കൊണ്ടും സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുകയും വിദ്യാർത്ഥികൾക്ക് കോച്ചിംഗ് കൊടുക്കുകയും വേണം.

വിദ്യാഭ്യാസരംഗത്തെ ഒഴിച്ചുകൂടാനാവാത്ത ഒരു മേഖലയാണ് സമാന്തര വിദ്യാഭ്യാസകേന്ദ്രങ്ങളായ പാരലൽ കോളജുകൾ. വിദ്യാർത്ഥി സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന കോളജ് അഡ്മിഷൻ ലഭിക്കാത്തവർക്കുമുള്ള അഭയസ്ഥാനമാണ് പ്രസ്തുത സ്ഥാപനങ്ങൾ. പഞ്ചായത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ 10 എണ്ണം നിലവിലുണ്ട്. കൂടാതെ, അഭ്യസ്തവിദ്യരായ യുവാക്കൾ വീടുകളിൽ നടത്തുന്ന ട്യൂഷനും അതോടൊപ്പം നടക്കുന്നുണ്ട്.

ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം അദ്ധ്യാപകർക്ക് മാന്യമായ വേതനം ലഭിക്കുന്നില്ല എന്നതുതന്നെയാണ്. (വിഷയങ്ങൾ വേണ്ടത്ര പരിജ്ഞാനമില്ലാത്ത അദ്ധ്യാപകരാൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നുള്ളതും ഈ മേഖല നേരിടുന്ന തിരിച്ചടിയാണ്.)

പാഠ്യേതര പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കലഞ്ഞൂർ ഗവ: ഹൈസ്കൂളിൽ എൻ.സി.സി. പ്രവർത്തിക്കുന്നു; മറ്റു സ്കൂളുകളിൽ അതില്ല. പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലും സ്കൗട്ട് & ഗൈഡ്, സയൻസ് ക്ലബ്ബ്, സഞ്ചയികാ പദ്ധതി എന്നിവ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാർത്ഥി സമൂഹത്തിലെ കലാപ്രതിഭകളെ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കുവാൻ കഴിയുമായിരുന്ന സ്കൂൾ സാഹിത്യ സമാജങ്ങളും ക്ലാസ്സ് മീറ്റിംഗുകളും മുൻകാലങ്ങളിൽ നല്ലരീതിയിൽ നടന്നിരുന്നുവെങ്കിലും ഇപ്പോൾ നടക്കുന്നില്ല. ഇത് പുനരാരംഭിക്കേണ്ടിയിരിക്കുന്നു. കുട്ടികളിലെ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുന്നതിനും പരീക്ഷണ-നിരീക്ഷണ പാടവം പരിപോഷിപ്പിക്കുന്നതിനുംവേണ്ടി പ്രവർത്തിച്ചിരുന്ന സയൻസ് ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.



സമർത്ഥരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാൻ വിവിധങ്ങളായ എൻഡോവ്മെന്റുകളും ധനസഹായങ്ങളും പഞ്ചായത്തും അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയും മറ്റു സംഘടനകളും വ്യക്തികളും നടപ്പിലാക്കിയിട്ടുണ്ട്. ഇത് പരിമിതമായതിനാൽ വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങളും പഠനോപകരണങ്ങളും സൗജന്യമായി കൊടുത്തും നിർദ്ധനരും സമർത്ഥരുമായ വിദ്യാർത്ഥികളെ സംഘടനകൾ ദത്തെടുത്ത് പഠിപ്പിച്ചും നമ്മുടെ പൊതുവിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റം ഉണ്ടാക്കാവുന്നതാണ്.

വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ആദ്യ ഹൈസ്കൂളായ കലഞ്ഞൂർ ഗവ: ഹൈസ്കൂളിനെ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുക.
2. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ പ്രവർത്തിക്കുന്ന മാങ്കോട് ഗവ: ഹൈസ്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുക.
3. കലഞ്ഞൂർ, കൂടൽ, മാങ്കോട് ഗവ: ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുക.
4. കലഞ്ഞൂർ ഗവ: എൽ.പി.എസ്., മുറിഞ്ഞകൽ ഗവ: എൽ.പി.എസ്. എന്നിവയ്ക്ക് പുതിയതായി സ്ഥലവും കെട്ടിടവും ഉണ്ടാകണം.
5. ചുറ്റുമതിൽ ഇല്ലാത്ത എല്ലാ സ്കൂളുകൾക്കും ചുറ്റുമതിൽ നിർമ്മിക്കുകയും പ്രാഥമിക സൗകര്യങ്ങളും (മൂത്രപ്പുര, കക്കൂസ്) ശുദ്ധജലവിതരണവും അടിയന്തിരമായി ലഭ്യമാക്കുകയും ചെയ്യുക.
6. സ്കൂളുകൾക്കാവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിക്കുക.
7. വിദ്യാർത്ഥി-അദ്ധ്യാപക-രക്ഷാകർത്തൃ ബന്ധം മെച്ചപ്പെടുത്താൻ സ്കൂൾ പാർലമെന്റും അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയും സംയുക്തമായി കൂടിയിരുന്നാലോചിക്കുകയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും വേണം.
8. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും അദ്ധ്യാപക-വിദ്യാർത്ഥി- രക്ഷാകർത്തൃ പ്രതിനിധികളേയും പഞ്ചായത്ത് ഭരണ സമിതിയംഗങ്ങളേയും സാമൂഹ്യ സന്നദ്ധ പ്രവർത്തകരേയും ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള പഞ്ചായത്ത്തല വിദ്യാഭ്യാസ കമ്മിറ്റി രൂപീകരിക്കുക.
9. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയുടെ മേൽനോട്ടത്തിൽ നടത്താനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. അതിനുവേണ്ട ഫണ്ട് അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയുടെ പേരിൽ കൊടുക്കണം.
10. കുട്ടികളുടെ വായനാശീലം വളർത്തുവാൻ സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ക്ലാസ്സുകളിൽ പുസ്തകങ്ങൾ നിർബ്ബന്ധമായും വിതരണം ചെയ്യുകയും വേണം.
11. കുട്ടികളിലെ പരീക്ഷണ-നിരീക്ഷണ പാടവം മെച്ചപ്പെടുത്തുവാൻ സ്കൂൾ ലബോറട്ടറിയുടെ പ്രവർത്തനം വിപുലീകരിക്കുകയും സ്കൂൾ സയൻസ് ക്ലബ്ബുമായി ബന്ധപ്പെടുത്തുകയും വേണം.
12. കുട്ടികളിലെ സ്പോർട്സ്മാൻ സ്പിരിറ്റ് ഉണർത്തുവാനും കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും സ്പോർട്സ് ഉപകരണങ്ങൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുവാനും സ്പോർട്സ് അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ നിർബ്ബന്ധമായും കോച്ചിംഗ് നടത്തുകയും വേണം.
13. വിദ്യാർത്ഥികളിൽ രാഷ്ട്രബോധവും ജനാധിപത്യബോധവും ദേശീയത, മതസൗഹാർദ്ദം എന്നിവയും വളർത്തിയെടുക്കുന്നതോടൊപ്പംതന്നെ അനാവശ്യ സമരങ്ങൾ ഒഴിവാക്കുകയും വേണം.
14. വിദ്യാർത്ഥികൾ സന്നദ്ധസേവന പ്രവർത്തനവും ജീവകാരുണ്യ പ്രവർത്തനങ്ങളും സഹജീവി സ്നേഹവും വളർത്തിക്കൊണ്ടുവരുവാൻ കഴിയുന്ന "സേവനവാരം' പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കണം.

15. ഹൈസ്കൂൾ വരെയുള്ള വിദ്യാഭ്യാസം നിർബ്ബന്ധിതവും സൗജന്യവുമാക്കുക.
16. സ്കൂളുകളിൽ മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് നടത്തി സൗജന്യമായി ഔഷധങ്ങളും പോഷകാഹാരങ്ങളും വിതരണം ചെയ്യുക.
17. സ്കൂളുകളിൽ രക്തനിർണ്ണയ ക്യാമ്പ് നടത്തി ഗ്രൂപ്പ് സർട്ടിഫിക്കറ്റ് ബുക്കിൽ എഴുതുക.
18. ഉച്ചക്കഞ്ഞി വിതരണം പഞ്ചായത്തിന്റെ നേതൃത്വത്തിലും ജനപങ്കാളിത്തത്തോടെയും നടപ്പാക്കുക.
19. എല്ലാ സ്കൂളുകളിലും റേഡിയോ, ടി.വി. എന്നിവ സ്ഥാപിക്കുകയും വിദ്യാഭ്യാസ പരിപാടികൾ കുട്ടികളിലെത്തിക്കുകയും ചെയ്യണം.
20. 'വിജ്ഞാനോത്സവം' പോലെയുള്ള വിജ്ഞാനപ്പരീക്ഷകൾ സ്കൂളുകളിൽ നടപ്പാക്കുക.
21. സംസ്കൃതം, അറബി തുടങ്ങിയ ഭാഷകളിലേക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയണം.
22. പ്രൈമറിതലം വരെയുള്ള വിദ്യാഭ്യാസം മാതൃഭാഷയിൽക്കൂടി മാത്രമാക്കണം.
23. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുകയും സമയബന്ധിതമായി സിലബസ്സ് പഠിപ്പിച്ചു എന്ന് ബോദ്ധ്യപ്പെടുകയും വേണം.
24. അദ്ധ്യാപക സംഘടനാ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തടസ്സം ആകാതെ ചിട്ടപ്പെടുത്തണം.
25. കുടിപ്പള്ളിക്കൂടം ആശാന്മാർക്ക് പെൻഷൻ വർദ്ധിപ്പിക്കുക.
26. അംഗൻവാടി ടീച്ചർമാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തി ശമ്പളം വർദ്ധിപ്പിച്ച് യൂണിഫോം സൗജന്യമായി നൽകുകയും ചെയ്യണം.
27. എല്ലാ അംഗൻവാടികൾക്കും സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാകണം. അവയ്ക്ക് ആവശ്യത്തിന് കളിക്കോപ്പുകൾ വേണം.
28. സാക്ഷരതാ പ്രവർത്തനങ്ങളിൽ പങ്കാളികളായ പ്രവർത്തകർക്ക് അംഗൻവാടി നിയമനങ്ങളിൽ മുൻഗണന നൽകുകയും സാക്ഷരതാ തുടർപ്രവർത്തനം പുനരാരംഭിക്കുകയും വേണം.
29. പരിസ്ഥിതി പരിപാലനം, പരിസര ശുചീകരണം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ പാഠ്യപദ്ധതിയിലുൾപ്പെടുത്തണം.
30. കാർഷിക പ്രവൃത്തിയിലും വ്യവസായ പ്രവർത്തനങ്ങളിലും കുട്ടികളിൽ താല്പര്യം ജനിപ്പിക്കുവാൻ പ്രായോഗികമായി സ്കൂളുകളിൽ പരിശീലന പച്ചക്കറിത്തോട്ടം തുടങ്ങുക.
31. ഹാൻഡിക്രാഫ്റ്റ്, ബുക്ക് ബയന്റിംഗ് തുടങ്ങിയുള്ള തൊഴിൽ പരിശീലന ക്ലാസ്സുകൾ പുനരാരംഭിക്കുക.
32. എല്ലാ സ്കൂളുകളിലും സംഗീതാദ്ധ്യാപകരുണ്ട്. എന്നാൽ സംഗീതം വേണ്ട രീതിയിൽ ശാസ്ത്രീയമായി പഠിപ്പിക്കുന്നില്ല. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണം.
33. സ്കൂളുകളിൽ പഠനാർഹമായ വിഷയങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സ്ലൈഡ് ഷോ മാസത്തിലൊരിക്കലെങ്കിലും നടത്തണം.
34. പഞ്ചായത്ത്തലത്തിലുള്ള സ്കൂളുകളെ ബന്ധിപ്പിച്ചുകൊണ്ട് വർഷത്തിൽ രണ്ടു പ്രാവശ്യം എക്സിബിഷൻ സംഘടിപ്പിക്കുകയും നല്ല പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
35. വിദ്യാർത്ഥികളുടെ പ്രവൃത്തിപരിചയ മേളകൾ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുക.
36. ചെലവുകുറഞ്ഞ പഠനോപകരണങ്ങളുടെ നിർമ്മാണവും പഠനം രസകരമാക്കാനുള്ള സങ്കേതങ്ങളും സാദ്ധ്യതകളും പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും നടപ്പിലാക്കണം.

പട്ടിക 1

കലഞ്ഞൂർ പഞ്ചായത്തിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ

ക്ലാസ്സ്	ആകെ വിദ്യാർത്ഥികൾ			ആകെ SC/ST വിദ്യാർത്ഥികൾ			പെൺകുട്ടികളുടെ എണ്ണം ശതമാനത്തിൽ	SC/ST വിദ്യാർത്ഥികളുടെ എണ്ണം ശതമാനത്തിൽ
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
I	241	263	504	56	55	111	52.0	22.0
II	274	264	538	60	63	123	49.0	22.8
III	307	312	619	69	69	138	50.4	22.3
IV	336	332	668	82	68	151	49.7	22.5
V	299	296	595	78	62	140	49.7	23.5
VI	302	264	566	80	60	140	46.6	24.7
VII	272	294	566	67	71	138	51.9	24.3
VIII	327	330	657	88	97	185	50.2	28.0
IX	307	329	636	51	71	122	51.7	19.1
X	254	260	514	49	66	115	50.5	22.3
ആകെ	2,877	2,914	5,791	678	681	1,359	50.3	23.4

പട്ടിക III

ക്രമ നമ്പർ	വാർഡ്	അംഗൻവാടികളുടെ നമ്പർ	അംഗൻവാടികൾ സ്ഥലങ്ങൾ
1	I	47	പെരുന്താളൂർ കോളനി
2	II	56	കൊട്ടംതറ
3	II	57	കല്ലറേത്ത്
4	III	58	പറയംകോട്
5	III	59	കുടുത്ത
6	III	63	കലഞ്ഞൂർ അമ്പലംഭാഗം
7	IV	48	കീച്ചേരിമുക്ക്
8	V	50	കലഞ്ഞൂർപള്ളിമുക്ക്
9	VI	49	നെല്ലിമുരുപ്പ്
10	VI	60	ഇഞ്ചപ്പാറ
11	VII	52	നെടുമൺകാവ് കോളനി
12	VIII	150	മുറിഞ്ഞകൽ
13	IX	62	കാരയ്ക്കാക്കുഴി
14	IX	53	കുളത്തുമൺ
15	X	61	കൂടൽ സെൻട്രൽ
16	XI	64	മാങ്കോട്
17	XI	55	തിടി
18	XII	54	പാടം ലക്ഷംവീട് കോളനി
19	XII	51	തട്ടാക്കുഴി

പട്ടിക 2
അദ്ധ്യയന സാഹചര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വി.ദ്യാർത്ഥികൾ			SC/ST വിദ്യാർത്ഥികൾ			അദ്ധ്യാപകർ	വിദ്യാർത്ഥി അദ്ധ്യാപക അനുപാതം
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
1	ഗവ: L.P.S. കലഞ്ഞൂർ	സർക്കാർ	277	284	561	82	86	168	16	35:1
2	L.P.S. അതിരുങ്കൽ	സർക്കാർ	77	73	150	7	8	15	5	30:1
3	ഗവ: L.P.S. നെടുമൺകാവ്	സർക്കാർ	55	50	105	18	11	29	4	26.25:1
4	ഗവ: L.P.S. കൂടൽ	സർക്കാർ	121	124	245	30	28	58	10	24.5:1
5	ഗവ: L.P.S. കുളത്തുമൺ	സർക്കാർ	19	33	52	7	11	18	5	10.4:1
6	ഗവ: L.P.S. കൂടൽജംഗ്ഷൻ	സർക്കാർ	206	214	420	46	43	89	13	32.3:1
7	S.K.V. L.P.S. പാടം	സർക്കാർ	112	103	215	16	16	32	8	26.9:1
8	മഹാദേവാ ഇംഗ്ലീഷ് മീഡിയം L.P. സ്ക്കൂൾ കലഞ്ഞൂർ	സ്വകാര്യം	73	55	128	3	1	4	9	14.2:1
9	വയലിറക്കത്ത് L.P.S. കൂടൽ	സ്വകാര്യം	72	72	144				5	28:1
10	സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം U.P. സ്ക്കൂൾ, ഇടത്തറ	സ്വകാര്യം	185	151	336	1		1	7	48:1
11	S.N. U.P.S. കൂടൽ	സ്വകാര്യം	71	86	157	12	12	24	7	22:1
12	ഗവ: H.S. കലഞ്ഞൂർ	സർക്കാർ	662	610	1272	169	129	298	44	28.9:1
13	ഗവ: H.S. മാങ്കോട്	സർക്കാർ	673	747	1420	192	222	414	46	30:1
14	V.H.S.C. കൂടൽ	സർക്കാർ	389	407	796	89	106	195	36	22:1
15	K.V. L.P.S. പോത്തുപാറ	സർക്കാർ	30	32	62	9	9	18	4	15.5:1

പട്ടിക IV

പഞ്ചായത്തിലെ S.S.L.C. വിജയശതമാനം 1991 മുതൽ 1995 വരെ

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	അദ്ധ്യായന വർഷം				
		1991 92	1992 93	1993- 94	1994- 95	1995- 96
1	ഗവ: ഹൈസ്ക്കൂൾ കലഞ്ഞൂർ	38%	39.2%	46.7%	54.6%	33.5%
2	ഗവ: ഹൈസ്ക്കൂൾ മാങ്കോട്	19.6%	18.9%	22.5%	198.6%	14.5%
3	വി.എച്ച്.എസ് കൂടൽ		45%	52%	37%	40%
പഞ്ചായത്ത് ശരാശരി		28.8%	34.33%	40.4%	37.07%	29.3%

പട്ടിക V

1995- 96 അദ്ധ്യയന വർഷത്തിലെ ഹൈസ്ക്കൂളുകളിൽനിന്നുമുള്ള കൊഴിഞ്ഞുപോക്ക് (ക്ലാസ്സ് V മുതൽ X വരെ)

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ആകെ കുട്ടികൾ	പഠനം നിർത്തിയവരുടെ എണ്ണം (ക്ലാസ്സ് തിരിച്ച്)						ആകെ കൊഴിഞ്ഞുപോക്ക്			കൊഴിഞ്ഞു-പോക്ക് (ശതമാനത്തിൽ)
			V	VI	VII	VIII	IX	X	ആൺ	പെൺ	ആകെ	
1	ഗവ: ഹൈസ്ക്കൂൾ കലഞ്ഞൂർ	1272		4	6	7	13	1	24	7	31	2.43
2	ഗവ: ഹൈസ്ക്കൂൾ മാങ്കോട്	1420	4	7	4	12	18	1	25	21	46	3.23
3	വി.എച്ച്.എസ്. കൂടൽ	796	1	4	3	15	6	0	16	13	29	3.64
	ആകെ	3488	5	15	13	34	37	2	65	41	106	3.04


പട്ടിക VI a

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ				
		മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	കളിസ്ഥലം വിസ്തീർണ്ണം (ച: മീ.)
1	ഗവ: എൽ.പി.എസ്സ്., കലഞ്ഞൂർ	2	1	ഇല്ല	ഉണ്ട്	ഇല്ല
2	എൽ.പി.എസ്സ്., അതിരുങ്കൽ	2	1	ഇല്ല	ഇല്ല	ഇല്ല
3	ഗവ: എൽ.പി.എസ്സ്., നെടുമൺകാനവ്	1	1	ഉണ്ട്	ഉണ്ട്	ഇല്ല
4	ഗവ: എൽ.പി.എസ്സ്., കൂടൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	ഗവ: എൽ.പി.എസ്സ്., കുളത്തുമൺ	1	1	ഇല്ല	ഉണ്ട്	1000
6	ഗവ: എൽ.പി.എസ്സ്., കൂടൽ ജംഗ്ഷൻ	1	1	ഉണ്ട്	ഉണ്ട്	ഇല്ല
7	എസ്സ്.കെ.വി. എൽ.പി.എസ്സ്., പാടം	1	1	ഇല്ല	ഇല്ല	400
8	മഹാദേവാ ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്സ്., കലഞ്ഞൂർ	1	1	ഉണ്ട്	ഉണ്ട്	ഇല്ല
9	വയലിറക്കത്ത് ഘ.ജ.ട. കൂടൽ	1	1	ഉണ്ട്	ഉണ്ട്	ഇല്ല
10	സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം U.P. സ്ക്കൂൾ, ഇടത്തറ	2	2	ഉണ്ട്	ഉണ്ട്	2000
11	S.N. U.P.S. കൂടൽ	2	1	ഉണ്ട്	ഉണ്ട്	2000
12	Kh: H.S. കലഞ്ഞൂർ	3	1	ഉണ്ട്	ഉണ്ട്	3750
13	Kh: H.S. മാങ്കോട്	ഇല്ല	1	ഉണ്ട്	ഉണ്ട്	8000
14	V.H.S.C. കൂടൽ	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	2000
15	K.V. L.P.S. പോത്തുപാറ	1	1	ഉണ്ട്	ഇല്ല	3200

മറ്റ് അനുബന്ധ ഭൗതിക സാഹചര്യങ്ങൾ പട്ടിക VI b

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ലൈബ്രറി	ലാബ്	പഠനോപ-കരണങ്ങൾ	റേഡിയോ	ടി.വി.	ടേപ്പ് റിക്കാർഡർ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	കംപ്യൂട്ടർ	O.H. പ്രൊജക്ടർ
1	ഗവ: L.P.S. കലഞ്ഞൂർ	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഉപയോഗ ശൂന്യം	ഇല്ല	ഉപയോഗ ശൂന്യം	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	L.P.S. അതിരുങ്കൽ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	ഗവ: L.P.S. നെടുമൺകാവ്	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉപയോഗ ശൂന്യം	ഇല്ല	ഇല്ല	ഇല്ല
4	ഗവ: L.P.S. കൂടൽ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	ഗവ: L.P.S. കുളത്തുമൺ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	ഗവ: L.P.S. കൂടൽ ജംഗ്ഷൻ	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	S.K.V. L.P.S. പാടം	ഉണ്ട്	ഇല്ല	ഉണ്ട്	ഉപയോഗ ശൂന്യം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	മഹാദേവാ ഇംഗ്ലീഷ് മീഡിയം L.P. സ്ക്കൂൾ കലഞ്ഞൂർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	ഐലിറക്കത്ത് L.P.S. കൂടൽ	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10	സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം U.P. സ്ക്കൂൾ, ഇടത്തറ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
11	S.N. U.P.S. കൂടൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
12	ഗവ: H.S. കലഞ്ഞൂർ	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഉപയോഗ ശൂന്യം	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
13	ഗവ: H.S. മാങ്കോട്	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
14	V.H.S.C. കൂടൽ	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
15	K.V. L.P.S. പോത്തുപാറ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല

സംസ്കാരം



ഏതൊരു സമൂഹത്തിന്റേയും പ്രകടമാകുന്ന ബാഹ്യനേട്ട കോട്ടങ്ങൾക്കു പിന്നിൽ, ആ സമൂഹം ഉൾക്കൊള്ളുന്നതും നിലനിർത്തുവാൻ ആഗ്രഹിക്കുന്നതുമായ സംസ്ക്കാരിക നിലപാടുകൾ നിർണ്ണായകമാണ്. സമൂഹം അതിന്റെ അനുക്രമമായ വളർച്ചയിൽ ബോധപൂർവ്വമായ തിരഞ്ഞെടുപ്പുകളിലൂടെ ഉത്തമങ്ങളായ ചില പ്രവർത്തന ശൈലികളെ നിലനിർത്തുവാനും തുടർന്ന് പരിരക്ഷിക്കുവാനും ശ്രമിക്കും. ഇവയെ ആ സമൂഹത്തിന്റെ സാംസ്ക്കാരിക മൂല്യങ്ങളായി പരിഗണിക്കപ്പെടും. ഈ സാംസ്ക്കാരിക മൂല്യങ്ങളെ വളർത്തുന്നതിനും – നിലനിർത്തുന്നതിനും കാലാകാലങ്ങളിൽ വിവിധങ്ങളായ സ്ഥാപന സൗകര്യങ്ങൾ രൂപപ്പെടുകയും ചെയ്യും. കൂട്ടായ പ്രവർത്തനത്തിനും ഒത്തു ചേരലിനും സഹായിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങളായും അവയ്ക്കു ചുറ്റും രൂപപ്പെടുന്ന ചട്ടക്കൂടുകളിലായി കൂട്ടായ്മക്കു സഹായിക്കുന്ന പ്രവർത്തനങ്ങളായും ഒക്കെ ഒരു സമൂഹത്തിന്റെ സാംസ്ക്കാരിക ഭൗതികതലം നമുക്ക് അനുഭവ വേഢ്യമാക്കുന്നു.

കലഞ്ഞൂരിന്റെ പൂർവ്വകാല ചരിത്രഗതിയിൽ മതമൈത്രിയുടെയും സഹിഷ്ണുതയിലൂന്നിയ സഹവർത്തിത്വത്തിന്റെയും കലാകായിക സപര്യകളുടേയും ഒളിമങ്ങാത്ത നേട്ടങ്ങൾ കാണുവാൻ കഴിയും. നവോത്ഥാന കേരളത്തിന്റെ എണ്ണപ്പെട്ട സാംസ്ക്കാരിക സംഭാവനയായ ഗ്രന്ഥശാലാ പ്രസ്ഥാനം വളർന്നത് അഭിമാനകരമായ വേഗതയിലായിരുന്നു. ഉത്തമമായ ജനാതിപത്യ ബോധം ഉയർത്തിപ്പിടിച്ച് കലഞ്ഞൂരിൽ വ്യത്യസ്തങ്ങളായ ബഹുജനപ്രസ്ഥാനങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും വളർന്നു വന്നു. അക്രമരാഷ്ട്രീയം വളരുവാനുള്ള മണ്ണും

മനസ്സും കലഞ്ഞൂരിലില്ലായെന്ന് അനുഭവങ്ങൾ തെളിയിച്ചു.

സ്വസ്തതയും ശാന്തതയും ഏറെ ആഗ്രഹിക്കുന്ന സമൂഹ ഉൾക്കാമ്പാണ് കലഞ്ഞൂരെന്ന് നാം തിരിച്ചറിഞ്ഞു. ആ അച്ചുതണ്ടിനു ചുറ്റും രൂപപ്പെട്ട വികാസപരിണാമങ്ങളാണ് കലഞ്ഞൂരിന്റെ സാംസ്ക്കാരിക പൈതൃകം.

സാംസ്ക്കാരിക സ്ഥാപനങ്ങളിലൂടെ:

ഗ്രന്ഥശാലകൾ

പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല, മഹാത്മാഗാന്ധിജി വായനശാല എന്ന പേരിൽ പ്രവർത്തനം തുടങ്ങിയതും ഗ്രാമോദ്ധാരണ ഗ്രന്ഥശാല എന്ന പേരിൽ ഇന്നു പ്രവർത്തിച്ചു വരുന്നതുമായ വായന ശാലയാണ്. അതിനെ തുടർന്ന് 1952ൽ കൂടൽ പബ്ലിക്ക് ലൈബ്രറി രൂപീകൃതമായി. പിന്നീട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി വായനശാലകൾ പ്രവർത്തനം ആരംഭിച്ചു. ഇന്നു ശ്രദ്ധേയമായി പ്രവർത്തിക്കുന്നവയിൽ കലഞ്ഞൂർ ഉദയ ഗ്രന്ഥശാല, കൂടൽ പുലരി ഗ്രന്ഥശാല, പുന്നമൂട് ജയ കൈരളി വായനശാല എന്നിവ ഉൾപ്പെടുന്നു.

കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ഗ്രന്ഥശാലകൾ

ക്രമ നമ്പർ	വാർഡ്	ഗ്രന്ഥശാലയുടെ പേര്	സ്ഥലം
1.	II	ഉദയ ഗ്രന്ഥശാല	കലഞ്ഞൂർ
2.	III	ഗ്രാമോദ്ധാരണ ഗ്രന്ഥശാല	കലഞ്ഞൂർ
3.	VI	പുലരി ഗ്രന്ഥശാല	കൂടൽ
4.	VIII	കൂടൽ പബ്ലിക്ക് ലൈബ്രറി	മുറിഞ്ഞകൽ
5.	X	ജയകൈരളി വായനശാല	പുന്നമൂട്
6.	IX	അക്ഷരാ വായനശാല	അതിരുങ്കൽ
7.	IX	സഹൃദയ റീഡിംഗ് റൂം	അതിരുങ്കൽ

വിവിധങ്ങളായ ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ വർദ്ധിച്ച പ്രചരണം നാടിന്റെ ഇന്നും മരിക്കാത്ത വായനാശീലത്തെ ബോദ്ധ്യപ്പെടുത്തുന്നു. ഇന്ന് ഗ്രന്ഥശാലകളുടെ പ്രവർത്തനം ആശാവഹമല്ല. കുറഞ്ഞുവരുന്ന വായനാശീലവും ഇല്ക്ട്രോണിക്ക് മാധ്യമങ്ങളുടെ തള്ളിക്കയറ്റവും ഗ്രന്ഥശാലകളുടെ പ്രസക്തി കുറച്ചതുപോലെ. എന്നാൽ ജനങ്ങളുടെ ഗതകാല ചിന്തയെയും വിമോചന ബോധത്തേയും ഉണർത്തുവാനും നിലനിർത്തുവാനും ഗ്രന്ഥശാലകൾക്കാണ് കഴിയുക.

കലാകായികരംഗം

വിവിധങ്ങളായ കലാരൂപങ്ങളുടെ ഉപാസകരായും ആസ്വാദകരായും കലഞ്ഞൂർ ജനത – സമീപസ്ഥലങ്ങളിൽനിന്ന് ഉയർന്നുനിന്ന് – നിരവധി പ്രഗത്ഭരായ കലാകാരന്മാരെ ഈ നാട് പോറ്റിവളർത്തി. കലഞ്ഞൂർ നാണുപ്പണിക്കരാശാന്റെ നേതൃത്വത്തിൽ തുടങ്ങിവച്ച ആട്ട കലാസമിതികളും സ്ഥിരം നാടകസംഘങ്ങളും നമ്മുടെ സാംസ്കാരിക മുന്നേറ്റത്തിന് വഴിതെളിച്ചിട്ടുണ്ട്. ഇതിനു പുറമേ, ക്ഷേത്രകലകളായി നിലനിന്ന ഓട്ടൻതുള്ളൽ, കൂടിയാട്ടം, വിൽപ്പാട്ട്, പാ.ം, ഹരികഥ എന്നീ കലാരൂപങ്ങളും ഒരു കാലഘട്ടത്തിൽ ഈ നാടിന്റെ സാംസ്കാരിക ത്തനിമയാർ വളർന്നുനിന്നിരുന്നു.

കലകളിലെ വർഗ്ഗ-ജാതി വിവേചനം ചരി

ത്രവസ്തുതയാണ്. വിവിധ വർഗ്ഗങ്ങളിലും ഗോത്രബന്ധങ്ങളിലുമായി നിലനിന്നിരുന്ന ഒട്ടേറെ കലകൾ പിൽക്കാലത്ത് പൊതുധാരയിലേക്ക് കടന്നുവന്നു. ഇവയിൽ വേലൻപാട്ട്, ശാസ്താംപാട്ട്, കുറവൻതുള്ളൽ, കുടമൂതിപ്പാട്ട്, തുമ്പിതുള്ളൽ, കാവടിയാട്ടം തുടങ്ങിയവ എടുത്തുപറയേണ്ടവതന്നെ.

എന്നാൽ, ഇത്തരം കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.

സാംസ്കാരിക പ്രവർത്തനങ്ങളുടെ പ്രാദേശിക കളരികളായി ധാരാളം ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾ നമ്മുടെ നാട്ടിൽ പ്രവർത്തിച്ചുവരുന്നു. പ്രവർത്തനങ്ങൾകൊണ്ട് തനതു മുദ്രപതിപ്പിക്കുവാനും വളർന്നു മുന്നേറുവാനും ഇവയിൽ മിക്കതിനും കഴിഞ്ഞിട്ടില്ല.

എണ്ണപ്പെട്ട ഒട്ടേറെ കലാകാരന്മാർ വിവിധ രംഗങ്ങളിൽ സമകാലീന കലഞ്ഞൂരിന്റെ പ്രതിനിധികളായി നമുക്കുണ്ട്. അവരിൽ കലഞ്ഞൂർ ടി.ആർ. ചന്ദ്രശേഖരൻ, എസ്.ടി. ശശിധരൻ, അതിരുങ്കൽ വാസുദേവൻ, കൂടൽ ജോർജ്ജ് എന്നിവർ എടുത്തുപറയപ്പെടേണ്ടുന്നവരാണ്.

കലഞ്ഞൂർ പഞ്ചായത്തിൽ നിലവിലുള്ള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ

ക്രമ നമ്പർ	ക്ലബ്ബിന്റെ പേര്	സ്ഥലം	വാർഡ്
1	ഗംഗാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	കലഞ്ഞൂർ	4
2	സൂര്യാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	കീച്ചേരി, കലഞ്ഞൂർ	4
3	പൗർണ്ണമി കലാകായിക സമിതി	നെടുമൺകാവ്	7
4	സംഗമം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	നെടുമൺകാവ്	7
5	ബോധി സാംസ്കാരികവേദി	നെടുമൺകാവ്	7
6	നെടുമൺകാവ് ആർട്ട്സ് & സ്പോർട്ട്സ്	നെടുമൺകാവ്	7
7	ധ്വനി ആർട്ട്സ് & സ്പോർട്ട്സ്	ഒന്നാംകുറ്റി	1
8	പവിത്ര ക്ലബ്ബ്	പെരുന്താളൂർ	1
9	വിക്രം സാരാഭായ് യുവജന ക്ലബ്ബ്	പാടം	12
10	നവജീവൻ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	പാലമല	5
11	സാരഥി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	അതിരുങ്കൽ	9
12	സ്വപ്ന മെമ്മോറിയൽ ക്ലബ്ബ്	അതിരുങ്കൽ	9
13	താമര ആർട്ട്സ് & സ്പോർട്ട്സ്	കൂടൽ	10
14	നവഭാവന ആർട്ട്സ് ക്ലബ്ബ്	മുറിഞ്ഞകൽ	8
15	ഫിനിക്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	മുറിഞ്ഞകൽ	8
16	മഹാദേവ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	കലഞ്ഞൂർ	3
17	തേജസ്വിനി ക്ലബ്ബ്	നെടുമൺകാവ്	7
18	പൊൻപുലരി ക്ലബ്ബബ്ബ്	പാടം	12
19	നവജ്യോതി ക്ലബ്ബ്	പാടം	12
20	സർഗ്ഗം ബാലവേദി	തട്ടാകുടി	12
21	യുവശക്തി ക്ലബ്ബ്	തട്ടാകുടി	12
22	കൊട്ടന്തറ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	കൊട്ടന്തറ	2
23	ഫ്രണ്ട്സ് ക്ലബ്ബ്	പാടം	12

ഉത്സവങ്ങളും ആഘോഷങ്ങളും

കലഞ്ഞൂർ ശ്രീമഹാദേവർ ക്ഷേത്രത്തിലെയും കൂടൽ ശ്രീദേവി ക്ഷേത്രത്തിലെയും ഉത്സവങ്ങൾ ഈ നാടിന്റെ സാംസ്കാരികമായി വളർച്ചയ്ക്ക് വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വൈവിദ്ധ്യമാർന്ന ആഘോഷങ്ങളുടെ അകമ്പടി സേവിക്കാറുള്ള നമ്മുടെ ഉത്സവ നാളുകൾ ഈ നാട്ടിലെ എല്ലാ ജാതി മതസ്ഥരെയും ഒന്നുപോലെ നിലനിൽക്കുവാൻ പഠിപ്പിക്കുന്നു. കലഞ്ഞൂർ ക്രിസ്തീയ ദേവാലയത്തിൽനിന്നും പുറപ്പെടാറുള്ള വിശുദ്ധ റാസയും നബിദിനാഘോഷവും ക്ഷേത്രപരിസരത്തുകൂടി കടന്നു പോകുമ്പോൾ ആബാലവൃദ്ധം ജനങ്ങളും ആവയോടൊപ്പം പങ്കുചേരാറുണ്ട്. ഇതൊക്കെത്തന്നെ ഈ നാടിന്റെ മതസൗഹാർദ്ദ സന്ദേശമായി ഇന്നും നിലനിൽക്കുന്നു.

കലഞ്ഞൂർ ശ്രീ മഹാദേവ ക്ഷേത്രത്തിലെ ഉത്സവം വളരെ പ്രസിദ്ധമാണ്. ശ്രീ ചെമ്പൈ വൈദ്യനാഥ ഭാഗവതരും ശ്രീ ശമ്മാംകുടി ശ്രീനിവാസ അയ്യരും ശ്രീ ഷേക്ക് ചിന്ന മൗലാന സാഹിബ്, ശ്രീമതി എം.എസ് സുബ്ബലക്ഷ്മി ശ്രീ കെ.ജെ. യേശുദാസ്, ഡോ: ബാലമുരളീകൃഷ്ണ ഉൾപ്പെടെയുള്ള ഭാരതത്തിലെ അതിപ്രഗത്ഭരായ സംഗീത വിദ്വാന്മാർ ഉത്സവ വേദിയിൽ എത്തിയിട്ടുണ്ട്. കഥകളി, നൃത്തം, സംഗീതം, നാദസ്വര കച്ചേരി, നാടകം തുടങ്ങിയ കലകൾക്ക് ജാതിമതഭേദമെന്യേ മഹനീയ സ്ഥാനം കല്പിച്ചിട്ടുള്ള ഇന്നാടിന്റെ ഉത്സവത്തോടുള്ള അഭിവാഞ്ഛ എക്കാലത്തും നിലനിർത്തിപോരുവാൻ ഇവിടുത്തുകാർ ശ്രദ്ധിച്ചിട്ടുണ്ട്.

കെട്ടുകാഴ്ചയുടെ പ്രാധാന്യവും എടുത്തു പറയേണ്ടതാണ്. കൂടാതെ ഉത്സവ കാലത്തു നടക്കാറുള്ള കാള ചന്തയും വയൽ വാണിഭവും ശ്രദ്ധേയമാണ്. മഹാശിവരാത്രി ദിവസം ഈ ക്ഷേത്രത്തിൽ നടത്തിവരുന്ന കാവടിയാട്ടവും അതിപ്രശസ്തമാണ്. വൃശ്ചികം 1 മുതൽ 41 ദിവസം നീണ്ടുനിൽക്കുന്ന ചിറപ്പുമഹോത്സവം ഇന്നാട്ടിലെ പ്രധാന ആഘോഷമാണ്.

മഹിളാ സമാജങ്ങൾ

പഞ്ചായത്തിൽ ജാതി-മത ചിന്തകൾക്ക് ഉപരിയായി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. ആദ്യകാലങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന ചിലമഹിളാസമാജങ്ങൾ പിൽക്കാലത്ത് പ്രവർത്തനമില്ലാതാവുകയും അതിനുശേഷം ക്രൈസ്തീയ സഭകളുടേയും N.S.S., S.N.D.P. തുടങ്ങിയ സംഘടനകളുടേയും നേതൃത്വത്തിൽ ചില മഹിളാ സമാജങ്ങൾ നിലവിൽ വരുകയുണ്ടായി. അവരുടേതു മാത്രമോ, ഓണാഘോഷത്തിനുമാത്രമോ ആയ പരിപാടികളും ആഘോഷങ്ങളുമല്ലാതെ എടുത്തുപറയത്തക്ക ഒരു നേട്ടവും ഉണ്ടായിട്ടില്ല. എന്നാൽ രാഷ്ട്രീയ സംഘടനകൾ നേതൃത്വം കൊടുക്കുന്ന മഹിളാകോൺഗ്രസ്, മഹിളാ സംഘം, ശാസ്ത്ര സാഹിത്യ പരിഷത്ത് നേതൃത്വം കൊടുക്കുന്ന വനിതാവേദി (സമിതാ) തുടങ്ങിയ സംഘടനകളും പ്രവർത്തിക്കുന്നു.

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മഹിളാസമാജങ്ങൾ

ക്രമനമ്പർ	സംഘടനകളുടെ പേര്	സ്ഥലം	വാർഡ്
1.	കസ്തൂർബാ മഹിളാസമാജം	മുറിഞ്ഞകൽ	8
2.	ദേശസേവിനി മഹിളാസമാജം	കൂടൽ	6
3.	പ്രിയദർശിനി മഹിളാസമാജം	കലഞ്ഞൂർ	3
4.	വനിതാ വേദി	കലഞ്ഞൂർ	3
5.	കേരള മഹിളാസംഘം	കലഞ്ഞൂർ	3
6.	മഹിളാ അസോസിയേഷൻ	കലഞ്ഞൂർ	3
7.	മഹിളാ കോൺഗ്രസ്	കൂടൽ	3

ഏതൊരു രാഷ്ട്രത്തിന്റെയും സമ്പത്ത് ആ രാഷ്ട്രത്തിലെ കുട്ടികളുടെ വളർച്ചയിലൂടെ ഭദ്രമാക്കാവുന്നതേയുള്ളു. നമുക്കും ഭാവിയുടെ രാഷ്ട്രനിർമ്മാണത്തിൽ കഴിയും വിധം ഇടപെടാനും പ്രവർത്തിക്കുവാനും ഉതകുന്നതരത്തിൽ കുട്ടികളെ വളർത്തി കൊണ്ടുവരുന്നത് അനിവാര്യമാകയാൽ, നമ്മുടെ ശക്തികൾക്കു വേണ്ടി നാം ഇന്നു പണിയെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ കുട്ടികളുടെ സ്വതന്ത്ര വീക്ഷണവും ശാസ്ത്ര നിരീക്ഷണവും പരിപോഷിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു പ്രവർത്തിച്ചുവരുന്ന ബാലസംഘങ്ങൾ ഉൾപ്പെടെയുള്ള കായികവും കലാപരവുമായ അവരുടെ കരുത്ത് നിലനിർത്തുവാൻ വേണ്ടി യത്നിക്കുന്ന സംഘടനകളും കൂടാതെ സമസ്ത മേഖലകളെ കുറിച്ചും സ്വതന്ത്രമായി പഠിക്കുവാൻ അവർക്ക് അവസരം നൽകുന്ന സംഘടനകൾ ഉൾപ്പെടെ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ നിരവധി ബാലസംഘടനകൾ ഇവിടെ പ്രപർത്തിക്കുന്നു.

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാലസംഘടനകൾ

ക്രമനമ്പർ	ബാലസംഘടനകളുടെ പേര്
1.	ബാലവേദി
2.	ബാലസംഘം
3.	ബാലഗോകുലം
4.	ബാലജനസഖ്യം
5.	മാതൃഭൂമി സ്റ്റഡീസർക്കിൾ

കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം

1994 ജൂലൈ മാസത്തിൽ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം ഉദ്ഘാടനം ചെയ്യപ്പെടുകയും പ്ലാസ്ഥനത്തു മഠത്തിൽ ബ്രഹ്മശ്രീ. ആർ. രാമരുപോറ്റിയുടെ നാമധേയത്തിൽ നിലനിർത്തി പ്രവർത്തിച്ചുവരുന്നു. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിൽ നിലനിൽക്കുന്ന സാംസ്ക്കാരിക നിലയത്തിന് വിശാലമായ ഒരു ഹാളും ഒരു ലൈബ്രറിയും റീഡിംഗ് റൂമും പ്രവർത്തിച്ചുവരുന്നു. ശാസ്ത്ര വൈജ്ഞാനിക റഫറൻസു ഗ്രന്ഥങ്ങൾ ഉൾപ്പെടെ 1250ഓളം ഗ്രന്ഥങ്ങൾ ലൈബ്രറിയിലുണ്ട്. ദിനപത്രങ്ങളും ആനുകാലികങ്ങളുമായി ഒൻപതോളം പ്രസിദ്ധീകരണങ്ങൾ സാംസ്ക്കാരിക നിലയത്തിലുണ്ട്. ഈ സ്ഥാപനത്തിൽ ഏകദേശം 90 അംഗങ്ങൾ സ്ഥിരം വരിക്കാരായിട്ടുണ്ട്. ലൈബ്രേറിയനായി സി.കെ. അശോകൻ പ്രവർത്തിക്കുന്നു.

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ പ്രചാരത്തിലുള്ള ദിനപത്രങ്ങളും ആനുകാലികങ്ങളും

ദിനപത്രങ്ങൾ	മാസിക/വാരിക
ദേശാഭിമാനി	മാതൃഭൂമി
കേരള കൗമുദി	കലാകൗമുദി
മാതൃഭൂമി	നവയുഗം
മംഗളം	ഭാഷാപോഷിണി
ഇൻഡ്യൻ എക്സ്പ്രസ്	ഇൻഡ്യാ ടുഡേ
ജനയുഗം	ദേശാഭിമാനി
ഹിന്ദു	ചിന്ത
വീക്ഷണം	മനോരാജ്യം
ജന്മഭൂമി	മംഗളം
	മനോരമ
	കേരള ശബ്ദം
	യൂറിക്ക
	ശാസ്ത്രകേരളം
	ശാസ്ത്ര ഗതി

പ്രശ്നങ്ങൾ

1. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 21 ആർട്ട്സ് ആന്റ് സ്പോർട്ടസ് ക്ലബുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല.
2. പഞ്ചായത്തിലെ പ്രമുഖ വായനശാലകളിൽ നാലെണ്ണത്തിന് സ്വന്തം സ്ഥലത്ത് കെട്ടിടമില്ല.
3. സ്വന്തമായി ഉപകരണങ്ങൾ ഇല്ലാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്പോർട്ട് ക്ലബുകളാണ് അധികവും.
4. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നിലവിലുള്ള ഗ്രന്ഥശാലകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
5. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന മിക്ക ഗ്രന്ഥ

ശാലകളിലും ലൈബ്രേറിയൻമാരില്ല.

6. പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തകർക്ക് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.
7. സ്കൂളുകളിൽ സയൻസ് ക്ലബുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.
8. കാര്യക്ഷമമായ തരത്തിൽ പുസ്തകവിതരണം ഗ്രന്ഥശാലകളിൽ നടക്കുന്നില്ല.
9. വായനാശീലമുള്ളവരുടെ എണ്ണം തുലോം കുറവാണ്.
10. മിക്ക ലൈബ്രറികളിലും ജനകീയ മാദ്ധ്യമങ്ങളില്ല.
11. പൊതുവേ നിലവാരമുള്ള പ്രസിദ്ധീകരണങ്ങളുടെ പ്രചാരണവും കുറവാണ്.
12. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം പൂർണ്ണമായി നിലച്ചുപോയിരിക്കുന്നു.
13. നമ്മുടെ നാട്ടിലെ സാംസ്ക്കാരിക സ്ഥാപനങ്ങൾ ചർച്ചകളോ സെമിനാറുകളോ സംഘടിപ്പിക്കുന്നതിൽ വിമുഖരാണ്.
14. പഞ്ചായത്തിലെ നിരവധി കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.


നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലുള്ള എല്ലാ ഗ്രന്ഥശാല പ്രവർത്തകരെയും സംഘടിപ്പിച്ചുകൊണ്ട് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ കൂട്ടായി വിലയിരുത്തുവാൻ ഒരു മാസത്തിൽ കുറഞ്ഞത് ഒരു വേദിയെങ്കിലും ഒരുക്കണം.
2. ഗ്രന്ഥശാല പ്രവർത്തകരുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങളെ വിലയിരുത്തി പ്രോത്സാഹിപ്പിക്കണം.
3. നശിച്ചുകൊണ്ടിരിക്കുന്ന കലാസാംസ്ക്കാരിക സ്ഥാപനങ്ങളുടെ പുന:പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക.
4. പഞ്ചായത്തിൽ നിന്നും ഗ്രന്ഥശാലകൾക്ക് കൊടുക്കുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കുക.
5. ഗ്രന്ഥശാലകളിൽ സ്ഥിരമായി ലൈബ്രേറിയൻമാരെ നിയമിക്കുക.
6. ഗ്രന്ഥശാലകൾക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുക. (അലമാരകൾ, സെയ്ഫ്, മേശകൾ തുടങ്ങിയവ)
7. ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് ആവശ്യമായ ഉപകരണങ്ങളും സ്പോർട്ടസ് ഐറ്റംസുകളും നൽകുക.
8. പഞ്ചായത്തിലുള്ള സാംസ്ക്കാരിക പ്രവർത്തകരും സ്പോർട്ട്സ് രംഗത്തു പ്രവർത്തിക്കുന്നവരും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഒന്നിച്ചു കൂടി കാര്യക്ഷമമായി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക.
9. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ സർവ്വേനടത്തി പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ അനുബന്ധ പരിപാടികൾ സംഘടിപ്പിക്കണം.
10. സ്പോർട്ടസ് പരിപാടികൾക്ക് പ്രോത്സാഹനം നൽകുന്നതിന് വ്യക്തികളേയും സ്ഥാപനങ്ങളേയും കണ്ടെത്തുകയും അതുവഴി സ്ഥിരമായി മത്സരങ്ങൾ സംഘടിപ്പിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതുൾപ്പെടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും വേണം.
11. നിലവിലുള്ള പഞ്ചായത്തു സ്റ്റേഡിയത്തിന്റെ പരാധീനതകൾ പരിഹരിച്ച് സ്ഥിരമായി മത്സരയിനങ്ങൾ സംഘടിപ്പിക്കുകയും വേണം.
12. പഞ്ചായത്തു സ്റ്റേഡിയത്തിന് സ്വന്തമായി കിണറും കക്കൂസും മറ്റു സൗകര്യങ്ങൾ എന്നിവ ഉണ്ടാകേണ്ടതാണ്. കൂടാതെ വൈദ്യുതി കണക്ഷൻ ചാർജ്ജ് പഞ്ചായത്തു വഹിക്കേണ്ടതുമാണ്.
13. സ്കൂളുകളിലേയും മറ്റും പ്രവർത്തുക്കുന്ന ഗ്രന്ഥശാല ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റു ചെയ്യണം.
14. വിദ്യാർത്ഥികൾക്ക് നിർബന്ധമായും സ്കൂൾ ലൈബ്രറികളിൽ നിന്നും പുസ്തകങ്ങൾ വിതരണം ചെയ്യണം.
15. പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുക.
16. P.T.A. കമ്മറ്റിയിൽ പഞ്ചായത്തു മെമ്പർമാരേയും മറ്റു സാമൂഹ്യ പ്രവർത്തകരേയും

അംഗങ്ങളായി ചേർക്കുക.

17. സ്കൂളുകളിൽ ടി.വി., റേഡിയോ തുടങ്ങിയ മാദ്ധ്യമങ്ങൾ വയ്ക്കുക, വിശ്രമ സമയങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക.
18. കുട്ടികൾക്കായി മാദ്ധ്യമങ്ങൾ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ സംസ്ഥാനതലത്തിൽ വിദഗ്ദ സമിതിയെ കൊണ്ട് പരിശോധനയ്ക്കു വിധേയമാക്കിയശേഷം സംപ്രേക്ഷണം ചെയ്യുക.
19. സാമൂഹ്യ പ്രശ്നങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
20. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ജനകീയ കമ്മറ്റി രൂപീകരിക്കുക.
21. ആയോധന കലകളെ പരിപോഷിപ്പിക്കുന്നതിന് കലാകാരന്മാർക്കുവേണ്ടി ഒരു സാംസ്ക്കാരിക സ്ഥാപനം തുറന്നു പ്രവർത്തനം ആരംഭിക്കുക.
22. നൃത്തം, സംഗീതം, ഉപകരണസംഗീതം, ആട്ടം, ഓട്ടൻതുള്ളൽ, വിൽപ്പാട്ട്, താളവാദ്യ ഉപകരണങ്ങളുടെ പരിശീലനം, സാംസ്ക്കാരിക കലകളും ക്ഷേത്രകലകളും സംരക്ഷിക്കൽ, തുടങ്ങിയവയ്ക്ക് ഒരു സാംസ്ക്കാരിക കേന്ദ്രം തുറന്നു പ്രവർത്തനം ആരംഭിക്കണം.
23. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നും അവശേഷിക്കുന്ന പുരാവസ്തുക്കൾ കണ്ടെത്തി സൂക്ഷിക്കുന്നതിനും അവ നമ്മുടെ സാംസ്ക്കാരിക മുതൽക്കൂട്ടായി തീർക്കുന്നതിനും പുരാവസ്തു ഗവേഷണത്തിന്റെ സഹായങ്ങൾ ഉറപ്പു വരുത്തണം.
24. നാടൻ കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിന് സ്ഥിരമായി ഒരു സ്ഥാപനം ആരംഭിക്കുക, അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
25. എല്ലാ സ്കൂളുകളിലും സയൻസ് ക്ലബ്ബുകൾ ആരംഭിക്കണം.






ഗതാഗതം

ഊർജ്ജം

വാർത്തവ്



റോഡ്

നമ്മുടെ പഞ്ചായത്ത് 66 ച. മൈൽ വിസ്തീർണ്ണമുള്ള അതിവിസ്തൃമായ ഭൂപ്രദേശമാണ്. റോഡു ഗതാഗത മാർഗ്ഗം മാത്രമേ നമുക്കുള്ളു. പി.ഡബ്ല്യു.ഡി., കെ.ഐ.പി., മൺ റോഡുകൾ, മെറ്റൽ റോഡുകൾ, പഞ്ചായത്ത് ടാർ റോഡുകൾ, ഇടവഴികൾ തുടങ്ങി 250.52 കി.മീ. നീളമുള്ള വിശാലമായ റോഡ് ശൃംഖലതന്നെ നമുക്കുണ്ട്. എന്നാൽ, കിഴക്കൻ മലയോര പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തിലെ അവികസിത പ്രദേശങ്ങളായ പൂമരുതിക്കുഴി. തട്ടാക്കുടി, വണ്ടണി, വാണിയംപാറ, പോത്തുപാറ, ഇരുട്ടുതറ, കമ്പകത്തുംപച്ച, കള്ളിപ്പാറ, തിടി തുടങ്ങിയ പ്രദേശങ്ങളുടെ വികസനത്തിന് റോഡുകളുടെ അപര്യാപ്തത നിഴലിച്ചു നില്ക്കുന്നു. ഈ പ്രദേശങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉത്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുവാനും കുട്ടികൾക്ക് വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എത്തുവനും രോഗ ബാധിതരാകുന്നവർക്ക് ആശുപത്രികളിൽ എത്തച്ചേരുവാനും യഥാസമയം കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ പ്രദേശങ്ങളുടെ വികസനത്തിന് അടിയന്തിരമായി റോഡ് സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ റോഡ് ശൃംഖല മെച്ചപ്പെടുത്തുവാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ സാമൂഹ്യവളർച്ചയ്ക്ക് ഇന്നുള്ള പ്രധാന പരിമിതിക്ക് പരിഹാരമാകും.

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

ടാർ ചെയ്യേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം കി.മീ.
1	I	മല്ലകുഴ-പൂതപ്പാറ-പുതുവൽ	2.00
2	I	കാലായിപ്പടി-കഞ്ഞോട്	1.50
3	I	കൊട്ടന്തറ-കൊടിയിൽപ്പടി-മാരൂർ	1.50
4	II	ഇടത്തറ-കരടിപ്പാറ	3.00
5	II	അമ്പലത്തുംകാല-കീഴൂട്ട്പടി	1.00
6	II	അമ്പലത്തുംകാല-ചിറയിൽപടി-കൊട്ടന്തറ	0.50
7	III	വായനശാലപ്പടി-കല്ലറേത്ത്പടി	1.00
8	IV	കീച്ചേരിപ്പടി-പട്ടരഴികത്ത് കടവ്	1.20
9	IV	കീച്ചേരിപ്പടി-കുറ്റുമൺ	1.50
10	IV	മണക്കാട്ടുപുഴ-വാഴത്തോട്ടം	2.50
11	IV	കുഴിക്കാട് - ഒറ്റക്കാവുങ്ങിനാൽ (വട്ടതറ)	1.50
12	V	സി.പി. റോഡ്	1.00
13	V	ചക്കിട്ടപ്പടി-പാലമല	0.50
14	V	പള്ളപ്പടി-പ്ലാന്റേഷൻ	1.00
15	V	പുന്നമൂട്പടി-നെല്ലിക്കോണം	1.00
16	VI	പോസ്റ്റോഫീസ്പടി-നെല്ലിമുരുപ്പ്	3.00
17	VI	സ്റ്റേഡിയം ജംഗ്ഷൻ-കൊല്ലൻപടി-പ്ലാന്റേഷൻ	2.50

18	VI	കൂടൽ അമ്പലപ്പടി-കരിമ്പുമണ്ണ്-നെടുമൺകാവ് കോളനി	3.00
19	VII	കൂടൽ H.S. ജംഗ്ഷൻ-പുത്തൻവിളപടി	1.00
20	VII	നെടുമൺകാവ് കോളനി-കുരിശുംമൂട്	2.50
21	VII	പറമ്പിൽപ്പടി-കരിമ്പുമണ്ണ്-അരുവണ്ണൂർ	1.00
22	VII	പുത്തൻ വീട്ടിൽ പടി മരുതുക്കാല	1.00
23	VIII	മുറിഞ്ഞകൽ-കരിങ്കുടുക്ക- SNDP പടി-കരിമരുത്തുനാൽപടി	1.50
24	VIII	ഇഞ്ചപ്പാറ-ചക്കുതറ-പാക്കണ്ടം	2.25
25	VIII	പൊടിമൺപടി-പാക്കണ്ടം റോഡ്	1.00
26	IX	സ്മോക്ക് ഹൗസ്-കള്ളിപ്പാറ	3.00
27	IX	എലിക്കോട്-അഞ്ചുമുക്ക്	1.00
28	IX	കുളത്തുമൺ SNDP-കുളത്തുമൺ ശിവക്ഷേത്രം	1.00
29	IX	അതിരുങ്കൽ-അഞ്ചുമുക്ക്	1.00
30	IX	മേരിവില്ല-സ്റ്റോർ-മേടക്കട	1.00
31	X	പോലീസ് സ്റ്റേഷൻ-ചെമ്പുമുരുപ്പ്	1.00
32	X	സ്റ്റേഡിയം ജംഗ്ഷൻ-ഹരിജൻ കോളനി-മിച്ചഭൂമി	2.00
33	X	സ്റ്റേഡിയം-പ്ലാച്ചിക്കൽ റോഡ്	1.00
34	X	ഗാന്ധി ജംഗ്ഷൻ-പാങ്ങോട്	1.50
35	XI	മാങ്കോട് H.S.-ഇരട്ടമുള്ളുവേലി	1.50
36	XI	ഇരട്ടമുള്ളുവേലി-തിടി-ലബ്ബക്കോൺ റോഡ്	1.60
37	XI	നിരത്തുപാറ-തിടി	1.50
38	XI	മാങ്കോട് H.S.-ഇരട്ടമുള്ളുവേലി	1.60
39	XI	പാടം വികൂറി ജംഗ്ഷൻ-ഫോറസ്റ്റ് സ്റ്റേഷൻ	1.50
40	XII	പിച്ചാണ്ടിക്കുളം-തട്ടാക്കുടി-പുമരുതിക്കുഴി	3.00
39	XII	പാടം-വെള്ളംതെറ്റി	3.00
40	XII	വാണിയംപാറ-വണ്ടണി-വികൂറി ജംഗ്ഷൻ	1.50

സൈഡ് കെട്ടി വീതി കൂട്ടി പണിയേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം കി.മീ.
1	I	ഒന്നാംകുറ്റി-പതുവുൽ റോഡ്	3.00
2	I	മരുതിമംഗലത്ത് പടി-കൊട്ടന്തറ-തോണിച്ചാലിൽപടി	2.00
3	I	കരയോഗമന്ദിരം-മല്ലങ്കുഴ റോഡ്	0.50

4	I	ഒന്നാംകുറ്റി-പെരുന്താളൂർ	0.75
5	I	കൊട്ടന്തറ-ഇടിഞ്ഞകുഴി	1.20
6	II	ഇടത്തറ-പെരുന്താളൂർ വയൽ റോഡ്	1.20
7	II	വെട്ടുവിളച്ചിറ-P.W.D. മെയിൻ റോഡ്	0.75
8	II	മലനട-ചാങ്ങേത്തറ റോഡ്	1.00
9	II	വെട്ടുവിള-മണ്ണിൽ തെക്കേക്കര	1.50
10	II	കാമ്പിയിൽപടി-ഇളങ്ങള്ളൂർപടി	0.50
11	III	ചക്കിട്ടയിൽപടി-മാവനാൽപടി	0.50
12	III	ഓണംപള്ളിപ്പടി-കൊല്ലൻപടി	0.50
13	III	പറയംകോട്പടി-മാമ്മൂട്പടി	0.50
14	III	ചാങ്ങാട്ട്പടി-പുതുപ്പറമ്പിൽപടി	0.50
15	IV	കളത്തൂർപടി-കടുവനാൽ റോഡ്	0.50
16	IV	തറമേൽപടി-ചെറിയകോണം ചാലിൽപടി	1.00
17	IV	വെണ്മേലിപടി-മാങ്കോട് H.S.	0.75
18	IV	കുഴിക്കാട്-ഒറ്റക്കവുങ്ങിനാൽ (വട്ടുതറി)	1.50
19	V	ചിറയിൽവടക്കേക്കര-കനാൽ-പാലമല	1.00
20	V	പുന്നമൂട് SNDP-കളനാഴിക്കോട്-ഒറ്റക്കവുങ്ങിനാൽ	2.00
21	V	പാറക്കൂട്ടം-കുരുമ്പേലിവിള	0.50
22	V	കുമ്പനാട്ടുപടി-മരോട്ടുമൂട്ടിൽപടി-തച്ചക്കോട്	0.50
23	V	കുറ്റുമൺ-ഊറാന്തടം	1.00
24	VI	എള്ളുംകാലാ-കല്ലുവെട്ടാങ്കുഴി-പ്ലാന്റേഷൻ	1.00
25	VI	ഈഴനേത്ത്-കോലത്തുപടി	1.00
26	VI	കുരീക്കാട്ടിൽപടി-കൊല്ലിയാനിക്കോട്-പ്ലാന്റേഷൻ	1.50
27	VI	ചരുവിൽപ്പടി-പല്ലൂർപ്പടി	1.00
28	VI	ഇഞ്ചപ്പാറ-എഴികത്ത്പടി	1.75
29	VII	തെക്കേക്കരപടി--മൊട്ടപ്പാറ	1.00
30	VII	നെടുമൺകാവ്-മൂർത്തിമൺ--പ്ലാന്റേഷൻ	0.75
31	VII	ഫാക്ടറിപ്പടി-പ്ലാന്റേഷൻ	0.75
32	VII	പുലത്തുപടി-പുലിവാരത്തുപടി	0.50
33	VIII	അമ്പലത്തുംപടി-ലക്ഷ്മിവിലാസം റോഡ്	0.50
34	IX	വയലിറക്കത്ത് പടി-അഞ്ചുമുക്ക് റോഡ്	1.00

35	IX	കുളത്തുമൺ-കമ്പകത്തുംപച്ച	2.00
36	IX	കുളത്തുമൺ-താമരപ്പള്ളി	1.00
37	IX	കാരയ്ക്കാക്കുഴി-അഞ്ചുമുക്ക്	1.00
38	IX	അഞ്ചുമുക്ക്-നാലാം ബ്ലോക്ക്	1.00
39	IX	പോത്തുപാറ-ചേലമൺ	1.00
40	IX	പോത്തുപാറ-പൂമരുതിക്കുഴി	2.00
41	IX	പൂമരുതിക്കുഴി-കല്ലേലി	2.00
42	IX	കാരയ്ക്കാക്കുഴി-നിരവത്തുപടി	1.50
43	X	തയ്യിൽപടി-വട്ടത്തകിടി റോഡ്	0.50
44	X	പുതുക്കുളംപടി-പാങ്ങോട്	1.00
45	X	ഏലിയാമൂല-പത്തിശ്ശേരി	1.00
46	X	ഇഞ്ചപ്പാറ-പത്തേക്കർ റോഡ്	1.00
47	X	ചെമ്പുമുരുപ്പ്-പുന്നമൂട്	1.00
48	X	വില്ലേജ് ഓഫീസ് പടി-പയറ്റുകാല	1.00
49	XI	കള്ളിപ്പാറ-വട്ടമുരുപ്പ്-തിടി	2.00
50	XI	വയലിറക്കത്ത്പടി-നിരത്തുപാറ റോഡ്	1.20
51	XI	സ്റ്റോർമുക്ക്-ഇരുതോട്	1.60
52	XI	തേരകത്ത് എസ്റ്റേറ്റ്-പവ്വത്ത്പടി-തോട്ടുകര	1.50
53	XI	മാങ്കോട് H.S.-ഫാക്ടറിപ്പടി	0.80
54	XI	എലിക്കോട്-കള്ളിപ്പാറ റോഡ്	2.00
55	XII	ലബ്ബക്കോൺ-തട്ടാക്കുടി റോഡ്	0.50
56	XII	തട്ടാക്കുടി-ഇരുതോട്	1.50
57	XII	പള്ളിപ്പടി-ചിറപ്പാട്ട് പടി	1.00
58	XII	വികുറി ജംഗ്ഷൻ-അയത്തിപ്പടി	1.00
59	XII	പടയണിപ്പാറ-എരുത്വാപ്പുഴ	1.50
60	XII	തട്ടാക്കുടി-I.H.D.P. കോളനിപ്പടി	2.00
61	XII	തട്ടാക്കുടി-I.H.D.P. കോളനി-പാടം	1.50
62	XII	കലഞ്ഞൂർ-പാടം	8.00

കയറ്റം വെട്ടിത്താഴ്ത്തേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	വെട്ടിത്താഴ്ത്തേണ്ട സ്ഥലങ്ങൾ
1	I	ഒന്നാംകുറ്റി-പുതുവൽ	കഞ്ഞോട് കയറ്റം
2	II	ഇടത്തറ-മലനട	കരടിപ്പാറ കയറ്റം
3	IV	തറമേൽപടി-മാടത്തിൽപടി	വലിയകോണം മുരുപ്പ്
4	VI	ഇഞ്ചപ്പാറ-എഴികത്ത് പടി	എഴികത്ത് കയറ്റം
5	VIII	കൂടൽ H.S.-പാക്കണ്ടം	H.S.ന് മുകളിലുള്ള കയറ്റം
6	IX	പോത്തുപാറ-ചേലമൺ	ചേലമൺ കയറ്റം
7	IX	ചക്കരപ്പടി-വാലുപാറ-പോത്തുപാറ	വാലുപാറ കയറ്റം
8	IX	കുളത്തുമൺ-SNDP-താമരപ്പള്ളി	കയറ്റം
9	IX	കുളത്തുമൺ-കുറ്റിക്കാട്ട് മല	കുറ്റിക്കാട്ടുമല
10	XII	കലഞ്ഞൂർ-പാടം PWD	പുന്നക്കുടി കയറ്റം
11	XII	പാടം-വണ്ടണി	വണ്ടണി കയറ്റം
12	XI	ഇരട്ടമുള്ളുവേലി-തിടി	പാണ്ടിത്തിട്ട മുരുപ്പ്

പാലം പണിയേണ്ട സ്ഥലങ്ങൾ

ക്രമ നമ്പർ	വാർഡ്	പാലം പണിയേണ്ട സ്ഥലങ്ങൾ
1	I	കൊട്ടൻതറ - ഇടിഞ്ഞകുഴി കോളനി റോഡിൽ KIP സബ് കനാൽ ഭാഗത്ത് പാലം പണിയണം.
2	II, III	കലഞ്ഞൂർ പി.ഡബ്ല്യു.ഡി. റോഡിൽ കൊന്നാംതോടിന് കുറുകെ പാലത്തിന് വീതികൂട്ടി ബലപ്പെടുത്തണം
3	II, IV	II, IV വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് മണ്ണിൽപ്പടി തോടിനു കുറുകെ നടപ്പാലം നിർമ്മിക്കണം.
4	IV	പട്ടരഴി.കത്ത് കടവിൽ പത്തനാപുരം പഞ്ചായത്തിനെ ബന്ധിപ്പിച്ചുകൊണ്ട് നടപ്പാലം പണിയണം
5	IV	ഡിപ്പോ കട്ടച്ചിക്കടവിൽ പാലം നിർമ്മിച്ച് പത്തനാപുരം പഞ്ചായത്തുമായി ബന്ധിപ്പിക്കണം
6	VII	പറമ്പിൽപടി - കരിമ്പും മണ്ണ് അരിമണ്ണൂർ റോഡിൽ പറമ്പിൽ പടിയിൽ നിലവിലുള്ള പാലം വീതി കൂട്ടി പണിയണം
7	VII	പുലത്തു പടി - പുലിവാരത്തുപടി റോഡിന്റെ സൈഡ് കെട്ടി പുലിവാരത്തു പടിയിൽ ഒരു പാലം നിർമ്മിക്കണം.
8	IX	കാരയ്ക്കാക്കുഴി-അഞ്ചുമുക്ക് റോഡിൽ കൊച്ചുപുരപ്പടിയിൽപാലം നിർമ്മിക്കണം
9	IX	ചക്കരപ്പടി-വാലുപാറ റോഡിൽ പാലം നിർമ്മിക്കണം

10	IX	അഞ്ചുമുക്ക്-നാലാ ബ്ലോക്ക് റോഡിൽ പാലം നിർമ്മിക്കണം
11	IX	പൂമരുതിക്കുഴി-സണ്ണിമുക്ക് റോഡിൽ പൂമരുതിക്കുഴി ജംഗ്ഷനിൽ പാലം നിർമ്മിക്കണം
12	IX	കുളത്തുമൺ ശിവക്ഷേത്രത്തിലേക്കുള്ള വയൽ വഴിയുള്ള റോഡിൽ തോടിന് കുറുകെ നടപ്പാലം നിർമ്മിക്കണം
13	IX	കുളത്തുമൺ-കുറ്റിക്കാട്ടുമല റോഡിൽ പാലം നിർമ്മിക്കുക
14	IX	പൂമരുതിക്കുഴി-കല്ലേലി റോഡിൽ പാലം നിർമ്മിക്കണം
15	IX	കൂടൽ-രാജഗിരി റോഡിൽ-അതിരുങ്കൽ അഞ്ചുമുക്ക് റോഡിൽ തോട്ടുകര പാലം പുതുക്കിപ്പണിയണം
16	X	പത്തിശ്ശേരി-എലിയാമൂല-പാങ്ങോട് റോഡിൽ പാലം നിർമ്മിക്കണം (കെ.ഐ.പി.)
17	X	മഞ്ഞപ്പുഴക്കോൺ വയലിൽ പാലം നിർമ്മിക്കണം
18	XI	കൂടൽ-രാജഗിരി എ.വി.ടി. ഹോസ്പിറ്റൽ പടി തടിപ്പാലം മാറ്റി പുതിയ പാലം വേണം
19	XI	കൂടൽ-രാജഗിരി പി.ഡ.ബ്ല്യു.ഡി. റോഡിൽ പാലം വീതികൂട്ടി പുതുക്കിപ്പണിയണം.
20	XII	പുളിമൂട്ടിപ്പടി തോടിന് കുറുകെ ഒരു നടപ്പാലം പണിയണം
21	XII	കിടങ്ങുമുരുപ്പ്-കമ്പിലൈൻ റോഡിൽ ഒരു നടപ്പാലം പണിയണം
22	XII	പാടം-വണ്ടണി റോഡിൽ തോടിന് കുറുകെ പാലം പണിയണം
23	XII	തട്ടാക്കുടി-ഇരുതോട് റോഡിൽ പാലം നിർമ്മിക്കണം
24	XII	ഗുരുമന്ദിരം-പടയണിപ്പാറ റോഡിൽ പാലം പണിയണം
25	XII	വഞ്ചിപ്പടി-എരുത്വാപ്പുഴ് റോഡിൽ എം.എസ്. പടിയിലും കൃഷ്ണൻ പടിയിലും ഓരോ പാലങ്ങൾ നിർമ്മിക്കണം.
26	III	വായനശാലപ്പടി-കല്ലറേത്ത്പടി റോഡിൽ കൂടമുളയ്ക്കൽ പാലം വീതികൂട്ടി ബലപ്പെടുത്തണം.
27	III	കല്ലശ്ശേരിമുക്ക്-പറയങ്കോട് റോഡിൽ മാവനാൽപടി പാലം വീതി കൂട്ടി ബലപ്പെടുത്തണം
28	III	പറയങ്കോട്-മലനട റോഡിൽ കനാൽ ഭാഗത്ത് കനാൽ പാലം വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം.
29	II	പട്ടന്റയ്യത്ത് പടിക്കൽ ഒരു നടപ്പാലം നിർമ്മിക്കണം
30	IX	കുളത്തുമൺ-കുറ്റിക്കാട്ട് പടിയിൽ ഒരു പാലം നിർമ്മിക്കണം.

കലുങ്കുകളും ചപ്പാത്തുകളും നിർമ്മിക്കേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ്	കലുങ്കുകളും ചപ്പാത്തുകളും നിർമ്മിക്കേണ്ട റോഡുകൾ
1	I	ഒന്നാം വാർഡിൽ ഒന്നാം കുറ്റി കഞ്ഞോട്ടു റോഡിൽ രണ്ട് കലുങ്കുകൾ നിർമ്മിക്കണം
2	I	ഒന്നാംകുറ്റി പെരുന്താളൂർ റോഡിൽ രണ്ട് കലുങ്കുകൾ നിർമ്മിക്കണം
3	I	മല്ലങ്കുഴ-കാലായിപ്പടി-കഞ്ഞോട്ടുപടി റോഡിൽ രണ്ട് കലുങ്കുകളും ഒരു ചപ്പാത്തും നിർമ്മിക്കണം
4	I	മരുതിമംഗലം മല്ലങ്കുഴ-കാരംവേലി റോഡിൽ ഒരു ചപ്പാത്തും രണ്ടു കലുങ്കുകളും നിർമ്മിക്കണം.
5	I	കൊട്ടംതറ-ഏനാദിമംഗലം റോഡിൽ ഒരു ചപ്പാത്തും ഒരു കലുങ്കും നിർമ്മിക്കണം.
6	II	കാമ്പിയിൽപടി-ഇളങ്ങള്ളൂർപടി റോഡിൽ ഒരു കലുങ്കും ഒരു ചപ്പാത്തും നിർമ്മിക്കണം.
7	II	കീഴൂട്ടുപടി-ഐ.ടി.സി.പടി റോഡിൽ ഒരു ചപ്പാത്ത് നിർമ്മിക്കണം.
8	II	കരടിപ്പാറ മലനട റോഡിൽ ഇടഞ്ഞിക്കുഴി ഭാഗത്ത് ചപ്പാത്ത് നിർമ്മിക്കണം
9	II	ഇടത്തറ-പാണംപറമ്പിൽ റോഡിൽ പി.ഡബ്ല്യു.ഡി. റോഡുമായി ചേരുന്ന ഭാഗത്ത് സ്ലാബ് വാർത്തിടുക
10	II	ഇടത്തറ-കൊട്ടംതറ റോഡിൽ മുള്ളാംകാട്ടിൽ പടിക്കൽ സ്ലാബ് വാർത്തിടുകയും എസ് വളവ് നിവർക്കുകയും വേണം.
11	IV	കീച്ചേരി-കൊന്നേലയ്യം റോഡിൽ രണ്ട് ചപ്പാത്ത് നിർമ്മിക്കണം.
12	IV	മണക്കാട്ടുപുഴ-കൊല്ലവാറ റോഡിൽ കലുങ്കും ചപ്പാത്തും നിർമ്മിക്കണം
13	V	സി.പി.-പാലമല റോഡിൽ ഒരു കലുങ്കും ഒരു ചപ്പാത്തും നിർമ്മിക്കണം.
14	V	പുന്നമൂട് തറയിൽ പടി റോഡിൽ രണ്ട് കലുങ്കുകൾ നിർമ്മിക്കണം.
15	VI	സ്റ്റേഡിയം-പ്ലാന്റേഷൻ റോഡിൽ ചപ്പാത്ത് നിർമ്മിക്കണം
16	VI	ഇഞ്ചപ്പാറ-കൊല്ലിയാനിക്കോട് റോഡിൽ കലുങ്ക് പണിയണം.
17	VII	നെടുമൺകാവ്-ചന്ദനപ്പള്ളി പി.ഡബ്ല്യു.ഡി. റോഡിൽ പ്ലാന്റേഷൻ ഹോസ്പിറ്റലിന് കിഴക്ക് ഒരു കലുങ്ക് നിർമ്മിക്കണം.
18	VII	നെടുമൺകാവ് കുരിശുംമുക്ക് പടിഞ്ഞാറും കിഴക്കുമായി രണ്ട് കലുങ്കുകൾ നിർമ്മിക്കണം.

19	VII	മൊട്ടപ്പാറ റോഡിൽ 3 കലുങ്കും ഒരു ചപ്പാത്തും പണിയണം.
20	VII	പാറക്കൂട്ടം റോഡിൽ ഒരു കലുങ്ക് പണിയണം.
21	VII	കരുമ്പിൽ മണ്ണിൽ ഭാഗത്ത് 2 കലുങ്ക് നിർമ്മിക്കണം.
22	VII	പുലിവാരത്തുപടിയിൽ ഒരു കലുങ്ക് നിർമ്മിക്കണം.
23	VII	കോളനി കുരിശുംമൂട്ടിൽ ഒരു കലുങ്ക് നിർമ്മിക്കണം.
24	VII	കൊച്ചുങ്കൽ റോഡിൽ രണ്ട് ചപ്പാത്തുകൾ നിർമ്മിക്കണം.
25	VII	കോളനി-കുരിശുംമൂട് റോഡിൽ ഒരു ചപ്പാത്ത് നിർമ്മിക്കണം.
26	VIII	ഇഞ്ചപ്പാറ പാക്കണ്ടം റോഡിൽ രണ്ട് ചപ്പാത്തുകൾ വേണം.
27	VIII	താന്നിമൂട് പാറക്കടവ് റോഡിൽ രണ്ട് കലുങ്കുകൾ നിർമ്മിക്കണം.
28	IX	കുളത്തുമൺ എസ്.എൻ.ഡി.പി. താമരപ്പള്ളി റോഡിൽ കലുങ്ക് നിർമ്മിക്കണം.
29	IX	മേരിവില്ല മേടക്കട റോഡിൽ രണ്ട് ചപ്പാത്തുകൾ നിർമ്മിക്കണം.
30	IX	അഞ്ചുമുക്ക്-മണ്ണിൽപടി റോഡിൽ രണ്ട് ചപ്പാത്തുകൾ നിർമ്മിക്കണം.
31	X	തയ്യിൽപടി-വട്ടത്തകിടി റോഡിൽ കലുങ്ക് നിർമ്മിക്കണം.
32	X	കൂടൽപയറ്റുകാല-പത്തിശ്ശേരി റോഡിൽ കലുങ്ക് നിർമ്മിക്കണം.
33	XI	അഞ്ചുമുക്ക്-നിരത്തുപാറ റോഡിൽ കലുങ്ക് നിർമ്മിക്കണം.
34	XI	നിരത്തുപാറ തിടി റോഡിൽ ഒരു ചപ്പാത്തും കലുങ്കും പണിയുക
35	XII	പാടം-വണ്ടണി റോഡിൽ മൂന്ന് കലുങ്കും ഒരു ചപ്പാത്തും നിർമ്മിക്കണം.
36	XII	പിച്ചാണ്ടിക്കുളം-തട്ടാകുടി-പൂമരുതിക്കുഴി-കോളനി റോഡിൽ നാല് കലുങ്കും ഒരു ചപ്പാത്തും നിർമ്മിക്കണം.
37	XII	തട്ടാകുടി-ഇരുതോടു തോട്ടിൽ ചപ്പാത്തു നിർമ്മിക്കണം.
38	XII	ഗുരുമന്ദിരംപടി-പടയണിപ്പാറ റോഡിൽ ഒരു കലുങ്കു നിർമ്മിക്കണം.
39	XII	പാറുവേലി പടിയിൽ കലുങ്ക് നിർമ്മിക്കണം.
40	XII	വഞ്ചിപ്പടി-എരിത്വാപ്പുഴ റോഡിൽ കലുങ്ക് നിർമ്മിക്കണം.
41	XII	വട്ടമുരുപ്പേൽപടിയിൽ കലുങ്ക് നിർമ്മിക്കണം.
42	XII	വികറി-കന്യാർകുഴി റോഡിൽ ഒരു കലുങ്ക് നിർമ്മിക്കണം.
43	I	മല്ലങ്കഴ-പൂതപ്പാറ-പുതുവൽ റോഡിൽ രണ്ട് കലുങ്കും ഒരു ചപ്പാത്തും നിർമ്മിക്കുക.
44	IV	കീച്ചേരി-പട്ടരഴികത്ത് റോഡിൽ രണ്ട് ചപ്പാത്തും കലുങ്കും നിർമ്മിക്കണം.

പുതിയതായി പണിയേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡ്	നീളം കി.മീ.
1	I	മാങ്കുട്ടംപടി-കഞ്ഞോട്ടുപടി റോഡ് നിർമ്മിക്കണം	1.00
2	I	പുതുവയൽ കാരംവയൽ - ജംഗ്ഷനിൽ നിന്നും തോണിചാൽ റോഡിലേക്കു തിരിയുന്ന ഭാഗത്തു നിന്നും പൂതപ്പാറ വയൽ റോഡ് നിർമ്മിക്കണം.	
3	II	മടയത്രപടി-പെരുന്താളൂർ റോഡ് നിർമ്മിക്കണം	1.00
4	II	വെട്ടുവിളഭാഗത്തുനിന്നും ചിറയുടെ തെക്കേക്കരയിൽക്കൂടി വിളയിൽഭാഗത്തേക്ക് റോഡ് നിർമ്മിക്കണം.	0.75
5	II	മണ്ണിൽപടി റോഡ് നിർമ്മിക്കണം	0.50
6	III	കാരുവയൽ ഭാഗത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ ബൗണ്ടറിയിൽക്കൂടിയുള്ള റോഡ് നിർമ്മിക്കണം.	0.75
7	IV	വന്മേലിൽ കലുങ്ക് ഭാഗത്തുനിന്നും മാങ്കോട് H.S. വരെ പുതിയ റോഡ് നിർമ്മിക്കണം.	1.00
8	IV	ചെറിയകോണം മുതൽ അഞ്ചുപറ വരെ റോഡ്.	0.50
9	IV	നാവിനാൽ-കുളത്തൂർപടി റോഡ് ലിങ്ക് റോഡ് നിർമ്മിക്കുക.	0.75
10	V	ചാങ്ങാട്ടുവിളപടി-മണലുവിളപടി റോഡ് നിർമ്മിക്കുക.	0.50
11	V	കുറ്റമൺ-ഊറാന്തടം റോഡ് നിർമ്മിക്കുക	1.00
12	V	കല്ലുവെട്ടാംകുഴി-തങ്കപ്പനാശാരിയുടെ വീടുഭാഗം വരെ	1.00
13	V	കെ.ഐ.പി. കാഞ്ഞിരമുകൾ റോഡ് നിർമ്മിക്കുക.	1.00
14	V	മാടപ്പാറ-ഒറ്റക്കമുകിനാൽ റോഡ്	1.00
15	V	പുതുവായത്ത്-കുമ്പനാട്ടുപടി റോഡുകൾ യോജിപ്പിക്കുക	1.00
16	V	കരിച്ചന്നൂർ-പാലമല റോഡുകൾ ബന്ധിപ്പിക്കുക	1.00
17	V	കലഞ്ഞൂർ പള്ളിയുടെ വടക്കുപടിഞ്ഞാറ് തേവലപ്പുറം ഭാഗം വരെ.	1.00
18	V	പുന്നമൂട്-തറയിൽ വട്ടുതറ റോഡ് നിർമ്മിക്കുക	1.00
19	VI	അംഗൻവാടി മുതൽ തെക്കോട്ടും വടക്കോട്ടും റോഡുകൾ നിർമ്മിക്കുക	1.00
20	VI	തെക്കുട്ടത്തിൽനിന്നും തെക്കോട്ട് വയലുവരെ റോഡ്	1.00
21	VI	സി.പി.പി. നായരുടെ വീടിനു വടക്കോട്ടും	

		പടിഞ്ഞാറ് തെക്കോട്ടും ഓരോ റോഡുകൾ നിർമ്മിക്കുക 1.00
22	VI	കല്ലടപടി മുതൽ വടക്കോട്ട് റോഡ് നിർമ്മിക്കുക
23	VI	തയ്യിൽ മുതൽ ചരുവിൽഏല വരെ റോഡ് നിർമ്മിക്കും
24	VII	മൊട്ടപ്പാറ റോഡ് 1 കി.മീ. പുതിയതായി റോഡ് നിർമ്മിക്കുക
25	VII	മരുതിക്കാലപടി -പുലത്തുപടി റോഡ് 0.5
26	VII	രമണൻ പടി മുതൽ കുരിശുംമൂട് റോഡുമായി ബന്ധിക്കുന്ന ഒരു റോഡ് നിർമ്മിക്കണം.
27	VII	അംഗൻവാടി - വാലുമണ്ണിൽ പടി.
28	IX	അതിരുങ്കൽ എസ്.എൻ.ഡി.പി. മന്ദിരം മുതൽ മേരിവില്ല വരെ റോഡ് നിർമ്മിക്കുക.
29	IX	മരുത്തുപടി മുതൽ സ്റ്റോർ മുക്ക് വരെ റോഡ് നിർമ്മിക്കുക.
30	IX	കൊച്ചുപുരപടി മുതൽ തോട്ടുകരപടി വരെ റോഡ് നിർമ്മിക്കുക
31	IX	അഞ്ചുമുക്ക്-ആകാശവാണി മുരുപ്പ് റോഡ് നിർമ്മിക്കുക
32	IX	പടപ്പാറ-കുഴി റോഡ് നിർമ്മിക്കുക
33	IX	പോത്തുപാറ-കോട്ടകുഴി സ്വാമിപടി വരെ റോഡ് നിർമ്മിക്കുക
34	IX	പോത്തുപാറ ക്ഷേത്രം-ചേലമണ്ണ് റോഡ് നിർമ്മിക്കുക
35	XI	പുന്നമൂട്-കാരയ്ക്കാകുഴി-കുരിശുംമൂട് റോഡ് സാറുമുക്കുമായി ബന്ധിപ്പിക്കുക.
36	XI	ഹൈസ്കൂൾ ജംഗ്ഷൻ മുതൽ എ.വി.ടി. വരെ റോഡ് വീതികൂട്ടി നിർമ്മിക്കുക.
37	XI	ആർ.പി.എസ്. ജംഗ്ഷൻ മുതൽ മേലേ മാങ്കോട് വരെ പുതിയ റോഡ് നിർമ്മിക്കുക
38	XI	ഇരട്ടമുള്ളുവേലി മുതൽ ഈട്ടിമൂട്-മുള്ളംചാൽ പ്രദേശവുമായി ബന്ധിപ്പിക്കുന്നതിന് എ.വി.ടി. എസ്റ്റേറ്റ് വഴി റോഡ് നിർമ്മിക്കുക.
39	XII	പടയണിപ്പാറ-എരിത്വാപ്പുഴ 1.05 കി.മീ. റോഡ് നിർമ്മിക്കണം.
40	XII	വെള്ളംതെറ്റി-ഇരുട്ടുതറ റോഡ് 1.05 കി.മീ. നിർമ്മിക്കുക.
41		പാടം-അച്ചൻകോവിൽ 20 കി.മീ. പുതുതായി റോഡ് നിർമ്മിക്കുക.

പ്രശ്നങ്ങൾ

1. റോഡുകൾ താഴ്ന്നു കിടക്കുന്നതിനാൽ മഴക്കാലത്തും വെള്ളപ്പൊക്കക്കാലത്തും ഗതാഗതം തടസ്സപ്പെടുന്നു.
2. റോഡുകളുടെ സൈഡിൽ ഓടയില്ലാത്തതു കാരണം വെള്ളം റോഡിൽക്കൂടി ഒഴുകുന്നു.
3. റോഡുകളുടെ സൈഡുകൾ അനധികൃതമായി കയ്യേറി കടകളും തട്ടികളും പരസ്യ ബോർഡുകളും സ്ഥാപിക്കുകവഴി അപകട സാദ്ധ്യത ഏറുന്നു.
4. വാഹനത്തിരക്കേറിയ റോഡുകളിൽ വീതി കുറഞ്ഞ പാലങ്ങൾ അപകടം വർദ്ധിപ്പിക്കുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്യുന്നു.
5. ഇടുങ്ങിയതും താഴ്ന്നതുമായ കലുങ്കുകൾ വെള്ളം കയറി റോഡ് താറുമാറാകുന്നതിന് കാരണമാകുന്നു.
6. സ്കൂളുകളുടെ മുൻപിൽ ബമ്പുകൾ ഇല്ലാത്തതുകൊണ്ട് അപകടം വർദ്ധിക്കുന്നു.
7. സമയാസമയങ്ങളിൽ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.
8. വളവുകളിൽ അകലെനിന്നു വരുന്ന വാഹനങ്ങൾ കാണാത്തതുകൊണ്ട് അപകടസാദ്ധ്യത വർദ്ധിക്കുന്നു.
9. വളവുകളിലും ബൈറൂട്ടുകൾ മെയിൻ റോഡിൽ ചേരുന്ന ഭാഗങ്ങളിലും വാഹനങ്ങൾ പാർക്കുചെയ്യുന്നത് അപകടങ്ങൾ വർദ്ധിപ്പിക്കുന്നു.
10. റോഡ് സൈഡിലെ ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകളും റോഡുകൾ വാട്ടറതോറിറ്റി, ടെലിഫോൺ ഡിപ്പാർട്ടുമെന്റും വ്യക്തികളും വെട്ടിക്കുഴിക്കുന്നതും അപകടം വർദ്ധിപ്പിക്കുകയും റോഡ് തകരാറിലാക്കുകയും ചെയ്യുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. പത്തനാപുരം മുതൽ കുമ്പഴ വരെയുള്ള പി.ഡബ്ല്യു.ഡി. മെയിൻ റോഡ് ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിന്റെ വീതി കൂട്ടി, ഓട നിർമ്മിച്ച്, പാലങ്ങളുടെ വീതി കൂട്ടി, ഇടുങ്ങിയ കലുങ്കുകൾ പുനർനിർമ്മിച്ച്, താഴ്ന്ന ഭാഗങ്ങൾ ഉയർത്തി, സൈഡ് വാൾ കെട്ടിയും ഈ മെയിൻ റോഡിൽ ഗതാഗതം സുഗമമാക്കുക.
2. എല്ലാ റോഡുകൾക്കും ഓടകളും സൈഡു വാളുകളും നിർമ്മിക്കുക.
3. റോഡിൽ ആവശ്യമായ ബമ്പുകളും സിഗ്നലുകളും സ്ഥാപിക്കുക.
4. റോഡുകളിലെ അനധികൃത കയ്യേറ്റത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുക.
5. റോഡുകളുടെ സംരക്ഷണം ജനകീയ സമിതിയെ ഏല്പിക്കുക.
6. പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ടാക്സി, ഓട്ടോറിക്ഷ, ജീപ്പ്, ടെമ്പോ, ലോറി എന്നീ വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് സ്റ്റാന്റുകൾ നിശ്ചയിച്ച് പാർക്ക് ചെയ്യിപ്പിക്കുക.
7. റോഡുകളിലെ അപകട സാദ്ധ്യതകളുള്ള വളവുകൾ മാറ്റി റോഡുകൾ നേരെയാക്കുക.
8. റോഡുകൾ നശിക്കാതിരിക്കുവാൻ വാട്ടർ അതോറിറ്റി, ടെലികോം, പി.ഡബ്ല്യു.ഡി. എന്നീ ഡിപ്പാർട്ടുമെന്റുകൾ പരസ്പര ധാരണയോടുകൂടി പ്രവർത്തിക്കണം.
9. കലഞ്ഞൂരിൽ പഴയ പഞ്ചായത്താഫീസ് നിൽക്കുന്ന സ്ഥലത്ത് ബസ് സ്റ്റാന്റ് നിർമ്മിക്കുക.

കലഞ്ഞൂർ പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ പട്ടിക

അവലംബം: പഞ്ചായത്ത് റോഡ് രജിസ്റ്റർ

വാർഡ്	പഞ്ചായത്ത് മൺ റോഡുകൾ			പഞ്ചായത്ത് റോഡുകൾ						K.I.P. റോഡുകൾ						P.W.D. റോഡ് (ടാർ)			ആകെ റോഡുകൾ	
				ടാർ			മെറ്റൽ			ടാർ			മെറ്റൽ							
	എണ്ണം	നീളം (KM)	വീതി (M)	എണ്ണം	നീളം (KM)	വീതി (M)	എണ്ണം	നീളം (KM)	വീതി (M)	എണ്ണം	നീളം (KM)	വീതി (M)	എണ്ണം	നീളം (KM)	വീതി (M)	എണ്ണം	നീളം (KM)	വീതി (M)	എണ്ണം	നീളം (KM)
I	12	17.00	3.5	-	-	-	-	-	-	-	-	-	-	-	-	1	0.75	8.0	13	17.75
II	12	10.50	3.5	-	-	-	1	1.00	5.0	-	-	-	-	-	-	2	3.25	5.0	14	13.75
III	7	4.00	4.0	-	-	-	1	1.00	4.0	3	5.00	4.0	-	-	-	1	0.20	8.0	12	10.20
IV	10	13.00	4.5	-	-	-	-	-	-	4	2.00	4.0	1	0.20	4.0	1	0.75	6.0	16	16.00
V	16	19.50	4.0	-	-	-	1	1.00	5.0	2	3.00	4.0	-	-	-	2	4.50	6.0	21	28.00
VI	11	15.50	5.0	1	2.00	8	1	1.00	7.0	-	-	-	-	-	-	1	2.00	8.0	14	20.50
VII	7	7.00	4.0	-	-	-	1	1.00	6.0	-	-	-	-	-	-	1	5.00	6.0	9	13.00
VIII	8	5.50	5.0	-	-	-	-	-	-	-	-	-	2	1.44	5.0	2	4.50	7.0	12	11.40
IX	13	31.20	5.0	-	-	-	-	-	-	-	-	-	-	-	-	2	5.00	6.0	15	36.20
X	11	12.50	4.0	1	2.25	8	-	-	-	-	-	-	-	-	-	3	2.50	4.0	15	17.25
XI	10	14.00	4.0	1	1.50	6	-	-	-	-	-	-	-	-	-	2	7.00	6.0	13	22.50
XII	14	19.00	4.0	-	-	-	1	1.00	4.0	-	-	-	-	-	-	1	1.50	6.0	16	21.50
ആകെ	131	168.10		2	5.75		5	6.00		9	10.00		3	1.64		19	36.95		169	227.55

ഊർജ്ജം

വികസനം ആഗ്രഹിക്കുന്ന ഒരു സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ് ഊർജ്ജം. വൈദ്യുതി, വിറക്, മണ്ണെണ്ണ, പാചകവാതകം, സൂര്യപ്രകാശം, മറ്റ് പാരമ്പര്യേതര ഊർജ്ജങ്ങൾ; ഇവയിൽ വൈദ്യുതിയാണ് മനുഷ്യന് ഏറ്റവും ഉപകാരപ്രദമായത്.

1953 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേർന്നു. 43 വർഷങ്ങൾ കഴിഞ്ഞിട്ടും 50% വീടുകൾക്കു മാത്രമേ വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുള്ളു. പഞ്ചായത്തിന്റെ വലിപ്പവും ഭൂമിശാസ്ത്രപരമായ സവിശേഷതയും ജനങ്ങളുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയും ഇതിനു കാരണമായി കാണാവുന്നതാണ്.

കലഞ്ഞൂർ സെക്ഷൻ ആഫീസ്, പത്തനാപുരം മേജർ സെക്ഷൻ ആഫീസ് എന്നിവയുടെ അധീനതയിലാണ് പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. ഹൈ ടെൻഷൻ ഇനത്തിൽ 12 കി.മീ. 66 കെ.വി. ലൈനും 57 കി.മീ. 11 കെ.വി. ലൈനും പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ 216 കി.മീ. ലോ ടെൻഷൻ ലൈൻ ഉണ്ട്. ഇതിൽ 50 കി.മീ. 3 ഫേസും 8 കി.മീ. 2 ഫേസും 154 കി.മീ. 1 ഫേസ് ലൈനും ഉൾപ്പെടുന്നു. പഞ്ചായത്തിലെ പന്ത്രണ്ട് വാർഡുകളിലായി ആകെ 949 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

ബൾബുകൾ	
25W	-
40W	793
60W	63
100W	36
ഫ്ളൂറസെന്റ് (2x40W)	57
മെർക്കുറി വേപ്പർ	-
സോഡിയം വേപ്പർ	-

(അവലംബം: കെ.എസ്.ഇ.ബി. സെക്ഷനുകളിലെ വിവരം)

പഞ്ചായത്തിൽ ആകെ 28 ലോ ടെൻഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ സ്ഥാനവും ശേഷിയും സംബന്ധിച്ച വിവരം താഴെക്കൊടുത്തിരിക്കുന്നു.

ക്രമ നമ്പർ	ട്രാൻസ്ഫോർമറിന്റെ പേര്	ശേഷി KVA
1	ITC	163
2	കലഞ്ഞൂർ	163
3	നെടുമൺകാവ്-1	100
4	നെടുമൺകാവ്-2	163
5	അത്ലറ്റ്	100
6	വലിയകോണം	100
7	കൊല്ലം മുക്ക്	100
8	കൂടൽ	100
9	കുറ്റുമൺ	100
10	സ്റ്റേഡിയം	100
11	ഗാന്ധിമുക്ക്	100
12	പുന്നമൂട്	100
13	രാജഗിരി	100
14	തട്ടാക്കുടി	100
15	മുറിഞ്ഞകൽ-1	100
16	മുറിഞ്ഞകൽ-2	100
17	അതിരുങ്കൽ-1	100
18	അതിരുങ്കൽ-2	100
19	കുളത്തുമൺ-1	100
20	കുളത്തുമൺ-2	100
21	കുരിശുംമൂട്	100
22	9-ാം ഡിവിഷൻ	100
23	കുരങ്ങയം	63
24	കെ.ഐ.പി.	250
25	പാടം	100
26	ആനക്കുഴി	100
27	കഞ്ഞോട്	160
28	മല്ലൻകുഴ	100

(അവലംബം: കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകളിലെ വിവരം)

പഞ്ചായത്തിലെ തെരുവുവിളക്കുകൾ കത്തിക്കുന്നതിനായി വാർഷിക വരുമാനത്തിന്റെ 12.5% ഉപയോഗിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി തെരുവുവിളക്കുകൾക്ക് ചെലവാക്കിയ തുകയെസംബന്ധിച്ച വിവരം താഴെക്കൊടുത്തിരിക്കുന്നു.

വർഷം	ചെലവാക്കിയ തുക	മൊത്തം വരുമാനത്തിന്റെ %
1990-91	1,75,001.00	20.7
1991-92	77,450.00	8.3
1992-93	1,68,065.00	16.6
1993-94	1,00,976.00	8.4
1994-95	1,38,044.00	8.9

അവലംബം: പഞ്ചായത്ത് ഭരണ റിപ്പോർട്ട്

ആകെ വിതരണം ചെയ്തിട്ടുള്ള വൈദ്യുത കണക്ഷന്റെ 88%വും ഗാർഹിക ആവശ്യത്തിനായിട്ടുള്ളതാണ്. വ്യാപാരത്തിന് 11.18%വും കാർഷിക ആവശ്യത്തിന് 0.19%വും ഉപയോഗിക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ പഞ്ചായത്തിന്റെ കാർഷികമേഖലയിലെയും വ്യാവസായിക മേഖലയിലെയും വൈദ്യുതിയുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കാവുന്നതാണ്.

ഉപഭോക്താക്കൾ	എണ്ണം	ശതമാനം
ഗാർഹികം	4,743	87.8
വ്യാപാരം	539	11.18
വ്യാവസായികം	43	0.83
കാർഷികം	10	0.19
ആകെ	5335	

അവലംബം: ഇലക്ട്രിസിറ്റി ആഫീസിലെ കണക്കുകൾ

നമ്മുടെ പഞ്ചായത്തിലെ 95% വീടുകളിലും വിറകുപയോഗിക്കുന്നു. ഒരു കുടുംബത്തിൽ ശരാശരി 10 കി.ഗ്രാം. വിറകെങ്കിലും ദിവസവും ഉപയോഗിക്കുന്നു. ഇന്നുപയോഗിക്കുന്ന അടുപ്പുകൾ ദക്ഷത തീരെ കുറഞ്ഞവയാണ്. ഉപയോഗിക്കുന്ന വിറകിന്റെ 10% മാത്രമേ ഇവ പ്രയോജനപ്പെടുത്തുന്നുള്ളു. ദക്ഷത കൂടിയ ഇനം അടുപ്പുകൾ ഉപയോഗിച്ചാൽ ഇന്ധനം ലാഭിക്കാവുന്നതാണ്. ഇന്ന് പ്രചാരത്തിലുള്ള പരിഷത്ത് അടുപ്പുകൾക്ക് 24 മുതൽ 27 ശതമാനം വരെ ദക്ഷതയുണ്ട്. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും അടുത്ത പദ്ധതിക്കാലത്ത് പരിഷത്ത് അടുപ്പുകൾ സ്ഥാപിച്ചാൽ വൻതോതിൽ വിറക് ലാഭിക്കാം.

മണ്ണെണ്ണയും പാചകവാതകവും ഇന്ധനമായി ഉപയോഗിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിൽ വിളക്കുകൾ പ്രകാശിപ്പിക്കാനാണ് മണ്ണെണ്ണ കൂടുതലായും ഉപയോഗിക്കുന്നത്. പാചകവാതകം ഇപ്പോഴും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന നാമമാത്രമായ വീടുകളിൽ മാത്രമാണുപയോഗിക്കുന്നത്. പഞ്ചായത്തിൽ വിതരണ ഏജൻസികൾ ഇല്ലാത്തതിനാൽ പാചകവാതകത്തിന് ദൗർലഭ്യം നേരിടുന്നു. ബയോഗ്യാസ് ഒരു ഉത്തമ ഊർജ്ജരൂപമാണെങ്കിലും നാമമാത്രമായേ പഞ്ചായത്തിൽ ഇതിന്റെ ഉപയോഗമുള്ളു. ഊർജ്ജ പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജം ഒരു പരിധിവരെ സഹായിക്കുമെങ്കിലും നേരിയ തോതിൽ മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താത്തതും പുതിയ ഊർജ്ജരൂപങ്ങൾ കണ്ടെത്താത്തതും നിലവിലുള്ളവയെ അമിതമായി ചൂഷണം ചെയ്യുന്നതുകൊണ്ടും ഭാവിയിൽ വൻതോതിൽ ഊർജ്ജ പ്രതിസന്ധി നേരിടേണ്ടിവരുമെന്ന് കാണേണ്ടിയിരിക്കുന്നു.

ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മിക്കവാറും എല്ലാ ഭാഗങ്ങളിലും ഗുരുതരമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
2. പഞ്ചായത്തിലെ നിരത്തുകളിൽ വേണ്ടത്ര തെരുവുവിളക്കുകളില്ല. ഉള്ളവയെല്ലാം പ്രകാശിക്കുന്നുമില്ല.

3. പഞ്ചായത്തിലെ വളരെയേറെ പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.
4. ഗതാഗതത്തിന് തടസ്സമായി നിരത്തുകളിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
5. സൗജന്യമായി വയറിംഗ് നടത്തിയിട്ട് വർഷങ്ങളായി കാത്തിരിക്കുന്ന പല വീടുകളിലും വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞില്ല.
6. വൈദ്യുതി ഓഫീസുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വൈദ്യുതി ബിൽ കളക്ഷനിലെ അപര്യാപ്തത പരിഹരിക്കുക.
7. വനമേഖലയുമായി അടുത്തുകിടക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിലുള്ള വനനിയമം തടസ്സമാകുന്നു.
8. തടയാവുന്ന വൈദ്യുതി ചോർച്ച ശ്രദ്ധിക്കാതെ വിടുന്നു.
9. പാചകവാതക കണക്ഷനുവേണ്ടി ബുക്കു ചെയ്ത് 5 വർഷംവരെ കാത്തിരിക്കേണ്ടിവരുന്നു. മാത്രമല്ല, പഞ്ചായത്തിൽ പാചകവാതക ഏജൻസി ഇല്ലാത്തതിനാൽ ബുക്കിംഗ് സൗകര്യവുമില്ല.
10. പഞ്ചായത്ത് പരിധിയിൽ പെട്രോൾ പമ്പ് ഇല്ല.

സാദ്ധ്യതകൾ

1. വിതരണ സംവിധാനത്തിലെ ന്യൂനത, ടച്ച് വെട്ടൽ നടത്താതിരിക്കുക, വൈദ്യുതി മോഷണം എന്നിവയ്ക്കു പരിഹാരം കണ്ടാൽ വൻതോതിൽ ഊർജ്ജം ലാഭിക്കാം.
2. പാചകവാതകത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് പഞ്ചായത്തിൽ ഒരു പാചകവാതക വിതരണ ഏജൻസി തുറക്കുക.
3. പഞ്ചായത്തിൽ ഒരു പെട്രോൾ പമ്പ് സ്ഥാപിക്കുക.

നിർദ്ദേശങ്ങൾ

1. കൂടൽ സബ് സ്റ്റേഷനിൽനിന്നും കലഞ്ഞൂർ-പത്തനാപുരം പ്രദേങ്ങളിലേക്ക് വൈദ്യുതി എത്തിക്കുവാൻ ഒരു ഫീഡർ ലൈൻ മാത്രമാണുള്ളത്. വൈദ്യുതി തടസ്സമുണ്ടായാൽ വൈദ്യുതി എത്തിക്കുവാൻ ഡ്യൂപ്ലിക്കേറ്റ് ഫീഡർ ഇല്ല. അടൂർ-പത്തനാപുരം ഫീഡർ ഇളമണ്ണൂരിൽ ടാപ്പ് ചെയ്ത് കാരുവയൽ വഴി കൊണ്ടുവന്ന് കൂടൽ പത്തനാപരും ലൈനുമായി ബന്ധിപ്പിക്കാവുന്നതാണ്.
2. പഞ്ചായത്തിൽ ഇനിയും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത പ്രധാന നിരത്തുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക. ഇപ്പോൾ ഉപയോഗിക്കുന്ന ബൾബുകൾക്കു പകരമായി വാട്ടേജ് കുറഞ്ഞ പ്രകാശം കൂടിയ ബൾബുകൾ ഉപയോഗിക്കുക.
3. കത്താത്ത തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുവാനുള്ള ചുമതല ഇപ്പോൾ വൈദ്യുതി ബോർഡിനാണ്. ഇക്കാര്യത്തിലുള്ള അനാസ്ഥയാണ് തെരുവുവിളക്കുകൾ കത്തുന്നില്ല എന്ന പരാതിക്ക് കാരണം. ഇതിന് പരിഹാരമായി പഞ്ചായത്തും ജനങ്ങളുടെ പ്രാദേശിക സമിതികളും ചേർന്ന് തെരുവുവിളക്കുകളുടെ സംരക്ഷണം ഏറ്റെടുക്കുന്നത് ഫലപ്രദമായിരിക്കും.
4. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ പട്ടികപ്പെടുത്തി വൈദ്യുതി എത്തിക്കുവാനുള്ള നടപടിയുണ്ടാകണം.
5. ബോർഡ് ജീവനക്കാരുടെ അനാസ്ഥയും സാമൂഹിക പ്രതിബദ്ധതയില്ലായ്മയും പെരുമാറ്റദൂഷ്യവും ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇവരെ സംബന്ധിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിന് പഞ്ചായതത്തുതലത്തിൽ പ്രത്യേക സംവിധാനമുണ്ടാകണം.
6. വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾപ്രദേശങ്ങളിൽ സൗരവിളക്കുകളും സൗരറാന്തലും ഊർജ്ജിത പരിപാടിയായി വിതരണം ചെയ്യുക.
7. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുക.
8. വൈദ്യുത ലൈനുകൾ വലിക്കുന്നതിലെ അശാസ്ത്രീയത പരിഹരിച്ചാൽ ലൈൻ വലിക്കാനാവശ്യമായ സാമഗ്രികൾ ലാഭിക്കു

കയും കൂടുതൽ വീടുകൾക്ക് കണക്ഷൻ നല്കുകയും ചെയ്യാം. ആവശ്യമായ ലൈൻ മാപ്പിംഗ് അടിയന്തിരമായി നടക്കണം.

9. ഇലക്ട്രിസിറ്റി ബോർഡ് ഉപയോഗിക്കുന്ന പല സാധനങ്ങളും ഗുണനിലവാരം കുറഞ്ഞവയാണ്. ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളും മീറ്ററുകളും ഉപയോഗിച്ചാൽ വൈദ്യുതി ചോർച്ചയും സാമ്പത്തിക നഷ്ടവും കുറയ്ക്കാം.

10. വീടുകളിൽ പ്രകാശിപ്പിക്കുന്ന ബൾബുകൾ കൂടുതലും വാട്ടേജ് കൂടിയവയാണ്. ഒരു വീട്ടിൽ ഒരു ബൾബെങ്കിലും വാട്ടേജ് കുറഞ്ഞ തരത്തിലുള്ള കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ (CFL) ഉപയോഗിച്ചാൽ വൻതോതിൽ ഊർജ്ജം ലാഭിക്കാം. ഇതിനാവശ്യമുള്ള പ്രാരംഭചെലവുകളുടെ ഒരംശം പഞ്ചായത്ത് വഹിക്കുകയും ഇതെക്കുറിച്ചുള്ള ബോധവൽക്കരണം ഇലക്ട്രിസിറ്റി ബോർഡ് നടത്തുകയും വേണം.

11. ഗാർഹികാവശ്യങ്ങൾക്കുള്ള പമ്പ്സെറ്റുകളിൽ പലതും മതിയായ ശേഷിയിലും കവിഞ്ഞവയാണ്. പലപ്പോഴും ഉപഭോക്താവിന്റെ അജ്ഞതകൊണ്ടും യഥാസമയം ബോർഡിന്റെ സാങ്കേതിക ഇടപെടൽ ഇല്ലാത്തതുകൊണ്ടുമാണ് ഇത്തരത്തിലുള്ള ഊർജ്ജ നഷ്ടമുണ്ടാകുന്നത്.

12. അത്യാവശ്യത്തിനുപോലും തികയാത്ത തരത്തിൽ ഊർജ്ജ ദൗർലഭ്യം അനുഭവപ്പെടുമ്പോൾ പലരും ആഡംബരത്തിനായി വൈദ്യുതി ചെലവാക്കുന്നു. ആവശ്യം കഴിഞ്ഞ് ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതൽ ചാർജ്ജ് ഈടാക്കുകവഴി സാമ്പത്തിക സമാഹരണം നടത്തുകയും ഊർജ്ജം ദുർവിനിയോഗം ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യാം.

13. കാലാകാലങ്ങളിൽ റീവയറിംഗ് നടത്താത്തതും വയറിംഗിനുപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരക്കുറവും അംഗീകാരമുള്ള വിദഗ്ദ്ധരായ തോഴിലാളികളെക്കൊണ്ട് വയറിംഗ് ജോലികൾ ചെയ്യിക്കാത്തതും ഊർജ്ജ നഷ്ടത്തിനും സാമ്പത്തിക നഷ്ടത്തിനും അശാസ്ത്രീയതയ്ക്കും കാരണമാകുന്നു.

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനും ജനങ്ങളുടെ ദൈനംദിന ജീവിതത്തിനും ആവശ്യമായ സാധനങ്ങൾ വില്ക്കുന്നതിനും വാങ്ങുന്നതിനും ഏറെ സഹായകമായ തരത്തിൽ പ്രവർത്തിക്കുവാൻ കഴിയുന്ന മൂന്ന് മാർക്കറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അവശ്യസാധനങ്ങൾ വാങ്ങുന്നതിനും പ്രധാനമായും പഞ്ചായത്തിന് വെളിയിലുള്ള മാർക്കറ്റുകളെയാണ് ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത്. മാർക്കറ്റുകളിലെ വിപണനം ശക്തിപ്പെടുത്തുവാൻ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉല്പന്നങ്ങൾ നമ്മുടെ മാർക്കറ്റിലെത്തിക്കുവാനും ഉല്പന്നങ്ങൾക്ക് ന്യായമായ വില നൽകാൻ കഴിയുന്ന മൊത്തവ്യാപാരികളെ ഇവിടേക്ക് ആകർഷിക്കുവാനും ആവശ്യമായ പ്രചാരണം നടത്തിയാൽ വിപണനരംഗത്ത് ഇന്ന് നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുവൻ കഴിയുന്നതിനോടൊപ്പം നമ്മുടെ മാർക്കറ്റുകളിൽ കൂടുതൽ വ്യാപാരം ഉണ്ടാക്കുവാനും കഴിയും.

കൂടൽ മാർക്കറ്റ്

പഞ്ചായത്തിലെ വളരെ പഴക്കംചെന്ന മാർക്കറ്റാണ് കൂടൽ. തിങ്കൾ, വെള്ളി ദിവസങ്ങളിൽ ആഴ്ചച്ചന്തയും എല്ലാ മലയാളമാസത്തിലെയും രണ്ടാം വ്യാഴാഴ്ച കന്നുകാലിച്ചന്തയും നടന്നുവരുന്നു. കാർഷിക-കാർഷികേതര ഉല്പന്നങ്ങൾ ഈ മാർക്കറ്റിൽ വിറ്റഴിക്കുന്നു. സ്ഥലപരിമിതി മാർക്കറ്റിന്റെ വികസനത്തിന് തടസ്സമാണ്. മത്സ്യവ്യാപാരത്തിന് പ്രത്യേകമായി സ്ഥലം നിശ്ചയിച്ചിട്ടില്ലാത്തതും യഥാസമയം ചന്തയിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്താത്തതും ചപ്പുചവറുകൾ കുന്നുകൂടുന്നതും സ്ലോട്ടർ ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താത്തതും മാർക്കറ്റിൽ വ്യാപാരികൾക്കും ജനങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കാത്തതും ഓരോ സാധനവും വ്യാപാരം ചെയ്യാൻ പ്രത്യേകം

പ്രത്യേകമായി സ്ഥലം നിർണ്ണയിച്ച് നൽകാത്തതും കൂടൽ മാർക്കറ്റിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളാണ്.

സാദ്ധ്യതകൾ

1. സമീപത്തുള്ള കുറെ സ്ഥലംകൂടി വാങ്ങി മാർക്കറ്റ് വിസ്തൃതമാക്കുക.
2. മത്സ്യവ്യാപാരത്തിന് പ്രത്യേകം സ്ഥലം നിശ്ചയിച്ച് തറ കോൺക്രീറ്റ് ചെയ്ത് നല്കുക.
3. സ്ലോട്ടർ ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ജലവിതരണ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.
4. മാർക്കറ്റിനുള്ളലെ ഉപയോഗശൂന്യമായ കിണർ വൃത്തിയാക്കി സൂക്ഷിക്കുക.
5. മാർക്കറ്റിന്റെ ശുചീകരണ പ്രവർത്തനത്തിനായി സ്ഥിരം ജീവനക്കാരെ നിയമിക്കുകയും അവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക.
6. നിശ്ചയിച്ചിട്ടുള്ള ഗേറ്റുപിരിവ് മാത്രം നടത്തുക.

കലഞ്ഞൂർ മാർക്കറ്റ്

കലഞ്ഞൂർ മാർക്കറ്റ് കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റിന് സ്ഥലസൗകര്യം ഏറെയുണ്ടെങ്കിലും അതിനനുസരിച്ചുള്ള വ്യാപാരം നടക്കുന്നില്ല. ഞായർ, വ്യാഴം ദിവസങ്ങളിലായിട്ടാണ് ആഴ്ചച്ചന്തകൾ നടക്കുന്നത്. കന്നുകാലിച്ചന്ത പ്രവർത്തിക്കുന്നില്ല. കന്നുകാലിച്ചന്തയുടെ പ്രവർത്തനം ആരംഭിക്കണം. പാടം, തിടി, തട്ടാക്കുടി, കലഞ്ഞൂർ മേഖലകളിലെ കാർഷിക ഉല്പന്നങ്ങൾ ഈ മാർക്കറ്റിൽ കൊണ്ടുവരുന്നതിനു പകരം പത്തനാപുരം മാർക്കറ്റിലേക്ക് കൊണ്ടുപോകുന്നതാണ് ഇവിടുത്തെ വിപണനം വർദ്ധിക്കാത്തതിന്റെ പ്രധാന പ്രശ്നം. മഴക്കാലങ്ങളിൽ മാർക്കറ്റിൽ വെള്ളം കെട്ടിനിൽക്കുന്നു. മാർക്കറ്റ് മണ്ണിട്ടുയർത്തി തറ കോൺക്രീറ്റ് ചെയ്യുകയും മത്സ്യ വ്യാപാരത്തിന് പ്രത്യേകം സ്ഥലം ഏർപ്പെടുത്തുകയും വെള്ളം ഒഴുകിപ്പോകുന്നതിന് സൗകര്യം വർദ്ധിപ്പിക്കുകയും വേണം. മാർക്കറ്റിനോടു ചേർന്നുള്ള പൊതു കിണർ വൃത്തിയാക്കി പമ്പുസെറ്റ് സ്ഥാപിച്ച് ജിലവിതരണ സമ്പ്രദായം ഏർപ്പെടുത്തുകയും മാർക്കറ്റിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുകയും വേണം. കലഞ്ഞൂർ മഹാദേവർ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടത്തുന്ന വയൽ വാണിഭവും കാളച്ചന്തയും ഒരു വലിയ മേളയാക്കി മാറ്റുവാൻ ആവശ്യമായ പ്രചരണവും സഹായവും നൽകിയും മൃഗസംരക്ഷണ വകുപ്പും കൃഷി വകുപ്പുമായി ചേർന്ന് വയൽ വാണിഭത്തിൽ കൊണ്ടുവരുന്ന ഏറ്റവും നല്ല ഉരുക്കൾക്കും കാർഷിക ഉല്പന്നത്തിനും ക്യാഷ് അവാർഡ് ഏർപ്പെടുത്തിയും കർഷകരെ ഈ മാർക്കറ്റിലേക്ക് ആകർഷിക്കുവാനും അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും മാർക്കറ്റിന്റെ വികസനം ത്വരിതപ്പെടുത്തുവാനും കഴിയും.


അതിരുങ്കൽ

അതിരുങ്കൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഈ മാർക്കറ്റിൽ ആഴ്ചച്ചന്ത നടക്കുന്നില്ല. സ്ഥിരമായുള്ള ഇറച്ചി, മത്സ്യം, പച്ചക്കറി വ്യാപാരം മാത്രമാണ് നടക്കുന്നത്. ഈ മേഖലയിലെ കാർഷിക ഉല്പന്നങ്ങൾ കോന്നി, കൂടൽ, പത്തനാപുരം മാർക്കറ്റുകളിൽ കൊണ്ടുപോയി വിറ്റഴിക്കുന്നതാണ് ഈ മാർക്കറ്റിൽ വ്യാപാരം നടക്കാത്തതിന്റെ പ്രധാന കാരണം. കാർഷിക ഉല്പന്നങ്ങൾ ഈ മാർക്കറ്റിൽത്തന്നെ കൊണ്ടുവരുകയും വാങ്ങാൻ മൊത്തവ്യാപാരികൾ എത്തുകയും ചെയ്താൽ ചന്ത പുനരാരംഭിക്കുവാൻ കഴിയും. ഷോപ്പിംഗ് കോംപ്ലക്സും ചുറ്റുമതിലും നിർമ്മിച്ചും മാർക്കറ്റിൽ ലൈറ്റുകൾ സ്ഥാപിച്ചും മാർക്കറ്റിന്റെ വികസനം നടപ്പിലാക്കണം.

പാടം അന്തിച്ചന്ത

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക മേഖലയാണ് പാടം. ഈ പ്രദേശത്തുള്ളവർക്ക് കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അവശ്യസാധനങ്ങൾ വാങ്ങുന്നതിനുമായി പത്തു കിലോമീറ്ററോളം സഞ്ചരിക്കേണ്ടതുണ്ട്. ആയതിനാൽ പാടം കേന്ദ്രമാക്കി സ്ഥലം വാങ്ങി ഒരു അന്തിച്ചന്ത സ്ഥാപിച്ചാൽ ഈ പ്രദേശത്തിന്റെ വികസനത്തിനും ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഏറെ സഹായകരമാകും.

കുടിവെള്ളവും പാരമ്പര്യജലസ്രോതസ്സുകളും



ഭൂമിയിൽ വെള്ളം സുലഭമാണ്. എന്നാൽ ഈ വെള്ളമത്രയും ഉപയോഗക്ഷമമല്ല. ഭൂമിയിലുള്ള വെള്ളം മൊത്തത്തിൽ ഒരു ഗാലൻ (4.1 ലിറ്റർ) ഭരണിയിൽ ഉൾക്കൊള്ളിക്കാമെങ്കിൽ അതിൽ രണ്ട് സ്പൂൺ വെള്ളം മാത്രമാണ് പാനയോഗ്യമായിട്ടുള്ളത്. ആളോഹരി ശുദ്ധജല ഉപയോഗത്തോത് വികസനത്തിന്റെ ആളവുകോലായി പരിഗണിക്കപ്പെടുന്നു. ജീവൻ നിലനിർത്താനായി ഒരു മനുഷ്യന് ഒരു വർഷം ഒരു ക്യൂബിക് മീറ്റർ ശുദ്ധജലം ആവശ്യമുണ്ട്. എല്ലാ ആവശ്യങ്ങൾക്കുംകൂടി ഒരു വർഷം വേണ്ടിവരുന്നത് 28 ക്യൂബിക് മീറ്റർ ജലം. അതായത്. ഒരാൾക്ക് ഒരു ദിവസം 75 ലിറ്റർ ജലം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലലഭ്യതതുലോം കുറവാണ്. കുടിവെള്ളത്തിനായി പ്രധാനമായും കിണറുകളെയാണ് നാം ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ കിഴക്കൻമേഖലകളിൽ ഉറവകളിൽനിന്നു കിട്ടുന്ന ജലവും കുടിക്കുവാൻ ഉപയോഗിക്കുന്നു. ചില പ്രദേശങ്ങളിൽ നാമമാത്രമായി സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളും മാത്രമാണ് ഇപ്പോൾ നിലവിലുള്ള ശുദ്ധജലലഭ്യത. പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഉയർന്ന പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പ്രത്യേകിച്ചും പഞ്ചായത്തിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളിൽ ഭൂമിയുടെ ഉപരിതലങ്ങളിൽതന്നെ പാറയായതിനാൽ കിണർ കുഴിക്കുവാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നു. 700 ഉം 800 ഉം അടി ഉയരമുള്ള മലകളിൽനിന്നും താഴ്വരകളിൽ എത്തി വളരെബുദ്ധിമുട്ടി കുടിവെള്ളം ശേഖരിച്ചുകൊണ്ടുപോകുന്നത് നിത്യകാഴ്ചയാണ്. ഈ പ്രദേശങ്ങളിൽ അവിടവിടെയായി സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളിൽപോലും ജലം ലഭ്യമല്ല. പഞ്ചായത്തിലെ ഭൂരിപക്ഷം കിണറുകളും മാർച്ച്, ഏപ്രിൽ മാസങ്ങളോടുകൂടി വറ്റിവരളും. കുറച്ചുഭാഗങ്ങളിൽ കല്ലട ജലസേചന പദ്ധതിയുടെ ജലം തുറന്നുവിടുന്നതുവഴി കുടിവെള്ളം ലഭ്യമാണെങ്കിലും കിണറുകളിലെ വെള്ളം മലിനീകരിക്കപ്പെടുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും കോളനിപ്രദേശങ്ങളിലും ഭൂപരിധി നോക്കാതെ കക്കൂസുകളും കിണറുകളും നിർമ്മിക്കുന്നതുവഴി മിക്ക കിണറുകളിലെയും ജലം മലിനീകരിക്കപ്പെടുന്നു. ഇതുവഴി പകർച്ചവ്യധികൾ, മറ്റുരോഗങ്ങൾ ഇവ പഞ്ചായത്തിലുടനീളം കണ്ടുവരുന്നു. പരിസ്ഥിതി സംതുലിതാവസ്ഥ പാലിക്കപ്പെടാത്തതുമൂലം കിണറുകളും കുളങ്ങളും പഞ്ചായത്തിലെ നീരുറവകളും വറ്റിവരളുകയാണ്. കിഴക്കൻ പ്രദേശങ്ങളിലെ വനനശീകരണവും വനഭൂമികളിൽ അക്കേഷ്യാ, യൂക്കാലി, തേക്ക് തുടങ്ങിയ മരങ്ങൾവച്ചുപിടിപ്പിക്കുന്നതുവഴിയും വനപ്രദേശങ്ങളിൽനിന്നും ഉത്ഭവിക്കുന്ന പഞ്ചായത്തിലെ പ്രധാനതോടുകളിൽ മഴക്കാലം ഒഴിച്ചുള്ളകാലങ്ങളിൽ നീരൊഴുക്ക് കുറഞ്ഞാണ് കാണുന്നത്. ഇതും ശുദ്ധജലലഭ്യതയെ കാര്യമായി തകിടംമറിക്കുന്ന ഒന്നാണ്. പഞ്ചായത്തിലെ വയലുകളും കുളങ്ങളും നികത്തുന്നതും ഉള്ള കുളങ്ങൾ സംരക്ഷിക്കപ്പെടാതെപോകുന്നതും ചരിവുഭൂമികളിൽ മഴവെള്ളം തടഞ്ഞുനിർത്താതെ ഒലിച്ചുപോകുന്നതും പ്രകൃതിയുടെ വരദാനമായി നമുക്ക് ലഭിച്ചിട്ടുള്ള ഉറവകൾ നഷ്ടപ്പെടുവാൻ കാരണമായിട്ടുണ്ട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ആസൂത്രിതമായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു പരിധിവരെ സഹായിക്കുവാൻ കഴിയുന്ന കലഞ്ഞൂർ-ഏനാദിമംഗലം വാട്ടർസപ്ലേ സ്കീം പണിആരംഭിച്ചിട്ട് 10 വർഷക്കാലം പിന്നിട്ടുഎങ്കിലും പദ്ധതിയുടെ 50 ശതമാനം പണികൾപോലും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി പൂർത്തീകരിച്ചാൽ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ ഒഴിച്ചുള്ള ഭാഗങ്ങളിൽ ഒരു പരിധിവരെ ശുദ്ധജലലഭ്യത ഉറപ്പാക്കുവാൻ കഴിയും.

നമ്മുടെ കോളനിപ്രദേശങ്ങളിലും ജനസാന്ദ്രതകൂടിയ പ്രദേശങ്ങളിലും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നതിനു പകരം ചെറുകിട ജലസേചന പദ്ധതികൾ ആവിഷ്കരിച്ചും ഉയർന്ന പ്രദേശങ്ങളിൽ കൂടുതൽ കുഴൽകിണറുകൾ നിർമ്മിച്ചും പ്രകൃതിദത്തമായ നീരുറവകൾ സംരക്ഷിച്ചും വനനശീകരണം തടഞ്ഞും മരങ്ങൾവെച്ചുപിടിപ്പിച്ചും കാവുകളും കുളങ്ങളും വയലുകളും സംരക്ഷിച്ചും ശുദ്ധജലമലിനീകരണം തടയുന്നതിനാവശ്യമായുള്ള ശക്തമായ നടപടികൾ സ്വീകരിച്ചും നമ്മുടെ വന

പ്രദേശങ്ങളിൽ അശാസ്ത്രീയമായി, അക്യേഷ്യാ, യൂക്കാലി തുടങ്ങിയവ വച്ചുപടിപ്പിക്കാതെ പ്രകൃതിദത്ത വനമേഖലയായിമാറ്റിയും ചരിവുഭൂമികളെ തട്ടുകളാക്കി മഴവെള്ളം ഒഴുകിപോകുന്നതു തടഞ്ഞും നമ്മുടെ ശുദ്ധജലലഭ്യത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ രൂക്ഷമായി കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങൾ

1. 9-ാം വാർഡിലെ അതിരുങ്കൽ, പടപ്പാറ, പോത്തുപാറ, കമ്പകത്തുംപച്ച, ചേലമൺ, പൂമരിതിക്കുഴി, വട്ടമല, മേലേമൺ, ഇരുക്കുഴി, കുളത്തുമൺ, കാരക്കാകുഴി.
2. 8-ാം വാർഡിൽ അതിരുങ്കൽ പാക്കണ്ടം പ്രദേശം, തിരുമേൽഭാഗം.
3. 11-ാം വാർഡിൽ തിടി, കോളനിപ്രദേം, മാങ്കോട് ഹൈസ്ക്കൂൾ ഭാഗം, എലിക്കോട് പ്രദേശങ്ങൾ.
4. 12-ാം വാർഡിൽ വാണിയംപാറ, പള്ളിമുരുപ്പ്, ചാവരുമുരപ്പ്, പള്ളിക്കുടംപറമ്പ്, കുറിഞ്ഞി ജംഗ്ഷൻ, പാടംകൊച്ചുതോട്, വീക്കറി, തട്ടാക്കുഴി.
5. 10-ാം വാർഡിലെ മിച്ചഭൂമി, പത്തേക്കർ, പറങ്കിമാംതോട്ടം, കാരയ്ക്കാകുഴി ഭാഗങ്ങൾ.
6. 7-ാം വാർഡിൽ കോളനിമുരുപ്പ്, പാറക്കൂട്ടം, വിളയിൽ,ഫാക്ടറിഭാഗം, മരുതിക്കാല.
7. 6-ാം വാർഡിൽ, നെല്ലിമുരുപ്പ്, പാറക്കൂട്ടം എന്നീസ്ഥലങ്ങൾ.
8. 5-ാം വാർഡിൽ വട്ടുതറ, ഒറ്റക്കവുങ്ങിനാൽ, ഊറാംതടം, പാലമല കനാലിനു മുകൾപ്രദേശം.
9. 4-ാം വാർഡ്, വലിയകോൺ, ചെറിയകോൺ, മണക്കാട്ടുപുഴ, കൊന്നേലയ്യം.
10. 2-ാം വാർഡ്, മലനട, കരടിപ്പാറ, കൊട്ടംതറ.
11. 1-ാം വാർഡ്, കഞ്ഞോട്ടുമല, ഒന്നാംകുറ്റി, കൊട്ടതറ, പെരുന്താളൂർ, ഇടിഞ്ഞകുഴി

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. കലഞ്ഞൂർ-ഏനാദിമംഗലം വാട്ടർ സപ്ലേ സ്കീം യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കുകയും കൂടുതൽ പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ വ്യാപിപ്പിക്കുകയും വേണം.
2. കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിൽ സമയാസമയങ്ങളിൽ വെള്ളം തുറന്നു വിടുകയും കൃഷിയിടങ്ങളിലേക്കുള്ള ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുകയും വേണം.
3. വാഴപ്പാറതോട്ടിൽ പാലത്തിനുമുകളിലായി തടയണനിർമ്മിക്കുകയും തോട്ടിൻ കിണർ പണിത് വല്യകോണം മലയിൽ ടാങ്ക് സ്ഥാപിച്ച് ഈ ടാങ്കിലേക്ക് ജലം പമ്പുചെയ്യത്തക്കനിലയിൽ ഒരു മിനി ജലസേചനപദ്ധതി നടപ്പിലാക്കിയാൽ വലിയകോൺ, ചെറിയകോൺ, വട്ടുതറ, പുന്നമൂട് എന്നീപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.
4. പോത്തുപാറ ചതുപ്പിൽ ഒരു കുളം കുഴിച്ച് പമ്പുസെറ്റുപയോഗിച്ച് ഉയർന്ന പ്രദേശത്ത് ടാങ്കും കെട്ടി അവിടെ നിന്നും, പോത്തുപാറ, കമ്പകത്തുംപച്ച, പൂമരുതിക്കുഴി, ചേലമൺ എന്നീ ഭാഗങ്ങളിലേക്ക് ജലം പമ്പുചെയ്യാവുന്നതാണ്.
5. നിലവിലുള്ള സ്കീം പരിഷ്കരിച്ച് ജലക്ഷാമം പരിഹരിക്കാം.
6. പാടം പ്രദേശത്തേക്ക് ഒരു ചെറുകിട ജലസേചന പദ്ധതി തുടങ്ങി പടയണിപ്പാറ പ്രദേശത്ത് പമ്പുസെറ്റു സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.
7. തട്ടാക്കുടിയിൽ പമ്പുസെറ്റ് സ്ഥാപിച്ച് I.H.D.P. കോളനി പ്രദേശത്ത് ജലക്ഷാമം പരിഹരിക്കാം.
8. രണ്ടാം വാർഡിൽ കൊട്ടംതറ വെട്ടുവിളചിറ (ഒരേക്കറിൽ അധികം വരുന്ന) കെട്ടിസംരക്ഷിച്ച് ചിറയുടെ ഇടതുഭാഗത്ത് പമ്പുസെറ്റുസ്ഥാപിച്ച് കരടിപ്പാറയിൽ ടാങ്കുകെട്ടി കര

ടിപ്പാറ മലനട പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാം.

9. 7-ാം വാർഡിൽ കോളനിമുരുപ്പിൽ നിലവിലുള്ള കുളത്തിന്റെ മുകളിൽപമ്പുസെറ്റും ടാങ്കും സ്ഥാപിച്ച് കുടിവെള്ളം എത്തിക്കാം. ഏഴാം വാർഡിൽ മൂർത്തിമണ്ണിൽ റവന്യൂവ കുപ്പിന്റെ 13 സെന്റ് സ്ഥലം ഏറ്റെടുത്ത് കുളം കുഴിച്ച് പമ്പുസെറ്റു സ്ഥാപിച്ച് പാറക്കൂട്ടം ഭാഗത്ത് കുടിവെള്ളം എത്തിക്കാം.

10. 6-ാം വാർഡിൽ നെല്ലിമുരുപ്പ്-പൂവൻകുഴിയിൽ പഞ്ചായത്ത് വക കുളം ശുദ്ധീകരിച്ച് പമ്പുസെറ്റും ടാങ്കും സ്ഥാപിച്ച് നെല്ലിമുരുപ്പ് ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

11. 9-ാം വാർഡിൽ കൊച്ചുപെരത്തോട്ടിൽ ചെക്കു ഡാം നിർമ്മിച്ചും ചെറുകിട ജല സേചനപദ്ധതി ആരംഭിച്ചും കാരയ്ക്കാകുഴി, കൊച്ചുപെര, അതിരുങ്കൽ പ്രദേശങ്ങളിൽ ജലം എത്തിയ്ക്കാം.

12. 10-ാം വാർഡിൽ പറങ്കിമാം തോട്ടം ഭാഗത്ത് കുളം നന്നാക്കി പമ്പുസെറ്റും ടാങ്കും നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാം.

13. നിലവിലുള്ള പഞ്ചായത്തു ബ്ലോക്കുകിണറുകൾ നന്നാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക.

14. ഉപയോഗശൂന്യമായികിടക്കുന്ന എല്ലാകിണറുകളും പുനർനിർമ്മിക്കുക.

15. സ്വന്തമായി കിണർ കുഴിക്കുവാൻ സ്ഥലമുള്ളവർക്ക് പഞ്ചായത്തിൽ നിന്ന് സൗജന്യമായി കിണർകുഴിച്ചുകൊടുക്കുക.

16. പഞ്ചായത്ത് ഓഫീസ് അംഗണത്തിലുള്ള കിണറിനോടനുബന്ധിച്ച് പമ്പുസെറ്റുസ്ഥാപിച്ച് പഞ്ചായത്ത് ഓഫീസ്, ഏലാവികസന ഓഫീസ്, വില്ലേജ് ആഫീസ് എന്നിവടങ്ങളിൽ ജലസേചനസൗകര്യം ഉണ്ടാക്കുക.

17. കലഞ്ഞൂർ പബ്ലിക് മാർക്കറ്റിലുള്ള കിണർ ശുദ്ധീകരിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് മാർക്കറ്റിൽ കുടിവെള്ള സൗകര്യം ഉണ്ടാക്കുക.

18. കൂടൽ പബ്ലിക് മാർക്കറ്റിലുള്ള കിണർ ശുദ്ധീകരിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ഷോപ്പിംഗ് കോപ്ലക്സിലുള്ള കടകൾക്കും, സ്ലോട്ടർ ഹൗസിലും മാർക്കറ്റിനുള്ളിലും ജല ലഭ്യത ഉറപ്പാക്കാം.

19. പ്രകൃതി സംതുലിതാവസ്ഥ നിലനിർത്തുകയും വനപ്രദേശങ്ങളിൽ യൂക്കാലി, അക്കേഷ്യാ, തേക്ക് എന്നീ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനു പകരം പ്രകൃതിദത്തവനമേഖലയായി സംരക്ഷിക്കുക.

20. കാവുകളും, കുളങ്ങളും, നിലങ്ങളും സംരക്ഷിക്കുകയും തോട്ടുപുറംപോക്കുകളിലും മറ്റുപ്രദേശങ്ങളിലും വൃക്ഷങ്ങൾ ധാരാളം വച്ചുപിടിപ്പിക്കുകയും ചെയ്യുക

21. ജലമലനീകരണം തടയുകയും കിണറുകളും കക്കൂസുകളും നിർമ്മിക്കുമ്പോൾ ദൂരപരിധി പാലിക്കപ്പെടാനുള്ള നടപടിൾ സ്വീകരിക്കുകയും വേണം.

22. ചരിവു ഭൂമികളിൽ കയ്യാലകൾ നിർമ്മിച്ചും തട്ടുകളാക്കിയും മഴവെള്ളം തടഞ്ഞു നിർത്തുക.

കുഴൽക്കിണറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

തട്ടാക്കുടി, പാടം വികൂറി ജംഗ്ഷൻ, എലിക്കോട്, മാങ്കോട് ഹൈസ്ക്കൂൾ, കാരയ്ക്കാകുഴി പത്തേക്കർ, അതിരുങ്കൽ പബ്ലിക്മാർക്കറ്റ്, അഞ്ചുമുക്ക്, പോത്തുപാറ, പൂമരുതിക്കുഴി, ഇഞ്ചപ്പാറ, മുറിഞ്ഞകൽ, പാക്കണ്ടം, നെടുമൺകാവ് കോളനി, ഗാന്ധി ജംഗ്ഷൻ, പാലമല കനാലിനുമുകളിൽ, വട്ടുതറ, മണക്കാട്ടുപുഴ, കൊന്നേലയ്യം കോളനി, വലിയകോൺ, മലനട, കരടിപ്പാറ, കഞ്ചോട്ട്മല, പാടംകുറിഞ്ഞി, വാണിയംപാറ.

പൊതുജനാരോഗ്യം

"ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്ത്"

ആരോഗ്യം എന്നാൽ രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, മറിച്ച് കായികവും മാനസികവുമായ ഉല്ലാസംകൂടിയാണ്. ഒരു പ്രദേശം വികസിതമാകണമെങ്കിൽ നല്ല ആരോഗ്യമുള്ള ജനത ആവശ്യമാണ്. കൊല്ലവർഷം 1102ൽ കലഞ്ഞൂ

രിൽ പ്രവർനമാരംഭിച്ച ഗോപാലവിലാസം ആയുർവ്വേദ-ആശുപത്രിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ സ്ഥാപനം. ഇതിനുമുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ നാട്ടുചികിത്സാ രീതികളും വൈദ്യന്മാരും വിഷചികിത്സാ വിദഗ്ദ്ധന്മാരും ഉണ്ടായിരുന്നു. വളരെ പ്രഗത്ഭമായ രീതിയിൽ ഇവർ ആരോഗ്യ രംഗത്ത് പ്രവർത്തിച്ചിരുന്നു. ഇവരുടെ ഭവനങ്ങളിലും നമ്മുടെ വനപ്രദേശങ്ങളിലും ഔഷധച്ചെടികൾ ഏറെയുണ്ടായിരുന്നു. ഇവരുടെ പാരമ്പര്യ അറിവുകൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുവാനോ പുത്തൻ തലമുറ ഇതാർജ്ജിക്കുവാനോ തയ്യാറായിട്ടില്ല. പരമ്പരാഗതമായി ചികിത്സ നടത്തിയിരുന്ന ഇവരുടെ കുടംബങ്ങളിൽ ചികിത്സാവിധി നിർണ്ണയിക്കുന്ന അമൂല്യ ഗ്രന്ഥങ്ങളുണ്ട്. ഈ ഗ്രന്ഥങ്ങൾ ആധുനിക വൈദ്യശാസ്ത്രത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയണം.

1958ൽ കൂടലിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പ്രൈമറി ഹെൽത്ത് സെന്ററും 1991ൽ കൂടലിൽ വാടകക്കെട്ടിടത്തിൽ ആരംഭിച്ച ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറിയും പറയംകോട്ട്, പാടം, അതിരുങ്കൽ-അഞ്ചുമുക്ക് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന P.H.C. സബ് സെന്ററുകളുമാണ്, ഈ പഞ്ചായത്തിൽ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ആരോഗ്യകേന്ദ്രങ്ങൾ. കൂടാതെ സ്വകാര്യമേഖലയിൽ ചെറുതും വലുതുമായി ആയൂർവ്വേദം, അലോപ്പതി, ഹോമിയോ എന്നീ മേഖലകളിലായി 26 ആശുപത്രികളും നെടുമൺകാവിൽ പ്രവർത്തിക്കുന്ന കൊടുമൺ പ്ലാന്റേഷൻവക ആശുപത്രിയും രാജഗിരി A.V.T. എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന ആശുപത്രിയും നിലവിലുണ്ട്. ആയൂർവ്വേദ രംഗത്ത് ഔഷധങ്ങൾ നിർമ്മിക്കുന്ന എൻഫ ഡ്രഗ്സ് കലഞ്ഞൂർ, അമൃത ആര്യാ ഡ്രഗ്സ് നെടുമൺകാവ് എന്നീ രണ്ടു സ്വകാര്യ സ്ഥാപനങ്ങളും ഇവിടെയുണ്ട്.

വിസ്തൃതമായ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ചികിത്സാസൗകര്യങ്ങൾ ഇന്നു ലഭ്യമല്ല. കൂടലിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനോ, മാതൃ-ശിശു സംരക്ഷണത്തിനാവശ്യമായ സൗകര്യങ്ങളോ ഇല്ല. ഇതിനോടനുബന്ധിച്ച് പോസ്റ്റുമോർട്ടം ചെയ്യുന്നതിന് മോർച്ചറി സൗകര്യങ്ങളോടുകൂടിയ സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നാമമാത്രമായി പ്രവർത്തിക്കുന്ന പാടം സബ് സെന്റർ ഒരു ആശുപത്രിയായി ഉയർത്തിയാൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ വസിക്കുന്ന ജനങ്ങൾക്ക് ചികിത്സാരംഗത്ത് ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ കഴിയും.

പറയംകോട്, അഞ്ചുമുക്ക് സബ്സെന്ററുകളിലും ഓരോ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുവാൻ കഴിഞ്ഞാൽ ആരോഗ്യരംഗത്ത് നമുക്കിന്നുള്ള കുറെ പരിമിതികൾ പരിഹരിക്കുവാൻ കഴിയും. കൂടലിലും സർക്കാർ ഹോമിയോ ആശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ കിടക്കകളോടുകൂടിയ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിച്ചും ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ചും, പരിസരശുചീകരണം, എയിഡ്സ് തുടങ്ങിയ മാരകരോഗങ്ങൾ, പ്രതിരോധ കുത്തിവയ്പുകൾ എന്നിവയെ സംബന്ധിച്ചും ബോധവൽക്കരണം നടത്തിയും ഇന്നുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾക്ക് ഏറെ പരിഹാരം കാണാൻ കഴിയും.


നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ കിടക്കകളോടുകൂടിയ ഒരു ഗവണ്മെന്റ് ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.
2. കൂടൽ ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടിയിരിക്കുന്നു.
3. കൂടൽ പ്രൈമറി ഹെൽത്ത് സെന്ററിൽ കുട്ടികൾക്കും ഗർഭിണികൾക്കും വേണ്ടി പ്രത്യേകം പ്രത്യേകം ചികിത്സാ സൗകര്യങ്ങളും ഡോക്ടർമാരും ഉണ്ടാകണം.
4. കൂടൽ പ്രൈമറി ഹെൽത്ത് സെന്ററിൽ കുടിവെള്ളം, പ്രാഥമി ആവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യം, ഔഷധങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാനുള്ള സംവിധാനം, പ്രതിരോധ കുത്തിവയ്പുകൾക്കുള്ള മരുന്നു

കൾ, വിഷചികിത്സയ്ക്കുള്ള മരുന്നുകൾ എന്നിവ ഉണ്ടാവണം.

5. കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും വേണം.
6. നിലവിലുള്ള സബ്സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും എല്ലാ വാർഡുകളിലും ഓരോ സബ്സെന്റർ വീതം ആരംഭിക്കുകയും വേണം.
7. പാടം സബ്സെന്ററിന് 50 സെന്റ് സ്ഥലവും എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു കെട്ടിടവും നിലവിലുണ്ട്. ഒരു സ്ഥിരം ഡോക്ടറെ നിയമിച്ച് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയും ഒരു ആശുപത്രിയായി ഉയർത്തണം.
8. കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രത്തോടു ചേർന്ന് മോർച്ചറി സൗകര്യങ്ങൾ ഏർപ്പെടുത്തിയും പോസ്റ്റുമോർട്ടം നടത്തുവാൻവേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.
9. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.
10. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലും കോളനികളിലും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ഔഷധങ്ങളും പോഷകാഹാരങ്ങളും സൗജന്യമായി വിതരണം ചെയ്യുകയും വേണം.
11. പകർച്ചവ്യാധികളായ ചെങ്കണ്ണ്, ടൈഫോയ്ഡ്, മലേറിയ തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്നു. രോഗങ്ങൾതടയുവാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കണം.
12. ഹോട്ടലുകളിലെ പഴകിയ ആഹാരസപദാർത്ഥങ്ങൾ, പഴകിയ പച്ചക്കറികൾ, മത്സ്യം, മാംസം തുടങ്ങിയവ കണ്ടുപിടിച്ച് നശിപ്പിച്ചുകളയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
13. ഹോട്ടലുകളിൽനിന്നും വീടുകളിൽനിന്നും മാലിന്യങ്ങൾ തോടുകളിൽ ഒഴുക്കുന്നത് തടയണം.
14. ചന്ദനപ്പള്ളി റബ്ബർ ഫാക്ടറിയിൽനിന്നുള്ള പരിസര മലിനീകരണം തടയണം.
15. റബ്ബർ റോളറുകളിൽനിന്നുള്ള മലിനജലം റോഡുകളിലും തോടുകളിലും ഒഴുകിയെത്താതിരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം.
16. ജീവൻരക്ഷാ ഔഷധങ്ങളുടെ വർദ്ധിച്ചുവരുന്ന വില പിടിച്ചുനിർത്തുവാൻ പഞ്ചായത്തിൽ ഒരു ന്യായവില മെഡിക്കൽ സ്റ്റോർ ആരംഭിക്കണം.
17. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കണം.
18. പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകൾ ശേഖരിച്ച് നശിപ്പിക്കണം.
19. പ്രധാനപ്പെട്ട കവലകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.
20. പഞ്ചായത്തിൽ ഒരു രക്തദാന സേന രൂപീകരിക്കണം.
21. ഇറച്ചിക്കായി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഉരുക്കളെ വൈദ്യപരിശോധനക്ക് വിധേയമാക്കണം.
22. തോടുകളിലേയും അരുവികളിലേയും ജല മലിനീകരണം തടയുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
23. എയിഡ്സ്, പുകവലി, മദ്യപാനം ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുകയും ആരോഗ്യ സെമിനാറുകൾ നടത്തുകയും ചെയ്യുക
24. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു ആംബുലൻസ് സർവ്വീസ് ആരംഭിക്കണം.
25. പേവിഷത്തിനെരെയുള്ള പ്രതിരോധ കുത്തിവയ്പ് നടത്തുകയും തെരുവ് നായ്ക്കളെ പിടിച്ച് നശിപ്പിച്ചുകളയുകയും ചെയ്യുക.

പാർപ്പിടവും
സാമൂഹ്യക്ഷേമവും



നമ്മുടെ പഞ്ചായത്തിൽ ആകെ 10020 കെട്ടിടങ്ങൾ ഉള്ളതിൽ 7112 വീടുകൾക്ക് മാത്ര മാണ് പഞ്ചായത്ത് വീട്ടുകരം ഈടാക്കുന്നത്. അവശേഷിക്കുന്ന 2908 ഭവനങ്ങൽ വളരെ ചെറുതും താമസയോഗ്യമല്ലാത്തതും ഓല കൊണ്ട് മറച്ചതും ഓലമേഞ്ഞതും ആവശ്യമായ സുരക്ഷിതത്വമില്ലാത്തതുമാണ്. സാമ്പത്തിക മായി വളരെ പിന്നോക്കം നില്ക്കുന്ന ഉദ്ദേശം 2700 കുടുംബങ്ങൾക്ക് പുതിയതായി വീട് നിർമ്മിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ഭവന ങ്ങളിൽ ഏകദേശം 3575 ഭവനങ്ങൾക്ക് പ്രാഥ മിക സൗകര്യങ്ങൾക്ക് ആവശ്യമായ കക്കൂസ്, കുളിമുറി, കിണർ എന്നീ സൗകര്യങ്ങൾ നില വിലില്ല. ഇതിനു പുറമേ നിലവിലുള്ള ഭവനങ്ങ ളിൽ ഉദ്ദേശം 3500 വീടുകൾക്ക് ഇന്ന് വൈദ്യുതി സൗകര്യം ലഭിച്ചിട്ടില്ല. 12-ാം വാർഡിന്റെ ഭൂരി ഭാഗം പ്രദേശങ്ങളിലും 9, 11, 5 എന്നീ വാർഡു കളുടെ ഏതാനും പ്രദേശങ്ങളിലും ഇന്നും വൈദ്യുതി ലൈൻപോലും എത്തിയിട്ടില്ല. ഇന്ന് പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തു ന്നത് ഇലക്ട്രിസിറ്റി ബോർഡിന്റെ പത്തനാപുരം, കലഞ്ഞൂർ എന്നീ സബ്ഡിവിഷനുകൾ വഴി യാണ്. പത്തനാപുരം വൈദ്യുതി ഡിവിഷന്റെ കീഴിലുള്ള പഞ്ചായത്തിലെ വൈദ്യുതി ഉപഭോ ക്താക്കൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാ കുന്നതിനാൽ പഞ്ചായത്തിലെ വൈദ്യുതി വിത രണം ഏകോപിപ്പിച്ച് ഇത് കലഞ്ഞൂർ ഡിവി ഷന്റെ കീഴിൽ ആക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ അവശ ജനവിഭാ ഗങ്ങൾ പ്രധാനമായും സുരക്ഷിതത്വമില്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നു. വിവിധ ഏജൻസി കൾ വഴി ലഭിക്കുന്ന സാമ്പത്തിക സഹായം വളരെ പരിമിതമായതിനാലും നിർമ്മാണവസ്തു ക്കളുടെ വിലയും ചിലവും വളരെ കൂടുതലും ആയതിനാൽ ബലക്കുറവും സുരക്ഷിതത്വം കുറ ഞ്ഞതുമായ സാമഗ്രികൾ ഉപയോഗിച്ചുള്ള വീടു കൾ നിർമ്മിക്കുന്നതിന് ഇത്തരം വിഭാഗങ്ങൾ നിർബ്ബന്ധിതമാകുന്നു. കൂടാതെ, വിവിധ ക്ഷേമ പ്രവർത്തനങ്ങൾ മൂലം അവശ ജനവിഭാഗ ങ്ങൾക്ക് ലഭ്യമായിരിക്കുന്ന ഭവനങ്ങൾ കാലാ കാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്ന തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭി ക്കാത്തതിനാൽ ഇത്തരം ഭവനങ്ങൾ വളരെ യേറെ ജീർണ്ണാവസ്ഥയിലാണ്. ഈ പ്രശ്നം പരി ഹരിക്കുന്നതിന് മതിയായ സാമ്പത്തിക സഹായം സമയാസമയങ്ങളിൽ ചെയ്യേണ്ടിയിരി ക്കുന്നു. കുടിലുകളിൽ താമസിക്കുന്നവരിൽ ഭൂരി ഭാഗവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്.

പഞ്ചായത്തു മുഖേനയും ബ്ലോക്കു മുഖേ നയും ലഭിക്കുന്ന ഭവന നിർമ്മാണ സഹായം അപര്യാപ്തമാണ്. പഞ്ചായത്തിൽ കൂടൽ കേന്ദ്ര മായി ഒരു ഭവനനിർമ്മാണ വായ്പാ സഹകരണ സംഘം പ്രവർത്തിക്കുന്നു എങ്കിലും ഈ പഞ്ചാ യത്തിലെ നാമമാത്ര വ്യക്തികൾക്കു മാത്രമേ ഈ സംഘത്തിൽനിന്നും സഹായം ലഭിച്ചി ട്ടുള്ളു. പത്തനംതിട്ട ജില്ലാസഹകരണ ബാങ്കിന്റെ കൂടൽ ശാഖ വഴി ഭവന നിർമ്മാണവായ്പ വിത രണം ചെയ്യുന്നുണ്ട് എങ്കിലും സാധാരണ ജന ങ്ങൾക്ക് മതിയായ വായ്പാ സൗകര്യം ലഭിക്കു ന്നില്ല. അതിനാൽ പഞ്ചായത്തിലെ മൊത്തം ആവശ്യക്കാർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭിക്കുന്നതിന് പുതിയ പദ്ധതി ആവി ഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

വസ്തുവിന്റെ അമിതമായ വില, കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ്, ഇഷ്ടിക, കമ്പി, മണൽ, തടി ഇവയുടെ വിലയിൽ അടുത്ത കാലത്തുണ്ടായ വിലവർദ്ധനവ് എന്നിവ കെട്ടി ടനിർമ്മാണ ചിലവിൽ വളരെ കൂടുതൽ വർദ്ധ നവിന് കാരണമാണ്. പൊതുവെ ചിലവു കുറഞ്ഞ വീട് നിർമ്മിക്കുന്നതിന് പഞ്ചായ ത്തിലെ ജനങ്ങൾ താല്പര്യം കാണിക്കുന്നില്ല. ഗൾഫ് പണത്തിന്റെ സ്വാധീനം, നാണ്യവിളക ളിൽ നിന്നുള്ള വരുമാനം, ഉദ്യോഗസ്ഥർക്ക് ഭവന നിർമ്മാണ വായ്പാ സൗകര്യം എന്നിവ ഈ പഞ്ചായത്തിലും ആർഭാടപൂർവ്വം വീട് പണിയാ നുള്ള പ്രവണത ഉണ്ടാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന് വയലുനികത്തുന്ന പ്രവണത ഈ പഞ്ചായത്തിൽ പ്രകടമായി കാണുന്നു. ഇതിനേയും നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളിൽ ഭൂരിഭാഗവും നമ്മുടെ നാട്ടുകാരാണ്. ഈ രംഗത്ത് തമിഴ് നാട്ടിൽ നിന്നുള്ള തൊഴിലാളികളും പണിയെടുക്കുന്നു. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഇഷ്ടിക, ഹോളോബ്രിക്സ് എന്നിവ ഈ പ്രപഞ്ചത്തിൽ നിർമ്മിക്കുന്നു. ആഡംബര കെട്ടിടങ്ങളുടെ നിർമ്മാണത്തന് ആവശ്യമായ ഇഷ്ടിക മറ്റ് പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്നു. അടുത്ത കാലത്തായി മാർബിൾ, ഗ്രാനേറ്റ് തുടങ്ങിയ വസ്തുക്കൾ നിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നു. മേശിരിപണിക്ക് 125 രൂപയും, മൈക്കാടിന് 100 രൂപയും ആണ് കൂലി.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ അവശേഷിക്കുന്നു.
2. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ ധാരാളം ഉണ്ട്.
3. പ്രാധമിക സൗകര്യങ്ങൾ ദുർബല വിഭാഗങ്ങളുടെ പല ഭവനങ്ങൾക്കും ഇല്ല.
4. ലക്ഷം വീടുകളിലും കോളനികളിലും കാലാകാലങ്ങളിൽ മെയിന്റനൻസ് നടക്കുന്നില്ല.

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വീടുകളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത വീടുകളുടെ എണ്ണം, പുതുതായി വാർഡുകളിൽ നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം എന്നിവ സംബന്ധിച്ച പട്ടിക

ക്രമ നമ്പർ	വാർഡ്	ആകെ വീടുകൾ ഇല്ലാത്തവ	അടിസ്ഥാന സൗകര്യങ്ങൾ	പുതുതായി നിർമ്മിക്കേണ്ടവ
1	I	468	175	100
2	II	618	200	150
3	III	902	150	100
4	IV	638	250	200
5	V	910	200	150
6	VI	1,061	250	200
7	VII	1,059	300	250
8	VIII	792	200	150
9	IX	1,105	850	700
10	X	978	300	250
11	XI	601	200	150
12	XII	888	500	300
	ആകെ	10,020	3,575	2,700

വിവിധ പദ്ധതി പ്രകാരം കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച വീടുകളെ സംബന്ധിക്കുന്ന പട്ടിക

വാർഡ്	വർഷം	അനുവദിച്ച വീട്	പൂർത്തീകരിച്ച വീട്
2	1992-93	1	1
2	1993-94	6	4
5	1993-94	3	3
6	1993-94	2	2
7	1993-94	6	6
9	1993-94	3	3
10	1993-94	2	2
11	1993-94	2	2
12	1993-94	6	6
3	1994-95	1	1
10	1994-95	2	1
12	1994-95	2	2
1	1995-96	3	3
2	1995-96	2	2
3	1995-96	3	3
4	1995-96	2	2
5	1995-96	10	10
6	1995-96	4	1
7	1995-96	1	1
8	1995-96	2	2
9	1995-96	2	0
10	1995-96	7	7
11	1995-96	2	2
12	1995-96	4	4

അവലംബം: V.E.O. ആഫീസ്, കലഞ്ഞൂർ, കൂടൽ ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം.

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ്	വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തീകരിക്കാനുള്ളവ
1	1		
2	8	8	
3	4	4	
4	2	2	
5	13	13	
6	6	5	1
7	7	7	
8	2	2	
9	5	3	2
10	10	9	1
11	5	5	
12	12	12	

DWCRA പദ്ധതി പ്രകാരം കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ സംരംഭങ്ങൾ

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനം നടത്തുന്ന സ്ഥലം
IV V	ഡയറി യൂണിറ്റ് (കൈരളി വനിതാ വ്യവസായ യൂണിറ്റ്)	1993-94	SC/ - 1 Others - 9	കലഞ്ഞൂർ
IX	ഡയറി യൂണിറ്റ് (ദേശ സേവിനി വ്യവസായ യൂണിറ്റ്)	1993-94	SC/-8 മറ്റുള്ളവ–4	അതിരുങ്കൽ

കലഞ്ഞൂർ VEO സർക്കിളിൽ എട്ടാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ റിപ്പോർട്ട്

ഭവന പദ്ധതി

നടപ്പാക്കിയ വർഷം	IAY	MWS	JRY	ആകെ
1992-93	--	--	28	28
1993-94	9	--	--	9
1994-95	--	1	--	1
1995-96	11	9	--	20
ആകെ	20	10	28	50

IRDP സഹായം

വർഷം	എണ്ണം	S.C	സബ്സിഡി	വായ്പ
1992-93	39	28	1,00929	124735
1993-94	38	25	190344	129374
1994-95	42	21	4,03,160	193129
1995-96	53	41	4509212	298068

DWCRA യൂണിറ്റ്

ഡയറി യൂണിറ്റ്	സബ്സിഡി	വായ്പ
1	39250	8400

TRYSEM

വർഷം	പരിശീലനം ലഭിച്ച കുട്ടികളുടെ എണ്ണം
1992-93	3
1993-94	2
1994-95	3
1995-96	1

CRSP പദ്ധതി

വർഷം	എണ്ണം	സാമ്പത്തിക സഹായം
1992-93	10	20,000
1993-94	--	--
1994-95	6	12,000
1995-96	5	10,000

കലഞ്ഞൂർ പഞ്ചായത്തിലെ അംഗൻവാടികളുടെ വിവരങ്ങൾ സംബന്ധിച്ച പട്ടിക

ഭൗതിക സാഹചര്യം

വാർഡ്	അംഗൻവാടികളുടെ എണ്ണം	അംഗൻവാടി നമ്പർ	പ്രദേശം	5 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം	കെട്ടിടം	കുട്ടികളുടെ എണ്ണം	സ്ഥലം സ്വന്തം	സ്ഥലം വാടക	സാധനങ്ങൾ സൂക്ഷിക്കുവാനുള്ള സ്ഥലം
I	1	47	പെരുന്താളൂർ	116	ഇല്ല	—	—	വാടക	—
II	3	56 57 58	കൊട്ടംതറ കല്ലറയം മലനട	296	ഇല്ല	—	ഇല്ല	ഇല്ല	—
III	3	59 63	കുടുത്ത കലഞ്ഞൂർ പറയംകോട്ട്		— —	— —	സ്വന്തം	—	—
IV	1	48	കീച്ചേരിൽ	113	ഇല്ല	—	ഇല്ല	ഇല്ല	ഇല്ല
V	1	50	പള്ളിമുക്ക്	150	ഇല്ല	—	ഇല്ല	ഇല്ല	ഇല്ല
VI	2	49 60	നെല്ലിമുരുപ്പ് ഇഞ്ചപ്പാറ	99 118	ഇല്ല ഇല്ല	— —	ഇല്ല ഇല്ല	ഇല്ല ഇല്ല	ഇല്ല ഇല്ല
VII	1	52	നെടുമൺ കാവു കോളനി	150	ഇല്ല	—	ഇല്ല	ഇല്ല	ഇല്ല
VIII	1	150	മുറിഞ്ഞകൽ	124	ഇല്ല	—	ഇല്ല	ഇല്ല	ഇല്ല
IX	2	53 62	കുളത്തുമൺ കാരയ്ക്കകുഴി	118 139	ഇല്ല ഇല്ല	ഇല്ല ഇല്ല	ഇല്ല ഇല്ല	ഇല്ല ഇല്ല	ഇല്ല ഇല്ല
X	1	61	കൂടൽ സെൻട്രൽ	162	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
XI	2	55 64	തിടി മാങ്കോട്	85 90	ഉണ്ട് ഉണ്ട്	— —	ഉണ്ട് ഉണ്ട്	— —	ഉണ്ട് ഉണ്ട്
XII	2	54 51	ലക്ഷംവീട് തട്ടാകുടി	146 64	ഉണ്ട് ഇല്ല	— —	ഉണ്ട് ഇല്ല	— —	ഉണ്ട് ഇല്ല

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരങ്ങൾ

ക്രമനമ്പർ	പരിശീലന ഇനം	പങ്കെടുത്തവരുടെ എണ്ണം
1.	കമ്പോസിംഗ്	4
2.	വാച്ചു റിപ്പയറിംഗ്	2
3.	ആട്ടോമൊബൈൽൽ	2
4.	ഇലക്ട്രീഷ്യൻ	1
5.	സ്പ്രെപെയിന്റിംഗ്	1
6.	ബുക്ക് ബയന്റിംഗ്	1
7.	റേഡിയോ, ടി.വി. മെക്കാനിസം	1
8.	ഹോം നേഴ്സിംഗ്	1
9.	വെൽഡിംഗ്	1
	ആകെ	14

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ വനവല്ക്കരണ പരിപാടിയിലൂടെ ഉത്പാദിപ്പിച്ച തൈകളുടെ എണ്ണം

ഉത്പാദിപ്പിച്ച	തൈകളുടെ എണ്ണം					വിതരണം നടത്തിയതിന്റെ എണ്ണം				
തൈകളുടെ ഇനം	1991	1992	1993	1994	1995	1991	1992	1993	1994	1995
തെങ്ങ്		105	195	205	100		105	195	205	100
കമുക്		83	450	-	-		83	400	-	-
മാവ് (ഗ്രാഫ്റ്റസ്)		30	35	20	11		30	35	20	11
നെല്ലി		450					450			
അഗസ്തി		1050					1050			
മഹാഗണി		550					550			
അൽബീസിയ		3000	-	-	10		3000	-	-	10
എളന്ത്		440	-	-	-		440	-	-	-
കശുമാവ്		-	5	-	5		-	5	-	5
ഗ്രാമ്പു		-	5	-	5		-	5	-	-
തേക്ക്		-	100	-	100		-	100	-	100
സപ്പോട്ട		-	-	-	9		-	-	-	90
ചെറി		-	-	-	10		-	-	-	10
മഞ്ചിയം		-	-	-	75		-	-	-	75
പേര		-	-	-	15		-	-	-	15
ആകെ		721	805	225	335		5721	805	225	335

5. വസ്തുവിന്റെയും കെട്ടിടനിർമ്മാണ സാമഗ്രികളുടെയും വിലക്കയറ്റം
6. നിലവിൽ ഉള്ള ഹൗസിംഗ് സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. അതിനാൽ വായ്പകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
7. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സഹായം ലഭിക്കുന്നില്ല.
8. കെട്ടിട നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി ഉൽപാദിപ്പിക്കാവുന്നതിന്റെ സാധ്യത ചൂഷണം ചെയ്യുന്നില്ല.
9. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം ലഭിക്കുന്നില്ല.
10. ഭവന നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയൽസിന് അമിതമായ വില വർദ്ധനവ്.

സാദ്ധ്യതകൾ

1. ഭവന രഹികർക്ക് വീടുവച്ചു കൊടുക്കുന്നതിന് ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കുക.
2. ആവശ്യമായ വായ്പ ലഭിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഹൗസിംഗ് സഹകരണ സംഘം ആരംഭിക്കുക. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം സംഘം ഏറ്റെടുക്കുക
3. കോളനികളുടെയും, ലക്ഷം വീടുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുകയും, കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുക.
4. ചിലവുകുറഞ്ഞ വീടുകൾക്ക് ആവശ്യമായ പ്രചാരം നൽകുക, നിർമ്മിതി കേന്ദ്രത്തിന്റെ ശാഖ പഞ്ചായത്തിൽ ആരംഭിക്കുക.
5. ഭവന നിർമ്മാണ വായ്പകളുടെ പലിശയിൽ കുറവു വരുത്തുക.
6. പഞ്ചായത്തടിസ്ഥാനത്തിൽ ന്യായവിലയ്ക്ക് ഭവന നിർമ്മാണ സാമഗ്രികൾ വിതരണം നടത്തുന്നതിന് സംവിധാനമുണ്ടാക്കണം.

പ്രശ്നങ്ങൾ

1. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ലക്ഷംവീടു കോളനികളിലുള്ള വീടുകൾക്ക് ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്നു.
2. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ പൊതുസ്മശാനങ്ങളും അഗതി മന്ദിരങ്ങളും ഇല്ല.
3. അംഗൻ വാടികളിൽ ജോലി ചെയ്യുന്ന ഹെല്പർമാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.
4. അംഗൻവാടി ജീവനക്കാരുടെ വേതന വ്യവസ്ഥകൾ അവർക്ക് ഗുണകരമല്ല.
5. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികളാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും.
6. പഞ്ചായത്തിലെ അംഗൻവാടികളിൽ പ്രവർത്തിക്കുന്ന മഹിളാ സമാജം കാര്യക്ഷമമല്ല.
7. പഞ്ചായത്തിൽ മൂന്ന് കുടുംബക്ഷേമ സംവിധാന കേന്ദ്രങ്ങൾ പ്രവർത്തനമില്ലാതെ കിടക്കുന്നു.
8. റേഷൻ സംവിധാനത്തിലുള്ള അപാകതകൾ നിലനിൽക്കുന്നു.
9. കൂടൽ പബ്ളിക്ക് മാർക്കറ്റിലെ ഇറച്ചി അവശിഷ്ടങ്ങൾ മറവു ചെയ്യുന്നതിനുവേണ്ട സംവിധാനമില്ല.
10. അഗതി പെൻഷനുകൾ അർഹതപ്പെട്ടവർക്ക് കിട്ടുന്നതിന് കാലതാമസം നേരിടുന്നു.

നിർദ്ദേശങ്ങൾ

1. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ലക്ഷംവീടുകൾക്ക് പുനരുദ്ധാരണ പണികൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക.
2. പഞ്ചായത്തിൽ പൊതുസ്മശാനങ്ങളും അഗതി മന്ദിരങ്ങളും നിർമ്മിക്കുക.
3. അംഗൻവാടികളിൽ ജോലി ചെയ്യുന്ന ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തുക. വർക്കർമാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ശമ്പള വർദ്ധന നടത്തുക.
4. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടവും സ്ഥലവും നൽകുക.

5. അംഗൻവാടികളുടെ പ്രവർത്തനത്തെ സഹായിക്കുന്ന മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
6. പഞ്ചായത്തിൽ 3,9,12, എന്നീ വാർഡുകളിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന കുടുംബക്ഷേമ സംവിധാനകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.
7. റേഷൻ കടകൾ വഴി വിതരണം നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരത്തെപ്പറ്റി ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുക.
8. കൂടൽ പബ്ലിക്ക് മാർക്കറ്റിലെ അറവുശാലകളിലെ അവശിഷ്ടങ്ങൾ മറവുചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
9. പഞ്ചായത്തിലെ പുന്നമൂട്, വട്ടുതറ, ചിറവയൽ, വിളയിൽ കോളനി, മലനട, കൂടൽ IHDP കോളനി, എന്നിവിടങ്ങളിൽ ഓരോ അംഗൻവാടികൾ സ്ഥാപിക്കുക.
10 കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവ പെൻഷൻ തുടങ്ങിയ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യണം.
11. പഞ്ചായത്തിൽ കുടിവെള്ള ക്ഷാമമുള്ള പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.

പൊതുവിതരണം

വയലേലകൾ പൊതുവേ കുറവുള്ളതും മുഖ്യമായും നാണ്യവിളകൾ കൃഷിചെയ്യുന്നതുമായ പഞ്ചായത്താണ് നമ്മുടേത്. അതിവിസ്തൃതവും അമ്പതിനായിരത്തോളം ജനങ്ങൾ അധിവസിക്കുന്നതുമായ ഈ പഞ്ചായത്തിൽ അരിയുടെ വിലവർദ്ധനവ് പിടിച്ചു നിർത്തുന്നതിൽ കാര്യമായ സ്വാധീനം റേഷൻ ഷോപ്പുകൾക്കുണ്ട്. 21 റേഷൻ ഷോപ്പുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ കൂടലിൽ സിവിൽ സപ്ലൈസിന്റെ ഒരു മാവേലി സ്റ്റോറും കലഞ്ഞൂരിൽ ഒരു ഹോൾസെയിൽ ഡിപ്പോയും പ്രവർത്തിക്കുന്നു. ഓണം കാലഘട്ടങ്ങളിൽ കലഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് കലഞ്ഞൂരും പാടത്തും അതിരുങ്കൽ സഹകരണ ബാങ്ക് അതിരുങ്കലിലും നടത്തുന്ന ഓണച്ചന്തയും മാവേലി സ്റ്റോറും മാത്രമാണ് പൊതുവിതരണ രംഗത്ത് ഇന്നുള്ള പ്രവർത്തനങ്ങൾ. നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തിയിരുന്ന കൂടലിലെ കൺസ്യൂമർ സ്റ്റോർ ഇന്ന് പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ ജനങ്ങൾ നാലും അഞ്ചും കിലോമീറ്ററുകൾ സഞ്ചരിച്ചാണ് റേഷൻ കടകളിലെത്തുന്നത്. തട്ടാക്കുടി, പോത്തുപാറ എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. റേഷൻ കടകളുടെ ഇന്നുള്ള പ്രവർത്തനം കൂടുതൽ ഗുണകരമാക്കേണ്ടതായുണ്ട്. ഇന്ന് റേഷൻ ഷോപ്പുകളിൽ വില എഴുതി പ്രദർശിപ്പിക്കുകയോ വാങ്ങുന്ന സാധനങ്ങൾക്ക് ബിൽ കൊടുക്കുകയോ ചെയ്യാറില്ല. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന റേഷൻ കടകൾ വേണ്ടവിധം വിതരണം നടത്താറില്ല. റേഷൻ ലൈസൻസികളുടെ കുറഞ്ഞ കമ്മീഷനും റേഷൻ കട നടത്തിക്കൊണ്ടുപോകുന്നതിനുള്ള വർദ്ധിച്ച ചെലവുകളും ഈ രംഗത്തെ പ്രധാന പ്രതിസന്ധിയാണ്. റേഷൻ സാധനങ്ങളുടെ ഗുണനിലവാരക്കുറവും വില വർദ്ധനവും പൊതു മാർക്കറ്റുകളിൽ സാധനങ്ങളുടെ വില വർദ്ധിക്കുവാൻ കാരണമാക്കുകയും സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുഷ്ക്കരമാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഒട്ടേറെ ഭവനങ്ങളിൽ ഇന്നും വൈദ്യുതി ലഭ്യമായിട്ടില്ല; ഇത്തരം കുടുംബങ്ങൾക്ക് പ്രതിമാസം ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന 5 ലിറ്റർ മണ്ണെണ്ണ വളരെ കുറവാണ്. ഇത് 10 ലിറ്ററായി ഉയർത്തണം. വൈദ്യുതിയുള്ള ഭവനങ്ങൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന 3 ലിറ്റർ മണ്ണെണ്ണ 5 ലിറ്ററായി ഉയർത്തണം. കലഞ്ഞൂരിൽ ഒരു മാവേലി സ്റ്റോർ ആരംഭിച്ചും പാടം, അതിരുങ്കൽ, കലഞ്ഞൂർ, കൂടൽ, മുറഞ്ഞകൽ എന്നിവിടങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിച്ചും പൊതുവിതരണരംഗം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

വനിത



മാനവ സംസ്കാരത്തിന്റെ പരിണാമ ഘട്ട ങ്ങളിൽ സ്ത്രീകളുടെ പങ്ക് അനിഷേദ്ധ്യമായി രുന്നു. സ്ത്രീകളെ മാറ്റി നിർത്തിക്കൊണ്ട് നമുക്ക് വികസനത്തെക്കുറിച്ച് ചിന്തിക്കാനാവില്ല. മതചി ന്തകളുടെ ചട്ടക്കൂട്ടിൽനിന്നും സതി, ശൈശവ വിവാഹം, ശിശുഹത്യ തുടങ്ങിയ സാമൂഹ്യ ദുരാ ചാരങ്ങളിൽനിന്നും സ്ത്രീകളെ മോചിപ്പിച്ച് സമൂ ഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരു വാൻ ദേശിയ പ്രസ്ഥാനങ്ങൾ, സാമൂഹ്യ പരി ഷ്കരണ പ്രസ്ഥാനങ്ങൾ, സ്തീ വിമോചന സംഘടനകൾ തുടങ്ങിയവ വഹിച്ച പങ്ക് സ്മര ണീയമാണ്. കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതി കളിലും സ്ത്രീകളുടെ ക്ഷേമൈശ്വര്യത്തിനു വേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിലൂടെ

നമ്മുടെ പഞ്ചായത്ത് അടക്കമുള്ള വനിതകളെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ ഒരു പരിധിവരെ ഉയർത്തിക്കൊണ്ടു വരുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പുരുഷനോടൊപ്പം എല്ലാ മേഖലകളിലും വേണ്ടവിധം ഉയർന്നുവരുവാൻ വനിതകൾക്ക് ഇന്നും കഴിഞ്ഞിട്ടില്ല. പഞ്ചായത്തീരാജ് സംവിധാനം നടപ്പിലാക്കിയതുവഴി നല്ലൊരു ശതമാനം വനിതകളെ നേതൃത്വനിരയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് സ്ത്രീ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് ഒൻപതാം പദ്ധതി ജനകീയവൽക്കരിക്കപ്പെടുന്നതിലൂടെ പരിഹാരം കാണാൻ കഴിയും.

വിദ്യാഭ്യാസ കലാസാംസ്കാരിക രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്നവരാണ് ഈ പഞ്ചായത്തിലെ സ്ത്രീകൾ. പഞ്ചായത്തിലെ സ്കൂളുകളിലെ കണക്കുകൾ സൂചിപ്പിക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തും വിജയ ശതമാനത്തിലും ആൺകുട്ടികളേക്കാൾ വളരെ മുൻപന്തിയിലാണ് പെൺകുട്ടികൾ എന്നാണ്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും കൃഷി, കെട്ടിട നിർമ്മാണം, കൈത്തൊഴിൽ, പരമ്പരാഗത തൊഴിൽ മേഖലകൾ എന്നിവയിലുമായി 70 ശതമാനത്തോളം സ്ത്രീകൾ പണിയെടുക്കുന്നു. 30 ശനമാനത്തോളം സ്ത്രീകൾ ഗൃഹാന്തരീക്ഷത്തിൽ കഴിഞ്ഞുകൂടുന്നു. പഞ്ചായത്തിലെ 12 മെമ്പർമാരിൽ നാലുപേർ വനിതകളാണ്. പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് അംഗം എന്നീ സ്ഥാനങ്ങളും വഹിക്കുന്നത് വനിതകളാണെന്നത് എടുത്തു പറയേണ്ടുന്ന കാര്യമാണ്.

വിദ്യാഭ്യാസം - സംസ്കാരം

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്നവരാണ്. സ്കൂളുകളിലും കോളജുകളിലും വിദ്യാർത്ഥികളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് വിജയ ശതമാനത്തിലും കലാമത്സരങ്ങളിലും പെൺകുട്ടികൾ പൊതുവേ മുൻപന്തിയിലാണെന്നാണ്. അക്കാദമിക് രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും സ്ത്രീ പങ്കാളിത്തം വളരെ കൂടുതലാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും കുടുംബപരമായ പശ്ചാത്തലവും ഏറെ കുടുംബങ്ങളിലേയും സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസത്തന് തടസ്സമായി നിൽക്കുന്നു. പ്രൈമറിതലം മുതൽ കോളജ് തലം വരെ പരിശോധിച്ചാൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർ കൂടുതലും സ്ത്രീകളാണ്. ഡോക്ടർമാർ, എഞ്ചിനീയർമാർ, വക്കീലന്മാർ എന്നീ രംഗങ്ങളിൽ പഞ്ചായത്തിലെ സ്ത്രീകളുടെ ഉയർച്ച കാണാവുന്നതാണ്. സംഗീതം, നൃത്തം, ഓട്ടൻതുള്ളൽ, നാടകാഭിനയം, ചിത്രരചന, എന്നീ കലാ രംഗങ്ങളിൽ സ്ത്രീകളുടെ പങ്ക് പ്രശംസനീയമാണ്. സ്കൂൾ കലാ-കായിക മത്സരങ്ങളിലും സബ്ജില്ലാ-ജില്ലാ കായിക മത്സരങ്ങളിലും നിരവധി സമ്മാനങ്ങൾ പെൺകുട്ടികൾ കരസ്ഥമാക്കിയിട്ടുണ്ട്.

തൊഴിൽ മേഖല

പഞ്ചായത്തിലെ വിവിധ തൊഴിൽ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം കൂടുതലാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, കാർഷികമേഖല, ക്ഷീരോല്പാദന മേഖല, കെട്ടിട നിർമ്മാണം, കൈത്തൊഴിൽ, പരമ്പരാഗത മേഖല എന്നീ രംഗങ്ങളിൽ സ്ത്രീകൾ പണിയെടുക്കുന്നു. നല്ലൊരു വിഭാഗം ഗൃഹാന്തരീക്ഷത്തിൽ കഴിഞ്ഞുകൂടുന്നു. തൊഴിൽ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. വനിതാ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാത്തതും വനിതാ സഹകരണ സംഘങ്ങൾ ഇല്ലാത്തതും മതിയായ വായ്പാ സൗകര്യങ്ങളുടെ കുറവും സ്ത്രീ തൊഴിലാളികളുടെ ശമ്പളക്കുറവും പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽരംഗത്തെ പ്രശ്നങ്ങളായി നിലനിൽക്കുന്നു.

പ്രശ്നങ്ങൾ

1. വനിതകളുടെ സാമൂഹ്യപദവിയ്ക്ക് അർഹിക്കുന്ന അംഗീകാരം ലഭിക്കാത്തതിനാൽ തൊഴിൽ രംഗത്തും പൊതുരംഗത്തും അവർ പിന്തള്ളപ്പെടുന്നു.

2. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ.
3. തുല്യ ജോലിക്ക് സ്ത്രീ-പുരുഷ വേതന അന്തരം നിലനിൽക്കുന്നു.
4. സ്ത്രീകൾക്കുനേരെ സമൂഹത്തിൽനിന്നുള്ള വിവിധതരം പീഡനങ്ങൾ.
5. വർദ്ധിച്ചുവരുന്ന മദ്യപാനവും ലഹരി വസ്തുക്കളുടെ ഉപയോഗവും സ്ത്രീകൾക്കും കുടുംബങ്ങൾക്കുമുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ
6. വനിതകൾക്കുവേണ്ടിയുള്ള വ്യവസായ വ്യാപാര സംരംഭങ്ങളുടെ അഭാവവും മതിയായ തൊഴിൽ പരിശീലനമില്ലായ്മയും.
7. നിലവിലുള്ള സ്ത്രീധന സമ്പ്രദായം.
8. വിവിധ മാദ്ധ്യമങ്ങൾ വഴി സ്ത്രീകളെ ഉപഭോഗവസ്തുക്കളാക്കി ചിത്രീകരിക്കുന്ന പുത്തൻ കമ്പോള സംസ്കാരത്തിന്റെ കടന്നുകയറ്റം.
9. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സ്ത്രീകൾക്കുവേണ്ടി പ്രാഥമിക സൗകര്യങ്ങളുടെ അഭാവം.
10. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ്.
11. പാചക ഇന്ധനങ്ങളുടെ ക്ഷാമം.
12. സ്ത്രീകളുടെ കുറഞ്ഞ വായനാശീലം.
13. പബ്ലിക് ഹെൽത്ത് സെന്ററുകളുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനം വനിതകളുടെ ആരോഗ്യപ്രശ്നം രൂക്ഷമാക്കുന്നു.
14. വനിതാ സംഘടനകളുടെ കുറവും പ്രവർത്തന വൈകല്യവും.
15. നേതൃത്വരംഗത്തെ പ്രാതിനിധ്യക്കുറവ്.

സാദ്ധ്യതകൾ

1. വനിതാ വ്യവസായ യൂണിറ്റുകൾ എല്ലാ വാർഡുകളിലും സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കണം.
2. വനിതകളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും സ്ത്രീകളുടേതായ പഞ്ചായത്തല ഉപദേശക സമിതി രൂപീകരിക്കണം.
3. ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം എന്നീ വിഷയങ്ങളെ അധികരിച്ച് ബോധവൽക്കരണം സംഘടിപ്പിക്കണം.
4. നിയമനങ്ങളിൽ 50% സ്ത്രീ സംവരണം ഏർപ്പെടുത്തണം.
5. മഹിളാ സംഘടനകളുടെയും സംഘങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം.
6. പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം.
7. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കണം.
8. പബ്ലിക് ഹെൽത്ത് സെന്ററുകളുടെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണം.
9. നിലവാരമുള്ള വനിതാ പ്രസിദ്ധീകരണങ്ങൾക്ക് കൂടുതൽ പ്രചരണം നൽകണം.
10. "തുല്യ ജോലിക്ക് തുല്യ വേതനം" എന്ന രീതി നടപ്പിലാക്കണം.
11. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.
12. പോലീസ് സ്റ്റേഷനിൽ കൂടുതൽ വനിതാ പോലീസുകാരെ നിയമിക്കണം.
13. പാചക ഇന്ധനങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും പുകയില്ലാത്ത അടുപ്പ്, ഗോബർ ഗ്യാസ് എന്നിവയുടെ ഉപയോഗം വ്യാപകമാക്കുകയും ചെയ്യുക.
14. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.
15. അശ്ലീല പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നത് നിയമം മൂലം തടയണം.
16. നേതൃ നിരയിലേക്ക് സ്ത്രീകളെ കൊണ്ടുവരുന്നതിനായി ബോധപൂർവ്വമായ ശ്രമങ്ങളും പരിശീലനക്കളരികളും സംഘടിപ്പിക്കുക.
17. സ്ത്രീകൾക്കായി ഓട്ടോ ഡ്രൈവിംഗ് പരിശീലന കേന്ദ്രം സ്ഥാപിക്കുകയും പരിശീലകർക്ക് കുറഞ്ഞ പലിശയിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

പട്ടികജാതി/പട്ടികവർഗ്ഗവികസനം

ജാതിവ്യവസ്ഥിതിയുടെ ഭാഗമായി നിലനിന്നിരുന്ന അയിത്തം, തീണ്ടൽ, തൊടീൽ എന്നിവമൂലം കഷ്ടത അനുഭവിക്കുവാൻ വിധിക്കപ്പെട്ട ജനവിഭാഗമായിരുന്നു പട്ടികജാതി–പട്ടികവർഗ്ഗം. നമ്മുടെ പഞ്ചായത്തിലെ ജന്മി–കുടിയാൻ വ്യവസ്ഥയുടെ ഭാഗമായി ജന്മിമാരുടെ കൃഷി ഇടങ്ങളിൽ പണിയെടുത്തിരുന്ന കുടിയാന്മാർക്ക് സ്വന്തമായി ഭൂമി ഇല്ലായിരുന്നു. കഠിനാദ്ധ്വാനികളായ അടിയാന്മാരുടെ അദ്ധ്വാനം പൂർണ്ണമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു. സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ, തൊഴിലാളിവർഗ്ഗസംഘടനകൾ എന്നിവയുടെ പ്രവർത്തനഫലമായി ഈ വിഭാഗത്തിൽപെട്ടവർ മാറ്റത്തിന്റെ പുതിയപാതയിലേക്കു കടക്കുകയും, ക്ഷേത്രപ്രവേശനവിളംബരം, കുടികിടപ്പവകാശം, ഭൂപരിഷ്കരണം, സംവരണം, വിവിധ ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കിയതുവഴി ഇവരുടെ സാമൂഹ്യ–സാമ്പത്തിക–വിദ്യാഭ്യാസമേഖലകളിൽ വലിയ മാറ്റം ഉണ്ടാകുകയും ചെയ്തു. എന്നിരുന്നാലും നമ്മുടെ പഞ്ചായത്തിലെ മറ്റു ജനവിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ നിന്നും വളരെ താഴ്ന്ന നിലയിൽ തന്നെയാണ് ഇന്നും ഇവരുടെ ജീവിതം. സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുവാൻ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ തുടരുകയും, വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുക യും വേണം. 66 ച. മൈൽ ചുറ്റളവുള്ള നമ്മുടെ പഞ്ചായത്തിന്റെ 12 വാർഡുകളിലായി തോട്, റോഡ്, കനാൽ – പുറമ്പോക്കുകളിലും, വിവിധകോളനികളിലുമായി 14333 പട്ടികജാതിവിഭാഗത്തിൽപെട്ടവരും, 35 പേർ പട്ടികവർഗ്ഗത്തിലും കഴിഞ്ഞുകൂടുന്നു. ഇവരിൽ സർക്കാർ ജീവനക്കാർ 26 പേർമാത്രമാണ്. 4 ശതമാനത്തിനുതാഴെ മാത്രമാണ് അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പണിയുള്ളവർ. ബഹുഭൂരിപക്ഷം കുടുംബങ്ങളിലും പ്രാഥമിക സൗകര്യങ്ങൾ ഇല്ല. വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ അവർ വളരെ പിന്നോക്കം നിൽക്കുന്നു. സാക്ഷരത, തുടർവിദ്യാഭ്യാസം ഇവർക്കിടയിൽ തുടരേണ്ടിയിരിക്കുന്നു. 180 ഓളം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലാത്തവരും, 50 ശതമാനത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ സ്വന്തം കെട്ടിടം ഇല്ലാത്തവരുമാണ്. 9-ാം പദ്ധതികാലഘട്ടത്തിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി പുനരധിവാസം ഉൾപ്പെടെ യുള്ള സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ വിദ്യാഭ്യാസകാര്യത്തിൽ ഇപ്പോഴും വളരെ പിന്നിൽ തന്നെയാണ്. പ്രൈമറിതലത്തിൽ തന്നെ കുട്ടികൾ വിദ്യാഭ്യാസം നിർത്തുന്നതും, ഹൈസ്ക്കൂൾ ഘട്ടത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കും, ഉന്നതവിദ്യാഭ്യാസത്തിന് താല്പര്യക്കുറവു കാണിക്കുന്നതും, സാങ്കേതികവിദ്യാഭ്യാസത്തിന്റെ കുറവും നന്നായി കാണാൻ കഴിയും. സാമ്പത്തികമായ പിന്നോക്കാവസ്ഥയും, ചെറുപ്പത്തിലേ തൊഴിലിനു പോകുന്നതും ബോധവൽക്കരണത്തിന്റെ കുറവുമാണ് പ്രധാന കാരണങ്ങൾ. പഞ്ചായത്തിലെ ചില പട്ടികജാതി– പട്ടികവർഗ്ഗകുടുംബങ്ങളിൽ ഇതിന് വ്യത്യസ്ഥമായി കുട്ടികളെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കുന്നതും കാണാൻ കഴിയും.

പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളിലാണ് വിദ്യാഭ്യാസക്കുറവ് കൂടുതലായി കാണുന്നത്. ഹൈസ്ക്കൂൾ തലംവരെയുള്ള വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കുകയും, വേണ്ടവിധത്തിൽ ഉള്ള സാമ്പത്തികസഹായങ്ങൾ കൊടുത്തും, ഉന്നത വിദ്യാഭ്യാസമുള്ളവരായി ഇവരെ മാറ്റിയെടുക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

സംസ്കാരം

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിപട്ടികവർഗ്ഗവിഭാഗത്തിൽപെട്ടവരിൽ കലാപരമായും, സാംസ്കാരികമായും ഉന്നതനിലവാരം പുലർത്തുന്നവർ നിരവധിയുണ്ട്. ഈ വിഭാഗത്തിന്റെ മാത്രമായിട്ടുള്ള കലാരൂപങ്ങൾ ഏറെ പ്രചാരത്തിലുണ്ട്. കൊയ്ത്തുപാട്ട്, കുറവരുകളി, കുറത്തിയാട്ടം, കോൽകളി, പറയൻതുള്ളൽ, കാക്കാരിശി, വേലൻതുള്ളൽ, പുള്ളുവൻപാട്ട്, ചെണ്ടമേളം തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്. പഞ്ചായത്തിലെ അർട്സ് ക്ലബുകളുടെയും സാംസ്കാരികസംഘടനകളുടെയും നേതൃസ്ഥാനത്തുനിന്നു പ്രവർത്തിക്കുന്ന നിരവധിപേർ ഇവരിലുണ്ട്. സാമൂഹികമായും രാഷ്ട്രീയമായും ഉയർന്നുവന്നിട്ടുള്ളവരും ഉണ്ട്. പഞ്ചായത്തിലെ രാഷ്ട്രീയപാർട്ടികൾ, സാമുദായിക സാസ്കാരിക സംഘടനകൾ ഈവിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സ്മരണീയമാണ്. സ്ക്കൂൾ, കോളേജ് കലാകായികമത്സരങ്ങളിലും പഞ്ചായത്തുമേളകളിലും ഈ വിഭാഗത്തിലുള്ളകുട്ടികൾ അവരുടെ കലാകായികപരമായ കഴിവുകൾ മറ്റുള്ളവരേക്കാൾ ഉയർന്നനിലവാരത്തിലുള്ളതാണെന്ന് തെളിയിച്ചിട്ടുണ്ട്. ആവശ്യമായ പ്രോത്സാഹനവും പരിശീലനവും കോടുക്കുവാൻ കഴിഞ്ഞാൽ ഇവരുടെ ഇടയിൽനിന്നും പ്രതിഭകളെ കണ്ടെത്തുവാൻ കഴിയും.

സിദ്ധനർ, ചേരന്മാർ, സാംബവർ, തണ്ടാൻ, പതിയാർ, പാണർ, വേലൻ, വേടർ തുടങ്ങിയ വിഭാഗത്തിൽപെട്ടവരാണ് പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പ്രധാനമായും പഞ്ചായത്തിൽ ഉള്ളവർ. ഇവർ പ്രകൃതിയെ സ്നേഹിക്കുകയും, ആരാധിക്കുകയും ചെയ്തിരുന്നു. മലകളെയും, കാവുകളെയും, പർവ്വതങ്ങളെയും ആരാധനാമൂർത്തികളായി ആരാധിച്ചിരുന്നു. കാലംചെയ്ത മുൻഗാമികളേയും ആരാധിക്കുന്ന പ്രവണത ഇവരുടെ ഇടയിൽ നിലനില്ക്കുന്നു. നമ്മുടെ പഞ്ചായത്തിലെ കൊട്ടംതറകാവ്, പെരുന്താളൂർ മന്ദത്തുകാവ് കൂടൽ ശങ്കരൻ കാവ്, കുടപ്പാറ, രാക്ഷസൻ പാറ, പടപ്പാറ, വണ്ടണിചാവർ, കല്ലേലി അപ്പൂപ്പൻ, പടയണി തേവർ, പോത്തുപാറ അമ്മൂമ്മ, മൊട്ടപ്പാറ, കൈലാസക്കുന്ന് തുടങ്ങിയവരെ ദൈവങ്ങളായി ആരാധിക്കുന്നു. പടയണിയും, കോലംതുള്ളലും ഇവരുടെ ഇടയിൽ നടത്തിവരുന്നു. കലഞ്ഞൂർ നാലാം വാർഡിൽ കുടപ്പാറമലക്ക് താഴെയായി സിദ്ധനർ വിഭാഗത്തിന്റെ പഴക്കം ചെന്ന ഒരു കൊട്ടാരവും ഉണ്ട്. ഈ കൊട്ടാരത്തിൽ എല്ലാവർഷവും പ്രസിദ്ധമായ തരത്തിൽ പടയണി നടത്തിവരുന്നു. ഇതിൽ എല്ലാ വിഭാഗം ആൾക്കാരും പങ്കെടുക്കാറുണ്ട്.

തനിമയാർന്ന ഇവരുടെ കലാരൂപങ്ങളേയും, സംസ്ക്കാരത്തേയും സംരക്ഷിക്കുന്നതോടോപ്പം ഇവരുടെയിടയിലുള്ള അന്ധവിശ്വാസത്തേയും, അനാചാരങ്ങളേയും ഉന്മൂലനം ചെയ്യുവാൻ വേണ്ട പ്രവർത്തനങ്ങൾ കൂടി നടത്തേണ്ടിയിരിക്കുന്നു.

തൊഴിൽ - പാർപ്പിടം

പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരിൽ 80% കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ്. 4% ത്തോളം ആളുകൾ സർക്കാർ- അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പണയെടുക്കുന്നു. 2% ആളുകൾ പരമ്പരാഗതതൊഴിലുകളായ കുട്ടനെയ്ത്ത്, പനമ്പുപായ് നെയ്ത്ത് തുടങ്ങിയവയിലും ബാക്കിവരുന്നവർ ലോഡിംഗ്, കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്നു. കാർഷികമേഖലകളിലെ യന്ത്രവല്ക്കരണവും, കൃഷിഭൂമിയുടെ കുറവും, നാണ്യവിളകൾ കൃഷി ചെയ്യുവാനുള്ള കർഷകരുടെ താല്പര്യവും ഈ രംഗത്ത് രൂക്ഷമായ തൊഴലില്ലായ്മ സൃഷ്ടിക്കുന്നു.

വർദ്ധിച്ചു വരുന്ന ജീവിതചെലവ്, ജോലി സ്ഥിരതയില്ലായ്മ, കൂലിക്കുറവ്, മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളുടെ വരവ് ഇവകാരണം ഇവരുടെ തൊഴിൽ മേഖലയിൽ അസ്വസ്ഥതയും അസംതൃപ്തിയും നിഴലിച്ചു നിൽക്കുന്നു. കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിച്ചു കൊണ്ടും, ജോലിസ്ഥിരത ഉറപ്പാക്കിക്കൊണ്ടും, മെച്ചപ്പെട്ട വേതനവ്യവസ്ഥകൾ നടപ്പാക്കിക്കൊണ്ടും, ജോലിസമയത്തുണ്ടാകുന്ന അപകടങ്ങൾക്കും രോഗങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കൊണ്ടും, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഈ വിഭാഗങ്ങളിലുള്ളവരെ നിയമിച്ചുകൊണ്ടും, ഇവരുടെ

തൊഴിൽപരമായ പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ കഴിയും. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം പാർപ്പിടമാണ്. ലക്ഷം


വീടുകളിലും, കോളനി, പുറമ്പോക്ക് സ്ഥലങ്ങളിലും താമസിക്കുന്ന ഇവരിൽ ഭൂരിപക്ഷത്തിനും വാസയോഗ്യമായ വീടുകൾ ഇല്ല. 1978-ൽ സർക്കാർ പണിതുകൊടുത്ത ലക്ഷം വീടുകൾ കാലാകാലങ്ങളിൽ പുതുക്കിപണിയാത്തതുമൂലം താമസയോഗ്യമല്ല. രണ്ടും, മൂന്നും, നാലും സെന്റുകളിലായി അടുത്തടുത്ത് വീടുകളും, കക്കൂസും, കിണറും ഒക്കെയായി കഴിഞ്ഞുകൂടുന്ന ഇവരുടെയിടയിൽ ദരിദ്രജന്യരോഗങ്ങളുടെ സാദ്ധ്യത വളരെ കൂടുതലാണ്. എല്ലാ കോളണി പ്രദേശങ്ങളിലും വാട്ടർസപ്ലൈ സ്കീം നടപ്പാക്കണം. കുടിവെള്ളത്തിനായി കിണറുകളെ മാത്രം ആശ്രയിക്കുന്നത് ഒഴിവാക്കാൻ കഴിയണം. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകിയും, ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുത്തും, ഉള്ളവീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും കക്കൂസുകൾ നിർമ്മിച്ചുകൊടുത്തും ഇവരുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കണം.

പഞ്ചായത്തിലെ
പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ

പട്ടികജാതി	5,744
പട്ടികവർഗ്ഗം	35
പുരുഷൻമാർ	2,836
സ്ത്രീകൾ	2,908
കുട്ടികൾ	8,624
ആകെ	14,368

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ലക്ഷം വീടുകളുടെ പട്ടിക

ക്രമ നമ്പർ	പേര്	വാർഡ്	സർവ്വേ നമ്പർ	വിസ്തീർണ്ണം (ഏക്കർ)	വീടുകളുടെ എണ്ണം
1	ഇടത്തറ	2	503/26	0.20	6
2	കുരുമ്പേലി വിള	5	783/1-1 1152	0.46	13
3	പാടം	12	896/1	1.33	18
4	കുടുത്ത	3	783/205 783/1187 783/205	1.50	34
5	തേമ്പാം മണ്ണ്	10	884/100/16 13/12	0.84	15
6	കൂടൽ	10	884/131	0.61	10
	ആകെ			5.00	96



കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾ

ക്രമനമ്പർ	വാർഡുകൾ	കോളനികൾ	കുടുംബങ്ങളുടെ എണ്ണം	വീടില്ലാത്തവർ
1	1	പെരുന്താളൂർ കഞ്ചോട് ഇടിഞ്ഞകുഴി	140	43
2	II	ഇടത്തറ ലക്ഷംവീട് മണ്ണിൽ ഭാഗം	95	24
3	III	കുടുത്ത ലക്ഷം വീട് കാരുവയൽ പറയംകോട് ചക്കിട്ട അയത്തിൽ	216	38
4	IV	മണക്കാട്ടു പുഴ കൊന്നേലയ്യം പേക്കുളം	106	25
5	V	കുരുമ്പേലിവിള വട്ടുതറസെറ്റിൽമെന്റ് ചിറവയൽ പാലമല കാഞ്ഞിരമുകൾ	263	97
6	VI	നെല്ലിമുരുപ്പ്, പല്ലൂർ പച്ചമുരുപ്പ്	103	21
7	VII	നെടുമൺകാവ് കോളനി	150	32
8	VIII	പാക്കണ്ടം പാറമടഭാഗം	30	13
9	IX	കമ്പകത്തുംപച്ച, പടപ്പാറ I.H.D.P., പോത്തുപാറ	225	70
10	X	മിച്ചഭൂമി, എലിയാം മൂല പത്തിശ്ശേരി,പാങ്ങോട് ചെമ്പിമുരുപ്പ്, തേമ്പാം മണ്ണ്	241	53
11	XI	എലിക്കോട്, നിരത്തു പാറ 202 തിടി-എം.ജി. സെറ്റിൽമെന്റ്	45	
12	XII	തട്ടാക്കുടി I.H.D.P. പാടം ലക്ഷംവീട്, കാഞ്ഞിരത്തും വിള എരിത്വാപുഴ, പുനരധിവാസ കോളനി	261	118

പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം പ്രശ്നങ്ങൾ

1. സ്വന്തമായി ഭൂമി ഇല്ല. റോഡ്, തോട്, കനാൽ, പുറമ്പോക്കുകളിൽ താമസിക്കുന്നു.
2. വാസയോഗ്യമായ ഭവനങ്ങളുടെ അഭാവം.
3. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.
4 വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.
5 .കുട്ടികളെ ക്കൊണ്ട് തൊഴിൽ എടുപ്പിക്കുന്നു.
6. വൈദ്യുതി ഭൂരിപക്ഷം വീടുകളിലും ഇല്ല.
7. തൊഴിൽ സ്ഥിരതയില്ലായ്മ, പരമ്പരാഗത തൊഴിൽമാർഗ്ഗങ്ങൾ പരിപോഷിക്കപ്പെടാത്ത അവസ്ഥ
8. പോഷകാഹാരക്കുറവ്, രോഗങ്ങൾ.
9. കർഷികരംഗത്തെ യന്ത്രവല്ക്കരണം, കുറഞ്ഞുവരുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി, നാണ്യ വിളക്കൃഷിയിലേക്കുള്ള കർഷകരുടെ മാറ്റം.
10 സാമൂഹികമായ പിന്നോക്കാവസ്തയും, മാറാതെ ഇന്നും നിലനില്ക്കുന്ന ഉച്ചനീചത്വവും.
11. ശവസംസ്ക്കാരം നടത്താനുള്ള സ്ഥലപരിമിതി, വിവാഹം ഉൾപ്പെടെ പൊതുചടങ്ങുകൾക്കുള്ള സ്ഥലമില്ലായ്മ.
12. വായ്പകളുടെ അപര്യാപ്തത.
13. ബോധവല്ക്കരണത്തിന്റെ കുറവ്.
14. കലാകായികരംഗങ്ങളിലെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കപ്പെടാത്ത അവസ്ഥ.
15. മദ്യപാനവും, വ്യാജവാറ്റും.

സാദ്ധ്യതകൾ

1. വാർഡ്, കോളനി, ലക്ഷംവീട് എന്നിവടങ്ങളിൽനിന്നും പ്രാതിനിത്യം ഉണ്ടാകത്തക്കവിധം പഞ്ചായത്തുതല പട്ടികജാതി പട്ടികവർഗ്ഗ ഉപദേശകസമിതിരൂപീകരിക്കുക.
2. പരിസരശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയരംഗങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുക.
3. പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതുശ്മശാനങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, റീഡിംഗ് റൂമുകൾ, കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കുക.
4. കോളനികളിൽ കിണറുകൾ കുഴിപ്പിക്കുന്നതിനുപകരമായി പമ്പുസെറ്റുകൾ സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തണം.
5. ഭൂമിയില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകുക, വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ചുനൽകുക, നിലവിലുള്ള വീടുകളിൽ അറ്റകുറ്റപ്പണി നടത്തുക.
6. കോളനികളിൽ എല്ലാവീടുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകുകയും, എല്ലാകക്കൂസുകൾക്കും വലിപ്പമുള്ള പൊതു സേഫ്റ്റിടാങ്ക് നിർമ്മിക്കുകയും ചെയ്യുക. ഇത് കോളനികളിലെ കുടിവെള്ളമലിനീകരണത്തിന് പരിഹാരമായിരിക്കും.
7. എല്ലാവീടുകളിലും വൈദ്യുതി എത്തിക്കുക.
8. പട്ടികജാതി പട്ടികവർഗ്ഗസങ്കേതങ്ങളിൽ മാസത്തിലൊരിക്കൽ സൗജന്യമെഡിക്കൽക്യാമ്പും, പോഷകാഹാരവിതരണവും നടത്തണം.
9. തൊഴിൽ പരിശീലനം നൽകുകയും, തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുക.
10. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ തുടങ്ങുകയും, വിവിധമേഖലകളിൽ പ്രവർത്തിക്കുകയും ചെയ്യുക.
11. ബാങ്ക് വായ്പകൾ ഉദാരമാക്കുകയും കൂടുതൽ വായ്പാപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
12. കലാ, കായിക സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനം ശക്തിപ്പെടുത്തുകയും പ്രത്യേകമായി പ്രോത്സാഹനം നൽകുകയും വേണം.
13. വ്യാജവാറ്റ് തടയുവാനും, മദ്യപാനം നിയന്ത്രിക്കുവാനും ആവശ്യമായനടപടികൾ സ്വീകരിക്കുകയും വേണം.
14. കോളനി പ്രദേശങ്ങളിൽ സർക്കാർ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടം തുടങ്ങുക.

സഹകരണ മേഖല

"എല്ലാവരും ഓരോരുത്തർക്കും ഓരോരുത്തരും എല്ലാവർക്കും" എന്ന അടിസ്ഥാന തത്വത്തിൽ പ്രവർത്തിക്കുന്ന ഒരു സേവന മേഖലയാണ് സഹകരണം. ആഗോളവൽക്കരണവും കമ്പോള സംസ്കാരവും അരങ്ങ് കീഴടക്കാൻ നടത്തുന്ന മത്സരങ്ങൾക്കിടയിൽ നമ്മെ പിടിച്ചു നിൽക്കാൻ സഹായിക്കുകയും ആശ്വാസം നൽകുകയും ചെയ്യുന്ന മേഖലയാണ് സഹകരണ പ്രസ്ഥാനം.

1844ൽ 28 അംഗങ്ങളുമായി റോബർട്ട് ഓവൻ ആരംഭിച്ച സഹകരണ സ്ഥാപനമാണ് ലോകത്ത് ആദ്യമായി രൂപപ്പെട്ട സഹകരണ സംരംഭം. ഇന്ത്യൻ കർഷക സമൂഹത്തെ മദ്ധ്യവർഗ്ഗ ചൂഷണത്തിൽനിന്നും കടബാദ്ധ്യതയിൽ നിന്നും രക്ഷിക്കാനായി 1904ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സഹകരണ സംഘങ്ങളാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംപൂണ്ട സഹകരണ പ്രസ്ഥാനം കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികൾ പൂർത്തീകരിച്ചപ്പോൾ അത്ഭുതാവഹമായ വളർച്ചയാണ് നേടിയത്. ഇതിന് ഉജ്ജ്വല ഉദാഹരണങ്ങളാണ് ഗുജറാത്തിലെ ആനന്ദ് പാൽ സഹകരണ സംഘം (AMUL). കേരളത്തിലെ ദിനേശ് ബീഡി സഹകരണ സംഘം, കേരളത്തിൽ കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങൾ തുടങ്ങിയവ.

ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ച് രണ്ട് ദശാബ്ദം തികയുന്നതിനുമുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു. 1924ൽ (കൊല്ലവർഷം 14.12.1100) 46 അംഗങ്ങളെ ചേർത്തുകൊണ്ട് അംഗത്വ ഫീസായി ഓരോ അംഗത്തിൽനിന്നും 14 ചക്രവും പ്ലാസ്ഥാനത്തു മഠത്തിൽ രാമൻ പോറ്റി കേശവരുപോറ്റി 1 രൂപാ 8 ചക്രം 8 കാശ് അംഗത്വ ഫീസായി എടുത്തുകൊണ്ട് മൊത്തം 666 ചക്രം 8 കാശ് കരുതൽധനമായി കലഞ്ഞൂർ പരസ്പര സഹായ സഹകരണ സംഘം 1019, തിരുവിതാംകൂർ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റെ ആദ്യകാല പ്രസിഡന്റായി രാമൻ പോറ്റി കേശവരു പോറ്റിയും സെക്രട്ടറിയായി കെ. കൃഷ്ണൻ നായരും പ്രവർത്തിച്ചു. സംഘത്തിലെ ആദ്യകാല പ്രവർത്തനം പരസ്പര സഹായവും കെട്ടുതെങ്ങ് വ്യവസ്ഥയിൽ തെങ്ങ് പാട്ടമായി സ്വീകരിച്ച് വായ്പ നൽകലും റേഷൻ സാധനങ്ങളുടെ വിതരണം എന്നിവയുമായിരുന്നു. 28.7.1974ൽ കേരള കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969 അനുസരിച്ച് 3,00,000 രൂപാ പ്രവർത്തന മൂലധനത്തിൽ ഇതിനെ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തി. മേന്മയുടെയും തകർച്ചയുടെയും ഉയർത്തെഴുന്നേൽപിന്റേതുമായ ഒരു പ്രവർത്തന ചരിത്രമാണ് അതിനുശേഷം ഈ സംഘത്തിനുള്ളത്.

വിവിധ മേഖലകളിലായി 12 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവന്നിരുന്നു. കാർഷിക മേഖലയിൽ കലഞ്ഞൂർ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കൃ.1019, അതിരുങ്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.ടി.54 എന്നിവ സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. സ്കൂൾ സഹകരണസംഘങ്ങൾ പഞ്ചായത്തിൽ 3 എണ്ണം പ്രവർത്തിക്കുന്നു എങ്കിലും പഠന ഉപകരണങ്ങളുടെ വിതരണം മാത്രം നടത്തുന്നു. പഞ്ചായത്തിൽ 3 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ കൂടുതൽ ക്ഷീര കർഷകരെ ആകർഷിക്കാൻ കഴിയാത്തതും ക്ഷീരോല്പന്നം ലാഭകരമായി ഗ്രാമീണ തൊഴിൽ മേഖലയായി മാറ്റുന്നതിനുള്ള ഭാവനാപൂർണ്ണമായ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാതെ പോയതും ഈ രംഗത്തിന്റെ വളർച്ചയ്ക്ക് തടസ്സമായി. നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിന് കൂടൽ കേന്ദ്ര

മായി ആരംഭിച്ച കൂടൽ കൺസ്യൂമർ സഹകരണ സംഘവും പാടം കേന്ദ്രീകരിച്ച് നല്ല രീതിയിൽ പ്രവർത്തനം നടത്തിവന്നിരുന്ന കലഞ്ഞൂർ പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണ സംഘവും ഇന്ന് പ്രവർത്തിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായ റബ്ബർ കർഷകർ മാത്രം അംഗത്വമുള്ള അടൂർ താലൂക്ക് കോ-ഓപ്പ റേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘ ത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കൂടൽ ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം ക്യൂ.804 എന്ന സ്ഥാപനം പ്രദേശത്തെ സാധാ രണ ജനങ്ങളുടെ വായ്പാ പ്രശ്നങ്ങൾ പരിഹ രിക്കാൻ തയ്യാറാകുന്നില്ല. കൂടാതെ ഈ പഞ്ചാ യത്തിലെ നിരവധി കർഷകർ അംഗങ്ങളായി പ്രവർത്തിക്കുന്ന ശാസ്താംകോട്ട കാർഷിക വികസന ബാങ്കിന്റെ പ്രയോജനം വേണ്ട അള വിൽ ഈ പ്രദേശത്തിന് ലഭിക്കുന്നില്ല.

കാർഷിക വായ്പാമേഖല

പഞ്ചായത്തിൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന രണ്ട് വായ്പാ സഹകരണ സംഘങ്ങളാണ് കലഞ്ഞൂർ സർവ്വീസ് സഹക രണ ബാങ്ക് ക്ലിപം ക്യൂ.1019ഉം കൂടൽ വില്ലേജ് പ്രവർത്തനമേഖലയായി പ്രവർത്തിക്കുന്ന അതി രങ്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം പി.ടി.54ഉം.

കലഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക്

1924ൽ പരസ്പര സഹായ സംഘമായി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് കലഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ ഇന്ന് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഈ സ്ഥാപ നത്തിൽ 6665 അംഗങ്ങളുണ്ട്.പഞ്ചായത്തിലെ കർഷകരുടെ വായ്പാ ആവശ്യങ്ങൾ പരിഹരി ക്കുക എന്ന രൂപികൃത ലക്ഷ്യം കൈവരിക്കു വാൻ ഒരു പരിധിവരെ ഈ സ്ഥാപനത്തിന് കഴി ഞ്ഞിട്ടുണ്ട്. 72 വർഷത്തെ പ്രവർത്തന പാരമ്പ ര്യമുള്ള ഈ സംഘത്തിന്റെ ചരിത്രഗതിയിലെ കറുത്ത കാലഘട്ടമായിരുന്നു 1980 മുതൽ 1988 വരെയുള്ള കാലം എന്ന് രേഖകൾ സാക്ഷ്യപ്പെ ടുത്തുന്നു. 1988ൽ ഈ തകർച്ച ഗുരുതര എല്ലാ പ്രവർത്തനങ്ങളും നിർത്തിവച്ച് ന ലിക്വിഡേഷന്റെ വക്കിലെത്തി. എന്നാ വർഷം സർക്കാർ പ്രഖ്യാപിച്ച പീഡിത ന രണ സംഘങ്ങളുടെ പുനരധിവാസ പദ്ധ (റിഹാബിലിറ്റേഷൻ സ്കീം)ൽ ഈ സംഘ ഉൾപ്പെടുത്തി. ഉപാധികൾക്കു വിധേയ പ്രവർത്തം ആരംഭിച്ച, സംഘത്തെ ലക്ഷ ധത്തോടും അർപ്പണബുദ്ധിയോടും ന ഇന്നും തുടർന്നുവരുന്ന ഭരണസമിതിക്ക് ളുടെ നേട്ടത്തിൽ അഭിമാനംകൊള്ളാം. മുതൽ ഈ സംഘത്തിലെ ഭരണസമിതി ങ്ങൾ തങ്ങൾക്കർഹമായ യാതൊരുവിധ കൂല്യങ്ങളും പറ്റുന്നില്ല എന്നത് പഞ്ചായത മറ്റ് സഹകരണ സംഘങ്ങൾക്ക് മാതൃക ണ്ടതാണ്. ഇന്ന് ഈ സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം 15,27,267 രൂപ എന്നാൽ ആകെ നിക്ഷേപം 12,14,652 മാത്രവും. 90.80,735 രൂപാ ഹ്രസ്വകാല യ്കാല വായ്പകളായി കർഷകർക്ക് വിത ചെയ്യുവാനും സാധിച്ചിട്ടുണ്ട്. തങ്ങളുടെ യത്തിലെ മുഴുവൻ കർഷകരെയും അംഗ ക്കാൻ കഴിഞ്ഞിട്ടില്ല എന്നതും കൃത്യ സമ വായ്പാ തിരിച്ചടവ് നടക്കാത്തതും കാ ഉപകരണങ്ങൾ, വളം, വിത്ത്, കീടനാശി എന്നിവ ചിട്ടയോടുകൂടി വിതരണം ന ത്തതും സ്വർണ്ണപ്പണയ വായ്പാ പദ്ധതി ഭിക്കാത്തതും ആവശ്യത്തിന് ജീവനക്കാ മിക്കാത്തതും സ്വന്തമായി സൗകര്യങ്ങളേ ടിയ കെട്ടിടം പണിയാത്തതും പ്രവർത്ത ലുള്ള പരിമിതിയായി നിലനിൽക്കുന്നു.

അതിരുങ്കൽ സർവ്വീസ് സഹകരണ സംഘം

1988ൽ പ്രവർത്തനമാരംഭിച്ച പ ത്തിലെ മറ്റൊരു വായ്പാ സഹകരണ മാണ് അതിരുങ്കൽ സർവ്വീസ് സഹ സംഘം ക്ലിപ്തം പി.ടി.54. ഇന്ന് ഈ ത്തിൽ 1255 അംഗങ്ങളുണ്ട്. ഈ സ്ഥ ത്തിന്റെ മൊത്തം മൂലധനം 1,80,570 രൂ മൊത്തം നിക്ഷേപം 3,75,580 രൂപയും മാണ്. എന്നാൽ 10,65,741 രൂപാ കർഷം

വിവിധതരം വായ്പകളായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പ്രദേശത്തെ മുഴുവൻ കർഷകരെയും അംഗത്വത്തിൽ കൊണ്ടുവരാൻ കഴിയാത്തതും കൂടുതൽ നിക്ഷേപം ആകർഷിക്കാൻ കഴിയാത്തതും അവശ്യമായ ജിവനക്കാരോ സ്വന്തം കെട്ടിടമോ ഇല്ലാത്തതും പ്രവർത്തനത്തിനുള്ള തടസ്സമായി നിൽക്കുന്നു. നാളിതുവരെയും വളം വിതരണം, സ്വർണ്ണപണയപദ്ധതി എന്നിവ ആരംഭിച്ചിട്ടില്ല.

പ്രശ്നങ്ങൾ

1. മുഴുവൻ കർഷകരെയും അംഗത്വത്തിൽ കൊണ്ടുവരുന്നതിനോ ആവശ്യമായ എല്ലാ വായ്പകളും നൽകുന്നതിനോ കഴിഞ്ഞിട്ടില്ല.
2. ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നതിനാൽ സാധാരണ കർഷകർക്ക് മതിയായ വായ്പ ലഭിക്കുന്നില്ല.
3. വായ്പ യഥാസമയം തിരിച്ചടവ് നടക്കുന്നില്ല.
4. ജില്ലാ ബാങ്കുകളുടെ അനുമതിക്ക് വിധേയമായ വായ്പാ വിതരണരീതി
   വായ്പാ വിതരണത്തിന് കാലതാമസം സൃഷ്ടിക്കുന്നു.
5. സംഘങ്ങൾക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്നില്ല.
6. വായ്പാ വിനിയോഗം വിലയിരുത്താത്തതിനാൽ വായ്പകൾ ദുർവിനിയോഗം ചെയ്യുന്നു.
7. പദ്ധതി വായ്പകൾ കൂടുതൽ വിതരണം ചെയ്യാത്തതിനാൽ മറ്റ് ബാങ്കുകളെ ആശ്രയിക്കേണ്ടിവരുന്നു.
8. ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഐ.ആർ.ഡി.പി. വായ്പകൾ കുറച്ചുമാത്രമേ വിതരണം ചെയ്യുന്നുള്ളു.
9. പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിൽ ശാഖകൾ ആരംഭിക്കാത്തതിനാൽ മുഴുവൻ ജനങ്ങൾക്കും സംഘങ്ങളുടെ സേവനം ലഭിക്കുന്നില്ല.
10. വിത്ത്, വളം, കീടനാശിനികൾ, കാർഷിക യന്ത്രോപകരണങ്ങൾ എന്നിവയുടെ വിതരണം ചിട്ടയായി നടത്തുന്നില്ല.
11. അനുബന്ധമായി ഏറ്റെടുക്കാവുന്ന നിത്യോപയോഗ സാധനങ്ങളുടെ വിതരണം നടത്തുന്നില്ല.
12. സ്വർണ്ണപ്പണയ വായ്പാ വിതരണ പദ്ധതി ആരംഭിച്ചിട്ടില്ല.
13. ജനങ്ങൾ സഹകരണ മേഖലയേപ്പറ്റി വേണ്ടത്ര ബോധവാന്മാരല്ല എന്നത് സഹകരണ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുന്നു.
14. ഇന്നത്തെ വായ്പാ-ഓഹരി അനുപാതം വളരെ കൂടുതലാണ്.
15. സംഘങ്ങളുടെ വായ്പാ പരിധി വളരെ കുറവാണ്.

സാദ്ധ്യതകൾ

1. ജനങ്ങളിൽ ആവശ്യമായി ബോധവൽക്കരണം നടത്തി സംഘങ്ങൾക്ക് വിഭവ സമാഹരണത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കണം.
2. പഞ്ചായത്തിന്റെ ബാങ്കായി (മോണിറ്ററിംഗ് ഏജൻസി) സഹകരണ സംഘങ്ങളെ ഉപയോഗിക്കണം.
3. അംഗത്വം ഇനിയും വിപുലീകരിക്കണം. ഒരു കുടുംബത്തിൽനിന്ന് കുറഞ്ഞത് ഒരാളെ അംഗമാക്കണം.
4. ഭരണസമിതിയുടെ അധികാരം വർദ്ധിപ്പിക്കുകയും കാലാവധി 5 വർഷമായി പുനഃസ്ഥാപിക്കുകയും വേണം.
5. സംഘങ്ങൾ ഐ.സി.ഡി.പി. പദ്ധതി ഉപയോഗിച്ച് സ്വന്തമായി കെട്ടിടം, ഗോഡൗൺ, സ്ട്രോംഗ് റൂം എന്നിവ പണിയണം.
6. ജാമ്യവസ്തുവിന്റെ മാർക്കറ്റ് വില അനുസരിച്ച് വായ്പ വിതരണം ചെയ്യണം.
7. വായ്പാ പരിധി കാലാനുസൃതമായി ഉയർത്തണം.
8. വായ്പാ വിനിയോഗം വിലയിരുത്താനും കുടിശിഖ പരമാവധി കുറയ്ക്കാനും സംഘത്തിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന

തിനും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം.

9. നബാർഡിൽനിന്നും 'കൺസെഷൻ ഫൈനാൻസ്' കൃത്യമായി അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കണം.
10. കാർഷിക വായ്പകൾക്ക് ലഭിക്കുന്ന സർക്കാർ സബ്സിഡി, വായ്പ അനുവദിക്കുന്ന സമയം തന്നെ ലഭിക്കുന്നതിന് നടപടി ഉണ്ടാകണം.
11. ബാങ്കിംഗ് സേവനം മൊത്തം ജനങ്ങൾക്കും ലഭിക്കത്തക്കതരത്തിൽ പാടം, നെടുമൺകാവ് എന്നീ പ്രദേശങ്ങളിൽ ശാഖകൾ ആരംഭിക്കണം.
12. പഞ്ചായത്തിലെ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ചൂഷണരഹിതമായി ലഭ്യമാക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കണം.
13. വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്യണം.
14. ട്രാക്ടർ കുറഞ്ഞ വാടകയ്ക്ക് കർഷകർക്ക് കൊടുക്കുന്ന പ്രവർത്തനം ആരംഭിക്കണം.
15. മൊത്തം കാർഷിക ഉല്പന്നങ്ങളും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സംഘങ്ങളിൽ സംവിധാനം ഉണ്ടാകണം.
16. സ്വർണ്ണപ്പണയ വായ്പാ പദ്ധതി അടയന്തിരമായി ആരംഭിക്കണം.
17. വായ്പാ-ഓഹരി അനുപാതം കർഷകർക്ക് അനുകൂലമായി മാറ്റം വരുത്തണം.
18. കൃഷിക്കും അനുബന്ധ തൊഴിലിനുംവേണ്ടിയുള്ള പദ്ധതി വായ്പകൾ ആവിഷ്കരിച്ച് വിതരണം നടത്തണം.
19. ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി കൂടുതൽ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

ക്ഷീരമേഖല

കലഞ്ഞൂർ പഞ്ചായത്തിലെ 12 വാർഡുകളിലായി 3 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇന്ന് ഈ സംഘങ്ങൾക്ക് പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതിന്റെ 20% പാൽപോലും സംഭരിക്കുവാൻ കഴിയുന്നില്ല. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന വളരെയേറെ സാദ്ധ്യതകളുള്ള ഒരു മേഖലയാണ് ഇത്. നമ്മുടെ പഞ്ചായത്തിലെ ക്ഷീരസംഘങ്ങൾക്ക് ആകെ 478 ക്ഷീരകർഷകരെ മാത്രമേ അംഗങ്ങളായി ആകർഷിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഒരു വർഷം ഈ സംഘങ്ങൾ 1,71,550 ലിറ്റർ പാൽ മാത്രം സംഭരിക്കുന്നു. ഈ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

പ്രശ്നങ്ങൾ

1. ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ സംഘം നൽകുന്ന സംഭരണവില കുറവായതിനാൽ കർഷകർ പാൽ പൊതുവിപണിയിൽ വിൽക്കാൻ ആഗ്രഹിക്കുന്നു.
2. വളരെ കുറച്ച് ക്ഷീര കർഷകരെ മാത്രമെ അംഗങ്ങളായി ആകർഷിക്കാൻ കഴിഞ്ഞിട്ടുള്ളു.
3. കാലിത്തീറ്റയും ഔഷധങ്ങളും കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭിക്കുന്നില്ല.
4. ക്ഷീരമേഖലയിലെ വായ്പാ വിതരണം വേണ്ടത്ര തൃപ്തികരമല്ല.
5. വർദ്ധിച്ചുവരുന്ന കാലിരോഗങ്ങൾ, മരുന്നിന് ഉണ്ടാകുന്ന അമിതമായ വില, അത്യുല്പാദനശേഷിയുള്ള കന്നുകാലികളുടെ രോഗപ്രതിരോധശേഷിയുടെ കുറവ്, കാലിത്തീറ്റയുടെ വിലയിൽ അടുത്തകാലത്തുണ്ടായ ഭീമമായ വർദ്ധനവ് എന്നിവ ഈ തൊഴിൽ ആദായകരമല്ലാത്തതാക്കിമാറ്റുന്നു.
6. ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് നടത്തുന്നില്ല.
7. ക്ഷീര സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന പാൽ ഉൽപ്പന്നങ്ങൾക്ക് ആവശ്യമായി പ്രചാരം ലഭിക്കാത്തതിനാൽ വിറ്റഴിക്കാൻ കഴിയുന്നില്ല.

സാദ്ധ്യതകൾ

1. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് സംഘങ്ങളിൽ സംവിധാനം ഉണ്ടാക്കണം.

2. രോഗപ്രതിരോധശേഷിയും അത്യുല്പാദന ശേഷിയുമുള്ള പശുക്കളെ കർഷകർക്ക് വിതരണം ചെയ്തും പുതിയ അംഗങ്ങളെ ചേർത്തും ഉല്പാദനം വർദ്ധിപ്പിക്കണം.
3. എല്ലാ സംഘങ്ങൾക്കും കൂടുതൽ പാൽ സംഭരിക്കുന്നതിനും വിതരണത്തിനുശേഷമുള്ള അധിക പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം.
4. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാൻ പ്രദേശങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുകയോ പുതിയ കളക്ഷൻ സെന്ററുകൾ ആരംഭിക്കുകയോ ചെയ്യണം.
5. വിവിധ ഏജൻസികൾവഴിയും ക്ഷീരവികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾവഴി വിതരണം ചെയ്യണം.
6. മൃഗാശുപത്രിയുടെ സേവനം കൂടുതൽ ലഭ്യമാക്കണം.
7. പുൽകൃഷി വ്യാപനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
8. ക്ഷീര കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങൾവഴി കൂടുതൽ വായ്പാ സൗകര്യങ്ങൾ ഉറപ്പുവരുത്തണം.

വ്യവസായമേഖല

വ്യാവസായിക രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സാദ്ധ്യതകളുള്ള നമ്മുടെ പഞ്ചായത്തിന് ഈ സാദ്ധ്യത ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വളരെയേറെ ജനങ്ങൾക്ക് പ്രത്യേകിച്ച് വനിതകൾക്ക് തൊഴിൽ നൽകുന്ന വസ്ത്ര നിർമ്മാണം, തീപ്പെട്ടി, മെഴുകുതിരി, കറി പൗഡർ, അച്ചാറുകൾ, വറ്റൽ, ബേബി ഫുഡ് തുടങ്ങിയവയുടെ ഉല്പാദനം സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്. തൊഴിൽരഹിതരെ സഹകരണാടസ്ഥാനത്തിൽ സംഘടിപ്പിക്കാത്തതും ആവശ്യമായ ട്രെയിനിംഗ്, വായ്പാ സൗകര്യങ്ങൾ, ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യങ്ങൾ ഇല്ലാത്തതും ഈ രംഗത്തെ പ്രതിസന്ധിക്ക് കാരണമാണ്.

സാദ്ധ്യതകൾ

1. വാർഡുകളിലെ സാദ്ധ്യതകൾ അനുസരിച്ച് എല്ലാ വാർഡുകളിലും സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം.
2. അസംസ്കൃത പദാർത്ഥങ്ങളുടെ വിതരണം, ഉല്പന്നങ്ങളുടെ വിപണനം എന്നിവ സംഘം നേരിട്ട് ഏറ്റെടുക്കുക.
3. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പഞ്ചായത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായം സഹകരണ മേഖലയിൽ അരംഭിക്കണം.
4. പഞ്ചായത്തിൽ റബ്ബർ തടി സുലഭമായതിനാൽ റബ്ബർ തടി സംസ്കരണ യൂണിറ്റ് ആരംഭിക്കാം.
5. പഞ്ചായത്തിൽ വളരെക്കൂടുതൽ ലഭിക്കുന്ന ഈറ്റ, മുള എന്നിവ ഉപയോഗിച്ചുള്ള ഈറ്റ വ്യവസായ സംരംഭം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.
6. റബ്ബർ പാൽ അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന റബ്ബർ ബാന്റ്, കൈയുറ, ബലൂൺ, ഗ്രെയ്ഡ് ഷീറ്റ് എന്നിവ ഉൽപാദിപ്പിക്കുന്ന സഹകരണ സംരംഭം ആരംഭിക്കാം.
7. മാംസ സംസ്കരണം വിപണന സംരംഭം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാം.
8. പാറയുടെയും മെറ്റലിന്റെയും ഉല്പാദനവും വിപണനവും സഹകരണ സംഘം രൂപീകരിച്ച് നടത്താം.
9. പാചക വാതക വിതരണത്തിന് സഹകരണ സംഘം ആരംഭിക്കണം.

കൺസ്യൂമർ മേഖല

കൺസ്യൂമർ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ഇന്ന് പ്രവർത്തിക്കുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ഉപഭോക്താക്കളെ രക്ഷിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം പഞ്ചായത്തിലെ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

മാർക്കറ്റിംഗ് മേഖല

മാർക്കറ്റിംഗ് മേഖലയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനം അടൂർ താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സംഘം ക്ലിപ്തം ക്യൂ.355 ആണ്. സാമ്പത്തിക പ്രതിസന്ധിയും കുറഞ്ഞ അംഗത്വവും കാരണം ഈ സംഘത്തിന്റെ പ്രവർത്തനം കർഷകർക്ക് ആശ്വാസകരമല്ല. 1436 കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള ഈ സ്ഥാപനം എല്ലാ ഉല്പാദകരുടെയും താല്പര്യം സംരക്ഷിക്കാൻ പൂർണ്ണമായും പ്രാപ്തമല്ല. ഏഴംകുളം അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ഒരു കളക്ഷൻ ഡിപ്പോ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നത് ഇന്ന് പ്രവർത്തിക്കുന്നില്ല.

പ്രശ്നങ്ങൾ

1. മുഴുവൻ കർഷകരെയും അംഗങ്ങളായി ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല.
2. കാർഷികോല്പന്നങ്ങളുടെ സംഭരണ, വിപണന സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.
3. വായ്പയായി വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നില്ല.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഒരു മാർക്കറ്റിം സഹകരണ സംഘം ആരംഭിക്കണം.
2. സംഘം വഴി നല്ലയിനം വിത്ത്, തൈകൾ, വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വായ്പയായി വിതരണം ചെയ്യണം.

പൊതു സാദ്ധ്യതകൾ

1. ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘം

   പഞ്ചായത്തിലെ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന നിരവധി തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ലേബർ കോൺട്രാക്ട് സഹകണം സംഘം രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സ്ഥാപനത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.

2. സഹകരണ ആശുപത്രി

   ആതുര സേവന രംഗത്ത് വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു ആശുപത്രി ആരംഭിക്കണം.

3. സഹകരണ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം

   സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാത്ത ഇവിടെ സഹകരണ മേഖലയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.

4. സംഘത്തിന് ഈവനിംഗ് കൗണ്ടർ

   പഞ്ചായത്തിലെ ഭൂരിപക്ഷംവരുന്ന തൊഴിലാളികൾക്ക് ബാങ്കിംഗ് സേവനം ലഭിക്കുന്നതിന് കലഞ്ഞൂർ സർവ്വീസ് സഹകരണ സംഘത്തിന് ഈവനിംഗ് കൗണ്ടർ ആരംഭിക്കണം.

5. സഹകരണ പാരലൽ കോളേജ്


   സമാന്തര വിദ്യാഭ്യാസ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾസൃഷ്ടിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സഹകരണ മേഖലയിൽ പാരലൽ കോളജ് ആരംഭിക്കണം.

6. സഹകരണ പ്രീ-പ്രൈമറി സ്കൂൾ

   സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്നും വിദ്യാർത്ഥികളെ രക്ഷിക്കുന്നതിന് സഹകരണ പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കണം.

7. ഹരിജൻ സഹകരണ സംഘം

   പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ചൂഷണത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാനമാക്കി ഒരു ഹരിജൻ സഹകരണം സംഘം രൂപീകരിക്കണം.



മലയാളവർഷം 1101ൽ രജിസ്റ്റർ ചെയ്ത പരസ്പര സഹായ സഹകരണ സംഘം (1019) സഹകാരികൾ

അംഗ നമ്പർ	പേര്	മേൽവിലാസം	വയസ്സ്	ജാതി	തൊഴിൽ
1.	നീലകണ്ഠപിള്ള	കാവിനാൽ വീട്, കലഞ്ഞൂർ	30	നായർ	കൃഷി
2,	വേലായുധൻപിള്ള ഗോവിന്ദപിള്ള	കളത്തൂർ വീട്, കലഞ്ഞൂർ	20	നായർ	കൃഷി
3.	രാമൻ നായർ നാരായണൻ നായർ	പട്ടരഴികത്തുവീട്, കലഞ്ഞൂർ	22	നായർ	കൃഷി
4.	പത്മനാഭൻ നായർ കൃഷ്ണൻ നായർ	പനയ്ക്കൽ വീട്, കലഞ്ഞൂർ	35	നായർ	കൃഷി
5.	കൃഷ്ണക്കുറുപ്പ് പരമേശ്വരക്കുറുപ്പ്	കുറുമക്കാട്ട് വീട്, കലഞ്ഞൂർ	49	നായർ	കൃഷി
6.	ശിവതാണുപിള്ള പൊന്നൻപിള്ള	കുറുമക്കാട്ട് വീട്, കലഞ്ഞൂർ	25	വെള്ളാളൻ	കച്ചവടം
7.	രാമക്കുപ്പ് നാരായണക്കുറുപ്പ്	വടക്കേകൊമ്പിയിൽ വീട്, കലഞ്ഞൂർ	41	നായർ	കച്ചവടം
8.	വേലുപ്പിള്ള കൊച്ചുകുഞ്ഞുപിള്ള	വേലപ്പുറമ്പിൽ വീട്, കലഞ്ഞൂർ	21	വെള്ളാളൻ	അദ്ധ്യാപനം
9.	കാളിയാൻ കുഞ്ഞാല	കാഞ്ഞിരമുകളിൽ, കലഞ്ഞൂർ	46	പുലയൻ	കൃഷി
10.	വെളുമ്പൻ ചാത്തൻ	കാഞ്ഞിരമുകളിൽ, കലഞ്ഞൂർ	28	പുലയൻ	കൃഷി
11.	തൈയ്യത്താൻ വെളുമ്പൻ	ഇടയിൽ തുണ്ടിൽ, കലഞ്ഞൂർ	20	പുലയൻ	കുലിവേല
12.	ഗീവർഗ്ഗീസ് അലക്സാണ്ടർ കത്തനാർ	വയലിറക്കത്ത് വീട്, കലഞ്ഞൂർ	29	സിറിയൻ ക്രിസ്ത്യൻ	വൈദികവൃത്തി
13.	ഗീവർഗ്ഗീസ് തോമസ്	വയലിറക്കത്ത് വീട്, കലഞ്ഞൂർ	23	സിറിയൻ ക്രിസ്ത്യൻ	കൃഷി
14.	സി.ജി. തോമസ്	പുത്തൻപുരയ്ക്കൽ വീട്	23	സിറിയൻ ക്രിസ്ത്യൻ	കൃഷി
15.	അഹമ്മദു റാവുത്തർ നാഗൂർ മീരാൻ റാവുത്തർ	പേഴുംമൂട്, കലഞ്ഞൂർ	30	മുഹമ്മദൻ	കൃഷി
16.	വേലായുധൻ പിള്ള കുഞ്ഞുപിള്ള	കീശേരിൽ വീട്	30	ഹിന്ദു പണ്ടാരം	പർപ്പടകവ്യാപാരം
17.	കേശവൻ നായർ	ഇളങ്ങള്ളൂർ പടിഞ്ഞാറ്റേതിൽ	35	നായർ	കൃഷി
18.	കൃഷ്ണൻ വെളുമ്പൻ	പടിഞ്ഞാറേ മുളയ്ക്കൽ	59	ഈഴം	കൃഷി
19.	കുഞ്ഞുപിള്ള ചെല്ലപ്പൻ പിള്ള	കിഴക്കേ കല്ലുംപുറത്ത്	18	വെള്ളാളൻ	കച്ചവടം
20.	ഈശ്വരൻ നായർ പത്മനാഭൻ നായർ	കുറുന്തോട്ടത്ത് വീട്, കലഞ്ഞൂർ	59	നായർ	കൃഷി
21.	പത്മനാഭൻ കണിയാർ ശങ്കരൻ കണിയാർ	പെരുന്തോട്ടത്ത്, കലഞ്ഞൂർ	38	ഹിന്ദു കണിയാർ	വൈദ്യവൃത്തി
22.	പരമേശ്വരൻ പിള്ള രാമകൃഷ്ണപിള്ള	വടക്കേ കുറ്റിക്കാട്ട് വീട്, കലഞ്ഞൂർ	30	വെള്ളാളൻ	അദ്ധ്യാപനം
23.	കൃഷ്ണപിള്ള കൊച്ചുപിള്ള	കിഴക്കേകല്ലുംപുറത്ത് വീട്	29	വെള്ളാളൻ	കച്ചവടം
24.	കേശി വർഗ്ഗീസ്	മംഗലത്തുവീട്, കലഞ്ഞൂർ	35	സിറിയൻ ക്രിസ്ത്യൻ	അദ്ധ്യാപനം
25.	ശിവതാണുപിള്ള പരമേശ്വരൻ പിള്ള	കുറുമക്കാട്ടുവീട്, കലഞ്ഞൂർ	42	വെള്ളാളൻ	കച്ചവടം
26.	എൻ. രാമൻ പിള്ള	പേരൂർ വീട്, കലഞ്ഞൂർ	27	നായർ	കൃഷി
27.	ഗീവർഗ്ഗീസ് മാത്യു	വയലിറക്കത്തുവീട്, കലഞ്ഞൂർ	33	സിറിയൻ ക്രിസ്ത്യൻ	കൃഷി
28.	കൃഷ്ണൻ വാര്യർ കൃഷ്ണൻ വാര്യർ	വടക്കേ വാര്യം	24	ഹിന്ദു വാര്യർ	അദ്ധ്യാപനം
29.	കൃഷ്ണപിള്ള പൊന്നുപിള്ള	കിഴക്കേ കല്ലുംപുറത്തുവീട്	28	വെള്ളാളൻ	കച്ചവടം
30.	തോമാ തോമാ	പ്ലാമൂട്ടിൽ വീട്, കലഞ്ഞൂർ	30	സിറിയൻ ക്രിസ്ത്യൻ	കൃഷി
31.	നാണുവാശാരി അപ്പാവുവാശാരി	ചാങ്ങയിൽ വീട്, കലഞ്ഞൂർ	30	വിശ്വബ്രാഹ്മണൻ	പൊൻപണി
32.	ഗോവിന്ദൻ കേശവൻ	ചക്കിട്ടയിൽ വീട്, കലഞ്ഞൂർ	29	ഈഴം	കൃഷി
33.	ചാത്തൻ കുഞ്ഞിലാൻ	കുഴിവിള വീട്, കലഞ്ഞൂർ	35	പുലയൻ	കൃഷി
34.	അപ്പാവുപിള്ള കുഞ്ചുപിള്ള	ഉടയൻകാലായിൽ വീട്	20	വെള്ളാളൻ	കൃഷി
35.	പെരുമാൾപിള്ള അപ്പാവുപിള്ള	ഉടയൻകാലായിൽ	25	വെള്ളാളൻ	കൃഷി
36.	രാമൻ പോറ്റി കേശവരുപോറ്റി	പ്ലാസ്ഥാനത്ത് മഠം, കലഞ്ഞൂർ	37	മലയാളബ്രാഹ്മണൻ	ഗൃഹഭരണം
37.	പത്മനാഭൻ കണിയാർ കൃഷ്ണൻ കണിയാർ	കൊല്ലംപടിക്കൽ വീട്	49	കണിയാർ	ജ്യോത്സം
38.	കേശവപിള്ള രാമൻ പിള്ള	പുത്തൻ വീട്, കലഞ്ഞൂർ	40	നായർ	കൃഷി
39.	വേലായുധൻപിള്ള കൃഷ്ണപിള്ള	കളത്തൂർ വീട്, കലഞ്ഞൂർ	29	നായർ	കൃഷി
40.	വേലായുധൻ നാരായണൻ	കീച്ചേരിൽവീട്, കലഞ്ഞൂർ	25	പണ്ടാരം	പർപ്പടകവ്യാപാരം
41.	പെരുമാൾപിള്ള സുബ്രഹ്മണ്യൻ പിള്ള	കീഴൂട്ട് വീട്, കലഞ്ഞൂർ	28	വെള്ളാളൻ	കൃഷി
42.	നീലകണ്ഠൻ പണിക്കർ വേലായുധൻ പണിക്കർ	തെക്കേവാര്യത്ത് വീട്	24	മാരാൻ	കച്ചവടം
43.	ശങ്കരപ്പിള്ള നാരായാണപിള്ള	പനങ്ങാട്ട് വീട്, കലഞ്ഞൂർ	26	നായർ	കൃഷി
44.	കൃഷ്ണപിള്ള കൃഷ്ണപിള്ള	കടുവിനാൽ വീട്, കലഞ്ഞൂർ	30	നായർ	കൃഷി
45.	കാതിരുകണ്ണ് റാവുത്തർ മുഹമ്മദുപിള്ള റാവുത്തർ	തോട്ടരികത്ത് പുരയിടം	19	മുഹമ്മദൻ	കൃഷി
46.	നാരായണൻ കൃഷ്ണൻ	പുവണ്ണാൽ വീട്, കലഞ്ഞൂർ	19	ഈഴം	കച്ചവടം

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വായ്പാ സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	കലഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1019	അതിരുങ്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.ടി. 54
ആരംഭിച്ച വർഷം	1924	1988
അംഗങ്ങൾ	6665	1255
മൂലധനം	15,27,267	1,80,570
നിക്ഷേപം		
സ്ഥിരം	9,63,718	3,43,432
ഹ്രസ്വകാലം	2,50,934	32,148
വായ്പകൾ		
കാർഷികം	31,62,270	5,01,842
കാർഷികേതരം	59,10,465	5,63,899
ഇതര വായ്പര	8,000	--
വായ്പ കുടിശ്ശിക	35,00,212	5,87,514

കലഞ്ഞൂർ പഞ്ചായത്തിലെ ക്ഷീരോല്പാദക സഹകണ സംഘങ്ങൾ

സംഘത്തിന്റെ പേര്	കലഞ്ഞൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി.ടി.13	മുറിഞ്ഞകൽ ക്ഷീരോല്പാദക സഹകരണ സംഘം പി.ടി. 25 (D)	നിരത്തുപാറ ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ III (D)
ആരംഭിച്ച വർഷം	1986	1987	1982
അംഗങ്ങൾ	71	189	218
മൂലധനം	800	1980	4530
നിക്ഷേപങ്ങൾ വായ്പകൾ	—	—	—
പ്രവർത്തന മേഖല	1,2,3,4 വാർഡുകൾ	6,7,8 വാർഡുകൾ	9,10,11,12 വാർഡുകൾ
ഒരുദിവസം സംഭരിക്കുന്ന പാൽ	15 മുതൽ 25 വരെ ലിറ്റർ	150 മുതൽ 200 വരെ ലിറ്റർ	250 മുതൽ 300 വരെ ലിറ്റർ
സംഘങ്ങൾ നടത്തുന്ന മറ്റു പ്രവർത്തനങ്ങൾ	പാൽ, പാലുൽപ്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുന്നു. കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം തീറ്റ വിതരണം ചെയ്യുന്നു. വനിതാ യൂണിറ്റുകൾവഴി പാലുൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു.	ക്ഷീരവകുപ്പുവഴി കർഷകർക്ക് സഹായം എത്തിക്കുന്നു. കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം തീറ്റ എത്തിച്ചുകൊടുക്കുന്നു. പോഷകമൂല്യങ്ങൾ വിതരണം ചെയ്യുന്നു. 10% പാൽ പ്രദേശത്ത് വിതരണം ചെയ്യുന്നു.	പാലും പാലുൽപ്പന്നങ്ങളും വിതരണം ചെയ്യുന്നു. പോഷകമൂല്യങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു. ക്യാമ്പ് ഡിസ്പെൻസറികൾ നടത്തുന്നു. കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം തീറ്റ എത്തിച്ചുകൊടുക്കുന്നു.

വിഭവസമാഹരണം

ഏത് വികസന പ്രവർത്തനവും ലഭ്യമായ വിഭവങ്ങളെ ആശ്രയിച്ചിരിക്കും. ആസൂത്രിതമായ വികസനപ്രക്രിയയിൽ ലഭ്യമായ എല്ലാത്തരം വിഭവങ്ങളെയും ശാസ്ത്രീയമായി സമാഹരിക്കുവാൻ കഴിയണം. കലഞ്ഞൂർ, കൂടൽ വില്ലേജുകളിലായി 66 ച.കി.മീ. വിസ്തീർണ്ണമുള്ള അതിവിസ്തൃതമായ ഈ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. പ്രധാന കൃഷി നാണ്യവിളയായ റബ്ബറാണ്. വാഴ, മരച്ചീനി, നെല്ല് തുടങ്ങിയ ഭക്ഷ്യവിളകളും കൃഷി ചെയ്യുന്നുണ്ട്. ഭക്ഷ്യവിള കൃഷി ചെയ്യുന്ന നാമമാത്ര കൃഷിക്കാർ സാമ്പത്തികത്തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഈ പ്രദേശത്തുള്ള വലുതും ചെറുതുമായ എസ്റ്റേറ്റുകളിൽ ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം തൊഴിലാളി കുടുംബങ്ങൾക്കും ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന വേതനംകൊണ്ട് തങ്ങളുടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരാൻ കഴിയാതെ വന്നിരിക്കയാണ്. നല്ലൊരു ശതമാനം കുടുംബങ്ങൾ ക്ഷീരോല്പാദനമേഖലകൊണ്ട് ഉപജീവനം കഴിക്കുന്നവരാണ്. ഉല്പാദനച്ചെലവ് പാൽ വിറ്റുകിട്ടുന്ന മൂല്യത്തേക്കാൾ കൂടുതലായിരിക്കുന്നതിനാൽ ഇവരുടെ ജീവിതം പ്രതിസന്ധിയിലാണ്. തകർച്ച നേരിടുന്ന ഈ കാർഷിക കുടുംബങ്ങളെയും വീടും മറ്റ് ജീവിത സൗകര്യങ്ങളുമില്ലാത്ത അവശ ജനവിഭാഗങ്ങളെയും സഹായിക്കാനും പഞ്ചായത്തിലെ അവികസിത പ്രദേശങ്ങളിൽ വികസനം എത്തിക്കുവാനും ആവശ്യത്തിന് ഫണ്ടില്ലാത്തതുകൊണ്ട് കഴിയാത്ത സാഹചര്യം പഞ്ചായത്തിൽ നിലനിൽക്കുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ നിലവിലുള്ള നികുതി പിരിവു സംവിധാനം ശാസ്ത്രീയവും ശക്തവുമാക്കി കിട്ടാവുന്നത്ര വിഭവങ്ങൾ സമാഹരിച്ചുകൊണ്ടും ആസൂത്രിതമായ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയണം. വ്യാവസായിക കാർഷിക മേഖലയിൽനിന്നും കൃത്യമായ വരുമാനം നമ്മുടെ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല.

പഞ്ചായത്തിന്റെ ഇപ്പോഴുള്ള വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ കരം, വിനോദ നികുതി, ലേലയിനത്തിലുള്ള വരവ്, കെട്ടിട വാടക, സർക്കാർ ഗ്രാന്റുകൾ എന്നിവയാണ്. വരുമാനത്തിന്റെ മുക്കാൽ പങ്കും ജീവനക്കാരുടെ ശമ്പളം, ഷോപ്പിംഗ് കോംപ്ലക്സ് ലോൺ തിരിച്ചടയ്ക്കൽ, അലവൻസ്, റോഡ് സംരക്ഷണം, തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവയ്ക്ക് ചെലവഴിക്കപ്പെടുന്നു.

കാർഷിക മേഖലയിൽനിന്നുള്ള വരുമാനത്തിന്റെ സിംഹഭാഗവും നാണ്യവിളയായ റബ്ബറിൽനിന്നാണ്. വിദേശ മലയാളികൾ എത്തിക്കുന്ന പണവും തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലിയും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം എണ്ണപ്പെട്ടതാണ്. ജനങ്ങൾ മിച്ചപ്പെടുത്തുന്ന പണം കൂടുതലായും കെട്ടിടനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കപ്പെടുന്നത്. പഞ്ചായത്തിലെ ജനങ്ങളുടെ നിക്ഷേപം പ്രധാനമായി കൊമേഴ്സ്യൽ ബാങ്കുകളിലാണ്. ഇതിൽ ഏറിയ പങ്കും പഞ്ചായത്തിലെ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നില്ല. ഈ നിക്ഷേപങ്ങളുടെ 90 ശതമാനവും പഞ്ചായത്തിന് വെളിയിലേക്കാണ് പോകുന്നത്. ഇത് പഞ്ചായത്തിലെ ജനങ്ങൾക്കുതന്നെ ലഭ്യമാക്കുവാൻ കഴിയണം. നൂറു ശതമാനം നിക്ഷേപവും പഞ്ചായത്തിലെ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുന്ന സഹകരണ ബാങ്കുകളെ പഞ്ചായത്തിന്റെ ബാങ്കാക്കി മാറ്റുവാൻ നമുക്ക് കഴിയണം. പഞ്ചായത്തിലെ പ്രധാനപ്പെട്ട

ഒരു പ്രകൃതി വിഭവമായ പാറകളിൽനിന്നുള്ള വരുമാനം പഞ്ചായത്തിനു കിട്ടാൻ കഴിയണം. കാർഷിക വ്യവസായ മേഖലകളിൽ കൂടുതൽ പുരോഗതി ആർജ്ജിക്കുവാനുള്ള തരത്തിൽ വിഭവങ്ങൾ സമാഹരിക്കുവാനും വിനിയോഗിക്കുവാനും കഴിയണം.

പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങൾ താഴെ വിവരിക്കുന്നു.

1. കെട്ടിട നികുതി

നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിൽ പ്രധാനപ്പെട്ട ഒന്നാണ് കെട്ടിട ഇനത്തിലുള്ള വരുമാനം. ആകെയുള്ള 10020 വീടുകളിൽ 7119 വീടുകൾക്കാണ് കെട്ടിട നികുതി ചുമത്തിയിട്ടുള്ളത്. 1995-96ൽ 2,68,479.35 രൂപാ ഈ ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. എന്നാൽ 1994-95ൽ 3,80,045.15 പിരിഞ്ഞു കിട്ടിയതായും രേഖകൾ സൂചിപ്പിക്കുന്നു. ഈ രണ്ട് സാമ്പത്തികവർഷങ്ങളിൽ നികുതിപിരിവിലുണ്ടായ കുറവ് 1,11,565.80 രൂപയാണ്. ഈ വ്യത്യാസം സൂചിപ്പിക്കുന്നത് മുൻവർഷത്തേതിൽനിന്നും കെട്ടിടനികുതിപിരിവ് പുറകോട്ടു പോയിട്ടുണ്ട് എന്നുള്ളതാണ്. കെട്ടിട നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം. രണ്ട് വില്ലേജുകളിലായി 12 വാർഡുകളുള്ള വിസ്തൃതമായ ഭൂപ്രദേശമുള്ള ഈ പഞ്ചായത്തിൽ കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് ഇന്നുള്ള സ്റ്റാഫിന്റെ എണ്ണം പര്യാപ്തമല്ല. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് കെട്ടിട നികുതി പൂർണ്ണമായി പിരിച്ചെടുക്കുവാൻ കഴിയുന്നില്ലായെന്നത് പോരായ്മയാണ്. പുനരുദ്ധാരണവും വിപുലീകരണവും നടത്തുന്ന വീടുകൾക്ക് നികുതി പുനർനിർണ്ണയം ചെയ്തും കെട്ടിട നിർമ്മാണച്ചെലവിന്റെ അടിസ്ഥാനത്തിൽ കരം നിശ്ചയിച്ചും വാടകയുടെ അനുപാതത്തിലും നികുതി പിരിവിൽ കാലോചിതമായ മാറ്റം വരുത്തിയും സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പായി നൂറു ശതമാനം പിരിവ് പൂർത്തീകരിച്ചും ഈ രംഗത്ത് കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയും.

നിലവിലുള്ള കെട്ടിട നികുതി വിവരം

ക്രമ നമ്പർ	വാർഡ് നമ്പർ	ആകെ കെട്ടിടം	കെട്ടിട നികുതി
1	I	378	15,219.25
2	II	542	23,764.35
3	III	755	43,708.40
4	IV	429	13,682.40
5	V	708	40,025.05
6	VI	868	41,349.90
7	VII	687	39,794.30
8	VIII	673	29,859.70
9	IX	543	12,764.55
10	X	732	46,010.50
11	XI	491	14,225.30
12	XII	313	7,207.65
ആകെ		7,119	3,28,111.35

(അവലംബം: കെട്ടിട നികുതി രജിസ്റ്റർ)

2. തൊഴിൽ കരം

നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ മറ്റൊന്നാണ് തൊഴിൽകരം. 1995-96 സാമ്പത്തിക വർഷത്തിൽ 2,68,479.35 രൂപാ ഈ വകയിൽ പഞ്ചായത്തിൽ വരവുണ്ട്. തൊഴിൽകരം പിരിവിൽ പ്രഥമസ്ഥാനം 3 ഹൈസ്ക്കൂളുകളടക്കമുള്ള 12 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന 225 ജീവനക്കാരിൽനിന്നുള്ളതാണ്. വിവിധ സർക്കാർ സ്ഥാപനങ്ങളിൽനിന്നുള്ള ജീവനക്കാരുടെയും പ്ലാന്റേഷൻ കോർപ്പറേഷൻ, എ.വി.ടി. എസ്റ്റേറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നാമമാത്രമായ വ്യാപാരികളുടെയും തൊഴിൽകരം ലഭിക്കുന്നുണ്ട്. വ്യാപാരികളിൽനിന്നും മറ്റ് വ്യവസായികളിൽനിന്നും ഗവണ്മെന്റ് കോൺട്രാക്ടർമാരിൽനിന്നും സ്ഥിരം തൊഴിലാളികളിൽനിന്നും ഈടാക്കി നികുതി പിരിവ് മെച്ചപ്പെടുത്തുവാൻ കഴിയും.

3. വിനോദ നികുതി

വിനോദ നികുതി വരുമാനം പ്രധാനമായും കൂടലിലെ ശ്രുതി തിയേറ്റർ, കലഞ്ഞൂരിലുള്ള ബിന്ദു, ബിജി എന്നീ തിയേറ്ററുകളിൽനിന്നുമുള്ള വിനോദ നികുതിയും പഞ്ചായത്തുപരിധിക്കുള്ളിൽ ടിക്കറ്റ് വച്ചു നടത്തുന്ന പരിപാടികളുടെ ഷോ ടാക്സ് ഇനത്തിലുമുള്ളതുമാണ്. തിയേറ്ററുകളിൽ കാണികളിൽനിന്നും ടിക്കറ്റ് വിലയ്ക്കൊപ്പം പിരിച്ചെടുക്കുന്ന നികുതി പൂർണ്ണമായി പഞ്ചായത്തിന് ലഭിക്കുന്നില്ല. പഞ്ചായത്ത് സീലില്ലാത്ത ടിക്കറ്റുകൾ തിയേറ്ററുകളിൽ വിതരണം ചെയ്യുന്നത് കർശനമായി തടഞ്ഞും പ്രദർശന സമയങ്ങളിൽ ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥന്മാരും തിയേറ്ററുകളിൽ വേണ്ടവിധം പരിശോധന നടത്തിയും വിനോദ നികുതി വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം.

4. ലേല ഇനത്തിലുള്ള വരവ്

പഞ്ചായത്തിലെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗമാണ് ലേലം ഇനത്തിലുള്ളത്. നമ്മുടെ മാർക്കറ്റുകളിലും പഞ്ചായത്ത് കേന്ദ്രങ്ങളിലും മാട്ടിറച്ചി വിൽക്കുവാനുള്ള അവകാശം ലേലം ചെയ്തതുവഴി 1996-97ൽ 1,66,000 രൂപയും മാർക്കറ്റുകളുടെ ഗേറ്റ് ഫീ ഇനത്തിൽ 35,000 രൂപയും മണൽ ലേലം ചെയ്ത വകയിൽ 16,260 രൂപയും ഫലവൃക്ഷങ്ങളുടെ ലേലം ഇനത്തിൽ 3,360 രൂപയും ചേർത്ത് ഈ സാമ്പത്തിക വർഷത്തിൽ 2,20,620 രൂപാ വരുമാനമുണ്ട്. മാർക്കറ്റുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പാടം പ്രദേശത്ത് ഇറച്ചി വിൽക്കുന്നതിനുള്ള അവകാശം പ്രത്യേകമായി ലേലം ചെയ്തും പഞ്ചായത്തുവക തരിശായിക്കിടക്കുന്ന സ്ഥലം രണ്ടു വർഷം വീതം കൃഷിചെയ്യുവാനുള്ള അവകാശം ലേലം ചെയ്തുകൊടുത്തും ലേലം ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5. ഷോപ്പിംഗ് കോംപ്ലക്സ് വാടക, തറ വാടക

പഞ്ചായത്തുവക കൂടലിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് 1995-96 സാമ്പത്തിക വർഷത്തിൽ വാടകയ്ക് കൊടുത്ത വകയിൽ 1,93,335 രൂപാ ഡിപ്പോസിറ്റും 64,619 രൂപാ വാടകയായും കലഞ്ഞൂർ, കൂടൽ, അതിരുങ്കൽ മാർക്കറ്റുകളിലെ തറ വാടക ഇനത്തിൽ 15,842 രൂപയും വരവുണ്ട്. നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിവുള്ള മുറികൾ ലേലം ചെയ്തും കലഞ്ഞൂരും നെടുമൺകാവിലും പുതിയതായി പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ ലേലം ചെയ്തും മാർക്കറ്റുകളിൽ താൽക്കാലിക സ്റ്റാളുകൾ നിർമ്മിച്ച് ലേലം ചെയ്തും വാടക ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

1996-97ലെ ലേല വിവരപ്പട്ടിക

ഇനം	കൂടൽ	കലഞ്ഞൂർ	അതിരുങ്കൽ	മറ്റിനം
മാട്ടിറച്ചി	1,40,000	--	26,000	--
സസ്യച്ചന്ത ഗേറ്റ് പിരിവ്	15,300	3,100	500	--
കന്നുകാലിച്ചന്ത	16,10	0	--	--
മണൽ ലേലം	16,200			
ഫലവൃക്ഷം	3,360	--	--	--

നികുതി നിർദ്ദേശങ്ങൾ

1. കെട്ടിട നികുതി നിർണ്ണയത്തിൽ നിലവിലുള്ള അപാകതകൾ പരിഹരിക്കണം. നിർമ്മാണച്ചെലവിന്റെയും വാടകയുടെയും അടിസ്ഥാനത്തിൽ നികുതി ചുമത്തണം.
2. 1500 ചതുരശ്ര അടിയിൽ അധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്തുകയും സമയബന്ധിതമായി നികുതി പിരിച്ചെടുക്കുകയും വേണം.
3. നികുതി കുടിശ്ശികയ്ക്ക പിഴ ഈടാക്കണം.
4. വിനോദ നികുതി പിരിവ് കാര്യക്ഷമമാക്കുകയും തിയേറ്ററുകളിൽ പ്രദർശന സമയങ്ങളിൽ പരിശോധന നടത്തുകയും വേണം.
5. പഞ്ചായത്തു സീൽ ഇല്ലാത്ത ടിക്കറ്റുകൾ വില്ക്കുന്ന തിയേറ്ററുകളുടെ ലൈസൻസ് റദ്ദാക്കണം.
6. രണ്ടേക്കറും അതിലധികവും ആദായമെടുക്കുന്ന റബ്ബർ കർഷകരിൽനിന്നും ആനുപാതിക നികുതി ഈടാക്കണം.
7. പ്ലാന്റേഷൻ ടാക്സ് പിരിച്ചെടുക്കുവാനുള്ള അവകാശം ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി വിട്ടുകിട്ടണം.
8. സർക്കാർ പുറംപോക്കിലുള്ള പാറ മടകൾ ഗ്രാമപഞ്ചായത്തിന് കൈമാറുകയും പാറ പൊട്ടിക്കുവാനുള്ള ലൈസൻസ് ലേലം ചെയ്യുകയും വേണം.
9. ഈ പഞ്ചായത്തിൽ 80ൽപരം പാറമടകളുണ്ട്. ഈ പാറമടകളുടെ ലൈസൻസ് പഞ്ചായത്ത് ലേലം ചെയ്യുകയും പാറ കോൺട്രാക്ടർമാരിൽനിന്നും തൊഴിൽകരം ഈടാക്കുകയും ചെയ്താൽ ഒരു കോടി രൂപാ സമാഹരിക്കുവാൻ കഴിയും.
10. പഞ്ചായത്ത് മാർക്കറ്റുകളിൽ ആട്ടിറച്ചി വില്ക്കുന്നതിനുള്ള ലൈസൻസ് പുതിയതായി ലേലം ചെയ്തു വരുമാനം കണ്ടെത്തുവാൻ കഴിയും.
11. കലഞ്ഞൂർ മാർക്കറ്റിൽ കന്നുകാലിച്ചന്ത ആരംഭിച്ച് ഗേറ്റ് ഫീസ് പിരിക്കുവാനുള്ള അവകാശം ലേലം ചെയ്തു വരുമാനം വർദ്ധിപ്പിക്കുക.
12. പാടത്ത് മാട്ടിറച്ചി, ആട്ടിറച്ചി, ഇവ വില്ക്കുന്നതിനുള്ള ലൈസൻസ് പുതിയതായി ലേലം ചെയ്ത് കണ്ടെത്തുവാൻ കഴിയും.
13. പുതിയതായി പണി കഴപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോപ്ലക്സ് ലേലം ചെയ്തും ഡിപ്പോസിറ്റ് സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.
14. ഇഷ്ടിക ചൂളകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക അവരിൽനിന്നും കരം പിരിച്ചും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.
15. നികുതി പിരിവുകൾ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപായി 100% വും നടക്കുന്നതായി ഉറപ്പുവരുത്തുവാൻ കഴയണം.
16. വിവാഹരജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുക.
17. സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ ഓഡിറ്റോറിയങ്ങൾ എന്നിവയുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക.
18. സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ, ചിട്ടി കമ്പനികൾ എന്നിവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുക.
19. മാർക്കറ്റുകളിൽ ചിലവുകൾ കുറഞ്ഞ സ്ഥിരം സ്റ്റാളുകൾ നിർമ്മിച്ച് വാടകയ്ക്ക് പൊതുലേലത്തിൽ നൽകി വരുമാനം വർദ്ധിപ്പിക്കണം.
20. നിലം നികത്തി കെട്ടിടം പണിയുന്നതിന് അധികനികുതി ഈടാക്കണം.
21 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ മത്സ്യക്കൃഷിക്കായി ലേലം ചെയ്തു കൊടുക്കുക.
22. പഞ്ചായത്തിന്റെ സ്ഥലങ്ങൾ ഈരണ്ടു വർഷംതോറും കൃഷിചെയ്യുന്നതിന് ലേലം ചെയ്തു കൊടുക്കുക.
23. ജനപങ്കാളിത്തത്തോടുകൂടി സ്റ്റേഡിയം ഓഡിറ്റോറിയം എന്നിവ നിർമ്മിച്ച് വാടകയ്ക്ക് നല്കുക.
24. വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസും തൊഴിൽ കരവും സമയബന്ധിതമായി പിരിച്ചെടുക്കുക.
25. കലഞ്ഞൂർ, കൂടൽ, മുറിഞ്ഞകൽ എന്നിവടങ്ങളിൽ ഓട്ടോ, ടാക്സി സ്റ്റാന്റ് നിശ്ചയിച്ച്

പാർക്കിംഗ് ഫീസ് ഈടാക്കുക.

26. പഞ്ചായത്തിൽ വിപണനമേളകൾ സംഘടിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.
27. തിരക്കുള്ള പ്രദേശങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച് വർഷംതോറും പൊതു ലേലം നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
28. തോട്ടു പുറമ്പോക്കുകളിലുള്ള വൃക്ഷങ്ങളുടെ അവകാശം പഞ്ചായത്തിന് ലഭിക്കണം.
29. വൻ തുകകൾ മുടക്കി വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽനിന്നും ജനങ്ങളെ പിന്തിരിപ്പിച്ച് ആ പണം വ്യാവസായികരംഗത്ത് പ്രയോജനപ്പെടുത്തണം.
30. വിദേശമലയാളികൾ ബാങ്കുകളിലും ഓഹരി വിപണിയിലും നിക്ഷേപിക്കുന്ന പണം കാർഷിക രംഗത്തും വ്യാവസായിക രംഗത്തും മറ്റു വികസന രംഗങ്ങളിലും വിനിയോഗിക്കുവാൻ കഴിയണം.
31. ജനങ്ങളിൽനിന്നും സംഭാവന സമാഹിച്ച് പഞ്ചായത്ത് പ്രസിഡന്റിന്റെപേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുക.
32. പഴയ പഞ്ചായത്താഫീസ് കെട്ടിടം പൊളിച്ചുമാറ്റി ബസ്സ്റ്റാൻഡ് നിർമ്മിച്ച് പാർക്കിംഗ് ഫീസ് ഈടാക്കുക.
33. നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് ഫീസ് കർശനമാക്കുക.
34. പഞ്ചായത്തു പ്രദേശങ്ങളിൽ വലിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഫീസ് ഏർപ്പെടുത്തുക.
35. പഞ്ചായത്ത് ലൈബ്രറിയിലെ ദിനപ്പത്രങ്ങൾ വർഷംതോറും ലേലം ചെയ്ത് മുതൽകൂട്ടണം.
36. ആഫീസ് ചിലവുകൾ പരമാവധി കുറയ്ക്കണം.
37. പാഴായിപ്പോകുന്ന വൈദ്യുതി ചാർജ് കുറയ്ക്കുവാൻ കഴിയണം.
38. പഞ്ചായത്ത് ഫണ്ടുകൾ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കണം.
39. പഞ്ചായത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ നടത്തണം.
40. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി. യൂണിറ്റുകൾക്ക് സർവ്വീസ് കണക്ഷനുകളുടെ എണ്ണത്തിനാനുപാതികമായി പ്രവർത്തന സെസ് (ലൈസൻസ് ഫീസ്) ഈടാക്കണം.

1987-88 മുതൽ 1995-96 വരെയുള്ള വരുമാന മാർഗ്ഗങ്ങൾ


വർഷം	കെട്ടിട നികുതി	തൊഴിൽ നികുതി	വിനോദനികുതി	അധിക വിനോദനികുതി
1987-88	93,608.70	60,370.00	28,980.77	17,543.77
1988-89	1,25,172.90	77,776.00	27,699.55	15,841.88
1989-90	1,75,046.26	93,033.00	26,998.71	15,868.64
1990-91	1,78,332.70	1,22,467.00	27,236.53	16,452.82
1991-92	2,44,564.70	1,55,036.00	28,432.83	17,160.59
1992-93	2,03,858.05	1,31,739.00	28,510.40	15,080.00
1993-94	24,219.80	1,44,171.00	30,549.00	18,450.00
1994-95	3,80,045.15	1,78,915.00	30,549.00	17,228.85
1995-96	2,68,479.35	1,89,225.00	27,335.80	16,850.00
ആകെ	18,83,327.60	11,52,732.00	2,53,684.59	1,50,206.55

അവലംബം: പഞ്ചായത്ത് ഭരണ റിപ്പോർട്ട്

കലഞ്ഞൂർ ഗ്രാമപഞ്ചായത്തുവക വസ്തു വിവര പട്ടിക

ക്രമ നമ്പർ	വാർഡ്	സ്ഥലം	സർവ്വേ നമ്പർ	വിസ്തീർണ്ണം	
				ഏക്കർ	സെന്റ്
1	III	പഴയ പഞ്ചായത്താഫീസ് നിൽക്കുന്ന സ്ഥലം	835/15		15
2	II	ഇടത്തറ ജംഗ്ഷനിൽ കിണർ നിന്ന സ്ഥലം	504/176		1
3	III	പഴയ ലാട്രിൻ നിന്ന സ്ഥലം	881/4		1
4	VI	കൂടൽ പള്ളിമുരുപ്പേൽ കിണർ നിന്ന സ്ഥലം	884/305A		1
5	II	വെട്ടുവിള ചിറ	457/425	1	12
6	X	കൂടൽ പബ്ലിക് മാർക്കറ്റ്	884/52 884/1-600		40
7	VI	കൂടൽ പുവൻകുഴി സ്ഥലം (പ്ലാന്റേഷൻ അതിർത്തി)	783/1		20
8	X	മിനി സ്റ്റേഡിയം, കൂടൽ	786/1 876/1/1 854/1-AB 884/6-6		20 68 9 3
9	XII	പാടം പുനരധിവാസ കോളനി സ്ഥലം	896/1	1	
10	III	കലഞ്ഞൂർ പബ്ലിക് മാർക്കറ്റ് സ്ഥലം	838/5 838/4		30 20
11	IX	അതിരുങ്കൽ പബ്ലിക് മാർക്കറ്റ് സ്ഥലം	901/1-1 73A, 74A		5
			901/1-1/73A, 74A		20
12	VIII	നെടുമൺകാവ് ശിശുമന്ദിരം (ഷോപ്പിംഗ് കോംപ്ലക്സ്)	871/1-88 871/1-18		30
13	III	പുതിയ പഞ്ചായത്താഫീസ് നിൽക്കുന്ന സ്ഥലം	833/4-22 റീസർവ്വേ 93/6	50	
		ആകെ		5	45

അവലംബം: പഞ്ചായത്ത് പ്രോപ്പർട്ടി രജിസ്റ്റർ



1995- 96ലെ വരവ്-ചെലവ് കണക്ക്

വരവ്

ക്രമ നമ്പർ	ഇനം	തുക
1.	കെട്ടിട നികുതി	2,68,479.35
2.	തിരച്ചിൽ ഫീസ്	129.00
3.	എക്സ്ക്രാക്ട് ഫീസ്	165.00
4.	ലേറ്റ് ഫീസ്	20.00
5.	പേരു ചേർക്കൽ	19.00
6.	തൊഴിൽ നികുതി	1,89,225.00
7.	വിവാഹം	3.00
8.	കാഴ്ച നികുതി	4,530.00
9.	സർച്ചാർജ്	1,132.50
10.	P.F.A.	1,449.00
11.	വിനോദ നികുതി	27,335.80
12.	അധിക വിനോദ നികുതി	16,580.00
13.	തറ വാടക	15,842.00
14.	ഷോപ്പിങ് കോംപ്ലക്സ് വാടക	64,619.00
15.	മരം	58,300.00
16.	ബാങ്ക്	60.00
17.	മാട്ടിറച്ചി വ്യാപാരം	1,66,000.00
18.	ഫാറ വില	1,969.50
19.	ഡി & ഒ	6,509.00
20.	ലൈസൻസ് ഫീസ്	245.00
21.	മണൽ ലേലം	16,460.00
22.	നാടകം	10.00
23.	സിനിമ ലൈസൻസ്	1,586.00
24.	സിമന്റ് നോട്ടീസ് ചാർജ്ജ്	650.00
25.	സിനിമ ഫൈൻ	119.00
26.	അടിസ്ഥാന നികുതി	3,32,406.00
27.	ഷോപ്പുകൾ	825.10
28.	ലൈബ്രറി വരവ്	485.00
29.	വോട്ടർ പട്ടിക	5291.00
30.	വാഹന നികുതി	7,08,597.00
31.	റോഡു സംരക്ഷണം	81,143.00
32.	ജലസേചനം	11,000.00
33.	പലിശ	7,809.00
34.	T.V വാങ്ങുന്നതിന്	5,000.00
35.	ജാമ്യ ഡെപ്പോസിറ്റ്	9,546.00
36.	ഷോപ്പിങ്ങ് കോംപ്ലക്സ് ഡിപ്പോസിറ്റ്	1,93,335.00
37.	ഉപാധി രഹിത ഫണ്ട്	1,46,000.00
38.	ജനറൽ ഉപാധി രഹിതം	1,47,000.00
39.	പട്ടിക്ക് ലൈസൻസ്	169.00
40.	ലൈബ്രറി സെസ്സ്	13,443.70
41.	വിൽപ്പന നികുതി	6,904.61
42.	അധിക വിൽപ്പന നികുതി	119.93
43.	അഡ്വാൻസ്	4,682.50
44.	പലവക	247.00
45.	ആകെ	25,15,440.86

ചെലവ്

ക്രമ നമ്പർ	ഇനം	തുക
1.	അലവൻസ് പ്രസിഡണ്ട് / മെമ്പേഴ്സ്	63,320.00
2.	യാത്രപടി	5,243.00
3.	ലഘു ഭക്ഷണം	4,948.00
4.	സെക്രട്ടറിയുടെ ശമ്പളം	58,666.00
5.	പെൻഷൻ വിഹിതം	9,410.00
6.	യാത്ര പടി	1,773.00
7.	ജനറൽ ശമ്പളം	2,15,310.50
8.	യാത്ര പടി	1,166.00
9.	ആഫീസ് ചെലവ്	56,989.00
10.	പെൻഷൻ വിഹിതം	56,989.00
11.	ആഫീസ് കറന്റ് ചാർജ്ജ്	996.00
12.	ചില്ലറ ചിലവുകൾ	1,012.00
13.	തപാൽ ചെലവും ഫോൺ ചാർജ്ജും	7,004.00
14.	അച്ചടി	12,323.00
15.	ഇലക്ഷൻ	778.00
16.	വക്കീൽ ഫീസ്	3,350.00
17.	കണ്ടിജന്റ് എസ്ടാബ്ളിഷ്മെന്റ്	530.00
18.	കളക്ഷൻ സ്റ്റാഫ് ശമ്പളം	90,323.00
19.	പെൻഷൻ വിഹിതം	16,859.00
20.	കേരളോത്സവം	5,000.00
21.	T.V. വാങ്ങിയത്	19,007.00
22.	പരസ്യക്കൂലി	4,110.00
23.	റോഡുസംരക്ഷണം	2,20,491.00
24.	സാക്ഷരത	6,290.00
25.	ആശാൻ ഗ്രാന്റ്	2,100.00
26.	പത്രമാസിക	2,000.00
27.	ലൈബ്രേറിയൻ	3,100.00
28.	ഉച്ചക്കഞ്ഞി	13,838.00
29.	വന്ധ്യംകരണം	1,850.00
30.	പഞ്ചായത്ത് അസോസ്സിയേഷൻ	250.00
31.	ഇൻഷ്വറൻസ്	80.00
32.	P.F.	4,593.00
33.	L.I.C.	3,734.00
34.	ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം	19395.00
35.	മാർക്കറ്റ് ക്ളീനിംഗ്	3,095.00
36.	ഉപാധി രഹിത ഫണ്ട്	2,79,493.00
37.	പുര കെട്ടി മേച്ചിൽ	2,000.00
38.	കറന്റ് ചാർജ്ജ്	10,186.00
39.	ഹാന്റ് ലും	1,130.00
40.		
41.	ഇൻകം ടാക്സ്	8,118.00
42.	ഫോറങ്ങളും രജിസ്റ്ററുകളും	15,082.00
43.	R.D.B. ലോൺ പലിശ	1,04,419.00
44.	ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ	24,025.00
45.	ആഫീസ് ഫർണിഷിംഗ്	38,365.00
46.	റോഡ്റോളർ	30,060.00
47.	ജപ്പാൻ ജ്വരം പ്രതിവിധി	8,535.00
48.	S.S.L.C പാരിതോഷികം	1,150.00
49.	ഡെപ്പോസിറ്റ് മടക്കി കൊടുക്കൽ	1,28,095.00
50.	പലവക	2,272.00
	ആകെ	16,30,615.50

കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്

1996-97 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന വരവ് - ചെലവ്

വരവ്

ക്രമ നമ്പർ	ഇനം	തുക
1.	പ്രാരംഭ ബാക്കി	8,98,616.56
2.	പഞ്ചായത്ത് നികുതികൾ	16,46,000.00
3.	പ്രത്യേക ആക്ട് പ്രകാരം വസൂലാക്കുന്ന തുക	84,000.000
4.	പഞ്ചായത്തുവക വസ്തുക്കളിൽനിന്നും	6,65,000.00
5.	പഞ്ചായത്തു ഫീസ്	28,500.00
6.	ഗവ: ഗ്രാന്റും അംശാദായവും	54,00,000.00
7.	പല വക വരുമാനം	11,82,000.00
	ആകെ	99,05,116.56

ചെലവ്

ക്രമ നമ്പർ	ഇനം	തുക
1.	നടത്തിപ്പും പിരിവും	10,81,500.00
2.	പൊതുമാരമത്ത്	2,00,000.00
3.	വിദ്യാഭ്യാസം	96,000.00
4.	ജല വിതരണവും	
5.	പൊതുജനാരോഗ്യം	4,85,000.00
6.	വിളക്കുവെയ്ക്കൽ	5,00,000.00
7.	കൃഷി	15,25,000.00
8.	മൃഗ പരിപാലനം	75,000.00
9.	സാമൂഹ്യ ക്ഷേമം	62,000.00
10.	പുനരധി വാസം	1,00,000.00
11.	ഉത്ഘാടനങ്ങൾ	50,000.00
12.	ഭവനനിർമ്മാണം	4,00,000.00
13.	വൈദ്യുതിയും പാരമ്പര്യേതര ഊർജ്ജവും	50,000.00
14.	പുരകെട്ടി മേച്ചിൽ	20,000.00
15.	കേരളോത്സവം	10,000.00
16.	പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം	2,00,000.00
17.	വോട്ടറന്മാരെ ഇൻഷ്വർ ചെയ്യൽ	1,00,000.00
18.	പഞ്ചായത്തു വക വസ്തുക്കൾ	4,000.00
19.	മറ്റ് ചെലവ്	7,000.00
20	അസാധാരണ ചെലവ്	35,90,000.00
21.	ആകെ	87,30,500.00
	അവസാന ബാക്കി	11,74,616.56
	അവസാനബാക്കി ഉൾപ്പെടെ ആകെ തുക	99,05,116.56

കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് 1994-95 വർഷത്തിൽ സിനിമാ തിയേറ്ററിൽ നിന്നുള്ള വരുമാനം സംബന്ധിച്ച പട്ടിക 1

ക്രമ നമ്പർ	തിയേറ്ററുകളുടെ പേര്	ഷോ നടന്ന ദിവസങ്ങൾ	ഷോയുടെ എണ്ണം	ആകെ വരുമാനം	ഒരു ദിവസത്തെ ശരാശരി വരുമാനം	ഒരു ഷോയുടെ ശരാശരി വരുമാനം
1.	കലഞ്ഞൂർ ബിന്ദു	360	1,080	18,486	51.35	17.12
2.	കലഞ്ഞൂർ ബിജി	360	1,080	11,437	31.77	10.59
3.	കൂടൽ ശ്രുതി	360	1,080	17,148	47.63	15.80


തിയേറ്ററുകളിൽ നിന്ന് 1994-95 ലെ ആകെ വരുമാനം : 47,071

കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് 1995-96 വർഷത്തിൽ സിനിമാ തിയേറ്ററിൽ നിന്നുള്ള വരുമാനം സംബന്ധിച്ച പട്ടിക 2

ക്രമ നമ്പർ	തിയേറ്ററുകളുടെ പേര്	ഷോ നടന്ന ദിവസങ്ങൾ	ഷോയുടെ എണ്ണം	ആകെ വരുമാനം	ഒരു ദിവസത്തെ ശരാശരി വരുമാനം	ഒരു ഷോയുടെ ശരാശരി വരുമാനം
1.	കലഞ്ഞൂർ ബിന്ദു	360	1,080	17,334	48.15	16.85
2.	കലഞ്ഞൂർ ബിജി	270	810	8,912	33.01	11.00
3.	കൂടൽ ശ്രുതി	360	1,080	16,536	45.93	15.31

തിയേറ്ററുകളിൽ നിന്ന് 1995-96 ലെ ആകെ വരുമാനം : 42,782

അവലംബം: കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് തിയേറ്റർ രജിസ്റ്റർ.



നവംബർ 1 പുനരർപ്പണ ദിനം

പഞ്ചായത്തിൽ നടന്ന സന്നദ്ധ വികസന പ്രവർത്തനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുനരർപ്പണദിനം 12 വാർഡുകളിലും വികസനപ്രവർത്തനങ്ങളെറ്റെടുത്തു നടത്തണമെന്നാണ് ജനകീയാസൂത്രണ പഞ്ചായത്തു തല സംഘാടക സമിതി നിർദ്ദേശം വച്ചത്. നാല് വാർഡൊഴിച്ച് 8 വാർഡുകളിലും ഈ പ്രവർത്തനം കാര്യമായി ഏറ്റെടുത്തു. 8-ാം വാർഡിലും 11-ാം വാർഡിലും നവംബർ 1ന് തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ഇപ്പോഴും ജനകീയമായി തുടരുകയാണ്. 8-ാം വാർഡിൽ നവംബർ 1നു തുടങ്ങിയ ഇഞ്ചപ്പാറ–പാക്കണ്ടം റോഡ് നിർമ്മാണം ഏകദേശം 6 ലക്ഷം രൂപയോളം ചെലവു വരുന്നതാണ്. ഇത് പൂർണ്ണമായും പ്രദേശത്തുനിന്നും ശേഖരിച്ച സമ്പത്തും മനുഷ്യശേഷിയും ഉപയോഗിച്ചാണ് നിർമ്മിച്ചത്. ഈ റോഡ് പണി പൂർത്തീകരിച്ച് 97 ജനുവരി 12-ാം തീയതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്തിരിക്കുകയാണ്. ഈ റോഡിന്റെ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഉപാധിരഹിത ഫണ്ടിൽനിന്നും 2 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. ഇത്തരുണത്തിൽ എടുത്തു പറയേണ്ട മറ്റൊരു പ്രവർത്തനമാണ് 11-ാം വാർഡിൽ "ജനശക്തി സാംസ്കാരികവേദി'യുടെ നേതൃത്വത്തിൽ നവംബർ 1ന് ഏറ്റെടുത്തു തുടങ്ങിയ റോഡ് നിർമ്മാണം. ഇരട്ടമുള്ളുവേലി–തിടി റോഡിൽ തിടികയറ്റം 75 മീറ്റർ നീളത്തിൽ 8 മീറ്റർ വീതിയിൽ 1 മീറ്റർ താഴ്ചയിൽ മണ്ണ് മാറ്റി പുനർനിർമ്മിച്ചു. 1.5 ലക്ഷത്തോളം രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് നടന്നത്. പണം നാട്ടിൽനിന്നും പിരിച്ചെടുത്തും ബുൾഡോസർ വാടകയ്ക്കെടുത്തും കായികാദ്ധ്വാനം ഉപയോഗിച്ചുമാണ് നിർമ്മാണം നടത്തിയത്. 3-ാം വാർഡിൽ ഗ്രാമപഞ്ചായത്ത് അങ്കണം, ഡി.വൈ.എഫ്.ഐ. കലഞ്ഞൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ വൃത്തിയാക്കുകയും ചെടികൾ നട്ടുപിടിപ്പിക്കുകയും ബാഡ്മിന്റൺ കോർട്ട് നിർമ്മിക്കുകയും ചെയ്തു. 4-ാം വാർഡിൽ കീച്ചേരിൽപടി നടവഴി ശുചീകരിച്ച് പുനർനിർമ്മാണം നടത്തി സഞ്ചാരയോഗ്യമാക്കി. 5-ാം വാർഡിൽ പുന്നമൂട് ജയകേരളി വായനശാലയുടെ നേതൃത്വത്തിൽ കൂടൽ– രാജഗിരി റോഡ് അറ്റകുറ്റപ്പണികൾ നടത്തി. കലഞ്ഞൂർ ഹൈസ്കൂൾ ജംഗ്ഷനിൽ മൂലശ്ശേരിപടി–തോട്ടുകടവ് വഴി വീണ്ടെടുത്ത് 6 അടി വീതിയിൽ പുനർനിർമ്മിച്ചു. അതുപോലെ കൂടൽ–കുമ്പളോട്ട് വയൽ റോഡ് നിർമ്മിച്ചു. KIP ജംഗ്ഷനിൽനിന്നും കനാൽ ഭാഗത്തേക്ക് പോകുന്ന റോഡ് അറ്റകുറ്റപ്പണി നടത്തി. 6-ാം വാർഡിൽ നെല്ലിമുരുപ്പ്– കുമ്പളോട്ട്പടി 1.5 കിലോമീറ്റർ ദൈർഘ്യത്തിൽ 5 മീറ്റർ വീതിയിൽ പുതിയ റോഡ് നിർമ്മിച്ചു. കോളനിമുക്ക്–താവളത്തിൽപടി 1 കി.മീ. ദൈർഘ്യത്തിൽ 5 മീറ്റർ വീതിയിൽ പുതിയ റോഡ് നിർമ്മിച്ചു. ഈഴനേത്ത്പടി–പല്ലൂർ ജംഗ്ഷൻ യോജിപ്പിച്ചുകൊണ്ട് 10 അടി വീതിയിൽ 1/2 കി.മീ. നീളത്തിൽ ഒരു ലിങ്ക് റോഡ് പുതുതായി നിർമ്മിച്ചു. 9-ാം വാർഡിൽ കരയ്ക്കാക്കുഴി–മഞ്ഞക്കയം റോഡ് അറ്റകുറ്റപ്പണി നടത്തി. 10- ാം വാർഡിൽ കൂടൽ പ്രൈമറി ഹെൽത്ത് സെന്റർ പുലരി ഗ്രന്ഥശാലാ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി. 11-ാം വാർഡിൽ മാങ്കോട് ഹൈസ്കൂളിലേക്കുള്ള വഴി അറ്റകുറ്റപ്പണി നടത്തി. 12ൽ പാടം ഗവ. എൽ.പി.എസ്. പരിസരം വൃത്തിയാക്കി. 1, 2, 7 വാർഡുകളിൽ സന്നദ്ധപ്രവർത്തനം നടത്തിയിട്ടില്ല. പഞ്ചായത്തിൽ മൊത്തത്തിൽ കണക്കാക്കുമ്പോൾ ഏകദേശം 25 ലക്ഷം രൂപയുടെ സന്നദ്ധ നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതൊരു പുത്തൻ വികസന സംസ്കാരമാണ്. നാടിന്റെ പുരോഗതിക്കുവേണ്ടി ഈ പ്രവർത്തനം ഇനിയും ശക്തിയായി തുടരേണ്ട താവശ്യമാണ്.



കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്

ഗ്രാമ സഭാ പങ്കാളിത്തം

കൂടിയ ഗ്രാമ സഭകളുടെ എണ്ണം	12
ആകെ ഹാജർ	3,975
പുരുഷന്മാർ	2,927
സ്ത്രീകൾ	860
ഉദ്യോഗസ്ഥന്മാർ	118
പ്രൊഫഷണൽ	70

വാർഡ്	സ്ത്രീ	പുരുഷൻ	ഉദ്യോഗസ്ഥൻ	പ്രൊഫഷണൽ	ആകെ
I	40	119	8	4	171
II	80	151	9	8	248
III	70	192	12	4	278
IV	87	268	12	2	360
V	107	514	17	9	647
VI	32	92	6	8	138
VII	68	189	9	2	268
VIII	70	286	11	3	370
IX	115	512	6	12	645
X	48	122	12	6	188
XI	74	115	9	5	203
XII	69	367	7	7	450
ആകെ	860	2,927	118	70	3,975

സ്നേഹപൂർവ്വം ഒരു വാക്ക്....

ഒമ്പതാം പദ്ധതിക്കാലത്ത് ജനകീയാസൂത്രണ പ്രക്രിയ വഴി നാം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുവാൻ വേണ്ടി ഗ്രാമപഞ്ചായത്ത് കമ്മറ്റിയെ സഹായിച്ച മുഴുവൻ നാട്ടുകാരോടും പ്രത്യേകിച്ചും 'സമഗ്രവികസന രേഖ' എഴുതി തയ്യാറാക്കുവാൻ അക്ഷീണം യത്നിച്ച ഓരോ പ്രവർത്തകരോടും എനിക്കുള്ള നന്ദിയും കടപ്പാടും ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ.

'വികസന രേഖ' തയ്യാറാക്കുന്നതിന് വിലപ്പെട്ട രേഖകളും നിർദ്ദേശങ്ങളും തന്നു സഹായിച്ച പരേതനായ മുൻ പഞ്ചായത്ത് പ്രസിഡന്റ് എം. അച്ചുതൻ നായർ അവർകളോടും മുൻ പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന ശ്രീ. കെ. രവീന്ദ്രൻ, ശ്രീ. എസ്. അച്ചുതൻ നായർ എന്നിവർക്കും ഡോ. എൻ.കെ. ശശിധരൻ പിള്ള, ശ്രീ. റ്റി. ശിവൻകുട്ടി, ശ്രീ. റ്റി.ഡി. വിജയൻ നായർ, ശ്രീ. കലഞ്ഞൂർ ആനന്ദ്, ശ്രീ. സി.കെ. അശോകൻ, ശ്രീ. ജി. ശശീന്ദ്രൻ, ശ്രീ. എം. സതീഷ് കുമാർ എന്നിവർക്കും രേഖാ ചിത്രങ്ങൾ വരച്ചു തന്ന് സഹായിച്ച ശ്രീ. കലഞ്ഞൂർ പ്രദീപ് കുമാറിനും പഞ്ചായത്ത് സൂപ്രണ്ട് ശ്രീ. റ്റി. ശങ്കരനും നന്ദി രേഖപ്പെടുത്തുന്നു.

17-8-96ൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ച ശേഷം കേരളത്തിലെ എല്ലാ പഞ്ചായത്തുകളും സമഗ്രമായി ഈ വിഷയം ചർച്ചചെയ്യപ്പെടുകയും അതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തും 7-10-96ൽ കലഞ്ഞൂർ G.L.P.S.ൽ കൂടിയ ജനകീയകമ്മിറ്റി പഞ്ചായത്തുതല സംഘാടക സമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട MLA അടൂർ പ്രകാശ്, ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി ശാന്തി ദാമോദരൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ശ്രീമതി എം.പി. മണിയമ്മ, ശ്രീ. ജി. സുരേന്ദ്രൻ നായർ എന്നിവർ രക്ഷാധികാരികളായും ഞാൻ ചെയർമാനായും ശ്രീ. എസ്. അച്ചുതൻ നായർ, ശ്രീ. എം. അച്ചുതൻ നായർ (Late) ശ്രീ. കെ. രവീന്ദ്രൻ എന്നിവർ വൈസ് ചെയർമാന്മാരായും ശ്രീ. റ്റി. ശിവൻകുട്ടി ജനറൽ കൺവീനറായും ശ്രീ. ജി. ശശീന്ദ്രൻ, ശ്രീ. പി.വി. വിജയകുമാർ, ആർട്ടിസ്റ്റ് ദിലീപൻ, ശ്രീമതി റജീന എന്നിവർ ജോ. കൺവീനർമാരായും പഞ്ചായത്തുതല സംഘാടകസമിതി നിലവിൽ വരുകയും 6-10-96ൽ ഒന്നാംഘട്ടം പരിശീലനവും തുടർന്ന് ഗ്രാമസഭകൾ കൂടുന്നതിനും പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും തീരുമാനിക്കുകയും ചെയ്തു. 26-10-96ൽ രണ്ടാംഘട്ടം പരിശീലനവും സംഘടിപിക്കുകയും തുടർന്ന് ഗ്രാമസഭാ റിപ്പോർട്ട് ക്രോഡികരിക്കുന്നതിനുള്ള ഗ്രൂപ്പുകൺവീനർമാരെ നിശ്ചയിക്കുകയും ചെയ്തു. തുടർന്നു നടന്ന പ്രവർത്തനങ്ങളുടെ ഫലമായി വികസന രേഖ എഴുതി തയ്യാർ ചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു വിദഗ്ദ സംഘത്തെ ചുമതലപ്പെടുത്തുകയും അവർ ചേർന്ന് വിദ്യഭ്യാസം, സംസ്ക്കാരം, ചരിത്രം, വനിതാവ്യവസായം, പരിസ്ഥിതി, സഹകരണം വിഭവ സമാഹരണം, കൃഷി-ജലസേചനം, ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, ഗതാഗതം, ഊർജ്ജം, മൃഗസംരക്ഷണം, കുടിവെള്ളം, പൊതുജനാരോഗ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് 12 ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്ര രേഖ തയ്യാറാക്കുകയും ചെയ്തു.

നവംബർ ഒന്നാം തീയതി പുനരർപ്പണദിനം പഞ്ചായത്തിൽ മൂന്നു വാർഡുകൾ (1, 2, 7 വാർഡുകൾ) ഒഴിച്ച് എല്ലാ വാർഡുകളിലും പൊതുജനങ്ങളുടെ സഹായത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കി.25 ലക്ഷം രൂപായുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ ദിനത്തിൽ ജനകീയമായി നടപ്പിലാക്കിയത്. 8, 6, 5 വാർഡുകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. പുനരർപ്പണദിനത്തിൽ നിർമ്മാണപ്രവർത്തനം ഏറ്റെടുത്തു വിജയിപ്പിക്കുവാൻ നേതൃത്വം കൊടുത്ത എല്ലാ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു.

ഒമ്പതാം പദ്ധതി രൂപീകരിക്കുന്നതിനുള്ള ജനകീയപ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടം നാം പിന്നിട്ടതോടുകൂടി നമ്മുടെ സാദ്ധ്യമായ പ്രദേശത്തെ എല്ലാ വിഭവങ്ങളും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ഈ പഞ്ചായത്തിന്റെ പ്രത്യേകതയും പങ്കാളിത്തവും അനുസരിച്ച് 12 ഗ്രൂപ്പുകളായി തിരിച്ച് ചർച്ച ചെയ്യപ്പെടുകയും ഗ്രാമസഭകൾ ഈ ലക്ഷ്യം നിറവേറ്റിയെന്നുറപ്പുവരുത്തിക്കൊണ്ടാണ് നാം ഇവിടെ എത്തിയിട്ടുള്ളതും ഈ സെനമിനാറിന് രൂപം കൊടുക്കുന്നതും. വരും നാളുകളിലെ പ്രവർത്തനങ്ങളിൽ ഈ ഗ്രാമപഞ്ചായയത്തിലെ എല്ലാ ആളുകളുടെയും കൂട്ടായ്മയും സഹകരണവും ഉണ്ടാകുമെന്നുള്ള ശുഭ പ്രതീക്ഷയോടെ ഈ ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായി ചേർന്ന മുഴുവൻ പ്രവർത്തകർക്കും ഉദ്യോഗസ്ഥ ഉദ്യോഗസ്ഥന്മാർക്കും ഞാൻ ഒരിക്കൽ കൂടി ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

നിങ്ങളുടെ

ഏലിയാസ് ബർസോം
ഗ്രാമപഞ്ചായത്തു പ്രസിഡന്റ്.

വസുധയും പാടുന്നു.....

ജനസംഘ ശക്തിയാൽ
കൈരളീ മുറ്റങ്ങൾ
കനകച്ചിലങ്കകൾ ചാർത്തി
ജനകീയ വികസന
താരാട്ടു പാട്ടുകൾ
ജനതതിയേറ്റേറ്റുപാടി
ഒമ്പതാം പദ്ധതി
കാലത്തുനാമിവിടെ
വമ്പാർന്നു നേടുമൊരു നേട്ടം
അങ്കനാടിന്റെ യീ
ഹൃദയത്തുടുപ്പിലും
തങ്കനൂൽ ബന്ധിച്ചു ചാർത്തി
ശിശിരം വസന്തത്തി-
നർച്ചനാ ഗീതകൾ
ശശിരേഖ പോലെമായുമ്പോൾ
ഇവിടെയീ പുന്നല
നാടിന്നു രാവുകൾ
അവിരാമ ചാരുത തൂകി
ഇടനെഞ്ചിൽ തുടികൊട്ടി
യുണരുവാൻ വെമ്പുന്നൊ
രിടവപ്പെയ്ത്തിന്നു പോലും
പാടുവാൻ പാണികൾ
താളത്തിനൊപ്പിച്ചു
പാടും വസുന്ധര ഗാനം
കിളികളാ കാവിന്റെ
കഥ പറഞ്ഞുച്ചത്തി-
ലളിമാരുമൊന്നിച്ചു ചേർന്നും
തളിർതണ്ടിലാടിയും
തങ്ങളിൽ ചൊല്ലിയും
കുളിരിട്ടു തമ്മിൽ പറഞ്ഞിരുന്നും
കാവും കുളങ്ങളും
ഹരിതാഭ പാടവും
ഭാവാത്മ ജീവന സങ്കേതവും
ഒന്നിച്ചു പാടുന്നു
പാടുന്നു പിന്നെയും
സ്വച്ഛന്ദ മോഹന ഗാനം

— കലഞ്ഞൂർ ആനന്ദ്

വികസനരേഖ തയ്യാറാക്കിയവർ

സംഘാടക സമിതി ചെയർമാൻ:

ഏലിയാസ് ബർസോം *(പ്രസിഡന്റ്, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്)*

സംഘാടക സമിതി ജനറൽ കൺവീനർ:

ടി. ശിവൻകുട്ടി *(D.R.P.)*

കൺവീനർമാർ:

ജി. ശശീന്ദ്രൻ (D.R.P.)
കെ. രവീന്ദ്രൻ (D.R.P.)
പി.വി. ജയകുമാർ (D.R.P.)
റജീന അബ്ദുൾ (D.R.P.)
സി.കെ. അശോകൻ (D.R.P.)
ആർട്ടിസ്റ്റ് ദിലീപൻ (D.R.P.)
കലഞ്ഞൂർ ആനന്ദ്

പഞ്ചായത്തിലുള്ള സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാർ:

ഡോ. എൻ.കെ. ശശിധരൻ പിള്ള
ടി.ഡി. വിജയൻ നായർ
ജി. സുരേന്ദ്രൻ നായർ
പ്രൊഫ. കെ.എൻ. ഹരിലാൽ

ജില്ലാ റിസോഴ്സ് പേഴ്സൺമാർ:

ടി. ശിവൻകുട്ടി
റജീന അബ്ദുൾ
കെ. രവീന്ദ്രൻ
ജി. ശശീന്ദ്രൻ
എം.പി. മണിയമ്മ
ദിലീപൻ
ഡോ. കെ.പി. വിശ്വനാഥൻ
വി. രമാദേവി
പി.ജെ. ദാനിയേൽ
സി.കെ. അശോകൻ
ശ്യാമളാമ്മ
പി.വി. ജയകുമാർ
യു.എം. ലത്തീഫ്
എം. സതീഷ്കുമാർ
ദേവരാജൻപിള്ള (പഞ്ചായത്ത് സെക്രട്ടറി)

വികസനരേഖാ സഹായികൾ

കലഞ്ഞൂർ പ്രദീപ്കുമാർ
എൻ.ജി.കെ. പണിക്കർ
സുരേഷ്കുമാർ ജി.
വി. ശ്രീകാന്ത്
എം. സുരേഷ്കുമാർ
സൈമൺ തോമസ്
ആർ. ഭാസ്കരൻ നായർ
ബി. സുധീർകുമാർ
അതിരുങ്കൽ ദിലീപ്
ആർ. ഗോപാലൻ നായർ
ജി. വാസുദേവൻ നായർ
എം. അച്ചുതൻ നായർ (late)
ടി.ആർ. ചന്ദ്രശേഖരൻ നായർ
എസ്. അച്ചുതൻ നായർ
പി.കെ. ശിവദാസൻ
രാജേന്ദ്രപ്രസാദ്
ജോൺ മാത്യു
കൂടൽ ശോഭൻ
കെ.എൻ. യശോധരൻ
ബിജു ടി.
സേതുകുമാർ
സി.എസ്. ജോർജ്ജ്
എം.പി. മണിയമ്മ
അഡ്വ. സന്തോഷ് ഡി.
അഡ്വ. വി.കെ. അലക്സാണ്ടർ
അഡ്വ. അനിൽ
ജി. വാസുദേവൻ നായർ
എൻ. രവീന്ദ്രൻ
എ. നാരായണൻ
സി.പി. പ്രഭാകരൻ നായർ
ടി. ശശിധരൻ
നോബൽകുമാർ
കുമാരി സുധ
ടി.എം. ജലാലുദ്ദീൻ
കെ. സുരേഷ്ബാബു
വി. രമാദേവി
വി.ടി.എ. ശാസ്ത്രികൾ
സി.പി. മോഹൻദാസ്
ടി. ശങ്കരൻ
(ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട്)
ബിജു അർജുൻ
കെ.എൻ. ധർമ്മിണി
കെ. സുജാത
പി. ഓമനയമ്മ
തുളസീദേവി
എ.ജെ. സുരേന്ദ്രൻ
സാഗർകുമാർ
കെ. ശാന്തകുമാർ
ചന്ദ്രബോസ്
കലഞ്ഞൂർ രാധാകൃഷ്ണപിള്ള
രാഘവൻ നായർ പച്ചയിൽ
ജി. സുരേന്ദ്രൻ നായർ
സി.ടി. സോമൻ
എം. സതീഷ്കുമാർ
വി.എസ്. പ്രകാശ്
സി. ശിവശങ്കരപ്പിള്ള
ജമാലുദ്ദീൻ
യു.എം. ലത്തീഫ്
മുഹമ്മദ് മുസ്തഫ
കെ.എൻ. സുകു
വി.ജി. ശിവൻകുട്ടി
എൻ. രാജൻ
സന്തോഷ്കുമാർ പി.പി.
എം.കെ. രാമകൃഷ്ണൻ
സത്യദാസ് സി.
വി. രാധാകൃഷ്ണൻ നായർ
ആർ. മുരളീധരൻ
പി. വാസുദേവൻ നായർ
സി. കൃഷ്ണൻകുട്ടി
ബോസ്
അലക്സാണ്ടർ ദാനിയേൽ
പി.ജെ. ദാനിയേൽ
സി.ഡി. മാത്യു
ആർട്ടിസ്റ്റ് വാസൻ
വാസുദേവൻ പോറ്റി
ബി. വേണുഗോപാലൻ നായർ
ടി.ബി. രാമരാജൻ നായർ

ഗ്രാമ വികസനത്തിന്റെ ചാലകശക്തി പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക
പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക
അതുവഴി ഗ്രാമ വികനത്തിൽ പങ്കാളിയാവുക

ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ കലഞ്ഞൂർ ഗ്രാമപഞ്ചായത്തുകളുമായി സഹകരിക്കുക.

ജനന മരണ രജിസ്ട്രേഷൻ

- സ്ക്കൂൾ പ്രവേശനത്തിന്,ഉദ്യോഗത്തിന് , വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന്, വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം- ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തുക

- അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്ഇൻഷുറൻസ് തുക ലഭിക്കുന്നതിന്മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന് മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം-മരണം യഥാസമയം രജിസ്റ്റർചെയ്തുവെന്ന്ഉറപ്പു വരുത്തുക.

ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.
ഇത് നിർബന്ധിതമാണ്.

ഭരണസമിതി
കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്
ഫോൺ - 0475-352323

കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് വികസനരേഖ



"വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ്
ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം
ഏറ്റെടുക്കുമെന്നുള്ളത്. അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിൽ
വളരെ ആഹ്ലാദം തോന്നുന്നു. ഡിപ്പാർട്ടുമെൻറലിസം തീരണമെങ്കിൽ
രാജ്യവാസികളുടേയും വകുപ്പുകളുടേയും ഇടയിൽ
പടുത്തുയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണ്ണിച്ച
കോട്ടകൾ തകരണം. ഇപ്പോഴും ജന നന്മയ്ക്കായി സർക്കാർ
ഓഫീസുകളിൽ ചെല്ലുന്നവർ, ഓച്ചാനിച്ചു നിന്നു അധികാരികളോടു
യാചന ചെയ്യുന്ന രീതി തീറെ മാറണം. താൻ കൂടിയാണ് 'സർക്കാർ'
എന്ന് ഒരോ പൗരനും വിശ്വാസം വരണം."

ഗുരു നിത്യചൈതന്യ യതി